പിതാവിൻ പക്കലേക്ക് – 7

# ക്രിസ്തുവിന്റെ സാക്ഷികൾ



# ക്രിസ്തുവിന്റെ സാക്ഷികൾ

## ഏഴാം ക്ലാസ്സ്

H48
K13

DHARMARAM COLLEGE LIBRARY
34031
BANGALORE.

P. O. C. PUBLICATIONS NO. 11

പിതാവിൻപക്കലേയ്ക്ക്—VII

# ക്രിസ്തുവിൻെറ സാക്ഷികൾ

ഏഴാം ക്ലാസ്സ്

## TEXT BOOK COMMITTEE

Mgr. Emmanuel Lopez
Fr. G. C. Teelar
Fr. John Kunnappally
Fr. John Vallamattom, L.D., Ph.D.
Fr. Joseph Kannath, (Diploma-Lumen Vitae)
Mr. Kurian Vempeni, B.O.L.
Fr. Mathai Malencharuvil
Fr. Mathew Nadakkal
Mr. Mathew Ulakamthara, M. A.
Fr. Sebastian Thuruthel, M. A.
Miss Thressiakutty, (Diploma-Munich)
Fr. Xavier Cherupallikkatt, M.A.

P. O. C. PUBLICATIONS No. 11

"പിതാവിൻപക്കലേയ്ക്കു"

# Catechetical Text Book Series for All Kerala

## Sponsored by

| Diocese | Bishop | Diocesan Catechism Director |
|---|---|---|
| 1) Ernakulam | His Em. Cardinal Joseph Parecattil | Fr. Joseph Kottakkal |
| 2) Verapoly | Most Rev. Dr. Joseph Attipetty | Mgr. E. Lopez |
| 3) Trivandrum | Most Rev. Dr. Benedict Mar Gregorios | Fr. Mathai Malencharuvil |
| 4) Changanacherry | Most Rev. Dr. Mathew Kavukatt | Fr. Mathew Nadakal |
| 5) Quilon | Rt. Rev. Dr. Jerome Fernandez | Fr. Alphonse Thundil |
| 6) Trichur | Rt. Rev. Dr. George Alappatt | Fr. Antony Anthikatt |
| 7) Kottayam | { Rt. Rev. Dr. Thomas Tharayil<br>Rt. Rev. Dr. K. Kunnacherry | Fr. Kuriakose Mialil |
| 8) Calicut | Rt. Rev. Dr. Aldo Maria Patroni, S. J. | Fr. J. Pulikodan S. J. |
| 9) Vijayapuram | Rt. Rev. Dr. Ambrose Abasolo, O. C. D. | Fr. Antony Vazhappilly |
| 10) Palai | Rt Rev. Dr. Sebastian Vayalil | Fr. Thomas Purayidom |
| 11) Cochin | Rt. Rev. Dr. Alexander Edezhath | Fr. J. Kalapura-ckal |
| 12) Alleppey | Rt. Rev. Dr. Michael Arattukulam | Mgr. Reynolds Purackal |
| 13) Tiruvalla | Rt. Rev Dr. Zacharias Mar Athanasios | Fr. Alex Payyampalli |
| 14) Trivandrum | Rt. Rev. Dr Peter B. Pereira | Fr. Augustine Xavier |
| 15) Tellicherry | Rt. Rev. Dr. Sebastian Valloppilly | Fr. George Valiamattam |
| 16) Kothamangalam | Rt. Rev. Dr. Mathew Pothanamuzhi | Fr. John Vallamattom |

| | |
|---|---|
| Nihil Obstat | Very Rev. Fr. Dominic, O. C. D., and<br>Rev. Fr. John Kunnappally |
| Imprimatur | Dr. Joseph Attipetty, Abp. of Verapoly<br>Dr. Benedict Mar Gregorios, Abp. of Trivandrum<br>Dr. Joseph Parecattil, Abp. of Ernakulam<br>Dr. Mathew Kavukatt, Abp. of Changanacherry |
| Date | May 1, 1969 |
| Published | by Pastoral Orientation Centre, Kerala - India |
| | |
|---|---|
| Copyright | (c) 1969 Pastoral Orientation Centre, Kerala - India<br>All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher. |
| | |
|---|---|
| Printed | at The Orient Litho Press, Sivakasi |

# ഉള്ളടക്കം


ആമുഖം i

1. വഴിത്തിരിവ് 1
2. ക്രിസ്തീയാഹ്വാനം 6
3. സ്ഥിരീകരണം 10
4. ക്രിസ്തുവിൻെറ സാക്ഷികൾ 14
5. വിശുദ്ധ കർബാന 19
6. പ്രേഷിതപ്രവർത്തനം 25
7. ദൈവം ചരിത്രത്തിൽ 31
8. ക്രിസ്തു ഇന്ന് 38
9. വിശ്വാസപ്രമാണം 47
10. പ്രതിഷ്ഠിതജീവിതം 53
11. ഓ! ദൈവമേ! 59
12. വിശുദ്ധരുടെ സഹപൗരർ 65
13. ദൈവനാമം പരിശുദ്ധമാകുന്നു 70
14. കുടുംബപ്രാർത്ഥന 76
15. ദൈവത്തിൻെറ പ്രതിപുരുഷന്മാർ 82
16. നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക 89
17. ''ദൈവം യോജിപ്പിച്ചതു്''— വിവാഹമെന്ന കൂദാശ 96
18. പരിശുദ്ധാത്മാവിൻെറ ആലയങ്ങൾ 101
19. നിങ്ങളുടെ സമ്പത്തു് 107
20. സത്യത്തിനു സാക്ഷ്യം 113
21. നല്ലവനും വിശ്വസ്തനുമായ സേവകൻ 119
22. ''നിന്നെത്തന്നെ പരിത്യജിച്ച് എന്നെ അനുഗമിക്കുക'' 126
23. സ്നേഹതിരസ്കാരം 133
24. നിൻെറ പാപങ്ങൾ നിന്നോടു് ക്ഷമിച്ചിരിക്കുന്നു 139
25. വിജയശ്രീലാളിതരായ വീരാത്മാക്കൾ 147

# ആമുഖം

ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയാണു നമ്മുടെ ജീവിതലക്ഷ്യവും ജന്മസാഫല്യവും. കാരണം, ക്രിസ്തുവാണ് നമ്മുടെ രക്ഷകൻ, രാജാവ്, ദൈവം. മാത്രവുമല്ല, മറിയത്തിൽനിന്നു ശരീരമെടുത്തു നമ്മുടെ മനുഷ്യത്വത്തിൽ പങ്കുചേൎന്ന അവിടുന്നു നമ്മുടെ സഹോദരനുമാണ്.

നമ്മുടെ സഹോദരനായ ക്രിസ്തു പണ്ടു ഗലീലിയയിൽ ചെയ്തതുപോലെ ഇന്നും, താരുണ്യത്തിലേക്കു കാലൂന്നുന്ന ഇളയ സഹോദരരെ സവിശേഷമായ സ്നേഹത്തോടെ വീക്ഷിക്കുന്നുണ്ട്. അവരെ സംബന്ധിച്ച് അവിടുത്തേക്കു വളരെയേറെ പ്രതീക്ഷകളുണ്ട്. ഒരുവേള ക്രിസ്തുനാഥൻ ക്ഷണിക്കുന്നുണ്ടാവും, എല്ലാം ത്യജിച്ച് തന്നെ അനുഗമിക്കുവാൻ; അല്ലെങ്കിൽ, തൻെറ ജോലിയിൽ സഹകരിക്കുവാൻ. ധനികനായ യുവാവിനെ ക്രിസ്തുനാഥൻ ക്ഷണിച്ചില്ലേ? അയ്യായിരം പേരെ പോററുവാൻ ഒരു ബാലകൻെറ പക്കൽനിന്നല്ലേ, അഞ്ചപ്പവും രണ്ടു മീനും അവിടുന്നു വാങ്ങിയതു്? ലൗകികമായ മിഥ്യാമോഹങ്ങളെ പരിത്യജിച്ച്, മായികപ്രലോഭനങ്ങളോടെതിൎത്ത്, ഉദാരമായ ഹൃദയത്തോടെ തന്നെ അടുത്തറിഞ്ഞനുഗമിക്കുവാൻ അവിടുന്നു വിളിക്കുന്ന വിളി ഓരോ യുവാവും കേൾക്കേണ്ടതല്ലേ? പക്ഷേ, അതിനു് അസാധാരണമായ ത്യാഗസന്നദ്ധത വേണം.

സുവിശേഷത്തിൻെറ ദിവസങ്ങളിലെന്നതുപോലെ ഇന്നും ക്രിസ്തു യുവാക്കളെ ക്ഷണിക്കുന്നുണ്ട്, പ്രസാദവരജീവിതത്തിൻെറ ആനന്ദത്തിലേക്ക്, പ്രാൎത്ഥനാചൈതന്യത്തിലേക്ക്, പാപമോചനവേദിയിലേക്ക്, ആദ്ധ്യാത്മികശിക്ഷണത്തിലേക്ക്, വിശുദ്ധ കുർബാനയിലേക്ക്, ദൈവപ്രമാണങ്ങളോടു വിശ്വസ്തമായ ജീവിതത്തിലേക്ക്. ഈ ചെറുഗ്രന്ഥം ഇവയെല്ലാം നമ്മെ അനുസ്മരിപ്പിക്കുന്നു.

''പിതാവിൻപക്കലേക്ക്'' എന്ന പൊതുശീർഷകത്തിൽ ''പാസ്റ്ററൽ ഓറിയെൻറേഷൻ സെൻറർ'' പ്രസിദ്ധീകരിക്കുന്ന ഏഴാമത്തെ ഗ്രന്ഥമാണ് ''ക്രിസ്തുവിൻെറ സാക്ഷികൾ''. ഈ പരമ്പര

On Our Way Series എന്ന പ്രസിദ്ധ വേദപാഠപുസ്തകങ്ങളുടെ അനുകരണമത്രേ.

കേരളത്തിലെ മൂന്നു റീത്തുകളിലുമുള്ള അഭിവന്ദ്യ പിതാക്കന്മാരുടെ പ്രോത്സാഹനവും പ്രബുദ്ധരായ പലരുടേയും പ്രയത്നവും ഫലമണിഞ്ഞതാണ് ഈ ഗ്രന്ഥപരമ്പര. പക്ഷേ, കുറവുകൾ ഇതിൽ വന്നിരിക്കാം. അവ പരിഹരിക്കുന്നതിനു ലഭിക്കുന്ന ആദ്യത്തെ അവസരം ഫലപ്രദമായി ഉപയോഗിക്കുവാൻ ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. നിശ്ശബ്ദമായ സേവനത്തിൻെറ പ്രതീകങ്ങളായ പലരും സഹകരിച്ചു നല്കിയ നിർദ്ദേശങ്ങൾ, ഗാനങ്ങൾ*, അഭിപ്രായങ്ങൾ മുതലായവയ്ക്കു് ഞങ്ങൾ അവരോടു കൃതജ്ഞരാണ്. ഈ ഗ്രന്ഥപരമ്പര കൈരളിക്ക് ഒരു നവചൈതന്യം പ്രദാനം ചെയ്യുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. മതപഠനം കുറെക്കൂടെ ആകർഷകമാക്കുന്നതിന് ഞങ്ങളുടെ വിനീതശ്രമം ഉപകരിച്ചാൽ ഞങ്ങൾ കൃതാർത്ഥരാകും. വളരുന്ന തലമുറയെ, ക്രിസ്തുനാഥനു സാക്ഷ്യം വഹിക്കുന്ന ജീവിതത്തിലൂടെ, സ്നേഹനിധിയായ പിതാവിങ്കലേയ്ക്കു നയിക്കുന്നതിനു പരിശുദ്ധാത്മാവിൻെറ പ്രകാശം നമുക്കു പ്രാർത്ഥിക്കാം.

എന്ന്,

P. O. C.,
19–3–1969

കമ്മിററിക്കുവേണ്ടി
ഫാ. ജോസഫ് കണ്ണത്തു്


---

| | | |
|---|---|---|
| * ഫാ. മനക്കിൽ | 6, 7, 15 | പാഠങ്ങളിലെ ഗാനങ്ങൾ. |
| ശ്രീ. ഉലകംതറ | 4, 8, 13, 18, 21 | ,, |
| ഫാ. നടയ്ക്കൽ | 1 | |

# 1


## വഴിത്തിരിവ്

സഹസ്രാബ്ദങ്ങളായി രക്ഷകൻെറ വരവിനു പിതാവായ ദൈവം മനുഷ്യവർഗ്ഗത്തെ ഒരുക്കിക്കൊണ്ടിരുന്നു. തൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിനോടു് അവിടുന്നു സംസാരിച്ചു. തൻെറ 'അഭിഷിക്ത'ൻെറ വരവിനെപ്പററി അറിയിക്കാൻ അവിടുന്നു ദീർഘദർശികൾക്കും പുരോഹിതന്മാർക്കും രാജാക്കന്മാർക്കും പ്രചോദനം നല്കി. കാലത്തിൻെറ പൂർണ്ണതയിൽ ദൈവപുത്രൻ മനുഷ്യനായിപ്പിറന്നു. എങ്കിലും രക്ഷകൻ ഭൂമിയിലുണ്ടെന്നു കുറച്ചുപേർ മാത്രമേ അന്നു ഗ്രഹിച്ചുള്ളൂ. അവതീർണ്ണനായ ദൈവപുത്രൻ ഏതാണ്ടു് മുപ്പതുകൊല്ലം അജ്ഞാതജീവിതമാണു നയിച്ചതു്. പിതാവിൻെറ ഇഷ്ടമനുസരിച്ചു തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ടു് തൻെറ പരസ്യജീവിതം ആരംഭിക്കുന്നതിനുള്ള ദിവസം അവിടുന്നു കാത്തിരുന്നു.



രക്ഷകൻെറ ആഗമനത്തിനുള്ള ഒരുക്കം വേദപുസ്തകത്തിൽ വിവരിക്കുന്നുണ്ടു്. ഇസ്രായേൽജനത്തോടു പശ്ചാത്താപത്തെക്കുറിച്ചു പ്രസംഗിക്കുന്നതിനു ദൈവം സ്നാപകയോഹന്നാനെ വിളിച്ചു.

പഴയനിയമപ്രവാചകന്മാരിൽവച്ചു വലിയവനായ യോഹന്നാൻ ജോർദ്ദാൻ നദീതീരത്തേക്കു വന്നു. തൻെറ ചുററും കൂടിയ ജനങ്ങളോട് അദ്ദേഹം ഉജ്ജ്വലമായ ഭാഷയിൽ സംസാരിച്ചു. ഹൃദയങ്ങൾക്കു പരിവത്തനം വരുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.



യോഹന്നാൻെറ ഉപദേശം സ്വീകരിച്ചവർ ജോർദ്ദാൻനദിയിലെ ജലത്തിലിറങ്ങി; അദ്ദേഹം അവരെ സ്നാനപ്പെടുത്തി. ദൈവവചനം സ്വീകരിക്കുന്നതിനുള്ള ഒരുക്കത്തേയും പവിത്രീകരിക്കപ്പെടാനുള്ള ആഗ്രഹത്തേയും ഹൃദയപരിവത്തനത്തേയും കുറിക്കുന്ന ഒരു സൂചനയായിരുന്നു ഈ സ്നാനം. ഇതു് ഒരു കൂദാശയായിരുന്നില്ല.

## ക്രിസ്തുവിൻെറ സ്നാപനം

ഒരു ദിവസം സ്നാപനം സ്വീകരിക്കുന്നതിനു ക്രിസ്തു യോഹന്നാൻെറ അടുക്കൽ ചെന്നു. അവനിൽനിന്നു് അവിടുന്നു സ്നാപനം സ്വീകരിച്ചു. അപ്പോൾ പിതാവായ ദൈവം ഇങ്ങനെ വിളംബരം ചെയ്തുകൊണ്ടു തൻെറ പുത്രനെ ലോകത്തിൻെറ മുമ്പിൽ അവതരിപ്പിച്ചു: ''ഇവനാണു് എൻെറ പ്രിയപുത്രൻ; ഇവനിൽ ഞാൻ അത്യന്തം പ്രസാദിച്ചിരിക്കുന്നു.''

## നമ്മുടെ ഗുരു

മററു് അദ്ധ്യാപകരിൽനിന്നു വ്യത്യസ്തനായ ഒരു ഗുരുവാണു ക്രിസ്തു. യുക്തികൊണ്ടു ഗ്രഹിക്കുവാൻ പ്രയാസമായ സത്യങ്ങൾ അ

വിടുന്നു ദൈവികമായ അധികാരത്തോടെ വെളിപ്പെടുത്തുന്നു. തന്റെ ജീവിതത്തിൽ നമ്മേയും പങ്കാളികളാക്കാനുള്ള ദൈവത്തിന്റെ പദ്ധതിയെക്കുറിച്ച് അവിടുന്നു നമ്മോടു പറയുന്നു; മനുഷ്യരക്ഷയെന്ന ദൈവികപദ്ധതി പൂർത്തിയാക്കുന്നതിനവതരിച്ച അവിടുന്ന് തന്നെക്കുറിച്ചും നമ്മോടു സംസാരിക്കുന്നു. എല്ലാ മനുഷ്യരും തന്നിൽ ഒന്നുചേരുന്നതിന് അവിടുന്ന് ആഹ്വാനം ചെയ്യുന്നു. തന്റെ സഭയുടെ അംഗങ്ങളായിച്ചേർന്ന്, ദൈവത്തിൽ വിശ്വസിക്കുന്നതിനും അവിടുത്തെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും അവിടുന്നു മനുഷ്യരോട് ആവശ്യപ്പെടുന്നു.

## രാജാവായ ക്രിസ്തു

നമ്മെ സ്നേഹംകൊണ്ടു ഭരിക്കുന്ന രാജാവാണ് ക്രിസ്തു. പന്തിയോസ് പീലാത്തോസിന്റെ മുമ്പിൽ അവിടുന്നു തന്റെ രാജത്വം ഏറ്റുപറഞ്ഞു. പുനരുത്ഥാനത്തിലും സ്വർഗ്ഗാരോഹണത്തിലും അവിടുന്നു തന്റെ രാജകീയപദവി പ്രകടമാക്കി.

നമ്മെയെല്ലാം ദൈവരാജ്യത്തിലേക്കു നയിക്കുന്നതിനാണ് ക്രിസ്തുരാജൻ ഭൂമിയിലേക്കു വന്നത്. ജ്ഞാനസ്നാനത്തോടുകൂടെ നാം പ്രവേശിക്കുന്ന ആത്മീയമായ രാജ്യമാണ് അത്. ദൈവത്തിന്റെ രാജ്യത്തിൽ ക്രിസ്തുവിനോടൊന്നിച്ച് ആനന്ദിക്കണമെങ്കിൽ, ഭൂമിയിലെ സന്തോഷങ്ങളും സന്താപങ്ങളും നാം ക്രിസ്തുവിനോടൊന്നിച്ച് അനുഭവിക്കണം.

## പുരോഹിതനായ ക്രിസ്തു

ക്രിസ്തു നമ്മുടെ മഹാപുരോഹിതനാണ്. തന്റെ ആത്മാർപ്പണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവുംവഴി അവിടുന്നു നമ്മെ പാപത്തിൽനിന്നു മോചിച്ച്, തന്റെ ജീവിതത്തിൽ പങ്കാളികളാക്കി, ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനു നമ്മെ യോഗ്യരാക്കുകയും ചെയ്തു. ഭൂമിയിലുള്ള ദൈവരാജ്യമായ തിരുസ്സഭവഴി മനുഷ്യരെ ദൈവത്തിങ്കലേക്കും, ദൈവത്തെ മനുഷ്യരുടെ ഇടയിലേക്കും ക്രിസ്തു സംവഹിക്കുന്നു. അൾത്താരയിലെ ബലിയിലും വിവിധ കൂദാശകളിലും അവിടുന്നു തന്റെ പൗരോഹിത്യം തുടരുന്നു.

സത്യത്തിലേക്കു നമ്മെ നയിക്കുന്ന അദ്ധ്യാപകൻ മാത്രമല്ല, സത്യംതന്നെയാണു ക്രിസ്തു. ''ഞാനാകുന്നു സത്യം'' എന്ന് അവിടുന്നു പറഞ്ഞു. സൗഭാഗ്യത്തിലേക്കു മാർഗ്ഗംകാട്ടിത്തരുന്ന നേതാവു മാത്രമല്ല, മാർഗ്ഗംതന്നെയാണ് ക്രിസ്തു. ''ഞാനാ

കുന്ന മാർഗ്ഗം'' എന്നു് അവിടുന്നു പറഞ്ഞു. നിത്യജീവൻ പ്രാപിക്കുന്നതിനു നമ്മെ സഹായിക്കുന്ന പുരോഹിതൻ മാത്രമല്ല, ജീവൻതന്നെയാണു ക്രിസ്തു. ''ഞാനാകുന്നു ജീവൻ'' എന്നു് അവിടുന്നു പറഞ്ഞു.

തോമ്മാശ്ലീഹ യേശുവിനോടു് ഒരിക്കൽ ചോദിച്ചു: ''കർത്താവേ, അങ്ങു പോകുന്നതു് എവിടേക്കാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ എങ്ങനെയാണു വഴിയറിയുക?'' ഈശോ അദ്ദേഹത്തോടു പറഞ്ഞു: ''വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിലൂടെയല്ലാതെ ഒരുവനും പിതാവിൻെറ പക്കലെത്തുകയില്ല.'' (യോഹ. 14: 5—6)

''നമ്മുടെ കർത്താവീശോമിശിഹായുടെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. സ്വർഗ്ഗത്തിൽനിന്നുള്ള എല്ലാ ആധ്യാത്മികാനുഗ്രഹങ്ങളുംകൊണ്ടു് അവിടുന്നു മിശിഹായിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു.'' (എഫേ. 1: 3)

## ഓർമ്മിക്കാൻ

1. ആരാണു്, എല്ലാ മനുഷ്യരുടേയും രക്ഷകൻ?
2. ക്രിസ്തുവിനെസ്സംബന്ധിച്ച കത്തോലിക്കസഭയുടെ മുഖ്യ പ്രബോധനം എന്താണു്?
3. മനുഷ്യാവതാരം എന്നതിൻെറ അർത്ഥമെന്തു്?
4. ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും ആരാണു് നമ്മെ പഠിപ്പിക്കുന്നതു്?

## വിശ്വാസത്തിനു സാക്ഷ്യം വഹിക്കുക

പന്ത്രണ്ടാം പീയൂസ്സു് മാർപ്പാപ്പ ഉദ്ബോധിപ്പിച്ചു: ''പ്രിയപ്പെട്ട മക്കളേ, ഈ തലമുറയിലെ യുവാക്കളുടെ ചുററുംനിന്നുയരുന്ന നിലവിളി നിങ്ങൾ ശ്രവിച്ചാലും. നിങ്ങൾ പ്രവേശിക്കുന്ന ജീവിതാവസ്ഥയിലേക്കു് യഥാർത്ഥമതവിശ്വാസത്തിൻെറ അന്തഃശക്തി ആവഹിക്കുക നിങ്ങളുടെ കടമയാണു്.''

## പാടാൻ

പ്രഭാവമെഴും രാജനാണു നീ,
ക്രിസ്തുനാഥാ, മഹോന്നതാ.
ഉന്നതനായ താതൻ തന്നുടെ
ദിവ്യനാം സൂനുവാണു നീ.

മർത്ത്യരക്ഷയ്ക്കായ് കന്യകയിൽനി–
ന്നങ്ങ മന്നിടേ ജാതനായ്.

നിന്നനർഘമാം ശോണിതത്തിനാൽ
വീണ്ടെടുത്തൊരീ ദാസരിൽ

നിൻകൃപാമൃതം ചിന്തണേയെന്നും
യാചിപ്പൂ ഞങ്ങൾ സാദരം.

നിത്യാനന്ദത്തിലങ്ങേ സ്നേഹിത–
രൊത്തുചേരാൻ കനിയണേ.

## പ്രവർത്തിക്കാൻ

ക്രിസ്തുവിൻെറ മാമ്മോദീസയുടെ ചരിത്രം വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽനിന്നു ഞാൻ വായിക്കും.



# 2

## ക്രിസ്തീയാഹ്വാനം

ക്രിസ്ത്യാനി ജീവിതത്തിൽ രണ്ടു വഴിത്തിരിവുകറം കടക്കുന്നു, മാമ്മോദീസയും സ്ഥൈര്യലേപനവും സ്വീകരിക്കുമ്പോറം. സ്നാപനദിവസം അവൻ ദൈവത്തിന്റെ കുടുംബത്തിലെ അംഗമായി ജനിക്കുന്നു. യഹൂദപ്രമാണിയായ നിക്കൊദേമൂസിനു് ഈ ആത്മീയ പുനർജന്മത്തെപ്പററി ക്രിസ്തു വിവരിച്ചുകൊടുത്തിട്ടുണ്ടു്. (യോഹ. 3:2–15)



### ജ്ഞാനസ്നാന പുനർജന്മം

നാം മനുഷ്യസമുദായത്തിൽ അംഗത്വം നേടുന്നതു ജനനത്തോടെയാണു്. അതാണു നമ്മുടെ പ്രഥമ ജനനം. നിക്കൊദേമൂസിനോടു ക്രിസ്തു പറഞ്ഞു: ''ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കാത്ത മനുഷ്യൻ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല '' (യോഹ. 3:5). നമ്മുടെ രാജാവായ ദൈവത്തിന്റെ രാജ്യത്തിലേയ്ക്കു്, ഒരു പുതിയ കുടുംബത്തിലേയ്ക്കു്, പ്രവേശിക്കുന്നതിനുള്ള ക്രിസ്തുവിന്റെ ക്ഷണമാണതു്. കത്തോലിക്കസഭയെന്നുകൂടി പേരുള്ള ഒരു കുടുംബത്തിൽ വിശ്വാസത്താലും ജ്ഞാനസ്നാനത്താലും നാം അംഗത്വം സ്വീകരിച്ചു. പ്രസാദവരമെന്നറിയപ്പെടുന്ന ദൈവികജീവനു നാമും അങ്ങനെ ഓഹരിക്കാരാ

യി. ദൈവത്തിൻെറ ജീവൻ നമ്മിൽ പ്രവേശിച്ചപ്പോഠം ജന്മപാപം ഇല്ലാതായി നാം ദൈവത്തിൻെറ മക്കളായിത്തീന്നു.

## മൗതികശരീരത്തിലെ അവയവങ്ങഠം

ജ്ഞാനസ്നാനംവഴി ദൈവമക്കളെന്ന നിലയിൽ നാം സഹോദരരായിത്തീരുന്നു. ക്രിസ്തുവാണു നമ്മുടെ ജ്യേഷ്ഠസഹോദരൻ. പിതാവിൻെറ ആഗ്രഹം തൻെറ പുത്രനായ ക്രിസ്തുവിനെപ്പോലെ നാമും ആകണമെന്നാണു്. അതിനായി അവിടുന്നു നമ്മെ ക്രിസ്തുവിൽ ഒന്നാക്കിയിരിക്കുന്നു. നാമെല്ലാവരും ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ അംഗങ്ങളാണു്. സഭയാകുന്ന കുടുംബത്തിൻെറ മറെറാരു പേരാണു ''മൗതികശരീരം'' എന്നതു്. ഈ ശരീരത്തിൽ നാം പരസ്പരവും ക്രിസ്തുവിലും യോജിച്ചിരിക്കുന്നു, ആശ്രയിച്ചിരിക്കുന്നു. എങ്ങനെയെന്നാൽ, നമ്മുടെ ശരീരത്തിലെ അവയവങ്ങഠം പരസ്പരം യോജിച്ചും ആശ്രയിച്ചുമിരിക്കുന്നതുപോലെ, ''നാമെല്ലാവരും ജ്ഞാനസ്നാനത്തിൽ ഒരു ശരീരമായിത്തീന്നു. നാം ക്രിസ്തുവിൻെറ ശരീരവും അവയവങ്ങളുമാകുന്നു.''(കൊറി. 12:13--27). ഈ മൗതികശരീരത്തിൻെറ ശിരസ്സായ ക്രിസ്തുവിൽനിന്നു പ്രസാദവരജീവൻ അവയവങ്ങളായ നമ്മിലേയ്ക്കു് ഒഴുകുന്നു. പരിശുദ്ധാത്മാവിലൂടെ ക്രിസ്തു നമുക്കു തൻെറ ജീവൻ പകർന്നുതരുന്നു.

പരിശുദ്ധാത്മാവു സഭയുടെ എല്ലാ അംഗങ്ങളേയും പ്രകാശിപ്പിക്കുകയും പവിത്രീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. അവിടുന്നു അവരെ ശിരസ്സായ ക്രിസ്തുവിനോടും പരസ്പരവും ഐക്യപ്പെടുത്തിനിറുത്തുന്നു. അവിടുന്നാണു മൗതികശരീരത്തിൻെറ ആത്മാവു്.

ഏതൊരു ശരീരത്തിലും പരസ്പരം സഹായിക്കുന്ന പല അവയവങ്ങഠം ഉണ്ടായിരിക്കും. ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അവയവങ്ങളും പലതരം ജോലികളിലാണേർപ്പെട്ടിരിക്കുന്നതു്. മാർപ്പാപ്പയുടെ കീഴിൽ മെത്രാന്മാർ ഈ മൗതികശരീരത്തിലെ പ്രമുഖാവയവങ്ങളാണു്. അവരിലൂടെയാണു് ഉപദേഷ്ടാവെന്ന നിലയിലും പുരോഹിതനെന്ന നിലയിലും രാജാവെന്ന നിലയിലും ക്രിസ്തു തൻെറ ജോലി തുടരുന്നതു്. സഭയെ സേവിക്കുന്നതിൽ വൈദികൻ മെത്രാന്മാരെ സഹായിക്കുന്നു. അല്മായർ ക്രിസ്തുവിൻെറ ഈ പ്രതിനിധികളുമായി സഹകരിച്ചു ക്രിസ്തുവിൻെറ മൗതികശരീരത്തെ ബലപ്പെടുത്തുകയും വളർത്തുകയും ചെയ്യുന്നു.

## സഭയുടെ ദൗത്യം

സ്വർഗ്ഗാരോഹണത്തിനുമുൻപു്, ക്രിസ്തു അപ്പസ്തോലന്മാരോടു് ആജ്ഞാപിച്ചു, സകല ജനങ്ങളേയും പഠിപ്പിക്കുവാൻ; അതിനുള്ള

ശക്തി തൻെറ മൗതികശരീരത്തിനുനല്കാൻ അവിടുന്നു തിരുമനസ്സായി. പരിശുദ്ധാത്മാവു പന്തക്കുസ്താദിനത്തിൽ സഭയുടെ ഈ ദൗത്യം പ്രഖ്യാപിക്കുകയും അതു ഫലപ്രദമായി നിർവ്വഹിക്കുന്നതിനു സഭയെ ശക്തിപ്പെടുത്തുകയും ചെയ്തു. ദൈവമക്കളെയെല്ലാം ഒരുമിച്ചു കൊണ്ടുവരുന്ന ജോലി ആരംഭിക്കുവാൻ പരിശുദ്ധാത്മാവ് അവർക്കു പ്രചോദനം നല്കി. അപ്പസ്തോലന്മാർ ഉടനെതന്നെ ജനങ്ങളെ പഠിപ്പിച്ചുതുടങ്ങി. ഭൂമിയിലുള്ള ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവർ ജനങ്ങളെ ക്ഷണിച്ചു. മിശിഹായോടുചേർന്നു പിതാവായ ദൈവത്തെ ആരാധിക്കുന്നതിന് അവർ ജനങ്ങളെ സ്നാനപ്പെടുത്തുകയും പവിത്രീകരിക്കുകയും ചെയ്തു.



## പരിശുദ്ധാത്മാവിൻെറ മാർഗ്ഗദർശിത്വം


സഭയുടെ വളർച്ചയിൽ സഹായിക്കുക എന്ന ദൗത്യം സ്ഥൈര്യലേപനത്തിൽ നാം സ്വീകരിക്കുന്നു. ക്രിസ്തുവിനു സ്ഥിരമായി സാക്ഷ്യംവഹിക്കുവാൻ നമ്മെ ഒരുക്കുന്നതിന് അന്നു പരിശുദ്ധാത്മാവ് സവിശേഷമാംവിധം നമ്മിലെഴുന്നള്ളുന്നു. സന്മാതൃകവഴി മററുള്ളവരേയും നാം ദൈവരാജ്യത്തിലേയ്ക്കു നയിക്കണം. ''ഭൂമുഖത്തെ നവീകരിക്കുന്നതിന്'' ക്രിസ്തുവിൻെറ പ്രതിനിധികളോടു സഹകരിച്ച് പരിശുദ്ധാത്മാവിൻെറ പ്രചോദനമനുസരിച്ചു നാം പ്രവർത്തിക്കണം.

## ഓർമ്മിക്കാൻ

1. മാമ്മോദീസയുടെ ഫലങ്ങളേവ?
2. മിശിഹായുടെ മൗതികശരീരമെന്നാലെന്തു്?
3. മൗതികശരീരത്തിൽ നമ്മുടെ കത്തവ്യങ്ങളേവ?
4. സ്ഥൈര്യലേപനത്തിൽ നാം സ്വീകരിക്കുന്ന ദൗത്യമെന്തു്?

## പ്രവർത്തിക്കാൻ

ഇടവകവികാരിയുമായി സഹകരിച്ചുകൊണ്ടു്, അല്മായ സംഘടനയിൽ ഞാൻ സജീവമായി പ്രവത്തിക്കും.



# 3

## സ്ഥിരീകരണം

ശിഷ്യന്മാരുടെ പ്രയത്നങ്ങളിൽ അവർക്കു ശക്തി നല്കുന്നതിനു പരിശുദ്ധാത്മാവിനെ അയയ്ക്കാമെന്നു ക്രിസ്തു വാഗ്ദാനംചെയ്തു. ''ലോകം നിങ്ങളെ വെറുക്കുന്നുവെങ്കിൽ എന്നേയും വെറുത്തുവെന്നു് ഓർമ്മിച്ചുകൊള്ളുവിൻ. ഞാൻ നിങ്ങളെ ലോകത്തിൽനിന്നു വേർപെടുത്തി തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ ദ്വേഷിക്കുന്നു ........ അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളേയും പീഡിപ്പിക്കും. അവർ എൻെറ വാക്കുകളെ പാലിക്കുന്നെങ്കിൽ നിങ്ങളുടെ വാക്കുകളേയും പാലിക്കും ...... പിതാവിൻെറ പക്കൽനിന്നു നിങ്ങളുടെ പക്കലേയ്ക്കു ഞാൻ അയയ്ക്കുന്നവനും സത്യത്തിൻെറ അരൂപിയും പിതാവിൽനിന്നു പുറപ്പെടുന്നവനുമായ ആശ്വാസപ്രദൻ വരുമ്പോൾ അവിടുന്നു് എന്നെപ്പററി സാക്ഷ്യംനല്കും.'' (യോഹ. 15:18–23)



ക്രിസ്തു വിശ്വാസികളുടെമേൽ പരിശുദ്ധാത്മാവിനെ ഇപ്പോഴും അയച്ചുകൊണ്ടിരിക്കുന്നു. സ്ഥൈര്യലേപനം എന്ന കൂദാശയിൽ പരിശുദ്ധാത്മാവു് ക്രിസ്തുവിനു സാക്ഷ്യംവഹിക്കുവാൻ മനുഷ്യർക്കു ആത്മബലം നല്കുന്നു.

''പീലിപ്പോസ്' സമറിയാനഗരത്തിൽ പോയി മിശിഹാ യെപ്പററി പ്രസംഗിച്ചു. അദ്ദേഹംചെയ്ത അത്ഭുതങ്ങാംകണ്ടു്, ജന ക്കൂട്ടം ഏകമനസ്സോടെ അദ്ദേഹത്തിൻെറ വചനങ്ങാം ശ്രദ്ധിച്ചുകൊ ണ്ടിരുന്നു. പിശാചുബാധിതരായ അനേകരിൽനിന്നു പിശാചു ക്കാം ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടു് ഒഴിഞ്ഞുപോയിരുന്നു. പ ക്ഷവാതരോഗികളും മുടന്തരും സൗഖ്യംപ്രാപിച്ചു. അങ്ങനെ, ആ നഗരത്തിൽ വലിയ ആഹ്ലാദമുണ്ടായി. അക്കാലത്തു് അവിടെ ശെമയോൻ എന്നൊരു മന്ത്രവാദിയുണ്ടായിരുന്നു. താൻ ഒരു മഹാ നാണു് എന്നു ഭാവിച്ചുകൊണ്ടു് ക്ഷുദ്രപ്രയോഗംവഴി സമറിയായിൽ അനേകരെ അവൻ വഴിതെററിച്ചിട്ടുണ്ടായിരുന്നു. വലിയവരും ചെ റിയവരും അവനെ ശ്രവിച്ചുകൊണ്ടിരുന്നു. അയാാം ദൈവത്തി ൻെറ മഹാശക്തിയാണെന്നത്രേ അവർ പറഞ്ഞിരുന്നതു്. വളരെ ക്കാലമായി അവൻ മന്ത്രവാദപ്രകടനംകൊണ്ടു് അവരെ വശീകരി ച്ചിരുന്നതിനാൽ, അവരെല്ലാം അയാളെ ചെവിക്കൊണ്ടിരുന്നു. എ ങ്കിലും, നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ ദൈ വരാജ്യം പ്രസംഗിച്ച പീലിപ്പോസിനെ അവർ വിശ്വസിച്ചു; അ വർ—പുരുഷന്മാരും സ്ത്രീകളും—ജ്ഞാനസ്നാനം സ്വീകരിക്കയും ചെയ്തു. ശെമയോൻപോലും വിശ്വസിച്ചു്, ജ്ഞാനസ്നാനം സ്വീ കരിച്ചു പീലിപ്പോസിനോടുചേർന്നു. അവിടെ നടന്നിരുന്ന അ ത്ഭുതങ്ങളും അടയാളങ്ങളുംകണ്ടു് അയാളും ആശ്ചര്യഭരിതനായി. സമറിയാക്കാർ ദൈവവചനം സ്വീകരിച്ചെന്നു കേട്ടപ്പോാം ജെറുസ ലത്തുണ്ടായിരുന്ന അപ്പസ്തോലന്മാർ പത്രോസിനേയും യോഹന്നാ നേയും അവിടേയ്ക്കയച്ചു. അവർചെന്നു്, അവർക്കു പരിശുദ്ധാത്മാ വിനെ ലഭിക്കുന്നതിനു് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അതുവരെ അവരിലാരിലും പരിശുദ്ധാത്മാവു് എഴുന്നള്ളിവന്നിട്ടില്ലായിരുന്നു. അവർ കർത്താവായ ഈശോയുടെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചതേ ഉണ്ടായിരുന്നുള്ളു. അനന്തരം, അവർ അവരുടെ മേൽ കൈവയ്ക്കയും അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കയും ചെയ്തു. ശ്ലീഹന്മാരുടെ കൈവെപ്പുമൂലം പരിശുദ്ധാത്മാവു നല്കപ്പെ ട്ടതു കണ്ടപ്പോാം, ശെമയോൻ കുറെ പണം അവർക്കു കൊടുത്തു കൊണ്ടു പറഞ്ഞു: 'ഞാൻ ആരുടെമേൽ കൈവയ്ക്കുന്നുവോ അവനും പരിശുദ്ധാത്മാവിനെ പ്രാപിക്കണം; അതിനുള്ള അധികാരം എ നിക്കു നല്കിയാലും.' പത്രോസ് അയാളോടു പറഞ്ഞു: 'ദൈവവ രം പണംകൊടുത്തു വാങ്ങാമെന്നു കരുതിയ നിൻെറ പണം നിന്നോ ടുകൂടെ നശിച്ചുപോകട്ടെ. നിൻെറ ഹൃദയം ദൈവദൃഷ്ടിയിൽ ചൊ വ്വുള്ളതല്ലാത്തതിനാൽ ഇക്കാര്യത്തിൽ നിനക്കു പങ്കോ ഓഹരിയോ ഉണ്ടാകയില്ല. ആകയാൽ, നിൻെറ ഈ ദുഷ്ടതയെക്കുറിച്ചു് അനു തപിക്കുകയും കർത്താവിനോടു പ്രാർത്ഥിക്കയും ചെയ്യുക. എങ്കിൽ, നിൻെറ ഹൃദയത്തിൻെറ നീചവിചാരത്തിനു പൊറുതിലഭിച്ചേക്കും.

നീ ഉഗ്രമായ കോപത്തിലും പാപബന്ധത്തിലും അകപ്പെട്ടുകിടക്കുന്നതായിട്ടാണു ഞാൻ കാണുന്നതു്". "അങ്ങു പറഞ്ഞതൊന്നും എനിക്കു ഭവിക്കാതിരിക്കാൻ കർത്താവിനോടു് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ", ശെമയോൻ അഭ്യർത്ഥിച്ചു. പത്രോസും യോഹന്നാനും ദൈവവചനം പ്രസംഗിക്കയും അതിനു സാക്ഷ്യംവഹിക്കയും ചെയ്തതിനുശേഷം അനേകം സമറിയൻഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചുകൊണ്ടു് ജെറുസലത്തേക്കു മടങ്ങി." (നടപടി 8: 5—25)



"ദൈവത്തിന്റെ അരൂപിയാൽ നയിക്കപ്പെടുന്നവരാണു് ദൈവപുത്രന്മാർ." (റോമ. 8: 14)

പരിശുദ്ധാത്മാവു് പ്രത്യേകവിധത്തിൽ നമ്മിൽ എഴുന്നള്ളിവരുകയും പൂർണ്ണ ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ പടയാളികളുമായി വിശ്വാസമനുസരിച്ചു ജീവിക്കുന്നതിനു നമ്മെ ശക്തരാക്കുകയും ചെയ്യുന്ന ഒരു കൂദാശയാണു് സ്ഥൈര്യലേപനം.

സ്ഥൈര്യലേപനം നല്കുന്ന ക്രമം താഴെച്ചേർക്കുന്നു:

കാർമ്മികൻ വിശ്വാസിയുടെ ശിരസ്സിൽ കൈവയ്ക്കുകയും തിരുതൈലത്തു നെററിയിൽ പൂശുകയും ചെയ്തുകൊണ്ടു്, പരിശുദ്ധാത്മാവു് എഴുന്നള്ളിവരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്ഥൈര്യലേപനത്തിനുവേണ്ടി മെത്രാൻ പ്രത്യേകമായി വെഞ്ചരിച്ച തൈലമാണ് തിരുസൈത്ത്, അഥവാ മൂറോൻ. വിശ്വാസത്തിനും ധാർമ്മികജീവിതത്തിനും എതിരായുള്ള ചിന്താഗതി ശക്തിപ്പെടുമ്പോഴും അവയെ ചെറുത്തുകൊണ്ട്, മാതൃകാപരമായ ജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവാണ് നമുക്കു ശക്തി നല്കേണ്ടത്. ലോകത്തിൽ ഒരു ക്രൈസ്തവചിന്താഗതി ഉളവാക്കുവാൻതന്നെ സ്ഥൈര്യലേപനം നമ്മെ ചുമതലപ്പെടുത്തുന്നു.

## ഓർമ്മിക്കാൻ

1. സ്ഥൈര്യലേപനത്തിന്റെ ഫലങ്ങൾ എന്തെല്ലാം?
2. സ്ഥൈര്യലേപനത്തിന്റെ കൗദാശികപ്രസാദവരം നമ്മെ എന്തിനു ശക്തരാക്കുന്നു?

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ അല്മായരോട് ഒരു പ്രഭാഷണത്തിൽ പറഞ്ഞു: ''പ്രധാനമായ ഒരു ചുമതല നിങ്ങളിൽ അർപ്പിക്കപ്പെട്ടിരിക്കുകയാണ്—ഈ ലോകത്തിനു ക്രൈസ്തവമായ രൂപം നല്കുവാനും അതിൽ ക്രിസ്തുവിന്റെ മുദ്ര പതിക്കുവാനുമുള്ള ചുമതല.''

സ്ഥൈര്യലേപനം സ്വീകരിച്ച ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ നിങ്ങളുടെ കർത്തവ്യം അനുഷ്ഠിക്കുവാൻ നിങ്ങൾ എങ്ങനെ ഒരുങ്ങുന്നു?

## പ്രവർത്തിക്കാൻ

എന്റെ ധാർമ്മികജീവിതത്തിനു് എതിരായ സാഹചര്യങ്ങളെ. വിവേകത്തോടെ ഞാൻ എതിർക്കും.

# 4

## ക്രിസ്തുവിൻെറ സാക്ഷികഠം

''നിങ്ങഠം എനിക്കു സാക്ഷ്യംവഹിക്കുവിൻ!''

പുതുതായി ജ്ഞാനസ്നാനവും സൈ്ഥര്യലേപനവും സ്വീകരിച്ച ക്രിസ്ത്യാനികളോടു വിശുദ്ധ പത്രോസ് പ്രസംഗിച്ചു. ക്രിസ്തുവിൻെറ സാക്ഷികഠം എന്ന പദവിക്കനുസൃതമായി ലോകത്തിൽ ജീവിക്കുവാൻ അദ്ദേഹമവരെ ആഹ്വാനം ചെയ്തു.



''പിതൃദത്തമായി നിങ്ങഠംക്കു വശമായ ശൂന്യജീവിതക്രമത്തിൽനിന്നു നിങ്ങളെ വിടുവിച്ച മോചനദ്രവ്യം നശ്വരമായ പൊന്നോ വെള്ളിയോ അല്ല; പ്രത്യുത, മാലിന്യമോ പുളളിയോ തീണ്ടാത്ത കുഞ്ഞാടായ മിശിഹായുടെ തിരുരക്തമാണ്.'' (i പത്രോ. 1:18–19)

''മനുഷ്യർ തിരസ്കരിച്ചതും എന്നാൽ ദൈവസമക്ഷം തിരഞ്ഞെടുക്കപ്പെട്ടതുമായ അമൂല്യമായ ജീവശില അവിടുന്നാണ്. നിങ്ങളും ഈശോമിശിഹായിലൂടെ ദൈവത്തിനു സ്വീകാര്യവും പ്രിയങ്കരവുമായ

ആദ്ധ്യാത്മികബലി അർപ്പിക്കുന്നതിനു്—വിശുദ്ധ പൗരോഹിത്യത്തിൻെറ ആദ്ധ്യാത്മികസൗധം പണിതുയർത്തുന്നതിനു്——ജീവനുള്ള കല്ലുകളായി രൂപാന്തരപ്പെടുവിൻ....നിങ്ങളും അന്ധകാരത്തിൽനിന്നു വിസ്മയനീയമായ പ്രകാശത്തിലേയ്ക്കു വിളിച്ചവൻെറ സമ്പൂർണ്ണത പ്രകീർത്തിപ്പാൻ തിരഞ്ഞെടുക്കപ്പെട്ട ജനം; രാജകീയ പുരോഹിതർ; പവിത്രജനം; ദൈവത്തിൻെറ സ്വന്തം ജനത. ഒരിക്കൽ നിങ്ങളും അവിടുത്തെ ജനമല്ലായിരുന്നു; ഇപ്പോഴോ ദൈവത്തിൻെറ സ്വന്തം ജനമായി. ഒരിക്കൽ കാരുണ്യം ലഭിക്കാതിരുന്നവർ; ഇപ്പോഠം കാരുണ്യം കണ്ടെത്തിയവർ. പ്രിയരേ, വിദേശികളും വിപ്രവാസികളുമായ നിങ്ങളെ ഞാൻ ശക്തിയായി ഉദ്ബോധിപ്പിക്കുന്നു: ആദ്ധ്യാത്മികതത്വത്തിനെതിരായി പോരാടുന്ന മാംസേഛകളെ എതിർത്തു് അവയിൽനിന്നു് ഒഴിഞ്ഞുമാറുവിൻ. അന്യജാതികളുടെ മദ്ധ്യേ യോഗ്യമായി വ്യാപരിക്കുവിൻ. അങ്ങനെ, ദുഷ്ടരെന്നു നിങ്ങളെ ആക്ഷേപിക്കുന്നവർ കർത്താവിൻെറ സന്ദർശനങ്ങളിൽ നിങ്ങളുടെ സൽപ്രവൃത്തികഠം കണ്ടു് അവിടുത്തെ പുകഴ്ത്തുവാൻ ഇടവരട്ടെ.'' (i പത്രോ. 2:4–12)

തങ്ങളുടെ വിളിക്കനുസൃതമായി ജീവിക്കുന്ന ക്രിസ്ത്യാനികഠം ക്രിസ്തുവിൻെറ ആജ്ഞകഠം പൂർണ്ണമായി അനുവർത്തിക്കണം. നിങ്ങളാകട്ടെ......''ജെറൂസലത്തും യൂദയാ മുഴുവനിലും സമറിയായിലും എന്നല്ല ഭൂമിയുടെ അതിർത്തികഠംവരെ എനിക്കു സാക്ഷ്യംവഹിക്കും.'' (നടപടി 1:8)

## നമ്മുടെ ദൗത്യം

''ലോകത്തിൻെറ അതിർത്തിവരെ നിങ്ങളെനിക്കു സാക്ഷികളാകുവിൻ'' എന്ന വാക്കുകഠംവഴി ക്രിസ്തു തിരുസ്സഭയെ ഒരു ദൗത്യമേല്പിച്ചു—മനുഷ്യരെ പഠിപ്പിക്കുവാനും പവിത്രീകരിക്കുവാനും ഭരിക്കുവാനുമുള്ള ദൗത്യം. എല്ലാ മനുഷ്യരും സത്യത്തിൻെറ ജ്ഞാനത്തിലേയ്ക്കു വരണമെന്നാണു് ക്രിസ്തുവും തിരുസ്സഭയും ആഗ്രഹിക്കുന്നതു്.

മെത്രാന്മാരാണു ലോകത്തിൽ ക്രിസ്തുവിൻെറ മുഖ്യസാക്ഷികഠം. പുരോഹിതന്മാരും സന്യാസികളും അല്മായരും ദൈവത്തിൻെറ സത്യം സർവ്വജനങ്ങഠംക്കുമെത്തിച്ചുകൊടുക്കുന്നതിൽ മെത്രാന്മാരെ സഹായിക്കുവാൻ നിയോഗിക്കപ്പെട്ടവരാണു്.

## രാജകീയപൗരോഹിത്യം

ആദിമമനുഷ്യർ സൃഷ്ടിയുടെ മഹത്വത്തിൽ ദൈവത്തെകണ്ടു് അവിടുത്തെ ആരാധിച്ചിരുന്നു. അവർ വനാന്തരങ്ങളിലോ മൈതാനങ്ങളിലോ ബലിപീഠങ്ങഠം നിർമ്മിച്ചു്,. സർവ്വസൃഷ്ടികളുടെമേ

ലും തങ്ങളുടെമേലും ദൈവത്തിനുള്ള പരമാധിപത്യം അംഗീകരിക്കുന്നതിനായി ബലികളർപ്പിച്ചു.

ദൈവം ഇസ്രായേലിനെ തൻെറ ജനമായി തിരഞ്ഞെടുത്തപ്പോഠം അവരോടു തനിക്കായി ഒരു ആലയം പണിയാനാജ്ഞാപിച്ചു. അവർ ദൈവാലയം പണിതു; അതിൽ ദൈവത്തിൻെറ സാന്നിദ്ധ്യം സൂചിപ്പിക്കുന്നതിനു വാഗ്ദാനത്തിൻെറ പേടകവും സ്ഥാപിച്ചു. ദൈവാലയത്തിൻെറ വിശുദ്ധവേദിയിൽ പ്രത്യേകവിധത്തിൽ ദൈവം ആവസിച്ചു. അവിടെ മാത്രമേ ബലിയർപ്പണത്തിൻെറ രൂപത്തിലുള്ള ആരാധന നടത്തുവാൻ പാടുണ്ടായിരുന്നുള്ളു. ജനങ്ങഠം അവിടെവന്നു പ്രാർത്ഥിക്കുകയും ആടുമാടുകഠം, ഫലങ്ങഠം, തൈലങ്ങഠം, മുന്തിരിച്ചാറ് എന്നിവ ബലിയർപ്പിക്കുകയും ചെയ്തുവന്നു. അവയെല്ലാം ഒരിക്കൽ സമർപ്പിക്കപ്പെടുവാനിരുന്ന സമ്പൂർണ്ണബലിയുടെ മുൻരൂപങ്ങളായിരുന്നു; അന്നത്തെ ദൈവാലയമാകട്ടെ, വരുവാനിരുന്ന നൂതനമായൊരു മഹാദൈവാലയത്തിൻെറ പ്രതിരൂപവും.

ക്രിസ്തു ഭൂമിയിൽ വന്നപ്പോഠം, താനാണ് ദൈവത്തിൻെറ നൂതനദൈവാലയമെന്നു പ്രഖ്യാപിച്ചു. ദുഃഖവെള്ളിയാഴ്ച അവിടുന്നു തന്നെത്തന്നെ ബലിയായി സമർപ്പിച്ചതോടെ പഴയനിയമത്തിലെ ബലികളെല്ലാം അവസാനിച്ചു; പഴയ ദൈവാലയവും ആവശ്യമില്ലാതായി.

ക്രിസ്തുവും അവിടുത്തെ സഭയുടെ അംഗങ്ങളുമാണ് എല്ലാ യുഗങ്ങളിലുമുള്ള ദൈവാലയം. പുതുതായി സ്നാപനംസ്വീകരിച്ചവരെ അതിൻെറ 'ജീവനുള്ള കല്ലുകളെ'ന്നു വിശുദ്ധ പത്രോസ് വിളിച്ചു. ''നിങ്ങളും ഈശോമിശിഹായിലൂടെ ദൈവത്തിനു സ്വീകാര്യവും പ്രിയങ്കരവുമായ ആദ്ധ്യാത്മികബലിയർപ്പിക്കുന്നതിനു—വിശുദ്ധപൗരോഹിത്യത്തിൻെറ ആദ്ധ്യാത്മികസൗധം കെട്ടിപ്പണിയുന്നതിനു—ജീവനുള്ള കല്ലുകളായി രൂപാന്തരപ്പെടുവിൻ.''

(i പത്രോ. 2: 5)


## ആരാധനയ്ക്കുള്ള പൗരോഹിത്യാധികാരം

ക്രിസ്തുവിൻെറ ശരീരമെന്നനിലയിൽ സഭയുടെ മുഖ്യകത്തവ്യം അവിടുത്തെ സമ്പൂർണ്ണമായ ആരാധന ഭൂമിയിൽ തുടർന്നുകൊണ്ടുപോവുകയെന്നതാണ്. ഇക്കാരണത്താൽ ക്രിസ്തു തൻെറ അഭിഷിക്തപുരോഹിതന്മാർക്കു്, തൻെറ ആത്മബലിയും സമർപ്പണവും ആവത്തിച്ചു പുതുക്കാനുള്ള അധികാരം നല്കി. ഈ പുതുക്കൽ കുർബാനയിലെ കൂദാശചെയ്യൽസമയത്തു യഥാർത്ഥമായി നടക്കുന്നു.

സ്നാപനം സ്വീകരിക്കുന്നതോടുകൂടെ എല്ലാ കത്തോലിക്കർക്കും ക്രിസ്തുവിനോടുചേർന്നു പുരോഹിതൻെറ കരങ്ങഠംവഴി ഈ വി

ശുദ്ധബലി അർപ്പിക്കുവാനധികാരം ലഭിക്കുന്നു. ആരാധനയ്ക്കുള്ള ഈ പൗരോഹിത്യാനുവാദം സ്നാപനത്തിന്റെ കൗദാശികഫലമാണ്. അതു മഹാപുരോഹിതനായ ക്രിസ്തുവിനോടു നമ്മെ സദൃശരാക്കുന്നു. നാമും അഭിഷേകം ചെയ്യപ്പെടുകയും വേർതിരിക്കപ്പെടുകയും ദിവ്യമായ ആരാധനയ്ക്കു കഴിവുററവരാക്കുകയും ചെയ്യുന്നു. വിശുദ്ധലിഖിതങ്ങളുടെ ഭാഷയിൽ പത്രോസ് ശ്ലീഹാ, പുതുതായി സ്നാപനം സ്വീകരിച്ചവരോട് പറയുന്നു: ''നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ജനമാണ്........രാജകീയ പുരോഹിതർ, വിശുദ്ധ ജനപദം, വിലയ്ക്കു വാങ്ങപ്പെട്ട ജനസമൂഹം.''

(i പത്രോ. 2:9)



സ്ഥൈര്യലേപനത്തിന്റെ കൗദാശികഫലമെന്ന നിലയിൽ നമുക്കു ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ കൂടുതൽ ആഴമേറിയ ഭാഗഭാഗിത്വം ലഭിക്കുന്നു. വിശുദ്ധബലിയിൽ കൂടുതൽ പൂർണ്ണതയോടെ പങ്കെടുക്കുന്നതിനും നമുക്കവകാശം കിട്ടുന്നു. സ്വർഗ്ഗീയപിതാവിനെ ആരാധിക്കുന്നതിനു മററുള്ളവരേയും കൂട്ടിക്കൊണ്ടുവരാനുള്ള ചുമതലയുമായി ഇറങ്ങിപ്പുറപ്പെടുന്ന ക്രിസ്ത്യാനികളുടെ ഗണത്തിൽ നാമും ഉൾപ്പെടുന്നു. ജീവനുള്ള കല്ലുകൾ കൊണ്ടു ക്രിസ്തുവിന്റെ ദൈവാലയം പടുത്തുയർത്തുന്നതിനുവേണ്ടി ജോലിചെയ്യുന്നവനാണു സ്ഥൈര്യലേപനം സ്വീകരിച്ച കത്തോലിക്കൻ. ആരാധനയും സൽപ്രവൃത്തികളും മാതൃകാജീവിതവുംകൊണ്ടു ദിവസംതോറും ആ ദൈവാലയം അവൻ പണിയുന്നു. കാലത്തിന്റെ അവസാനത്തിൽ ആ ദൈവാലയത്തിന്റെ നിർമ്മാണം പൂർത്തിയാകും; അതിന്റെ പരമമായ മഹനീയത പ്രാപിക്കുകയും ചെയ്യും.

**ഓർമ്മിക്കാൻ**

''നിങ്ങൾ അന്ധകാരത്തിൽനിന്നു തന്റെ പ്രകാശത്തിലേയ്ക്കു നിങ്ങളെ വിളിച്ചവന്റെ മഹത്വങ്ങളെ അറിയിക്കുന്നതിന്നായി തി

രഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും.....ആകുന്നു.'' (i പത്രോ. 2:9)

1. മാമ്മോദീസ വഴി ആത്മാവിൽ പതിയുന്ന മുദ്രയുടെ ഫലങ്ങൾ എന്തെല്ലാം?
2. സ്ഥൈര്യലേപനത്തിൻെറ ഫലമെന്ത്?
3. നമുക്കു ലഭിച്ച ഈ വിശിഷ്ടാനുഗ്രഹങ്ങൾക്ക് എങ്ങനെ നന്ദി പ്രകാശിപ്പിക്കും?

പത്താംപീയൂസ് മാർപ്പാപ്പ ഒരിക്കൽ പറഞ്ഞു: ''പ്രിയ കുട്ടികളേ, എൻെറ അന്തിമമായ ആഗ്രഹം നമ്മുടെ കർത്താവിൻെറ സ്നേഹം നിങ്ങളിൽ വസിക്കുകയും തന്മൂലം നിങ്ങളെല്ലാം അപ്പസ്തോലന്മാരായിത്തീരുകയും ചെയ്യണമെന്നാണ്.''

## പ്രവർത്തിക്കാൻ

ക്രിസ്തീയവിശ്വാസത്തെയോ സാന്മാർഗ്ഗികതത്വങ്ങളെയോ സംബന്ധിച്ച ഞാൻ അകത്തോലിക്കരോടു സംസാരിക്കും.

## പാടാൻ

മഹാസൈന്യങ്ങൾ തന്നധിപനാം നാഥാ,
മനോഹരം നിൻെറ വിശുദ്ധമന്ദിരം.
തവ ഭവനത്തിൽ വസിക്കുവോരെത്ര
ഹൃദയസന്തോഷമനുഭവിക്കുന്നു.

ഭവന്മഹിമകൾ പുകഴ്ത്തും ഗായക—
നിരയിൽച്ചേരുവാൻ കൊതിക്കുന്നു മനം.
ഇളയിലേയ്ക്കു നീ തലകുനിച്ചെൻെറ
എളിയ പ്രാർത്ഥന ചെവിക്കൊള്ളേണമേ.


തുടക്കംതൊട്ടിന്നുമൊടുക്കത്തോളവും
ഇവർക്കുതാങ്ങും നീ പരിചയും ദേവാ.
പിതാവും പുത്രനും പരിശുദ്ധാത്മാവും
നിതാന്തമേവം നീ വിളങ്ങുന്നു നിത്യം.

വിശുദ്ധതീർത്ഥക നിരയ്ക്കു നീയേകും
വിശിഷ്ടസന്തോഷം, സജീവനീശ്വരാ
അഭിഷിക്തമാം നിൻ സുതമുഖാംബുജം
അനന്തകാലം നീ കടാക്ഷിക്കേണമേ.

# 5

## വിശുദ്ധ കർബാന

ക്രിസ്തുവർഷം 150—ൽ വേദസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ റോമാചക്രവത്തിക്കു് ഒരു കത്തെഴുതി. ക്രൈസ്തവവിശ്വാസവും ആചരണങ്ങളും ആരാധനാസമ്പ്രദായങ്ങളും അതിൽ വിവരിച്ചിരുന്നു. അദ്ദേഹത്തിന്റെ വിവരണത്തിൽനിന്നാണു്, ആരാധനാക്രമത്തിലുള്ള ബലിയർപ്പണത്തെക്കുറിച്ചു നാം ആദ്യം മനസ്സിലാക്കുന്നതു്.



''ഞായറാഴ്ചദിവസം പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഞങ്ങളുടെ ആളുകളെല്ലാം ഒരുമിച്ചുകൂടുന്നു. സമയം കിട്ടുന്നിടത്തോളം, ദീർഘദർശികളുടെ ലേഖനങ്ങളും അപ്പസ്തോലന്മാരുടെ ഓർമ്മക്കുറിപ്പുകളും വായിക്കുന്നു. വായന അവസാനിച്ചാലുടനെ സഭാദ്ധ്യക്ഷൻ അവിടെ കൂടിയിരിക്കുന്നവരോടു് അപ്പോഴം വായിച്ചു കേട്ട മാതൃകയിൽ സുകൃതജീവിതം നയിക്കണമെന്നുപദേശിക്കുന്നു.

''അനന്തരം, ഞങ്ങളെല്ലാവരും ഒരുമിച്ചു് എഴുന്നേററുനിന്നു പ്രാർത്ഥിക്കുന്നു......പ്രാർത്ഥനയ്ക്കുശേഷം അപ്പവും വീഞ്ഞും വെള്ള

വും കാഴ്ചവയ്ക്കുന്നു. സമൂഹത്തിൽ അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചിട്ടുള്ളയാൾ പ്രാർത്ഥനകളും കൃതജ്ഞതാപ്രകടനങ്ങളും നടത്തുമ്പോൾ ജനങ്ങൾ തങ്ങളുടെ അംഗീകാരത്തെ സൂചിപ്പിച്ചുകൊണ്ട്, ''ആമ്മേൻ'' എന്നു പറയുന്നു. ബലിവസ്തുക്കൾ കൂടിയിരിക്കുന്ന ജനങ്ങളുടെയിടയിൽ വിതരണം ചെയ്കയും എല്ലാവരും അവ അനുഭവിക്കുകയും ചെയ്യുന്നു.......

''ഞങ്ങൾ ഈ ഭോജനത്തെ ദിവ്യകാരുണ്യം (യൂക്കരിസ്റ്റ്) എന്നു വിളിക്കുന്നു. ഞങ്ങളതു് അനുഭവിക്കുക സാധാരണ ഭക്ഷണവും പാനീയവുമായിട്ടല്ല; ഈശോയുടെ വാചാപ്രാർത്ഥനയാൽ ദിവ്യകാരുണ്യമായിത്തീർന്നതും, ഞങ്ങളുടെ മാംസരക്തങ്ങളെ പോഷിപ്പിക്കുന്നതുമായ ഈ ഭോജനം, ശരീരമെടുത്തവതരിച്ച ഈശോയുടെ ശരീരവും രക്തവുമെന്നു് ഞങ്ങൾ അറിഞ്ഞുവിശ്വസിക്കുന്നു. അപ്പസ്തോലന്മാർ തങ്ങളുടെ ഓർമ്മക്കുറിപ്പുകൾ ''സുവിശേഷങ്ങൾ'' എന്നപേരിൽ ഞങ്ങൾക്കു നല്കിയിട്ടുണ്ട്. അവർ ചെയ്യണമെന്നു് ഈശോ ആജ്ഞാപിച്ചിട്ടുള്ളതെല്ലാം അവയിലൂടെ ഞങ്ങൾക്കു കൈവന്നിരിക്കുന്നു.''

## കുർബാന നമ്മുടെ ജീവിതകേന്ദ്രം

സഭാമാതാവു് കൊല്ലംതോറും പെസഹാവ്യാഴാഴ്ച വിശുദ്ധ കുർബാനയുടെ സ്ഥാപനത്തെ സംബന്ധിച്ചുള്ള ഓർമ്മ പുതുക്കുന്നു. ഏററം വിശുദ്ധമായ ഈ കൂദാശയെ കുർബാനയുടെ തിരുനാൾവഴി സഭ പ്രത്യേകവിധത്തിൽ ആചരിക്കുന്നു. ഈ തിരുനാളിൽ വായിക്കുന്ന ലേഖനഭാഗത്തു്, ക്രിസ്തുവിൻെറ ആത്മബലി രക്തരഹിതമായ വിധത്തിൽ ആവർത്തിക്കപ്പെടുന്നതെങ്ങനെയെന്നു വിവരിക്കുന്നുണ്ട്. (i കൊറി. 11:23–26)

കുർബാന നമ്മുടെ ബലിയും വിരുന്നുമാണു്. അതു ക്രൈസ്തവജീവിതത്തിൻെറ കേന്ദ്രവുമാണു്

## ആദ്യത്തെ കുർബാന

പെസഹാവ്യാഴാഴ്ച, രാത്രിയിൽ കർത്താവു് ആദ്യത്തെ കുർബാനയർപ്പിച്ചു. അത്താഴം കഴിയാറായപ്പോൾ അവിടുന്നു തൻെറ പിതാവിനു നന്ദിപറയുകയും അപ്പവും വീഞ്ഞും തൻെറ ശരീരരക്തങ്ങളാക്കി മാററുകയും ചെയ്തു. അനന്തരം, അവിടുന്നു തൻെറ ശരീരരക്തങ്ങളെ അവർക്കു ബലിഭോജനമായി സമ്മാനിച്ചു. ഈ രക്തരഹിതബലി, പിറെറദ്ദിവസം കുരിശിൽ താൻ പൂർത്തിയാക്കാനിരുന്ന ബലിയെ വരുംകാലങ്ങളിലൊക്കെയും വീണ്ടും വീണ്ടും സന്നിഹിതമാക്കുമെന്നു് അവിടുന്നു വ്യക്തമാക്കി.

## കുർബാന—നമ്മുടെ സ്നേഹത്തിൻെറ കൈമാററം

ദൈവത്തിൻെറ മക്കളെന്നനിലയിൽ നാം സമ്മേളിച്ച് ആരാധനക്രമത്തിലെ പ്രബോധനഭാഗം ആരംഭിക്കുന്നു. പുരോഹിതൻെറ നേതൃത്വത്തിൽ നാം പിതാവിൻെറ പക്കൽ നമ്മുടെ പശ്ചാത്താപവും സ്തുതിയും സ്നേഹവും നന്ദിയും അപേക്ഷകളും സമർപ്പിക്കുന്നു. സുവിശേഷവായനയിൽ നാം ദൈവവചനം ശ്രവിക്കുന്നു. അന്നത്തേതുപോലെ ഇന്നും ദൈവം നമ്മോടു യഥാർത്ഥമായി സംസാരിക്കുന്നുണ്ട്. അവിടുത്തെ സ്ഥാനമലങ്കരിക്കുന്ന അഭിഷിക്തപുരോഹിതൻെറ പ്രസംഗംവഴി ആ സന്ദേശം നമുക്കു വിശദീകരിച്ചുകിട്ടുന്നു. തുടർന്നു വിശ്വാസപ്രമാണം ഉരുവിട്ടുകൊണ്ടു ദൈവവചനമനുസരിച്ചു ജീവിക്കാനുള്ള സന്നദ്ധത നാം പ്രഖ്യാപിക്കുന്നു.

## ബലിയും വിരുന്നും

കുർബാനയാരംഭിക്കുന്നതോടെ പരമമായ ബലിയർപ്പണത്തിനും നാം ഒരുങ്ങണം. കാഴ്ചവയ്പുസമയത്ത്, പുരോഹിതൻ അപ്പവും വീഞ്ഞും സജ്ജമാക്കുമ്പോൾ, കൂദാശചെയ്യപ്പെടുന്ന ഓസ്തിയിലെ ക്രിസ്തുവിനോടൊത്തു നമ്മെത്തന്നെ പിതാവിനർപ്പിക്കുവാൻ നാം തയ്യാറെടുക്കണം.

## കൂദാശകർമ്മം

കൂദാശവചനങ്ങൾ ഉച്ചരിക്കുമ്പോൾ ക്രിസ്തു കുരിശിലെ തൻെറ ബലി ആവർത്തിക്കുന്നു. അവിടുന്ന് അഭിഷിക്തനായ പുരോഹിതൻവഴിയാണ് ഇവിടെ പ്രവർത്തിക്കുന്നത്. ''ഇതു് എൻെറ ശരീരമാകുന്നു, ഇതു് എൻെറ രക്തമാകുന്നു'' എന്നുള്ള ക്രിസ്തുവിൻെറ വാക്കുകൾ പുരോഹിതൻ ഉരുവിടുമ്പോൾ അപ്പവും വീഞ്ഞും യഥാർത്ഥത്തിൽ ക്രിസ്തുവിൻെറ മാംസരക്തങ്ങളായി മാറുന്നു.

ക്രിസ്തുവാണു കുർബാനയിലെ മുഖ്യപുരോഹിതൻ. അവിടുന്നു തന്നെത്തന്നെ പിതാവിനു ബലിയർപ്പിക്കുന്നു. ഇതു രക്തരഹിതമായവിധത്തിൽ അപ്പത്തിൻേറയും വീഞ്ഞിൻേറയും പ്രത്യക്ഷരൂപങ്ങളിലാണ് അവിടുന്നു നിർവ്വഹിക്കുന്നത്.

മാമ്മോദീസ സ്വീകരിച്ച ക്രിസ്ത്യാനികളെന്നനിലയിൽ നമ്മുടെ പങ്ക്, നമ്മെത്തന്നെ ക്രിസ്തുവിനോടു സംയോജിപ്പിക്കുക എന്നതാണ്. ക്രിസ്തു തന്നെത്തന്നെ സമർപ്പിക്കുമ്പോൾ പുരോഹിതൻ വഴി നാമും അവിടുത്തോടു് ഐക്യപ്പെടണം. ക്രിസ്തുവിനെപ്പോലെ നാമും ബലിവസ്തുക്കളായിത്തീരണം. നമ്മെത്തന്നെ—നമ്മുടെ സന്തോഷങ്ങൾ, ജോലികൾ, ദുഃഖങ്ങൾ, വേദനകൾ, നമ്മുടെ ജീവി

തം മുഴവനും—ക്രിസ്തുവിൽ, ക്രിസ്തുവിനോടൊന്നിച്ച്, ക്രിസ്തുവിലൂടെ പിതാവിനു സമർപ്പിക്കണം. ക്രിസ്തു നമ്മേയും നമ്മുടെ കാണിക്കകളേയും തൻെറ പിതാവിനു സമർപ്പിക്കും.

## ദിവ്യകാരുണ്യവിരുന്ന്

ദൈവം തൻെറ പുത്രൻെറ ബലി സ്വീകരിക്കുന്നു. പകരം തൻെറ പുത്രനെത്തന്നെ ദിവ്യകാരുണ്യംവഴി സ്നേഹപൂർവ്വം സമ്മാനമായി നല്കുന്നു. ക്രിസ്തുവിൻെറ ശരീരംവഴി നമ്മുടെ പിതാവായ ദൈവവുമായി നാം സ്നേഹത്തിൽ ഐക്യം പ്രാപിക്കുന്നു. അതിനാൽ, പുരോഹിതനിലൂടെ വിശുദ്ധകർബാനയർപ്പിക്കുന്നവരെല്ലാവരും ദിവ്യകാരുണ്യം സ്വീകരിക്കുകയും വേണം.

വിശുദ്ധകർബാനസ്വീകരണം ദൈവജനത്തിൻെറ മഹനീയമായ വിരുന്നാണ്. വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രയ്ക്കിടയ്ക്കു ദൈവം ഇസ്രായേൽക്കാരെ ''മന്നാ''നല്കി പോഷിപ്പിച്ചു. സ്വർഗ്ഗീയവാഗ്ദത്തഭൂമിയിലേക്കുള്ള യാത്രയിൽ നമ്മെ പോഷിപ്പിക്കുന്നതു ക്രിസ്തുവിൻെറ മാംസരക്തങ്ങളാണ്. ''ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നും ജീവിക്കും'' എന്നു ക്രിസ്തു അരുളിചെയ്തു. നിത്യജീവൻെറ അപ്പമാണ് വിശുദ്ധകർബാന.

ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു നാം മാരകപാപത്തിൽനിന്നു വിമുക്തരായിരിക്കണം. അതു സ്വീകരിക്കുവാൻ ശരിയായ ആഗ്രഹമുണ്ടായിരിക്കണം. ദിവ്യകാരുണ്യസ്വീകരണത്തിനുമുൻപ് നിയമാനുസൃതം ഉപവസിക്കണം. ക്രിസ്തുവിനനുരൂപരായി ജീവിക്കുന്നതിനും വളരുന്നതിനും ദിവ്യകാരുണ്യസ്വീകരണം നമ്മെ സഹായിക്കുന്നു.

## വിശ്വാസപരമായ പഠനം

''എൻെറ മാംസം ഭക്ഷിക്കുകയും രക്തം പാനംചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അന്തിമദിവസം ഞാനവനെ ഉയിർപ്പിക്കും'' (യോഹ. 6:55).

## ഓർമ്മിക്കാൻ

1. വിശുദ്ധകർബാന എന്നാലെന്ത്?
2. കർബാനയിലെ ബലി എന്താകുന്നു?
3. ദിവ്യകാരുണ്യസ്വീകരണമെന്നാലെന്ത്?

## സംസാരിക്കുന്ന സംഭവം

1930–ാമാണ്ടിനടുത്തു്, മെക്സിക്കോയിലെ കത്തോലിക്കർക്കു ഒരു മതമർദ്ദനം നേരിടേണ്ടിവന്നു. ദിവ്യബലിയർപ്പണം നിരോധിക്കപ്പെട്ടുകയും വൈദികർ പല സ്ഥലങ്ങളിലുംനിന്നു നാടുകടത്തപ്പെടുകയുമുണ്ടായി.

ടെക്സാസിലെ എൽഫാസോ എന്ന സ്ഥലത്തെ ഒരു വൈദികൻ തൻെറ അയൽരാജ്യമായ മെക്സിക്കോയിലെ കത്തോലിക്കരുടെ കഷ്ടസ്ഥിതിയോർത്തു ദുഃഖിച്ചു. താഴെപ്പറയുന്ന വാർത്ത അവരുടെ ഇടയിൽ പരത്തുന്നതിനു് അദ്ദേഹം സ്നേഹിതന്മാരെ ചുമതലപ്പെടുത്തി. ''ഞായറാഴ്ച രാവിലെ മെക്സിക്കോയുടെയും ഐക്യനാടുകളുടെയും അതിർത്തിയിൽ ഞാൻ ദിവ്യബലി അർപ്പിക്കുന്നതാണു്.''

ഞായറാഴ്ച രാവിലെ നിർദ്ദിഷ്ടസ്ഥലത്തു ചെന്നെത്തിയ ആ വൈദികൻ അത്ഭുതപ്പെട്ടുപോയി; നൂറുകണക്കിനു ഭക്തരായ കത്തോലിക്കർ റിയോഗ്രാൻഡേ നദിയുടെ കരയിൽ തിങ്ങിക്കൂടിയിരിക്കുന്നു! ചിലർ അടുത്തുള്ള ജൂവാറസിൽനിന്നു വന്നവരായിരുന്നു. വേറെ ചിലരാകട്ടെ, ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു് രാത്രി മുഴുവൻ കാൽനടയായി നടന്നുവന്നെത്തിയവരും.

കുർബാന കൈക്കൊള്ളാനുള്ള അഴിക്കാലുകൾ രണ്ടു രാജ്യങ്ങളെയും വേർതിരിക്കുന്ന ഒരു കമ്പിവേലി ആയിരുന്നു. ആ പ്രഭാതത്തിൽ അതു് ഒരു വിശുദ്ധമേശയായി മാറി. സ്വർഗ്ഗീയഭോജനം സ്വീകരിക്കുന്നതിനു് ആളുകൾ നീങ്ങിത്തുടങ്ങിയപ്പോൾ പലരും കൃതജ്ഞതാഭാരംകൊണ്ടു കരഞ്ഞുപോയി. മതമർദ്ദനത്തിനിരയായ ആ മനുഷ്യർക്കു വിശുദ്ധകുർബാന ആയിരുന്നു ഏററം വലിയ സന്തോഷം.

## യോഹന്നാൻ മാർപ്പാപ്പയുടെ വാക്കുകൾ

ഒരു ഗണം ഫ്രഞ്ചുബാലന്മാരോടു ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പ പറഞ്ഞു: ''ക്രിസ്ത്യാനിയുടെ മഹനീയജീവിതത്തിൽ ദിവ്യബലിയെക്കാൾ ഉന്നതസ്ഥാനം നല്കപ്പെടുന്ന യാതൊന്നും ഉണ്ടായിരിക്കരുതു്........ഈ ആരാധനാകർമ്മമായിരിക്കണം അയാളുടെ സഹോദരങ്ങൾക്കു നന്മചെയ്യുവാനുള്ള സകല പ്രവൃത്തനങ്ങളുടേയും പ്രഭവസ്ഥാനം.''

## പ്രവർത്തിക്കാൻ


അടുത്തടുത്തു വിശുദ്ധകുർബാന സ്വീകരിക്കുന്ന കാര്യത്തിൽ ഞാൻ ഉത്സുകനായിരിക്കും.

## പാടാൻ

ഓ! എൻദൈവമേ, അങ്ങയിൽ ഞാൻ
അർപ്പണംചെയ്യുന്നു എന്നെസർവ്വം:
എൻമെയ്യും, എൻരക്തം, എൻെറയാത്മാവും
എൻമനസ്സെൻശക്തി, സത്തസമ്പത്തും
കനിവാർന്നു കൈക്കൊണ്ടു കൃദാശചെയ്യു
പരമപിതാവിനു നല്കിയാലും. (ഓ! എൻ....

ഏററംനിസ്സാരമാം അപ്പമാണെൻജീവൻ;
തീർത്തരുക നിൻദിവ്യജീവനാക്കി.
എൻെറ ഈ പാഴ്ജീവനാകുന്ന വീഞ്ഞിനെ
മാററുക നിൻ തിരുരക്തമാക്കി. (ഓ! എൻ.....


സ്വർഗ്ഗത്തിലങ്ങയോടൊത്തുചേർന്നു്
നിത്യമാംഭാഗ്യത്തിൽ പങ്കുചേരാൻ,
എൻെറ ഈ കൊച്ചുകുരിശിനെ ചേർക്കുക
അങ്ങേ കുരിശിൻെറകൂടെ നാഥാ. (ഓ! എൻ.....



6

## പ്രേഷിതപ്രവർത്തനം

ലോകരക്ഷ സാധിക്കുന്നതിനുവേണ്ടി ക്രിസ്തുവിനോടുകൂടെ പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവു നമ്മെ ശക്തരാക്കുന്നു. അപ്പസ്തോലന്മാരുടെ കാലത്തു് ഒരോ ക്രിസ്ത്യാനിക്കും (പുരോഹിതനും, അല്‌മേനിക്കും) ഈ കർത്തവ്യത്തെക്കുറിച്ചു തികഞ്ഞ ബോധമുണ്ടായിരുന്നു.



“അലക്സാൻഡ്രിയാക്കാരനായ അപ്പോളോ എന്നൊരു യഹൂദൻ എഫേസൂസിലെത്തി. വേദാഗമങ്ങളിൽ നല്ല പാണ്ഡിത്യം സിദ്ധിച്ചിരുന്ന ഇദ്ദേഹം നല്ലൊരു വാഗ്മിയും കർത്താവിന്റെ മാർഗ്ഗത്തെപ്പററി പഠിച്ചിട്ടുള്ളവനുമായിരുന്നു. എന്നാൽ, യോഹന്നാന്റെ സ്നാപനത്തെപ്പററിയല്ലാതെ മററൊരു സ്നാപനത്തെപ്പററി അദ്ദേഹത്തിനറിഞ്ഞുകൂടായിരുന്നു. എങ്കിലും ഈശോയുടെ ചരിത്രം ഏററെക്കുറെ സൂക്ഷ്മമായി പഠിക്കുകയും ആവേ

ശപൂർവ്വം പ്രസംഗിക്കുകയും ചെയ്തിരുന്നു. അങ്ങനെ അദ്ദേഹം സിനഗോഗിൽ ധൈര്യപൂർവ്വം പ്രസംഗിച്ചതു പ്രിസില്ലായും അക്വീലായും കേട്ടപ്പോൾ അദ്ദേഹവുമായി അവർ പരിചയപ്പെട്ടു. വീട്ടിൽകൊണ്ടുവന്നു് അവർ ദൈവത്തിന്റെ വഴികൾ അദ്ദേഹത്തിനു കൂടുതൽ വിശദമാക്കിക്കൊടുത്തു. ഒടുവിൽ അദ്ദേഹം ആക്കായിലേയ്ക്കു പോകുവാൻ തീരുമാനിച്ചപ്പോൾ, അവിടത്തെ സഹോദരന്മാർ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും സന്തോഷപൂർവ്വം സ്വീകരിക്കുകയും ചെയ്യത്തക്കവണ്ണം ആക്കായിലെ ശിഷ്യന്മാർക്ക് എഴുതി അയയ്ക്കുകയും ചെയ്തു. അദ്ദേഹം ആക്കായിൽ ചെന്നതു് അവിടത്തെ വിശ്വാസികൾക്കു വലിയ സഹായമായി. എന്തുകൊണ്ടെന്നാൽ, അദ്ദേഹം വലിയ തീക്ഷ്ണതയോടെ ഈശോതന്നെയാണു മിശിഹാ എന്നു വേദാഗമങ്ങളിൽനിന്നു വ്യക്തമാക്കിക്കൊടുത്തു.'' (നടപടി 18: 24—28)

ഓരോ ക്രിസ്ത്യാനിക്കും തന്റെ ജീവിതദൗത്യം നിർവ്വഹിക്കാനാവശ്യമായ പ്രസാദവരം ലഭിക്കുന്നുണ്ടു്. അല്മായരുടെ ഇടയിൽനിന്നു ചില വ്യക്തികളെ അർപ്പിതജീവിതത്തിനു്, പുരോഹിതന്മാരായും സഹോദരിമാരായും തന്നെ ശുശ്രൂഷിക്കുന്നതിനു്, കർത്താവു തിരഞ്ഞെടുക്കുന്നു.

''മിശിഹാ പ്രസാദിച്ചു ദാനംചെയ്ത അളവിൽ മാത്രമേ നമുക്കോരോരുത്തർക്കും കൃപ ലഭിച്ചിട്ടുള്ളൂ....... അവിടുത്തെ ശരീരത്തിന്റെ പുഷ്ടിയായ വളർച്ചയ്ക്കുവേണ്ടി ശുശ്രൂഷചെയ്യുവാൻ വിശുദ്ധരെ പരിപൂർണ്ണമായി ഒരുക്കിയെടുക്കുന്നതിനു് അവിടുന്നുതന്നെ ചിലരെ അപ്പസ്തോലന്മാരായും ചിലരെ പ്രവാചകന്മാരായും മററുചിലരെ സുവിശേഷകരായും ഇനിയും ചിലരെ അജപാലകരായും ഉപാദ്ധ്യായരായും നിയമിച്ചു്, വേണ്ട കൃപ നല്കിയിരിക്കുന്നു.''

(എഫേ. 4: 7—12)

### അല്മായ പ്രേഷിതത്വം

ഇപ്രകാരം ക്രിസ്ത്യാനികളെന്ന നിലയ്ക്കു് നാമെല്ലാവരും വിളിക്കപ്പെട്ടവരും, നമ്മുടേതായ ദൗത്യമുള്ളവരും ആണു്. സഭയുടെ വളർച്ചയ്ക്കു് ജീവിതമാതൃകവഴി എല്ലാവരും സഹായിക്കണം.

അല്മായനു പ്രത്യേകമായൊരു പ്രേഷിതത്വമുണ്ടു്. അവന്റെ ദൈവവിളി വൈദികരുടേയും സന്യാസികളുടേയും ദൈവവിളിയിൽനിന്നു വ്യത്യസ്തമാണു്. അവന്റെ ജോലി പുരോഹിതനിൽനിന്നു ലഭിക്കുന്ന ക്രിസ്തുവിന്റെ വാക്കുകൾ ശ്രവിക്കുകയും അവിടുത്തെ ചിന്തകളും വാക്കുകളും മനോഭാവങ്ങളും തന്റേതാക്കുകയും ആണു്. അങ്ങനെ ദൈനംദിനജീവിതത്തിൽ ദൈവവചനം അവൻ പ്രായോഗികമാക്കണം.

അല്മായൻ തൻെറ സ്നേഹിതന്മാരെ സന്ദർശിക്കുമ്പോഴും സ മ്മേളനങ്ങളിലോ സൽക്കാരങ്ങളിലോ പങ്കെടുക്കുമ്പോഴും ക്രിസ്തുവി നെ കൂടെക്കൊണ്ടുപോകണം. ആ അല്മായൻെറ വാക്കുകളിലും പ്ര വൃത്തികളിലും, അവൻെറ സ്വഭാവശുദ്ധിയിലും സേവനമനസ്ഥതയി ലും എല്ലാം ക്രിസ്തുവിൻെറ സാന്നിദ്ധ്യം ഉള്ളതായി മററുള്ളവക്കനു ഭവപ്പെടണം.

## അല്മായൻെറ സ്വാധീനം

സ്വന്തം തൊഴിലിലൂടെ തൻെറ പ്രേഷിതപ്രവൃത്തിയുടെ കർ ത്തവ്യങ്ങരാം നിർവ്വഹിക്കാൻ അല്മായനു കഴിയും. മുദ്രാലയം, റേഡി യോ, ചലച്ചിത്രം മുതലായവയിലൂ ടെ എന്നതുപോലെ, തൊഴിൽ രംഗത്തും വ്യവസായമണ്ഡലത്തിലും ക്രിസ്തുവിൻെറ സത്യം പരത്തു വാൻ പന്ത്രണ്ടാം പീയൂസ് അല്മായരെ ആഹ്വാനം ചെയ്തു. ക്രൈ സ്തവതത്വങ്ങരാം തൊഴിലാളിയോഗങ്ങളിലേയ്ക്കു കൊണ്ടുചെല്ലുവാൻ, പത്രപംക്തികളിൽ സത്യം എത്തിച്ചുകൊടുക്കുവാൻ, ചലച്ചിത്രത്തി ൻേറയുംമററും മാനദണ്ഡം ഉയർത്തുവാൻ തക്ക ആളുകളെ ലോകത്തി നു് ഇന്നാവശ്യമുണ്ടു്.

അല്മായൻെറ പ്രേഷിതപ്രവത്തനങ്ങളുടെ കേന്ദ്രംഇടവകതന്നെ യാണു്. ഇടവകയ്ക്കുള്ളിൽ കത്തോലിക്ക പ്രവത്തനസംഘങ്ങളിൽ മെത്രാൻേറയും വൈദികരുടേയും നിർദ്ദേശങ്ങളനുസരിച്ച് അവനു പ്ര വത്തിക്കാം. ഇടവകയ്ക്കു വെളിയിലും പ്രവത്തനപരിധി വ്യാപി പ്പിക്കുന്ന അല്മായരുണ്ടു്. അദ്ധ്യാപനവൃത്തിയിലും സാമൂഹികസേ വനത്തിലും, പൈലററ്, ഡ്രൈവർ, ഡോക്ടർ, നേഴ്സ് മുതലാ യവരുടെ നിലകളിലും, വിദേശമിഷൻരംഗങ്ങളിലും വ്യാപരിച്ചു കൊണ്ടു് ഇവർ തങ്ങളുടെ സമയവും പ്രയത്നവും ക്രിസ്തുവിനായി ചെ ലവഴിക്കണം.

## വൈദികരുടേയും സന്യാസികളുടേയും പ്രേഷിതത്വം

പുരോഹിതരും സന്യാസികളുമായി തന്നെ സേവിക്കുവാൻ ക്രിസ്തു ചില വ്യക്തികളെ തിരഞ്ഞെടുക്കുന്നു. തൻെറ ജോലി ഒരു പ്രത്യേകവിധം ലോകത്തിൽ തുടന്നുകൊണ്ടുപോകുവാൻ അവിടുന്നു് അവരെ ആഹ്വാനംചെയ്യുന്നു.

## ദൈവവിളികളിൽവച്ചു് ശ്രേഷ്ഠമാണു പൗരോഹിത്യം

അല്മായരുടെ ആത്മീയപിതാവാണു് പുരോഹിതൻ. ഒരു പിതാവിനെപ്പോലെ അദ്ദേഹം അല്മായരിലേയ്ക്കു കൂദാശകരാംവഴി ദൈവികജീവൻ പകരുന്നു. ദൈവത്തിൻെറ വചനം അവർക്കു ന

ല്ലിക്കൊണ്ടു് അദ്ദേഹം അവരെ പഠിപ്പിക്കുന്നു. ക്രൈസ്തവജീവിത മാർഗ്ഗത്തിലൂടെ അദ്ദേഹം അവരെ നയിക്കുന്നു. ലോകത്തിൽ ക്രിസ്തുവിൻെറ പ്രതിപുരുഷനും ദൈവത്തിൻേറയും മനുഷ്യരുടേയും മദ്ധ്യസ്ഥനുമാണു് അദ്ദേഹം.

## സന്യാസികളുടെ കടമ

ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങളിലൂടെ തങ്ങളുടെ ജീവിതം ക്രിസ്തുവിനു പ്രതിഷ്ഠിക്കുന്നവരാണു് സന്യാസ വൈദികരും സഹോദരന്മാരും സഹോദരികളും. ബ്രഹ്മചര്യവ്രതം വഴി അവർ വൈവാഹികജീവിതത്തിൻെറ ആനന്ദങ്ങളുപേക്ഷിച്ചു്, മുഴുവൻ സ്നേഹവും ക്രിസ്തുവിനു നല്കുകയും, ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ സേവനത്തിനു തങ്ങളെത്തന്നെ അർപ്പിക്കുകയും ചെയ്യുന്നു. ദാരിദ്ര്യം എന്ന വ്രതംവഴി ലൗകികവസ്തുക്കളെ ഇഷ്ടാനുസരണം ഉപയോഗിക്കാനുള്ള അവകാശം ത്യജിച്ചു്, ക്രിസ്തുവിൽ തങ്ങളുടെ ഹൃദയം നിക്ഷേപിക്കുന്നതിനു് അവർക്കു കഴിയുന്നു. അനുസരണം എന്ന വ്രതംവഴി സ്വന്തം ഇഷ്ടമനുസരിച്ചു ജീവിക്കാനുള്ള അവകാശം ഉപേക്ഷിച്ചു്, ക്രിസ്തുവിൻെറ നാമത്തിൽ സംസാരിക്കുന്ന മേലധികാരികൾക്കു സർവ്വാത്മനാ വഴങ്ങുവാൻ അവർ തയ്യാറാവുന്നു.



സഭയേയും ലോകത്തേയും സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നവരാണു് സന്യാസികൾ. അവർ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നു, ധ്യാനപ്രസംഗങ്ങൾ നടത്തുന്നു, നേഴ്സുകളാ

യും ഡോക്ടർമാരായും പ്രേഷിതരായും സേവനമനുഷ്ഠിക്കുന്നു. ചില വിഭാഗക്കാർ ക്രിസ്തുവിൻെറ സഭയിലെ അംഗങ്ങൾക്കുവേണ്ടി പ്രാർത്ഥനയും പ്രായശ്ചിത്തപ്രവൃത്തികളും നിർവ്വഹിച്ചുകൊണ്ടു ജീവിക്കുന്നു.

ധാരാളം യുവാക്കന്മാരും യുവതികളും സന്യാസജീവിതത്തിനായുള്ള ക്രിസ്തുവിൻെറവിളി കേൾക്കുന്നതിനുവേണ്ടി ക്രിസ്ത്യാനികൾ ദിവസവും പ്രാർത്ഥിക്കണം. തങ്ങളുടെ കുട്ടികളിൽ ഒരാളെങ്കിലും മഹനീയമായ ഈ പ്രേഷിതവൃത്തിയിലേയ്ക്കു വിളിക്കപ്പെടുവാൻവേണ്ടി മാതാപിതാക്കളും പ്രാർത്ഥിക്കണം.



ഒരിക്കൽ, പത്രോസ് ക്രിസ്തുവിനോടു ചോദിച്ചു: ''ഇതാ, ഞങ്ങൾ സമസ്തവും പരിത്യജിച്ച് അങ്ങയെ പിന്തുടരുന്നു. ഞങ്ങൾക്കു പ്രതിഫലമായി എന്തു ലഭിക്കും?'' ഈശോ മറുപടി പറഞ്ഞു: ''ഇതാ, ഞാൻ വാഗ്ദാനം ചെയ്യുന്നു........എൻെറ നാമത്തെപ്രതി വീടിനെയോ സഹോദരനെയോ സഹോദരിയെയോ പിതാവിനെയോ മാതാവിനെയോ ഭാര്യയെയോ മക്കളെയോ വസ്തുക്കളെയോ പരിത്യജിക്കുന്ന ഏവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ കരസ്ഥമാക്കുകയും ചെയ്യും.'' (മത്തായി 19:27–29)

## ഓർമ്മിക്കാൻ

''നിങ്ങൾ ലോകത്തിൻെറ പ്രകാശമാകുന്നു.......നിങ്ങളുടെ സന്മാതൃകകണ്ടു മനുഷ്യർ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ ദീപം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ.'' (മത്താ. 5:14–16)

1. സഭയിൽ അല്മായർ ആരാണ്?
2. ആത്മാക്കളുടെ രക്ഷയിൽ അല്മായർക്കു എങ്ങനെ സഭയെ സഹായിക്കാൻ കഴിയും?
3. തിരുപ്പട്ടമെന്നാലെന്ത്?

യോഹന്നാൻ മാർപ്പാപ്പയുടെ വാക്കുകൾ: ''നമ്മുടെ പൈതൃക ഹൃദയം പ്രത്യേകമായി യുവജനങ്ങളുടെ പക്കലേയ്ക്കു തിരിക്കാതിരിക്കാൻ നമുക്കു കഴിയുന്നില്ല. ഊഷ്മളമായ സ്നേഹത്തോടെ നാം അവരെ ആശ്ലേഷിക്കുന്നു. വരുവാനിരിക്കുന്ന സംവത്സരങ്ങളിൽ സഭയുടെ വലിയപ്രതീക്ഷകൾ അവരിലാണർപ്പിച്ചിരിക്കുന്നതെന്ന് അവരെ നാം ഓർപ്പിക്കുന്നു. വിളവു ധാരാളം, വേലക്കാരോ എന്നാൽ, ചുരുക്കം. കഴിഞ്ഞ കാലങ്ങളിലെന്നതുപോലെ ഈ കാലത്തും ദിവ്യനാഥൻെറ ആഹ്വാനത്തിനു ചെവികൊടുക്കുവാൻ നമ്മുടെ യുവജനങ്ങൾ ഉത്സാഹത്തോടെ മുന്നോട്ടുവരുമെന്നു നമുക്കു പൂർണ്ണ ബോധമുണ്ട്. ജീവത്തായ ഈ ആവശ്യം നിർവ്വഹിക്കുന്നതിനു വേണ്ട ഉദാരബുദ്ധിയും സന്നദ്ധതയും അവർക്കുണ്ടാകുകതന്നെചെയ്യും.''

## പ്രവർത്തിക്കാൻ

മററുള്ളവരുമായി ഇടപെടുമ്പോൾ നിറം, ഭാഷ, രാജ്യം, ജാതി എന്നിവയെക്കാൾ മനുഷ്യത്വത്തിനു ഞാൻ പ്രാധാന്യം നല്കും.

ഞാൻ ഏതേതു വിധങ്ങളിൽ തന്നെ സേവിക്കണമെന്നാണ് ക്രിസ്തുനാഥൻ ആഗ്രഹിക്കുന്നതെന്ന് അറിഞ്ഞു പ്രവത്തിക്കും.

## പാടാൻ


ഭാരതം വിളിക്കയായ്—
വരികവരിക സഹജരേ,
ക്രിസ്തുവിൻ പതാകയേന്തി—
യണിനിരന്നു ചേരുക;
ജനതയാകെ ക്രിസ്തുവിൻ പ്ര—
ബോധനം ശ്രവിക്കുവാൻ
നിത്യജീവിതത്തിനുള്ള—
മാർഗ്ഗവും ഗ്രഹിക്കുവാൻ
സത്യദീപ ശിഖയുമായ്
ഒരുമയോടെ നീങ്ങുക,
എങ്ങുമേ വിളഞ്ഞു പാക—
മായിടുന്നു കതിരുകൾ
കൊയ്ത്തുകാരെ കാത്തുകാത്തു
നോക്കിടുന്നു വയലുകൾ
പ്രേഷിത പ്രബുദ്ധരായ്
വരികവരിക സഹജരേ.

# 7

# ദൈവം–ചരിത്രത്തിൽ

## പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിൻെറ സ്നേഹം

അവിശ്വാസം നിറഞ്ഞ ലോകത്തിൽ ദൈവത്തിൻെറ സ്നേഹത്തിനു് സാക്ഷ്യം വഹിക്കുവാനാണു് ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നതു്. ഈ വിളി അനുസരിക്കുന്നതിനു നമ്മുടെ സാക്ഷ്യത്തെക്കുറിച്ചു നമുക്കു വ്യക്തമായ ധാരണ വേണം. മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനു ക്രിസ്തുവിൽ സമ്പൂർണ്ണമാക്കപ്പെട്ട ദൈവിക പദ്ധതിക്കാണു് നാം സാക്ഷ്യം വഹിക്കേണ്ടതു്. നമ്മുടെ രക്ഷയുടെ പദ്ധതി നിരീക്ഷിച്ചാൽ, ദൈവത്തിൻെറ സ്‌നേഹം നമുക്കു കാണാം. പഴയ നിയമത്തിൽ, ദൈവത്തിൻെറ ഈ സ്‌നേഹത്തെ ഒരു മുന്തിരിത്തോട്ടക്കാരൻെറ ശുഷ്കാന്തിയോടു് ഉപമിച്ചിരിക്കുന്നു.



''എൻെറ പ്രിയനു് ഏററവും ഫലവത്തായ ഒരു കുന്നിന്മേൽ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അദ്ദേഹം അതിനു വേലികെട്ടി അതിലെ കല്ലു പെറുക്കിക്കളഞ്ഞു്, അതിൽ നല്ലയിനം മുന്തിരി നട്ടു; നടുവിൽ ഒരു ഗോപുരം പണിതു്, ഒരു ചക്കും ഇട്ടു. മുന്തിരി കായ്ക്കും എന്നു് അദ്ദേഹം കാത്തിരുന്നു; കായ്ച്ചതോ, കാട്ടു മുന്തിരിങ്ങയത്രേ. ആകയാൽ, ജെറൂസലം നിവാസികളും യഹൂദപുരുഷന്മാരും ആ

യുള്ളവരേ, നിങ്ങൾ വിധി പറയുവിൻ: 'ഞാൻ എൻെറ മുന്തിരി ത്തോട്ടത്തിൽ ഇതിലധികം എന്തു ചെയ്യേണ്ടൂ ? മുന്തിരിങ്ങ കാ യ്ക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ,ഉണ്ടായതു കാട്ടുമുന്തി രിങ്ങയാണ്. സൈന്യങ്ങളുടെ യഹോവയുടെ മുന്തിരിത്തോട്ടം ഇ സ്രായേൽഗൃഹവും അവിടുത്തെ മനോഹരമായ മുന്തിരിച്ചെടി യഹൂ ദരും ആകുന്നു.'' (ഇസയാസ് 5:1–7)

തൻെറ തിരഞ്ഞെടുക്കപ്പെട്ട ജനത്തോടുള്ള ദൈവത്തിൻെറ സ് നേഹം പരമകാഷ്ഠയിലെത്തിയതു്, യഥാർത്ഥമുന്തിരിച്ചെടിയായ സ്വന്തം പുത്രനെ അവിടുന്നു് അയച്ചപ്പോഴാണ്. നമ്മുടെ കാര്യ ത്തിൽ ദൈവത്തിൻെറ സ്നേഹം പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നതു് സ്വന്തം പുത്രനെ ലോകത്തിലേയ്ക്കു് അയയ്ക്കുകയും അങ്ങിൽ നമ്മെ ജീ വിപ്പിക്കുകയും ചെയ്തപ്പോഴത്രേ. (i യോഹ. 4:9)

## ക്രിസ്തുവിൻെറ ആഗമനത്തിനായുള്ള ഒരുക്കം

ആഗമനകാലത്തു സഭാമാതാവു നമ്മെ അനുസ്മരിപ്പിക്കുന്നതു്, ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട മുന്തിരിച്ചെടിയായ ഇസ്രായേൽ ജനതയെ ദൈവം തൻെറ തിരുക്കുമാരനെ സ്വീകരിക്കുന്നതിനുവേ ണ്ടി എങ്ങനെ ഒരുക്കിയെടുത്തു എന്നതാണ്. നാമും അതുപോലെ ഒരുങ്ങണമെന്നു സഭ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ പ്രസാ ദവരംവഴി ക്രിസ്തു നമ്മിലും എഴുന്നള്ളി വരുന്നുണ്ടു്. മഹിമയോടു കൂടെ കാലത്തിൻെറ തികവിൽ അവിടുന്നു വരുകയുംചെയ്യും.

പൂർത്തീകരണത്തിനായി ഇസ്രായേൽജനത കാത്തിരുന്നതും നാം കാത്തിരിക്കുന്നതുമായ രക്ഷാകരപദ്ധതിയുടെ ചരിത്രം കാല ത്തിൻെറ ആരംഭത്തിലേയ്ക്കു നമ്മെ നയിക്കുന്നു.

## ദൈവം സൃഷ്ടിക്കുന്നു

വിശുദ്ധഗ്രന്ഥത്തിലൂടെ പിതാവായ ദൈവം ഒരു സംഗതി ന മുക്കു വെളിപ്പെടുത്തിത്തരുന്നുണ്ടു്—തൻെറ ദൈവികമായ ജീവിത ത്തിൽ സൃഷ്ടികളേയും പങ്കാളികളാക്കുന്നതിനുള്ള അത്ഭുതകരമായ അവിടുത്തെ പദ്ധതി. ഇതിനായി കേവലം അരൂപരായ മാലാ ഖമാരെ അവിടുന്നു സൃഷ്ടിച്ചു. അവക്കു ചിന്തിക്കുന്നതിനും തീരു മാനമെടുക്കുന്നതിനും പോരുന്ന കഴിവുകളും നല്കി. ചില മാലാഖ മാരാകട്ടെ, ദൈവഹിതത്തിനുവിരുദ്ധമായി പ്രവർത്തിച്ചു. തന്മൂലം, ദൈവികജീവൻ അവർക്കു നഷ്ടമായി. മററുള്ളവർ വിശ്വസ്തരായി തന്നെ നിന്നു.

സ്നേഹനിർഭരമായ ദൈവികപദ്ധതി മനുഷ്യസൃഷ്ടിയിൽ ഭൂമുഖത്തു തുടരുന്നു. അവിടുന്നു് അരുളംചെയ്തു: ''നമുക്കു നമ്മുടെ

ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം '' (ഉൽപത്തി 1:26). ദൈവം നമ്മുടെ ആദിമാതാപിതാക്കന്മാർക്കു ശരീരവും അമർത്ത്യമായ ആത്മാവും നല്കി. ചിന്തിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും അവർ ശക്തരായിരുന്നു. സർവ്വോപരി തൻെറ ദൈവികജീവിതത്തിൽ അവിടുന്നു അവരെ പങ്കാളികളാക്കുകയും ചെയ്തു. ദൈവം സൃഷ്ടികളുടെമേൽ അവർക്കു ഭരണാധികാരം നല്കി.

ആദവും ഹവ്വയും സന്തുഷ്ടരായിരുന്നു. അവർ തങ്ങളുടെ സ്വർഗ്ഗീയപിതാവുമായി പാവനമായ ഒരു മൈത്രീബന്ധത്തിൽ ഏകീഭവിച്ചു കഴിഞ്ഞുകൂടി. ഭൂമിയിലെ ദൈവമക്കളുടെ ആദ്യത്തെ ആരാധകസംഘം ആയിരുന്നു അവരിരുവരും.

പക്ഷേ, ദൈവവുമായുള്ള മനോജ്ഞസ്നേഹബന്ധം നമ്മുടെ ആദിപിതാക്കാം തകർത്തുകളഞ്ഞു. അവരുടെ സ്നേഹത്തെ ദൈവം ഒന്നു പരീക്ഷിച്ചപ്പോ൦ അവർ മന:പൂർവ്വം അനുസരണക്കേടുകാണിച്ചു. തങ്ങാംക്കും അനന്തരഗാമികാംക്കും ദൈവികജീവൻ നഷ്ടപ്പെടുത്തി. എങ്കിലും ദൈവം ഈ ദുരന്തത്തിനുശേഷം മനുഷ്യനെ തീർത്തും കൈവെടിഞ്ഞില്ല. അവിടുന്നു കരുണാപൂർവ്വം ഒരു രക്ഷകനെ വാഗ്ദാനംചെയ്തു. ആ രക്ഷകൻ പ്രസാദവരജീവൻ വീണ്ടെടുക്കുകയും സ്വർഗ്ഗവാതിലുകാം മനുഷ്യവർഗ്ഗത്തിനു തുറന്നു കൊടുക്കുകയും ചെയ്യുമെന്നു് അവിടുന്നു വാക്കുനല്കി.

## ദൈവം ഇസ്രായേലിനെ തിരഞ്ഞെടുക്കുന്നു

വളരെക്കൊല്ലങ്ങാം കഴിഞ്ഞു. എന്നാൽ, ദൈവം തൻെറ വാഗ്ദാനം മറന്നില്ല. ക്രിസ്തുവിനു പത്തൊമ്പതു നൂററാണ്ടുമുൻപു്, ദൈവം അബ്രാഹത്തിനു പ്രത്യക്ഷനായി പറഞ്ഞു: ''നീ നിൻെറ ദേശത്തേയും ചാർച്ചക്കാരേയും പിതൃഭവനത്തേയുംവിട്ടു് ഞാൻ കാണിച്ചു തരാൻപോകുന്ന സ്ഥലത്തേക്കു വരു. ഞാൻ അനുഗ്രഹിച്ചു് നിൻെറ പേർ വലുതാക്കും, നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും '' (ഉൽപത്തി 12: 1—3). പരിപൂർണ്ണമായ വിശ്വാസത്തോടെ അബ്രാഹം ദൈവത്തെ അനുസരിച്ചു. അദ്ദേഹത്തിൻെറ പ്രവൃത്തികളെല്ലാം ദൈവം അനുഗ്രഹിക്കുകയുംചെയ്തു. അബ്രാഹത്തിൻെറ പുത്രനായ ഇസഹാക്കിലൂടെയും പൗത്രനായ യാക്കോബിലൂടെയും ദൈവം തൻെറ രക്ഷയുടെ വാഗ്ദാനം നവീകരിച്ചു.

അബ്രാഹത്തിൻെറ അനന്തരതലമുറക്കാർ ഇസ്രായേൽവംശം എന്നപേരിൽ അറിയപ്പെട്ടു. ''തിരഞ്ഞെടുക്കപ്പെട്ട മുന്തിരി'' എന്നു സ്നേഹപൂർവ്വം ആ ജനതയെ ദൈവം വിളിച്ചു.

വളരെ സംവത്സരങ്ങൾക്കുശേഷം ഇസ്രായേൽക്കാരെ ഈജിപ്തിൻെറ അടിമത്തത്തിൽനിന്നു മോചിപ്പിച്ച് വാഗ്ദത്തഭൂമിയിലേയ്ക്കു കൊണ്ടുപോകുവാൻ ദൈവം മോശയെ നിയോഗിച്ചു. 'പുറപ്പാട്' എന്നപേരിൽ അറിയപ്പെടുന്ന ഈ സംഭവം തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ ചരിത്രത്തിൽ ഏററം പ്രധാനമാണ്. ദൈവം അവരെ അടിമത്തത്തിൽനിന്നു മോചിപ്പിച്ചു. അവിടുന്ന് അവരുമായി ഒരു ഉടമ്പടി ഉണ്ടാക്കി. അവരെ മരുഭൂമിയിലൂടെ നയിക്കുകയും തൻെറ നിയമങ്ങൾകൊണ്ടു നിയന്ത്രിക്കുകയും ചെയ്തു. അവിടുന്നു അവരോടു പറഞ്ഞു: 'നിങ്ങൾ പുരോഹിതന്മാരുടെ ഒരു വംശമായിത്തീരും.' (പുറപ്പാട് 19: 6)

ഇസ്രായേൽക്കാർ അവിശ്വസ്തതകാണിച്ചപ്പോൾ സ്നേഹമുള്ള ഒരു പിതാവിനെപ്പോലെ ദൈവം അവരെ തിരുത്തി. തനിക്കുവേണ്ടി അവരെ നയിക്കുന്നതിന് ന്യായാധിപന്മാരേയും രാജാക്കന്മാരേയും ദീർഘദർശികളേയും അവിടുന്ന് അവർക്കു നല്കി. അവരോടുള്ള താൽപര്യം അത്ഭുതകരമായ തൻെറ പ്രവർത്തനങ്ങളിലൂടെ ദൈവം തെളിയിച്ചു.

തൻെറ തിരഞ്ഞെടുക്കപ്പെട്ട മുന്തിരിച്ചെടിയായ ഇസ്രായേലിനുവേണ്ടി, ദൈവം ഇതെല്ലാം ചെയ്തതു്, യഥാർത്ഥമുന്തിരിച്ചെടിയായ നമ്മുടെ ദിവ്യരക്ഷകൻെറ ആഗമനത്തിന് മനുഷ്യവർഗ്ഗത്തെ ഒരുക്കുന്നതിനുവേണ്ടിയാണ്.

## ക്രിസ്തു നമ്മുടെയിടയിൽ

കാലത്തിൻെറ പൂർണ്ണതയിൽ ദൈവം ചരിത്രത്തിൽ അത്ഭുതം പ്രവർത്തിച്ചു. തൻെറ സ്വന്തം പുത്രനായ യേശുക്രിസ്തുവിനെ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനായി അവിടുന്നു ഭൂമിയിലേയ്ക്കയച്ചു. രണ്ടാമത്തെ ആദമായ ക്രിസ്തു കന്യകാമറിയത്തിൽനിന്നു ജനിച്ചു. മനുഷ്യവർഗ്ഗത്തേയും സൃഷ്ടികളെ മുഴുവനേയും തൻെറ പിതാവിനെ ആരാധിക്കുന്നവരാക്കുന്നതിനുവേണ്ടിയാണ് ക്രിസ്തു വന്നതു്. അവിടുന്ന് അരുളിച്ചെയ്തു: ''ഞാൻ വന്നതു് അവർക്കെല്ലാം ജീവൻ നല്കുവാനാണ്; സമൃദ്ധമായി ജീവൻ നല്കുവാൻ.''

(യോഹ. 10: 10)

പെസഹാ വ്യാഴാഴ്ച തൻെറ മരണത്തിൻെറ തലേരാത്രി അപ്പസ്തോലന്മാരോടു ക്രിസ്തു പറഞ്ഞു, ''ഞാനാകുന്നു യഥാർത്ഥ മുന്തിരിച്ചെടി''യെന്നു്; പഴയ മുന്തിരിയായ ഇസ്രായേലിനെ പൂർത്തീകരിക്കുന്ന പുതിയ മുന്തിരിച്ചെടി. അവിടുന്നു പറഞ്ഞു: ''ഞാൻ യഥാർത്ഥ മുന്തിരിച്ചെടിയും എൻെറ പിതാവ് കൃഷിക്കാരനുമാണ്.''

(യോഹ. 15: 1)

പഴയ മുന്തിരിച്ചെടിയായ ഇസ്രായേൽ ദൈവത്തിനു ഫലം നല്കിയില്ല. പുതിയ മുന്തിരിയായ ക്രിസ്തുവാകട്ടെ, സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്നു.

## വീണ്ടെടുപ്പ്

പിറേറദിവസമായ ദുഃഖവെള്ളിയാഴ്ച ആ യഥാർത്ഥ മുന്തിരിച്ചെടി കാൽവരിയിൽ നടപ്പെട്ടു. കുരിശുമരണംവഴി ക്രിസ്തു മനുഷ്യവർഗ്ഗത്തിൻെറ പാപത്തിനു് പൂർണ്ണമായ പരിഹാരബലിയർപ്പിച്ചു. ഉയിർപ്പുഞായറാഴ്ചയും നാല്പതു ദിവസം കഴിഞ്ഞുള്ള കരേററത്തിരുനാളിലും പിതാവായ ദൈവം ക്രിസ്തുവിൻെറ പ്രസ്തുതബലി സ്വീകരിച്ചതായി വെളിപ്പെടുത്തി. നമ്മുടെ ദിവ്യരക്ഷകൻ പിശാചിൻേറയും പാപത്തിൻേറയും ശക്തി നശിപ്പിക്കുകയും ലോകത്തെ വീണ്ടെടുക്കുകയും, ദൈവികജീവൻെറ അനുഗ്രഹം മനുഷ്യരാശിക്കു വീണ്ടും നല്കുകയും ചെയ്തു. ക്രിസ്തുവിൻെറ മൗതികശരീരമായ സഭ അതോടെ ജന്മം പൂണ്ടു.

പന്തക്കുസ്താദിനത്തിൽ പിതാവും പുത്രനുംകൂടെ പരിശുദ്ധാത്മാവിനെ അയച്ചു. ഇതു് എല്ലാ മനുഷ്യർക്കും രക്ഷ പ്രദാനം ചെയ്യുകയെന്ന സഭയുടെ ദൗത്യത്തിൽ അവളെ ശക്തിപ്പെടുത്തുന്നതിനാണു്. പരിശുദ്ധാത്മാവിൻെറ പ്രവർത്തനംവഴി യഥാർത്ഥ മുന്തിരിയായ ക്രിസ്തുവിനു് പുതിയ ശാഖകൾ (അംഗങ്ങൾ) ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിശ്വാസത്താലും ജ്ഞാനസ്നാനത്താലും ക്രിസ്തുവിനോടു് ഐക്യപ്പെട്ടിരിക്കുന്നവർക്കെല്ലാം പിതാവിനുവേണ്ടി ഫലം പുറപ്പെടുവിക്കാൻ കഴിയും. അവരുടെ സൽപ്രവർത്തനങ്ങൾവഴി അവർ ക്രിസ്തുവിൻെറ സ്നേഹം ലോകത്തിനു കാണിച്ചുകൊടുക്കുന്നു.

''ഞാൻ മുന്തിരിച്ചെടിയും നിങ്ങളെൻെറ ശാഖകളുമാകുന്നു. ആരു് എന്നോടും ഞാൻ അവനോടും ചേർന്നിരിക്കുന്നുവോ അവൻ നല്ല ഫലം പുറപ്പെടുവിക്കും. എന്തുകൊണ്ടെന്നാൽ, എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുക സാദ്ധ്യമല്ല.'' (യോഹ. 15:5)

''നിങ്ങൾ സമൃദ്ധമായി ഫലം പുറപ്പെടുവിച്ചു് എൻെറ ശിഷ്യരെന്നു തെളിയിക്കുന്നതിലത്രേ എൻെറ പിതാവു് മഹത്വപ്പെടുന്നതു്.''
(യോഹ. 15:8)

''ഞാൻ ഇവയെല്ലാം ഉപദേശിക്കുന്നതു് എൻെറ സന്തോഷം നിങ്ങളിലും ഉണ്ടാകുവാനും നിങ്ങളുടെ ആനന്ദം സമ്പൂർണ്ണമാകുവാനും വേണ്ടിയാണു്.'' (യോഹ. 15:11)

## ഓർമ്മിക്കാൻ

1. വിളിക്കപ്പെട്ടവരായ നമ്മുടെമേലുള്ള ദൈവത്തിൻെറ സ്നേഹപൂർവ്വകമായ ശ്രദ്ധയ്ക്കു പേരെന്ത്?
2. വീണ്ടെടുപ്പ് എന്നതിൻെറ അർത്ഥമെന്ത്?
3. പരിശുദ്ധത്രിത്വമെന്നാലെന്ത്?

## സംസാരിക്കുന്ന സംഭവം

''താങ്കൾ ഇതുവരെ എവിടെയായിരുന്നു?'': ഫോർമോസായിൽ ജോലി ചെയ്യുന്ന ഒരു മേരിനോൾ മിഷനറിയാണ് ഫാദർ മർഫി. ഒരുദിവസം അദ്ദേഹം തൻെറ അന്ധയായ അയൽക്കാരിയെ, മിസ്സിസ് ലിമിനെ, സന്ദർശിക്കുവാൻ ചെന്നു. അന്ന് ആ വൃദ്ധയുടെ നൂറാം ജന്മദിനമായിരുന്നു. അദ്ദേഹമവർക്കു ജന്മദിനാശംസകൾ അർപ്പിച്ചു.

ആ കുടിലിൻെറ ചുമരിന്മേൽ നിറംമങ്ങിയ ഒരു വിശുദ്ധ ചിത്രമിരിക്കുന്നതുകണ്ട് ഫാദർ മർഫി അത്ഭുതപ്പെട്ടു. എന്തെന്നാൽ മിസ്സിസ് ലിം ഒരു ക്രിസ്ത്യാനി ആയിരുന്നില്ല. വൈദികൻ ആ ചിത്രത്തിൻെറ അർത്ഥം അവർക്കു വിവരിച്ചുകൊടുക്കുവാൻ തുടങ്ങി. ക്രിസ്തു മനുഷ്യരാശിക്കു നല്കിയ രക്ഷയെക്കുറിച്ച് അദ്ദേഹം അവരോടു പറഞ്ഞു. മിസ്സിസ് ലിം ആഗ്രഹത്തോടും സന്തോഷത്തോടുംകൂടെ അതെല്ലാം കേട്ടു. പെട്ടെന്ന് ഇടയ്ക്കുകയറി അവർ ചോദിച്ചു:

''അങ്ങ് ദൈവത്താൽ അയയ്ക്കപ്പെട്ടവനാണെങ്കിൽ ഇത്രയും കാലം എവിടെയായിരുന്നു? ഞാൻ എന്തുകൊണ്ട് നൂറുകൊല്ലം ഇതു കേൾക്കുന്നതിനു കാത്തിരിക്കേണ്ടിവന്നു?''

ഏതാനും ആഴ്ചകൾക്കുശേഷം മിസ്സിസ് ലിം മാനസാന്തരപ്പെട്ടു ജ്ഞാനസ്നാനം സ്വീകരിച്ച്, യഥാർത്ഥ മുന്തിരിയായ ക്രിസ്തുവിനോട് ഐക്യംപ്രാപിച്ചു. ഒരു നൂറുകൊല്ലംകൂടി മാത്രമല്ല അനന്തമായി ജീവിക്കുവാനുള്ള പ്രസാദവരം അവൾ സ്വീകരിച്ചു.

## ജോൺ മാർപ്പാപ്പയുടെ വാക്കുകൾ

23–ാം ജോൺ മാർപ്പാപ്പ പറയുന്നു: ''യഥാർത്ഥത്തിൽ ജീവിതത്തിലേക്കു പകർത്തപ്പെട്ട വിശ്വാസം മാത്രമാണ്, സാക്ഷാത്തായ ആനന്ദത്തിൻെറ രഹസ്യം വെളിപ്പെടുത്തുന്ന ഏകകാര്യം. ദൈവവചനം യഥോചിതം സ്വീകരിക്കപ്പെടുമ്പോൾ കാലത്തിനതീതവും അനശ്വരവുമായ ആനന്ദത്തിനു് അതു് ഉറപ്പുനല്കുന്നു.''

## പാടാൻ

താതനാം ദൈവത്തിനും,
പുത്രനാം ദൈവത്തിനും,
പാവനാത്മാവിനുമേ,
സ്തോത്രമുണ്ടായിടേണം.

ആദിയിലെന്നപോലെ
ഇപ്പോഴുമെക്കാലവും
എല്ലായുഗങ്ങളിലും
സ്തോത്രമുണ്ടായിടേണം. (താതനാം....)

## പ്രവർത്തിക്കാൻ

ഞാൻ മാതൃകയും ഉപദേശവുംവഴി മററുള്ളവരെ സഭയിലേക്ക് ആനയിക്കും.




# 8

# ക്രിസ്തു ഇന്നു്

## സഭയും കൂദാശകളും

ക്രിസ്തുവിലൂടെയുള്ള നമ്മുടെ രക്ഷയുടെ കഥ പറയുന്നതിനു വിശുദ്ധഗ്രന്ഥം ആട്ടിടയൻെറ ഉപമ ഉപയോഗിക്കുന്നു. പഴയനിയമത്തിൽ ഇസ്രായേൽ- ജനത്തിനു നല്ല ഇടയനെ അയച്ചുകൊടുക്കാമെന്നു ദൈവം വാഗ്ദാനംചെയ്യുന്നുണ്ടു്.



''ഇടയനില്ലാതിരുന്നതുകൊണ്ടു് എൻെറ ആടുകൾ ചിതറിപ്പോയി. അവ വന്യമൃഗങ്ങൾക്കു് ഇരയായിത്തീർന്നു. എൻെറ ആടുകൾ ചിതറിപ്പോയി. ആരും അവയെ തിരയുകയോ അന്വേഷിക്കുകയോ ചെയ്യില്ല.....ദൈവമായ കർത്താവു് ഇങ്ങനെ അരുൾചെയ്യുന്നു: ''ഞാൻതന്നെ എൻെറ ആടുകളെ രക്ഷിക്കുകയും മേയിക്കുകയും ചെയ്യും....ഞാൻ അവയെ വിജാതികളുടെ ഇടയിൽനിന്നു കൊണ്ടുവരും. വിദേശങ്ങളിൽനിന്നു ശേഖരിച്ചു സ്വദേശത്തു കൊണ്ടുവരും....കാണാതെ പോയതിനെ ഞാൻ അന്വേഷിക്കും. വഴിതെററിപ്പോയതിനെ തിരിയെ കൊണ്ടുവരും. മുറിവേ

ററതിനെ വച്ചുകെട്ടുകയും രോഗം ബാധിച്ചതിനെ സുഖപ്പെടുത്തുകയും ചെയ്യും.... **അവയെ മേയിക്കുന്നതിനു ഞാനൊരു ഇടയനെ നിയമിക്കും**.....അവൻ അവയെ മേയിച്ച് അവയ്ക്ക് ഇടയനായിരിക്കും....അങ്ങനെ കർത്താവായ ഞാൻ അവർക്ക് ദൈവമായിരിക്കും.'' (എസക്കിയേൽ 34:5—24)

ദൈവത്തിൻെറ വാഗ്ദാനം ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടു. ക്രിസ്തുതന്നെ പറയുകയുണ്ടായി: ''ഞാൻ നല്ല ഇടയനാകുന്നു.'' നല്ലയിടയനായ ക്രിസ്തു മനുഷ്യരെയെല്ലാം തൻെറ പിതാവിൻെറ ആട്ടിൻപററമായ സഭയുടെ ഐക്യത്തിൽ ശേഖരിക്കുന്നു. അവിടുന്നു കൂദാശകൾവഴി അവയ്ക്കു ഭക്ഷണവും ബലവും സംരക്ഷണവും നല്കുന്നു.

## നല്ലയിടയൻ ഇന്നും ജീവിക്കുന്നു

മാതാവായ സഭ മാമ്മോദീസ സ്വീകരിച്ചവരെയെല്ലാം ആഹ്വാനം ചെയ്യുന്നു, നല്ലയിടയനായ ക്രിസ്തുവിനെ അനുധാവനം ചെയ്യുവാൻ. സുവിശേഷത്തിൽ ക്രിസ്തുവിൻെറ വാക്കുകൾ അവളിങ്ങനെ അനുസ്മരിക്കുന്നു:

''ഞാൻ നല്ല ഇടയനാകുന്നു. എൻെറ ആടുകളെ എനിക്കറിയാം; അവ എന്നേയും അറിയും; പിതാവിനു എന്നേയും എനിക്കു പിതാവിനേയും അറിയാവുന്നതുപോലെ. എൻെറ ആടുകൾക്കുവേണ്ടി ഞാനെൻെറ ജീവനെ അർപ്പിക്കുന്നു. ഈ പററത്തിലല്ലാത്ത വേറെയും ആടുകൾ എനിക്കുണ്ട്. അവയേയും എനിക്ക് ആലയിൽ കൊണ്ടുവരണം. അവ എൻെറ സ്വരം ശ്രവിക്കും. അങ്ങനെ, ഒരാട്ടിൻക്കൂട്ടവും ഒരിടയനും ആകും. എൻെറ ജീവൻ വീണ്ടും മടക്കിയെടുക്കുവാൻവേണ്ടി എൻെറ ജീവൻ ഞാൻ ബലികഴിക്കുന്നു. ആകയാൽ, എൻെറ പിതാവ് എന്നെ സ്നേഹിക്കുന്നു''

(യോഹ. 10:14—47).

ഗാഗുൽത്തായിൽവച്ച് എല്ലാ മനുഷ്യരുടേയും രക്ഷയ്ക്കുവേണ്ടി നല്ല ഇടയൻ തൻെറ ജീവനർപ്പിച്ചു. അവിടെയാണു സഭയുടെ ആരംഭം.

## ക്രിസ്തു തൻെറ അജഗണത്തെ ഭരിക്കുന്നു

പുനരുത്ഥാനത്തിനുശേഷം നമ്മുടെ നല്ലയിടയനെന്ന നിലയിൽ ലോകത്തിൽ വസിക്കുന്നതിനു ക്രിസ്തു അഭിലഷിച്ചു. എല്ലാ യുഗങ്ങളിലുമുള്ള മനുഷ്യർക്കു ജീവനും ശക്തിയും മാർഗ്ഗനിർദ്ദേശവും തുടർന്നു നല്കിക്കൊണ്ടിരിക്കാൻ അവിടുന്നു ആഗ്രഹിച്ചു; സഭയാകുന്ന തൻെറ പററത്തിൻെറ ഐക്യത്തിലേയ്ക്കു എല്ലാവരേയും കൂട്ടിക്കൊ

ണ്ടവരുന്നതിനും അവിടുന്നാശിച്ചു. അതിനായി ഒരു നേതാവിനെ അവിടുന്നു നിയമിക്കുകയും അദ്ദേഹത്തിലൂടെ പ്രവർത്തിക്കാനാരംഭിക്കുകയും ചെയ്തു.

''യേശു ശിമയോൻപത്രോസിനോടു ചോദിച്ചു: 'യോനായുടെ പുത്രനായ ശിമയോനേ നീ, ഇവരെക്കാളധികം എന്നെ സ്നേഹിക്കുന്നുവോ?' 'ഉവ്വ്'. കർത്താവേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നുവെന്ന് അങ്ങേയ്ക്കറിയാമല്ലോ', പത്രോസ് മറുപടി പറഞ്ഞു. 'എൻെറ കുഞ്ഞാടുകളെ മേയിക്കുക', ഈശോ കല്പിച്ചു. രണ്ടാമതും പത്രോസിനോടു ചോദിച്ചു. 'യോനായുടെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?' 'ഉവ്വ്', കർത്താവേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നുവെന്ന് അങ്ങേയ്ക്കറിയാമല്ലോ.' പത്രോസ് വീണ്ടും ഉണർത്തി. 'നീ എൻെറ ആടുകളെ മേയിക്കുക', അവിടുന്നു രണ്ടാമതും കല്പിച്ചു. മൂന്നാം പ്രാവശ്യവും അവിടുന്ന് അയാളോടു ചോദിച്ചു: 'യോനായുടെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?' അവിടുന്നു മൂന്നാംപ്രാവശ്യവും ഇങ്ങനെ ചോദിച്ചതുകൊണ്ട് പത്രോസ് അത്യന്തം വ്യസനിച്ചു. 'കർത്താവേ, സർവ്വവും അങ്ങേയ്ക്കറിയാം. ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടെന്നും അങ്ങേയ്ക്കറിയാം', പത്രോസ് മറുപടി പറഞ്ഞു. 'എൻെറ ചെമ്മരിയാടുകളെ മേയിക്കുക', കർത്താവു കല്പിച്ചരുളി.''

(യോഹ. 21:15–17)

മുമ്പൊരിക്കൽ കർത്താവു പത്രോസിനോട് ഒരു വാഗ്ദാനം ചെയ്തിരുന്നു. ''നീ പത്രോസാകുന്നു. ഈ പാറമേൽ ഞാനെൻെറ പള്ളി പണിയും......സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും'' (മത്തായി 16:18–19). ആ വാഗ്ദാനത്തെ ഇപ്പോൾ അവിടുന്നു നിറവേററി.

നല്ലയിടയനായ ക്രിസ്തു സഭയാകുന്ന തൻെറ ആട്ടിൻപററത്തെ പത്രോസിൻേറയും പിന്തുടർച്ചക്കാരുടേയും സംരക്ഷണയിലേല്പിച്ചു. പരിശുദ്ധാത്മാവിൻെറ സഹായത്താൽ മാർപ്പാപ്പ ഇടയനടുത്ത കർത്തവ്യങ്ങൾ അതിൻെറ പൂർണ്ണതയിൽത്തന്നെ നിറവേററുന്നു. അദ്ദേഹത്തിലൂടെയാണ് ക്രിസ്തു തൻെറ അജഗണത്തെ ദൃശ്യമായ വിധത്തിൽ ഭരിക്കുന്നത്. പന്ത്രണ്ടാം പീയൂസ് മാപ്പാപ്പതന്നെ പറഞ്ഞു; ''ക്രിസ്തുവും അവിടുത്തെ വികാരിയുംകൂടി ഒരേ ശിരസ്സു മാത്രമാണ്.''

അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാർ സ്നേഹത്തിൻേറയും അനുസരണത്തിൻേറയും കെട്ടുപാടിൽ മാർപ്പാപ്പയോട് ഐക്യപ്പെട്ടിരിക്കുന്നു. സ്വന്തം രൂപതകളിൽ അവരും ഇടയന്മാരാണ്. അവരും ക്രിസ്തുവിൻെറ അജഗണത്തെ പഠിപ്പിക്കുകയും

നയിക്കുകയും കൂദാശകളാൽ പോഷിപ്പിക്കുകയും ചെയ്യുന്നു. മെത്രാന്മാരും വൈദികരും നല്ല ഇടയനായ ക്രിസ്തുവിനെ നമ്മുടെ ഇടയിലേക്കാനയിക്കുന്നു. ആദ്യത്തെ മാർപ്പാപ്പ ആയ വിശുദ്ധ പത്രോസ് ഉപദേശിച്ചു: ''നിങ്ങൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നതും ദൈവത്തിൻേറതുമായ അജഗണത്തെ മേയിക്കുവിൻ. അതു ബലപ്രയോഗംകൊണ്ടായിരിക്കരുതു്; പൂർണ്ണസമ്മതത്തോടെ ആയിരിക്കണം; നീചലാഭം ഉദ്ദേശിക്കാതെ, ദൈവഹിതത്തിനൊത്ത വിധവും ഉത്സാഹത്തോടും, അജഗണത്തിൻെറമേൽ അധികാരം ചെലുത്തുന്നവരെപ്പോലെയല്ല, മറിച്ചു്, അവർക്കു സന്മാതൃകയാകത്തക്കവിധവും ഇടയന്മാരുടെ ശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ മഹത്വത്തിൻെറ കിരീടം പ്രാപിക്കത്തക്കവിധവും ആയിരിക്കണം.''

(i പത്രോസ് 5: 2–4)

## ക്രിസ്തുവിൻെറ അജഗണത്തെ തിരിച്ചറിയുക:

തൻെറ അജഗണത്തെ (സത്യസഭയെ) മററു സഭകളിൽനിന്നു് എല്ലാവരും തിരിച്ചറിയണമെന്നു് ക്രിസ്തു ആഗ്രഹിച്ചു. അതിനാൽ അവിടുന്നു് നാലു പ്രത്യേക അടയാളങ്ങൾ അതിനു നല്കി. ക്രിസ്തു സ്ഥാപിച്ച സഭ അപ്പസ്തോലികവും ഏകവും സാർവ്വത്രികവും വിശുദ്ധവുമാകുന്നു.

**ക്രിസ്തു സ്ഥാപിച്ച സഭ അപ്പസ്തോലികമാകുന്നു.** അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിന്മേലാണ് ക്രിസ്തു തൻെറ സഭ സ്ഥാപിച്ചതു്. ക്രിസ്തു ഏല്പിച്ച ജോലി തുടരുന്നതിൽ മാർപ്പാപ്പയേയും മെത്രാന്മാരേയും അപ്പസ്തോലന്മാർ നിയോഗിച്ചു. അവരും പിൻഗാമികളെ നിയമിച്ചുപോന്നു. ഇങ്ങനെ അപ്പസ്തോലന്മാരിൽ നിന്നു് ഇടമുറിയാതെ പിൻതുടർച്ചാവകാശം ലഭിച്ചവരാണ് ഇപ്പോഴത്തെ മാർപ്പാപ്പയും മെത്രാന്മാരും. ആ കാരണങ്ങളാൽ ക്രിസ്തുവിൻെറ സഭ അപ്പസ്തോലികമാണ്.

**ക്രിസ്തു സ്ഥാപിച്ചസഭ ഏകമാണ്.** പരിശുദ്ധാത്മാവ് സഭയുടെ അംഗങ്ങൾക്ക് ദൈവികജീവൻനല്കി അവരെ ഐക്യത്തിൽ നിലനിർത്തുന്നു. വിശ്വാസം, ശരണം, ഉപവി എന്ന ഒരേ ദൈവികദാനങ്ങൾതന്നെ എല്ലാവർക്കും നല്കുന്നു. എല്ലാ അംഗങ്ങളും ക്രിസ്തുവിൽ ഒരു ശരീരമായിത്തീരുന്നു. ഈ മഹത്തായ ഐക്യം ബാഹ്യദൃഷ്ടിക്കും ഗോചരമാണ്. സഭയുടെ അംഗങ്ങൾ വിഭിന്ന രാഷ്ട്രങ്ങളിൽപ്പെട്ടവരും വിഭിന്നഭാഷകൾ സംസാരിക്കുന്നവരും വ്യത്യസ്തമായ ആചാരങ്ങളുള്ളവരുമാണെങ്കിലും അവരെല്ലാം ഒരേ വിശ്വാസത്തിൽ പരസ്പരം ബന്ധിതരായിരിക്കുന്നു. ഒരേ കൂദാശകളാലും ഒരേ ബലിയാലും ഐക്യംപൂണ്ടിരിക്കുന്നു. എല്ലാവരും മാർപാപ്പയെന്ന ഏക അജപാലകനാൽ നയിക്കപ്പെടുന്നു. അതിനാൽ, ക്രിസ്തു സ്ഥാപിച്ച സഭ ഏകമാണ്.

എല്ലാ ജനതകൾക്കുംവേണ്ടിയുള്ളതാണ് ക്രിസ്തുവിൻെറ സഭ. അവിടുന്നരുൾചെയ്തു: ''നിങ്ങൾപോയി എല്ലാ ജാതികളേയും പഠിപ്പിക്കുവിൻ.....'' (മത്തായി 28:28). ഈ ആജ്ഞ നിറവേററാൻ വേണ്ടി ക്രിസ്തുവിൻെറ അനുയായികൾ പ്രവർത്തിക്കുന്നു. എല്ലാ രാജ്യങ്ങളിലേയ്ക്കും സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ വ്യാപിച്ചിരിക്കുന്നു. അതുകൊണ്ട് സഭ സാർവ്വത്രികമാണ്.

സർവ്വോപരി ക്രിസ്തു സ്ഥാപിച്ച സഭ വിശുദ്ധമാണ്. ക്രിസ്തുവിൻെറ മൗതികശരീരമായ സഭ ശിരസ്സായ ക്രിസ്തുവുമായി സജീവബന്ധത്തിൽ വർത്തിക്കുന്നു. സഭയുടെ ലക്ഷ്യവും ദൗത്യവും പരിശുദ്ധമാണ്. എന്തുകൊണ്ടെന്നാൽ, അവ ക്രിസ്തുവിൻെറ ലക്ഷ്യവും ദൗത്യവുംതന്നെയാണ്. കത്തോലിക്കാസഭയുടെ വിശുദ്ധി തത്വസംഹിതയിലും ആരാധനക്രമത്തിലും വിശുദ്ധരിലും പ്രകടമായിരിക്കുന്നു. അപ്പസ്തോലികവും ഏകവും സാർവ്വത്രികവും വിശുദ്ധവുമായിരിക്കുക ക്രിസ്തുവിൻെറ സഭയുടെ പ്രത്യേക ഗുണങ്ങളാണ്. ഇവവഴി ഇതരസഭകളിൽനിന്ന് സത്യസഭയെ തിരിച്ചറിയാം.

ഏകവും സാർവ്വത്രികവും അപ്പസ്തോലികവും വിശുദ്ധവുമായ കത്തോലിക്കാസഭയിൽ അംഗങ്ങളായിരിക്കാനുള്ള അവകാശം കിട്ടിയതിനു നാം ദൈവത്തോട് കൃതജ്ഞരായിരിക്കണം.

നമ്മുടെ നല്ല ഇടയൻ കൂദാശകളിലൂടെ പ്രവർത്തിക്കുന്നു; വിശുദ്ധമായ അടയാളങ്ങൾ ഉപയോഗിക്കുന്നു.

ഭൂമിയിലായിരുന്നപ്പോൾ ക്രിസ്തു നേരിട്ട് ജനങ്ങളുടെ പാപങ്ങൾ മോചിക്കുകയും അവരെ വിശുദ്ധീകരിക്കുകയുംചെയ്തിരുന്നു. ഇപ്പോൾ അവിടുന്നു കൂദാശകളിലൂടെ പ്രവർത്തിക്കുന്നു. ജ്ഞാനസ്നാനത്തിൽ കൂദാശവചനങ്ങളോടുകൂടിയ വെള്ളമൊഴിക്കൽ, സ്ഥൈര്യലേപനത്തിൽ കൂദാശവചനങ്ങളോടുകൂടിയ കൈവയ്പ്, കുർബാനയിൽ അപ്പത്തിൻേറയും വീഞ്ഞിൻേറയും വസ്തുഭേദം എന്നിവയിലെല്ലാം ക്രിസ്തു പ്രവർത്തിക്കുന്നു.

തൻെറ വിശുദ്ധങ്ങളായ അടയാളങ്ങളിൽ അവിടുന്നുതന്നെ പ്രവർത്തിക്കുന്നുണ്ടെന്നു ഗ്രഹിക്കുവാനാവശ്യമായ വിശ്വാസവരം അവിടുന്നു നമുക്കു നല്കുന്നു. നാം വിശ്വാസത്തോടുകൂടെ പ്രവർത്തിക്കണമെന്നും ശരണത്തോടും സ്നേഹത്തോടുംകൂടെ തന്നെ സമീപിക്കണമെന്നും അവിടുന്ന് ആവശ്യപ്പെടുന്നു. അവിടുന്നു നല്കുന്ന പ്രസാദവരത്തോടു സഹകരിച്ച് നമ്മുടെ വിശ്വാസംപുലർത്തി ജീവിക്കണമെന്നാണു ക്രിസ്തുവിൻെറ ആഗ്രഹം.

## ക്രിസ്തു ജീവനും ശക്തിയും നല്കുന്നു



ഇരുപത്തിരണ്ടാം സങ്കീർത്തനത്തിൽ ഒരിടയൻെറ സാദൃശ്യംവഴി ദൈവത്തിൻെറ കാരുണ്യവും നന്മയും പ്രകീർത്തിക്കപ്പെടുന്നു. ഈ സങ്കീർത്തനം പ്രാചീനക്രിസ്ത്യാനികൾ കൂടെക്കൂടെ ആലപിച്ചിരുന്നതാണ്. ഇടയൻെറ സാദൃശ്യത്തിൽ അവർ ക്രിസ്തുവിനെ ദർശിച്ചു. ഇടയൻെറ പ്രവർത്തനങ്ങളിൽ അവർ ക്രിസ്തുവിൻെറ പ്രവർത്തനങ്ങൾ കണ്ടു. ഇടയൻ തൻെറ അജഗണത്തെ കാത്തുരക്ഷിക്കുകയും മേയിക്കുകയും ചെയ്യുന്നു. ഓരോ കൂദാശയിലും ക്രിസ്തു തൻെറ ശുശ്രൂഷികൾവഴി നല്ല ഇടയൻെറ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുകയാണ്.

ജ്ഞാനസ്നാനത്തിൽ ക്രിസ്തു നമുക്കു നവജീവൻ നല്കുന്നു. സ്ഥൈര്യലേപനത്തിൽ അവിടുന്നു നമ്മെ സ്ഥിരീകരിക്കുന്നു. കുമ്പസാരത്തിൽ നമ്മെ സുഖപ്പെടുത്തുന്നു. വിശുദ്ധകുർബാനയിൽ നമു

ക്ക ഭോജനം തരുന്നു. രോഗിലേപനത്തിൽ നിത്യായുസ്സിനായി നമ്മെ ഒരുക്കുന്നു. തിരുപ്പട്ടത്തിലൂടെ നമുക്കു നേതാക്കളെ തരുന്നു. തൻെറ അജഗണത്തിൻെറ വർദ്ധനവിനായി വിവാഹമെന്ന കൂദാശയും അവിടുന്നു സ്ഥാപിച്ചനുഗ്രഹിച്ചിരിക്കുന്നു.

കൂദാശകൾ സ്വീകരിക്കുമ്പോൾ യഥാർത്ഥമായും വ്യക്തിപരമായും ക്രിസ്തുവിനോടു നാം യോജിക്കുന്നു. അവിടുത്തോടു നമുക്കുള്ള സൗഹൃദം വളരുന്നു. അവിടുത്തോടുള്ള നമ്മുടെ ഐക്യം ഗാഢതരമായിത്തീരുകയും ചെയ്യുന്നു. കാലത്തിൻെറ അവസാനത്തിൽ ക്രിസ്തു തൻെറ അജഗണങ്ങളായ നമ്മെയെല്ലാം തന്നോടുള്ള സമ്പൂർണ്ണമായ ഐക്യത്തിലേയ്ക്ക് ആനയിക്കും. ''അപ്പോൾ, സകല ജനങ്ങളും അവിടുത്തെ സന്നിധിയിൽ ഹാജരാക്കപ്പെടും. ഇടയൻ ചെമ്മരിയാടുകളേയും കോലാടുകളേയും തമ്മിൽ വേർതിരിക്കുന്നതുപോലെ അവിടുന്ന് അവരെ വേർതിരിക്കും. ചെമ്മരിയാടുകളെ അവിടുന്നു തൻെറ വലതുവശത്തും കോലാടുകളെ ഇടതുവശത്തും നിറുത്തും. അനന്തരം, രാജാവു തൻെറ വലതുവശത്തുള്ളവരോട് ഇങ്ങനെ അരുൾചെയ്യും: ''എൻെറ പിതാവിനാൽ അനുഗൃഹീതരേ, വരുവിൻ; ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം കൈവശമാക്കിക്കൊള്ളുവിൻ.'' (മത്തായി 25:32–34)

## ഓർമ്മിക്കാൻ

അന്തിമ ഭോജനവേളയിൽ ക്രിസ്തു പ്രാർത്ഥിച്ചു: ''പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലുമായിരിക്കുന്നതുപോലെ, അവർ ഒന്നായിത്തീരുന്നതിനു, അങ്ങാണ് എന്നെ അയച്ചതെന്നു ലോകം വിശ്വസിച്ച്, നമ്മിൽ അവർ ഒന്നാകുന്നതിനുവേണ്ടി ഞാൻ അങ്ങയോടു പ്രാർത്ഥിക്കുന്നു.'' (യോഹ. 17:21)

1. സഭ എന്താണ്?
2. സഭയുടെ മുഖ്യലക്ഷണങ്ങളേവ?
3. കൂദാശ എന്നാലെന്ത്?
4. കൂദാശകൾ എത്രയുണ്ട്?

## സംസാരിക്കുന്ന സംഭവം

കാലിഫോർണിയക്കാരായ ഫിലിപ്സും കിംഗും വലിയ സ്നേഹിതന്മാരായിരുന്നു. സ്കൂൾ വിട്ടുകഴിഞ്ഞാൽ അവർ ഒരുമിച്ചു കളിക്കാൻ പോകും.

എല്ലാ ശനിയാഴ്ചയും വൈകുന്നേരം ഫിലിപ്പ് കൂട്ടുകാരനോടു വിടപറഞ്ഞു വേദപാഠക്ലാസ്സിലേയ്ക്കു പോകുമായിരുന്നു. അകത്തോലിക്കനായ കിംഗിൽ ഇതു വലിയ വിസ്മയമുളവാക്കി. കളിയിൽ അതീവതൽപരനായിരുന്ന ഫിലിപ്പ് അതുപേക്ഷിച്ചു വേദപഠനത്തിനു പോകുക! എത്ര വലിയ മതഭക്തിയാണ് അവനുള്ളത്!

ഒരുദിവസം ഫിലിപ്പിനോടു കിംഗു ചോദിച്ചു, എല്ലാ ശനിയാഴ്ചയും അവൻ പോകുന്നതു് എന്തു പഠിക്കാനാണെന്ന്. വളരെ ഉത്സാഹപൂർവ്വം ഫിലിപ്പ് അതിനു മറുപടികൊടുത്തു. മാത്രമല്ല, മനുഷ്യരക്ഷയ്ക്കായുള്ള ദൈവത്തിന്റെ പദ്ധതിയും അവൻ വിശദീകരിച്ചു കേൾപ്പിച്ചു. കത്തോലിക്കവിശ്വാസത്തെക്കുറിച്ച് തന്റെ സ്നേഹിതനു് കൂടുതൽ അറിവു നല്കണം എന്ന ആഗ്രഹം നിമിത്തം, ''അടുത്ത ശനിയാഴ്ച എന്നോടൊന്നിച്ചു വരരുതോ?'' എന്നു സ്നേഹപൂർവ്വം അവൻ ചോദിക്കുകയുണ്ടായി.

പിറേറ ശനിയാഴ്ച ഫിലിപ്പിനോടുകൂടെ കിംഗും വേദപാഠക്ലാസ്സിൽ പോയി. ഫിലിപ്പിന്റെ മാതൃക നല്ല ഫലം പുറപ്പെടുവിച്ചു. യഥാകാലം കിംഗ് കത്തോലിക്കവിശ്വാസത്തെ ആശ്ലേഷിച്ചു.

ഒരു സഹപാഠിയുടെ മാതൃകയിലൂടെ യഥാർത്ഥവിശ്വാസത്തിലെത്തിച്ചേർന്ന ആ കുട്ടി അനന്തരം ഒരു പ്രത്യേകവിധത്തിൽ ക്രിസ്തുവിനു് സാക്ഷ്യം വഹിച്ചു. കിംഗ് 1955—ൽ പുരോഹിതനായി അഭിഷേകംചെയ്യപ്പെട്ടു.

## ജോൺ മാർപ്പാപ്പയുടെ വാക്യങ്ങൾ

23—ാം ജോൺ മാർപ്പാപ്പ പറഞ്ഞു: ''ക്രിസ്തുവിന്റെ അജഗണത്തിൽ ഇടയനെ ശ്രവിക്കുന്ന ആടുകൾ മാത്രമല്ല, പിന്നെയോ സ്വന്തം ജീവിതം അവിടുത്തേയ്ക്കു് അർപ്പിക്കുവാൻ തയ്യാറുള്ളവരും, മററു് ആടുകളെ അവിടുത്തെ പക്കലേയ്ക്കു നയിക്കുന്നവരും, ഇടയനിൽനിന്നു വളരെ അകന്നു കഴിയുന്നവരും ഉൾപ്പെടുന്നു. സത്യവും വഴിയും ജീവനും അന്വേഷിക്കുന്ന എല്ലാവരും ചേർന്നാണ് ഒരേ ഒരു ആട്ടിൻകൂട്ടമായിത്തീരുന്നതു്.''

നിങ്ങളുടെ സഹപാഠികൾ ക്രിസ്തുവിന്റെ യഥാർത്ഥമായ അജഗണത്തിൽ വന്നെത്തുന്നതിനു് നിങ്ങളെന്തു ചെയ്യും?

## പാടാൻ

കർത്താവെനിക്കിന്നിടയനായ് നിൽക്കവേ
പാർത്തട്ടിൽ മറെറാന്നുമാവശ്യമില്ലമേ;
ആപത്തു ചൂഴമിടങ്ങളിൽക്കൂടിയും
പ്രേമത്തോടായവൻ കാട്ടുന്നു നേർവഴി.

ദുഷ്ടനാം വൈരിതൻ മുന്നിലും ക്ലേശമെന്യെ
മൃഷ്ടാന്നഭോജ്യമെനിക്കരുളുന്നവൻ;
പച്ചയാം പുല്ലിൽ കിടത്തുന്നു രക്ഷകൻ,
സ്വച്ഛം നീർച്ചോലയും കാട്ടിത്തരുന്നിതേ.

കൂരിരുട്ടേറുന്ന താഴ്വരയിങ്കലും
ധീരനെൻ നാഥനെനിക്കു കൂട്ടാകയാൽ
ഏതൊരാപത്തും ഭയപ്പെടാതിങ്ങനെ
പ്രീതസഞ്ചാരം തുടരുന്നു ഞാൻ സദാ.

നൂനമെന്നെപ്പിന്തുടരുന്നു നാഥൻെറ
ദീനാനുകമ്പയും നന്മയും സത്വരം;
എന്നെന്നുമാറ്റാദവാസ്ഥ്യോടവൻെറയാ–
മന്ദിരം തന്നിൽ ഞാൻ വാഴും നിരാമയം.

## പ്രവർത്തിക്കാൻ

കൂദാശകളുടെ സ്വീകരണത്തിനു ഞാൻ സ്നേഹിതന്മാരെ പ്രേരിപ്പിക്കും.

വേദപുസ്തകത്തിൽ 22–ാം സങ്കീർത്തനം കണ്ടുപിടിച്ച് ഭക്തിയോടെ വായിക്കുക.



# 9

## വിശ്വാസപ്രമാണം

അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം സഭയുടെ അതിപുരാതനവും മനോഹരവുമായ പ്രാർത്ഥനകളിലൊന്നാണ്. ഈ പ്രാർത്ഥനയിൽ ദൈവത്തിൻെറ രക്ഷാകരപദ്ധതി മുഴുവൻ സംക്ഷിപ്തമായി അടങ്ങുന്നു. അതിൽ വിശ്വസ്ത ക്രിസ്ത്യാനികളായി ജീവിച്ചുകൊള്ളാമെന്നു നാം വാഗ്ദാനംചെയ്യുന്നു. മാമ്മോദീസവഴി പാപത്തിനു മരിച്ച് ക്രിസ്തുവിലുള്ള നവീന ജീവിതത്തിലേക്കു നാം ഉയിർത്തെഴുന്നേററുവെന്ന് അതു് അനുസ്മരിപ്പിക്കുന്നു.



''നിങ്ങൾക്കു ശരിക്കറിഞ്ഞുകൂടെയോ, മാമ്മോദീസവഴി ഈശോമിശിഹായോട്ട് ഐക്യപ്പെട്ട് ഒന്നായിരിക്കുന്ന നാമെല്ലാവരും അവിടുത്തെ മരണത്തോടും ഏകീഭവിച്ചാണു മാമ്മോദീസ സ്വീകരിച്ചതെന്ന്? മാമ്മോദീസവഴി അവിടുത്തോടൊന്നിച്ച് നാം മരിച്ചു; സംസ്കരിക്കപ്പെട്ടു.

''പിതാവിൻെറ മഹിമപ്രഭാവത്താൽ മിശിഹാ മരിച്ചവരിൽനിന്നു പുനർജീവിച്ചതുപോലെ നാമും നവ്യജീവനിൽ വ്യാപരിക്കണം. അതിനാൽ, മിശിഹായോട്ട് ഏകീഭവിച്ച നാം മരിച്ചുവെങ്കിൽ അവിടുത്തോടൊത്തു ജീവിക്കാമെന്ന

ദൃഢവിശ്വാസം നമുക്കുണ്ട്. മിശിഹാ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തിരിക്കകൊണ്ട് മേലാൽ മരിക്കുകയില്ല. മരണത്തിന് അവിടുത്തെമേൽ അധികാരമൊന്നുമില്ല.'' (റോമ. 6: 3–9)

മാമ്മോദീസയോടുകൂടി നമുക്ക് പുതിയ ചുമതലകൾ സിദ്ധിക്കുന്നുവെന്ന് വിശുദ്ധ പൗലോസ് രേഖപ്പെടുത്തുന്നു: ''അതുപോലെ പാപത്തെ സംബന്ധിച്ചിടത്തോളം നിങ്ങളും മൃതരാണെന്നും, ദൈവത്തിനുവേണ്ടി നമ്മുടെ കർത്താവായ ഈശോമിശിഹായിൽ ജീവിക്കുന്നവരാണെന്നും കരുതുവിൻ. ശരീരത്തിന്റെ ദുരാശകൾക്കു നിങ്ങൾ വശംവദരാകാത്തവിധം പാപം നിങ്ങളുടെ മർത്ത്യശരീരത്തിൽ ഭരണം നടത്താനിടയാകരുത്. തിന്മയുടെ ഉപകരണങ്ങളായി നിങ്ങളുടെ അവയവങ്ങളെ പാപത്തിനു സമർപ്പിക്കരുത്; പ്രത്യുത, നീതിയുടെ ആയുധങ്ങളായി അവയെ ദൈവത്തിനു കാഴ്ചവയ്ക്കുവിൻ; മരിച്ചവരുടെ ഇടയിൽനിന്നു ജീവൻ പ്രാപിച്ചവരെപ്പോലെ നിങ്ങളെത്തന്നെ ദൈവത്തിന് അർപ്പിക്കുവിൻ.''
(റോമ. 6: 11–13)

## വിശ്വാസപ്രമാണം—ക്രിസ്ത്യാനിയുടെ പ്രതിജ്ഞാപത്രിക

പ്രാചീനകാലങ്ങളിൽ വിശ്വാസപ്രമാണത്തിനു വളരെ പ്രാധാന്യം ഉണ്ടായിരുന്നു. സഭയുടെ അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവർ മാമ്മോദീസയ്ക്കു മുമ്പുതന്നെ വിശ്വാസപ്രമാണം പഠിക്കേണ്ടിയിരുന്നു. ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തേയും നമ്മെ രക്ഷിക്കാനുള്ള അവിടുത്തെ പദ്ധതിയേയും വിശ്വാസപ്രമാണം ആഹ്ലാദപുരസ്സരം പ്രഖ്യാപനം ചെയ്യുന്നുവെന്ന് ജ്ഞാനസ്നാനാർത്ഥികൾ അറിഞ്ഞിരുന്നു. സൃഷ്ടിയിൽ ദൈവവും പരിത്രാണത്തിൽ ക്രിസ്തുവും പ്രദർശിപ്പിച്ച സ്നേഹപാരമ്യത്തെക്കുറിച്ച് അതിൽ വ്യക്തമായ പരാമർശമുണ്ട്. സഭയിൽ നിരന്തരം വസിച്ചുകൊണ്ട് പരിശുദ്ധാത്മാവു പ്രദർശിപ്പിക്കുന്ന സ്നേഹത്തേയും അതു പ്രകാശിപ്പിക്കുന്നു. ക്രിസ്തുവിന്റെ അപ്പസ്തോലന്മാർ പഠിപ്പിച്ച പ്രധാന സത്യങ്ങളെല്ലാം അതിൽ അടങ്ങുന്നതുകൊണ്ട് അതിനെ ''ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം'' എന്നു വിളിക്കുന്നു.

പഠിച്ചൊരുങ്ങിയ സ്നാപനാർത്ഥികൾ ഉയിർപ്പുതിരുനാളിനു തലേന്നു വൈകിട്ട് ക്രൈസ്തവസമൂഹത്തോടൊന്നിച്ചു സമ്മേളിക്കുകയും, മരിച്ചവരിൽനിന്നുള്ള ക്രിസ്തുവിന്റെ ഉത്ഥാനം ആഘോഷിക്കുന്നതോടൊപ്പം, മാമ്മോദീസയിലൂടെ പാപത്തിൽനിന്നുള്ള തങ്ങളുടെ ഉത്ഥാനം വാസ്തവീകരിക്കുകയും ചെയ്തിരുന്നു. വിശ്വാസപ്രമാണം അവരുടെ സ്നാപനവാഗ്ദാനമായിരുന്നെന്നു പറയാം.

ചടങ്ങിന്റെ ആരംഭത്തിൽ സ്നാപനാർത്ഥികൾ മാമ്മോദീസക്കല്ലിങ്കലേയ്ക്കു നയിക്കപ്പെടും. സാത്താനെ ഉപേക്ഷിക്കുന്നുവോ എന്ന ചോദ്യത്തിന് അവർ ഉത്തരം പറയും: ''ഞങ്ങൾ സാത്താനെ ഉപേക്ഷിക്കുന്നു.'' വിശ്വാസപ്രമാണത്തിലെ ഗംഭീരമായ വാക്കുകളിൽ ക്രിസ്തുവിനോടുള്ള വിധേയത്വം പ്രഖ്യാപനം ചെയ്യാൻ അവരോടാവശ്യപ്പെടുമ്പോൾ ആഹ്ലാദവും ആത്മാർത്ഥതയും നിറഞ്ഞ സ്വരത്തിലവർ പ്രത്യുത്തരിക്കും: ''ഞാൻ വിശ്വസിക്കുന്നു.''

പിന്നീട്, സ്നാപനാർത്ഥികളെ ജലത്തിൽ മുക്കുകയും സ്നാപനപ്പെടുത്തുകയും ചെയ്യും. അവർ 'പാപത്തിനു മരിച്ച്', ഉത്ഥാനംചെയ്ത ക്രിസ്തുവിന്റെ ജീവനിൽ പങ്കാളികളായി ഉയിത്തെഴുന്നേല്ക്കും. മെത്രാൻ ഉടനെതന്നെ അവർക്കു സ്ഥൈര്യലേപനം നല്കും. ഈ തിരുക്കർമ്മങ്ങൾക്കുശേഷം പുതിയ ക്രിസ്ത്യാനികൾക്കു വിശുദ്ധ കർബാനയിൽ പൂർണ്ണ ഭാഗഭാഗിത്വം നല്കിയിരുന്നു. ഈ പരമമായ ആരാധനയിൽ അവർ ക്രിസ്തുവിനോടും ദൈവകുടുംബത്തോടും ഏകീഭവിച്ചു. ദിവ്യകാരുണ്യസ്വീകരണംവഴി ആത്മാവിനുള്ള ഭക്ഷണം അവർ സ്വീകരിച്ചു. ദൈവത്തോടു വിശ്വസ്തരായി ജീവിക്കുന്നതിനു ശക്തിയും അതിലൂടെ അവർ കൈക്കൊണ്ടു.

ജ്ഞാനസ്നാനാനന്തരമുള്ള കാലങ്ങളിലെല്ലാം ജ്ഞാനസ്നാനവാഗ്ദാനങ്ങൾ പുതുക്കുന്നതിനുവേണ്ടി അവർ വിശ്വാസപ്രമാണം ആവർത്തിച്ചു ചൊല്ലിയിരുന്നു. അവരുടെ കൃതജ്ഞതാപ്രകാശനവും ക്രിസ്തുവിനോടുള്ള അവരുടെ വിശ്വസ്തതാപ്രഖ്യാപനവും അതുതന്നെയായിരുന്നു.

## വിശ്വാസപ്രമാണവും നാമും

വിശ്വാസപ്രമാണം കൂടെക്കൂടെ ചൊല്ലുന്നതിനു തിരുസ്സഭ നമ്മോടാവശ്യപ്പെടുന്നു; നമ്മുടെ പ്രതിദിന പ്രാർത്ഥനകളിലൊന്നായിരിക്കണം അതെന്ന് നിർദ്ദേശിച്ചിരിക്കുന്നു. വിശുദ്ധ ആഗസ്തീനോസു പറയുന്നു: ''എന്നും വിശ്വാസപ്രമാണം ചൊല്ലുവിൻ. നിങ്ങൾ ഉണന്നെഴുന്നേല്ക്കുമ്പോഴും ഉറങ്ങാൻ പോകുമ്പോഴും വിശ്വാസപ്രമാണം ഉരുവിടുവിൻ.''

ആണ്ടിലൊരിക്കൽ വിശ്വാസപ്രമാണം ആഘോഷപൂർവ്വം ആലപിക്കുന്നതിനു സഭ ആവശ്യപ്പെടുന്നുണ്ട്. ഉയിർപ്പുതിരുനാളിന്റെ തലേദിവസം സായാഹ്നത്തിൽ സ്നാപനവാഗ്ദാനങ്ങളുടെ നവീകരണമെന്ന നിലയിൽ അതു ചൊല്ലണമെന്നാണു നിർദ്ദേശം.

## ക്രൈസ്തവസാക്ഷ്യം

വിശ്വാസപ്രമാണം നാം ഗ്രഹിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യണമെന്ന് ക്രിസ്തു ആഗ്രഹിക്കുന്നു. അതിലടങ്ങുന്ന

സത്യങ്ങരം, നമ്മുടെ അകത്തോലിക്കസഹോദരർക്കു നാം സൗക ര്യംപോലെ വിശദീകരിച്ചുകൊടുക്കേണ്ടതാണ്. കത്തോലിക്കൻ തൻെറ വിശ്വാസത്തെക്കുറിച്ചു ചർച്ചചെയ്യുമ്പോരം സൗഹൃദമനോ ഭാവവും ആത്മാർത്ഥതയും ഔദാര്യവുമുള്ളവനായിരിക്കണം; തൻെറ മതത്തെക്കുറിച്ച് അവനു് അറിവുണ്ടായിരിക്കണം. സന്തോഷത്തോ ടും ഉത്സാഹത്തോടുംകൂടെ അവൻ തൻെറ അറിവ് മററുള്ളവരുടെ മു മ്പിൽ പ്രകാശിപ്പിക്കുകയും, സർവ്വോപരി, സത്യാന്വേഷികളായ എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുകയും വേണം.

## സാക്ഷ്യത്തിനു്

ഒരുവൻ നമ്മുടെ വിശ്വാസത്തെക്കുറിച്ച് തെററായ വിവര ങ്ങരം പറയുമ്പോരം നാമവനോടു യോജിച്ചുകൂടാ. അതിനുത്തരം നമു ക്കറിഞ്ഞുകൂടെങ്കിൽ, ഇങ്ങനെ പറയാം: ''താങ്കളുടെ ചോദ്യത്തിനുള്ള ഉത്തരം തൽക്കാലം എനിക്കു നിശ്ചയമില്ല. എന്നാൽ, അതിനു ശരിയായ ഉത്തരമുണ്ടെന്നെനിക്കുറപ്പുണ്ടു്. അതു ഞാൻ അന്വേഷിച്ചു പിന്നീടു പറയാം.'' അതിനുശേഷം, മാതാപിതാക്കന്മാരോടും വൈദികരോടും വേദാദ്ധ്യാപകരോടും അതിനെക്കുറിച്ചു ചോദിച്ചു മനസ്സിലാക്കണം.

പ്രധാനമായ ഒരു നിയമമാണിതു്: മററുള്ളവരോട് ചോദ്യ ങ്ങരം ചോദിക്കാൻ നാം പഠിക്കണം. ഉദാഹരണമായി, ''നിങ്ങരം ഇപ്പോഴത്തെ വിശ്വാസം പുലർത്താൻ കാരണമെന്തു്?''

''പൂർണ്ണസത്യം കണ്ടുപിടിക്കുന്നതിനു നിങ്ങരം എന്തുചെയ്യും?''

''ദൈവമില്ലാഞ്ഞാൽ എന്നതുപോലെ നിങ്ങരം ജീവിക്കാൻ കാരണമെന്തു്?''

നമ്മുടെ ബഹുമാനത്തിനു പാത്രമായ വിശുദ്ധരുടെ ജീവിത കഥകരം പറയാൻ നമുക്ക് അറിവുണ്ടായിരിക്കണം. സർവ്വോപരി ദൃഢമായ ക്രൈസ്തവജീവിതത്തിനു നാം മാതൃക നല്കുകയുംവേണം. എന്തെന്നാൽ, വാക്കുകളെക്കാരം ഏറെ ശക്തമായ സാക്ഷ്യമാണ് മാതൃക.

''ഞങ്ങരം മിശിഹായുടെ പ്രതിനിധികളാണ്. ദൈവത്തോടു രമ്യതപ്പെടാൻ മിശിഹായ്ക്കു പകരം ഞങ്ങരം നിങ്ങളോടുപദേശിക്കു ന്നു. ദൈവം ഞങ്ങരംവഴി ഇങ്ങനെ ഉൽബോധിപ്പിയ്ക്കുകയാണ്. ഞെരുക്കം, കഷ്ടപ്പാടു്, പരാധീനത, ക്ലേശം, ചമ്മട്ടിയടി, കാരാ ഗൃഹവാസം, കലഹം, അദ്ധ്വാനം, ജാഗരണം, ഉപവാസം എന്നി ങ്ങനെ സകല കാര്യങ്ങളിലും ദൈവശുശ്രൂഷകരെപ്പോലെ നമുക്കു വ്യാപരിക്കാം.'' (2 കോറി. 5:20, 6:4–5)

''നിങ്ങഠം മിശിഹായോടുകൂടെ ഉയിത്തെങ്കിൽ, ഉന്നതങ്ങളിലെകാര്യങ്ങഠം അന്വേഷിക്കുവിൻ. അവിടെ ദൈവത്തിൻെറ വലത്തുഭാഗത്തു മിശിഹാ ഉപവിഷ്ടനായിരിക്കുന്നു.'' (കൊളോ. 3:1)

കത്തോലിക്കസഭയിലൂടെ ക്രിസ്തു നമ്മെ പഠിപ്പിച്ച പ്രധാന സത്യങ്ങളെല്ലാം ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിൽ നമുക്കു കാണാം.

## സംസാരിക്കുന്ന സംഭവം

മോസ്കോയിലുള്ള ക്രെംലിൻ സ്ക്വയറിൽ ഒരു ഉയിപ്പുഞായ റാഷ്ട്രദിവസം കമ്മ്യൂണിസ്റ്റ് നിരീശ്വരസംഘത്തിൻെറ കമ്മിസാറായ വ്ളാഡ്മിർ ക്രേനിററ്സ്കി പ്രസംഗിക്കുകയായിരുന്നു. ചാററ മഴയും നനഞ്ഞു് ആയിരക്കണക്കിനാളുകഠം പ്രസംഗം കേഠംക്കാൻ തടിച്ചുകൂടിയിരുന്നു.

പുനരുത്ഥാനം ഒരു കെട്ടുകഥയാണെന്നു കമ്മിസാർ പറഞ്ഞു. അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചതു് ഒരു വെല്ലുവിളിയോടുകൂടെയാണു്: ''സഖാക്കളേ, എന്നോടു വിയോജിക്കുന്നവരാരെങ്കിലുമുണ്ടെങ്കിൽ, മതം മരിച്ചിട്ടില്ലെന്നു് അവർ തെളിയിക്കട്ടെ.'' ആളുകഠം ഭയത്തിലും മൗനത്തിലും മുഴുകിനിന്നു.

ഏതാനും നിമിഷങ്ങഠംക്കകം ഒരു വൃദ്ധൻ ആ വെല്ലുവിളി സ്വീകരിക്കുവാൻ മുന്നോട്ടുവന്നു. ''ദൈവമുണ്ടെന്നു തെളിയിക്കുവാൻ താങ്കഠം എത്ര സമയമെടുക്കും?''—കമ്മിസാർ അമർഷത്തോടെ ചോദിച്ചു. ''പത്തു സെക്കൻഡു മതി'' എന്നായിരുന്നു വൃദ്ധൻെറ ഉത്തരം.

ആ വൃദ്ധകർഷകൻ മൈക്കിൻെറ മുമ്പിൽ നിന്നു. എങ്ങും പരിപൂർണ്ണ നിശ്ശബ്ദത. മുഴങ്ങുന്ന ശബ്ദത്തിൽ അദ്ദേഹം റഷ്യാക്കാരുടെ പരമ്പരാഗതമായ ഉയിപ്പുതിരുനാഠംഗാനത്തിൻെറ ആദ്യത്തെ വരി പാടി: ''ക്രിസ്തു ഉയിത്തെഴുന്നേററു.'' ആനന്ദംകൊണ്ടിളകിമറിയുന്ന ആ ജനതതിയുടെ പ്രത്യുത്തരം ഇടിമുഴക്കംപോലെ ഉടനുയർന്നു: ''അവിടുന്നു സത്യമായും ഉയിത്തെഴുന്നേററു; ഹല്ലേലുയ്യാ!''

## പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയുടെ വാക്കുകഠം

1958—ലെ ഉയിർപ്പുതിരുനാളിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ പറഞ്ഞു: ''തിരുസ്സഭ ഇന്നു് ആലപിക്കുന്ന ഹല്ലേലുയ്യാ, ക്രിസ്തു ഇന്നും ലോകത്തിൻെറ വെളിച്ചമാണു് എന്നതിനു ജീവനുള്ള തെളിവത്രേ.''

ക്രിസ്തുവിൻെറ ഉയിർപ്പിൻെറ മഹിമയിൽ പങ്കാളികളാകാൻ ഭാഗ്യം കിട്ടിയതിനു നിങ്ങൾ എങ്ങനെ ദൈവത്തിനു നന്ദി പറയും?

### ഓർമ്മിക്കാൻ

വിശ്വാസപ്രമാണത്തിൻെറ പ്രാധാന്യം വിവരിക്കുക.
എപ്പോഴെല്ലാമാണ് വിശ്വാസപ്രമാണം ചൊല്ലേണ്ടതു്?

### പാടാൻ

(ഏകനാം ദൈവത്തിൽ വിശ്വസിക്കുന്നേൻ)
ആകാശത്തിൻേറയും ഭൂമിയുടേയും
ദൃശ്യാദൃശ്യങ്ങളാമെല്ലാററിൻേറയും
സ്രഷ്ടാവും സർവ്വൈക ശക്തനുമായ
ദൈവപിതാവിൽ ഞാൻ വിശ്വസിക്കുന്നേൻ.

എല്ലാ യുഗങ്ങൾക്കും മുമ്പു പിതാവിൽ
നിന്നുജനിച്ചൊരു ദൈവസുതനും
ഏകനാം ജാതനും നാഥനുമായ
ക്രിസ്തുവാം ഈശോയിൽ വിശ്വസിക്കുന്നേൻ.

ദൈവത്തിൽനിന്നുള്ള ദൈവമാണെന്നും
ദീപ്തിയിൽനിന്നുള്ള ദീപ്തിയാണെന്നും
സത്യദൈവംതന്നിൽനിന്നുള്ള സാക്ഷാൽ
ദൈവമാണെന്നും ഞാൻ വിശ്വസിക്കുന്നേൻ.

ജാതനാമെങ്കിലും സൃഷ്ടനല്ലെന്നും
സത്തയിൽ താതനോടേകനാണെന്നും
സർവ്വവും താൻവഴി സൃഷ്ടമായെന്നും
സന്തതം ഞാനേവം വിശ്വസിക്കുന്നേൻ.

നമ്മൾക്കും നമ്മൾതൻ രക്ഷയ്ക്കുംവേണ്ടി
സ്വർഗ്ഗത്തിൽനിന്നുമിറങ്ങിയിപ്പാരിൽ
കന്യാമറിയത്തിൽനിന്നു റൂഹായാൽ
ധന്യശരീരമെടുത്തു നരനായ്.....

### പ്രവർത്തിക്കാൻ


ക്രേനിററ്സ്കിയുടെ വെല്ലുവിളി ആ വൃദ്ധൻ സ്വീകരിച്ചതുപോലെ, അവസരം വരുമ്പോൾ ഞാൻ സഭയുടെ വിശ്വാസം ഏററുപറയും. സഭയുടെ വിശ്വാസസത്യങ്ങളെക്കുറിച്ചു കൂടുതൽ പഠിച്ചുകൊണ്ട് അതിനൊരുങ്ങും.

# 10

## പ്രതിഷ്ഠിത ജീവിതം

### പ്രമാണങ്ങളെക്കുറിച്ചു പൊതുവിൽ

ബ്രിട്ടീഷ് രാജാവായ ഹെൻറി എട്ടാമന്റെ ചാൻസലർ ആയിരുന്ന തോമസ് മൂർ പറഞ്ഞു: ''ഞാൻ എപ്പോഴും രാജാവിന്റെ വിശ്വസ്തസേവകനായിരിപ്പാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ, പ്രഥമമായി ദൈവത്തിന്റെ സേവകനാകാനായിരുന്നു എന്റെ ശ്രമം.''



ഹെൻറി എട്ടാമനെ സഭയുടെ ആദ്ധ്യാത്മിക ശിരസ്സായി അംഗീകരിക്കാൻ തോമസ് മൂർ ക്കൂട്ടാക്കിയില്ല. മാർപ്പാപ്പയോട് വിശ്വസ്തത പുലർത്തിയെന്ന കുററത്തിന് 1535 ജൂലായ് 6–ാം തീയതി അദ്ദേഹം വധിക്കപ്പെട്ടു. ധീരതയോടും സന്തോഷത്തോടുംകൂടെ അദ്ദേഹം മരണംവരിച്ചു. തന്റെ കർത്താവിനെ ഒററിക്കൊടുക്കുന്നതിനെക്കാൾ മരിക്കുന്നതാണ നല്ലതെന്ന് അദ്ദേഹം കരുതി. അത്രയധികം അദ്ദേഹം അവിടുത്തെ സ്നേഹിച്ചിരുന്നു. താഴെക്കൊടുക്കുന്ന ക്രിസ്തുവിന്റെ വാക്കുകൾ ജീവിതത്തിലുടനീളം അദ്ദേഹത്തിനു മാർഗ്ഗദർശനം നല്കിയിരുന്നു:

''നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എൻെറ കല്പനകൾ അനുസരിക്കുവിൻ. ഞാൻ എൻെറ പിതാവിൻെറ കല്പനകൾ അനുസരിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, എൻെറ കല്പനകൾ അനുസരിച്ചാൽ നിങ്ങളും എൻെറ സ്നേഹത്തിൽ നിലനില്ക്കും. എൻെറ ആനന്ദം നിങ്ങളിലും ഉണ്ടാകുന്നതിനും നിങ്ങളുടെ ആനന്ദം സമ്പൂർണ്ണമാകുന്നതിനും വേണ്ടിയാണ് ഇവയെല്ലാം ഞാൻ നിങ്ങളോടു പറഞ്ഞത്. ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾ എൻെറ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയാൻ അടയാളം നിങ്ങളുടെ പരസ്പരസ്നേഹമായിരിക്കണം. സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിൽക്കവിഞ്ഞ സ്നേഹമില്ല. ഞാൻ നിങ്ങളോടു കല്പിക്കുന്നവയെല്ലാം ചെയ്യുന്നപക്ഷം, നിങ്ങളെൻെറ സ്നേഹിതന്മാരായിരിക്കും. ഞാൻ ഇനി നിങ്ങളെ ദാസന്മാരെന്നു വിളിക്കയില്ല. തൻെറ യജമാനൻ ചെയ്യുന്നതെന്തെന്ന് അറിയാത്തവനാണല്ലോ ദാസൻ. പിതാവിൽനിന്നു കേട്ടവയെല്ലാം ഞാൻ നിങ്ങളെ അറിയിച്ചു കഴിഞ്ഞു. അതിനാലത്രേ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചത്. (യോഹ: 14:15, 15:10–11, 13:34–35, 15:13–15)

## സ്വാഭാവിക നിയമം


സ്വാഭാവികനിയമങ്ങളിൽ ദൈവചിത്തമടങ്ങിയിരിക്കുന്നു. ശരിയേത് തെറേറത് എന്ന ബോധം അവിടുന്നു നമുക്കെല്ലാവർക്കും നല്കിയിട്ടുണ്ട്. ആ അറിവ് നമ്മുടെ പ്രകൃതിയുടെതന്നെ ഒരു ഭാഗമാണ്. നമ്മുടെ മനസ്സാക്ഷിയുടെ സ്വരംവഴി, എന്താണു നന്മയെന്നും എന്താണു തിന്മയെന്നും ദൈവം നമുക്കു കാണിച്ചുതരുന്നു. ദൈവത്തെ ആരാധിക്കുക, മററുള്ളവരുടെ ജീവനേയും വസ്തുവകകളേയും ആദരിക്കുക, അധികാരികളെ അനുസരിക്കുക എന്നിവയെല്ലാം പ്രകൃത്യാതന്നെ ആവശ്യമാണെന്ന് പ്രകൃതി നമ്മോടു പറയുന്നു. മനസ്സാക്ഷി നിർദ്ദേശിക്കുന്ന സ്വാഭാവികനിയമങ്ങൾ എല്ലാവരും അനുസരിക്കുമെങ്കിൽ സമൂഹത്തിൽ സമാധാനമുണ്ടാകും.

## പ്രമാണങ്ങൾ

പഴയനിയമചരിത്രത്തിൽ വളരെക്കാലത്തേക്ക് സ്വാഭാവിക നിയമം മാത്രമാണ് മനുഷ്യനെ നയിച്ചിരുന്നതെന്നു നമുക്കു കാണാം. ക്രമേണ സ്വാഭാവിക നിയമങ്ങൾ അനുസരിക്കുന്നതിൽ മനുഷ്യർ ഉദാസീനരായിത്തീർന്നു. പലപ്പോഴും അവർ തെററും ശരിയും കൂട്ടിക്കുഴയ്ക്കുകയും ചെയ്തു. പാപം ലോകത്തിലേയ്ക്കു ദുഃഖദുരിതങ്ങൾ കൊണ്ടുവന്നു.

സർവ്വനന്മയായ ദൈവം മനുഷ്യനെ ഈ ഘട്ടത്തിൽ സഹായിക്കാൻ തിരുമനസ്സായി. മോശവഴി സ്വാഭാവികനിയമങ്ങളുടെ വ്യക്തമായൊരു വിശദീകരണം അവിടുന്നു നല്കി. അതാണ് പത്തു പ്രമാണങ്ങൾ. ദൈവത്തിൻെറ സ്നേഹത്തിനു് നമ്മിൽനിന്നുണ്ടാകേണ്ട പ്രതികരണമെന്താണെന്നു് ഈ പ്രമാണങ്ങൾ കാട്ടിത്തരുന്നു. ആദ്യത്തെ മൂന്നു പ്രമാണങ്ങൾ, ദൈവത്തെ പ്രാർത്ഥനവഴി എങ്ങനെ നാം നേരിട്ടാരാധിക്കണമെന്നു വെളിപ്പെടുത്തുന്നു. ശേഷമുള്ള ഏഴെണ്ണം സഹജീവികളുടെ സേവനത്തിലൂടെ പരോക്ഷമായി ദൈവത്തെ ആരാധിക്കേണ്ടതെങ്ങനെയെന്നു കാണിക്കുന്നു.

ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിൻെറ മികച്ച പാരിതോഷികമാണ് ഈ പത്തു പ്രമാണങ്ങൾ. ചിലയാളുകൾ വിചാരിക്കുന്നതുപോലെ ഇവ നമ്മുടെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നില്ല; പ്രത്യുത, സ്വാതന്ത്ര്യത്തെ എപ്രകാരം ഉപയോഗിക്കണമെന്നു മാർഗ്ഗനിർദ്ദേശം നല്കുന്നു; യഥാർത്ഥസൗഭാഗ്യത്തിലേക്കു നയിക്കുകയും ചെയ്യുന്നു. ദൈവത്തിൻെറ പ്രമാണങ്ങൾ പാലിച്ചിരുന്നില്ലെങ്കിൽ നമ്മുടെ ജീവിതം എത്ര ദുസ്സഹമാകുമായിരുന്നു! കളവും വഞ്ചനയും കൊലപാതകവും അനുവദിക്കപ്പെട്ടിരുന്നെങ്കിൽ മനുഷ്യസമുദായത്തിൻെറ സ്ഥിതി എന്താകുമായിരുന്നു! മററുള്ള ഓരോരുത്തരോടും സമാധാനത്തിലും രമ്യതയിലും കഴിഞ്ഞുകൂടുവാൻ പത്തു പ്രമാണങ്ങൾ നമ്മെ സഹായിക്കുന്നു. ഇവ നമ്മുടെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നു.



## സ്നേഹത്തിൻെറ നിയമം

ചെയ്യരുതാത്തതും ചെയ്യേണ്ടതും എന്താണെന്നു ചുരുക്കമായി കാണിച്ചുതരികമാത്രമാണ് പത്തു പ്രമാണങ്ങൾ ചെയ്യുന്നതു്. ഈ പത്തു പ്രമാണങ്ങൾക്കു ക്രിസ്തു പുതിയ ഒരർത്ഥം കൊടുത്തു. സ്വാഭാവികനിയമങ്ങളിൽ അധിഷ്ഠിതമായ ഈ പ്രമാണങ്ങൾ ഇല്ലായ്മ ചെയ്യാനല്ല ക്രിസ്തു വന്നതു്. നേരേമറിച്ചു്, അവ പൂർത്തിയാക്കാനാണ്. നി

യമങ്ങളെയോ പ്രവാചകന്മാരെയോ ഇല്ലാതാക്കാനാണു ഞാൻ വന്നിരിക്കുന്നതെന്നു കരുതേണ്ടാ; ഇല്ലാതാക്കാനല്ല, പൂർണ്ണമാക്കാനാണു ഞാൻ വന്നിരിക്കുന്നത്.'' (മത്തായി 5:17)

ദൈവത്തെ പ്രസാദിപ്പിക്കേണ്ടതെങ്ങനെയെന്ന് തൻെറ ജീവിതമാതൃകയിലൂടെ അവിടുന്നു നമുക്കു കാണിച്ചുതന്നു. ശ്രദ്ധത, അനുസരണം ഇവയിലൂടെ സ്നേഹചൈതന്യം നമ്മുടെ ഹൃദയത്തിൽ കുടികൊള്ളണമെന്ന് അവിടുന്നു നിഷ്കർഷിച്ചു.

അന്തിമഭോജനവേളയിൽ തൻെറ സ്നേഹത്തിൻെറ പ്രമാണം അവിടുന്നു നമുക്കു പ്രദാനം ചെയ്തു: ''ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ.'' (യോഹ. 13:34)

പിറേറദിവസം ദുഃഖവെള്ളിയാഴ്ച, നമ്മോടുള്ള തൻെറ സ്നേഹം എത്ര വലുതാണെന്ന് ക്രിസ്തു തെളിയിച്ചു. അവിടുന്നു സ്വമനസാ കുരിശിലെ പീഡകളും മരണവും വരിച്ചു.

അന്നുമുതൽ ക്രിസ്ത്യാനികൾ ദൈവത്തേയും തമ്മിൽത്തമ്മിലും, ക്രിസ്തു സ്നേഹിച്ചതുപോലെ, മരണംവരെ സ്നേഹിക്കുവാൻ കടപ്പെട്ടവരായി. എന്തുകൊണ്ടെന്നാൽ, ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അംഗങ്ങളായ നാം അവിടുത്തെ ദിവ്യമായ സ്നേഹത്തിലും ഭാഗഭാക്കുകളാണ്. ഇന്നത്തെ ജനങ്ങളുടെ ഇടയിൽ ക്രിസ്തു പ്രവർത്തിക്കുന്നതും തൻെറ പിതാവിങ്കലേയ്ക്ക് അവരെ നയിക്കുന്നതും നമ്മെ ഉപകരണമാക്കിക്കൊണ്ടാണ്.

ദൈവത്തോടും സഹജീവികളോടുമുള്ള സ്നേഹമായിരിക്കണം നമ്മുടെ വാക്കുകളുടേയും പ്രവൃത്തികളുടേയുമെല്ലാം പ്രേരകശക്തി. ക്രിസ്തീയജീവിതത്തിൻെറ കേന്ദ്രം ആ സ്നേഹമായിരിക്കണം. ക്രിസ്ത്യാനികളെ തിരിച്ചറിയാനുള്ള അടയാളവും അതുതന്നെയായിരിക്കണം. ക്രിസ്തുപറഞ്ഞു: ''നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹിക്കുവിൻ. അതുനിമിത്തം നിങ്ങളെൻെറ ശിഷ്യരെന്നു ലോകം അറിയും.'' (യോഹ. 18:53)

ഈ സ്നേഹത്തിൻെറ ചൈതന്യത്തിൽ ദൈവനിയമങ്ങളനുസരിക്കുന്ന ഒരു ക്രിസ്ത്യാനിക്ക്, 'ഞാനെന്തുചെയ്യണം?' എന്ന സംശയമുണ്ടാവുകയില്ല. 'ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് എനിക്ക് എത്രയധികം ചെയ്യാൻകഴിയും?' എന്നുമാത്രമായിരിക്കും ആകാംക്ഷാഭരിതനായ അവൻെറ അന്വേഷണം.

ക്രിസ്ത്യാനികളെല്ലാവരും ആഗ്രഹിക്കേണ്ടതെന്തെന്ന്, ക്രിസ്തു രാജനെക്കുറിച്ചുള്ള ചാക്രികലേഖനത്തിൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പ പറയുന്നുണ്ട്: ''ക്രിസ്തു നമ്മുടെ മനസ്സിനെ ഭരിക്കണം. നമ്മുടെ മനസ്സ് വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിലേക്ക് ദൃഢതയോടും വിധേയത്വത്തോടുംകൂടെ ഇറങ്ങിച്ചെല്ലട്ടെ. ക്രിസ്തു നമ്മുടെ ഇച്ഛാശക്തികളെ നയിക്കണം. അവ ദൈവത്തിന്റെ നിയമങ്ങൾക്കുമുമ്പിൽ തലകുനിക്കട്ടെ. ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വാഴണം.......... അവിടുന്നു നമ്മുടെ ശരീരങ്ങളെ ഭരിക്കണം. തദ്വാരാ, ദൈവരാജ്യത്തിന്റെ നിയമങ്ങളനുസരിച്ചു ജീവിച്ചതിനുശേഷം നമ്മുടെ സൽപ്രവൃത്തികൾക്കുള്ള സമ്മാനം പ്രാപിക്കുന്നതിനും, നമ്മുടെ രാജാവായ ക്രിസ്തുവിന്റെ വിശ്വസ്തസേവകരെന്നനിലയിൽ അനന്തമായ മഹത്വത്തിലും സൗഭാഗ്യത്തിലും അവിടുത്തോടൊത്തു പങ്കുചേരുന്നതിനും നമുക്കുകഴിയും.''

''നിങ്ങളെന്നെ സ്നേഹിക്കുന്നെങ്കിൽ, എന്റെ പ്രമാണങ്ങൾ പാലിക്കുവിൻ.'' (യോഹ. 14:15)

''നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും സർവ്വശക്തിയോടുംകൂടെ സ്നേഹിക്കുക''—ഇതാണ് ഒന്നാമത്തെ പ്രമാണം, രണ്ടാമത്തേതും തുല്യപ്രാധാന്യമുള്ളതാണ്: ''നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക.'' (മർക്കോ. 12: 30, 31)

## ഓർമ്മിക്കാൻ

1. ദൈവപ്രമാണങ്ങളേവ?
2. സ്വർഗ്ഗഭാഗ്യം കരസ്ഥമാക്കുന്നതിനു നാമെന്തുചെയ്യണം?

## അവൻ ഭയപ്പെട്ടുപോയി.

വിശുദ്ധമർക്കോസ് ഇന്നു ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം തന്റെ കഥ ഇങ്ങനെ നമ്മോടു പറയുമായിരുന്നു: ''ഈശോ പിടിക്കപ്പെട്ട രാത്രിയിൽ ഞാൻ ആ തോട്ടത്തിലുണ്ടായിരുന്നു. ഞാൻ പേടിച്ച് ഒരു മരത്തിന്റെ പിന്നിലൊളിച്ചു. ഞാൻ ഓടാൻ ഭാവിച്ചപ്പോൾ പട്ടാളക്കാർ എന്റെ മേലങ്കിയിൽ കടന്നുപിടിച്ചു. അത് അവർ വലിച്ചെടുത്തു. ഈശോയെ ഉപേക്ഷിച്ച് ഓടിപ്പോകേണ്ടിവന്നതിൽ എനിക്കു വലിയ ലജ്ജതോന്നി.

''കുറെ കൊല്ലങ്ങൾക്കുശേഷം പൗലോസിനോടും ബർണ്ണബാസിനോടുംകൂടെ പ്രേഷിതയാത്രകളിൽ ഞാൻ പങ്കുകൊണ്ടു. എനിക്കു വീണ്ടും ഭയമുണ്ടായി. കള്ളന്മാർ എന്നെ കൊന്നുകളയുമോ എന്നു ഞാൻ പേടിച്ചു. അതിനാൽ, പൗലോസ് എന്നെ തന്നോടുകൂടെ

കൊണ്ടുപോയില്ല. എനിക്കു ജെറൂസലത്തേയ്ക്കു മടങ്ങിപ്പോകേണ്ടി വന്നു.

''ഞാൻ പ്രാർത്ഥിച്ചു: ഈശോ കർത്താവേ, അങ്ങു കേൾക്കുന്നുണ്ടോ? അങ്ങയുടെ ഈ കൊച്ചു മർക്കോസിനു് അശേഷം ധൈര്യമില്ല. അങ്ങു് എന്നെ ഇപ്പോഴും സ്നേഹിക്കുന്നുണ്ടോ? എനിക്കു ധൈര്യവാനായിത്തീരണമെന്നു് ആഗ്രഹമുണ്ടു്. എന്നാൽ, എനിക്കു ഭയമാണു്.''

വിശുദ്ധ മർക്കോസിൻെറ കഥയവസാനിക്കുന്നതെങ്ങനെയെന്നു നിങ്ങൾക്കറിയാമോ? അദ്ദേഹം വിശുദ്ധപത്രോസിൻെറ സഹയാത്രികനായിത്തീർന്നു. ഒടുവിൽ സധൈര്യം ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിക്കുകയുംചെയ്തു.

## പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയുടെ വാക്കുകൾ

കത്തോലിക്കായുവജനങ്ങളോടു് പന്ത്രണ്ടാംപിയൂസ് മാർപ്പാപ്പ പറഞ്ഞു: ''നിങ്ങളുടെ വിശ്വാസമെന്തെന്നു വ്യക്തമായിഗ്രഹിച്ചെങ്കിൽ മാത്രമേ അതു് ദൃഢവും പ്രദീപ്തവുമാകൂ.....പ്രമാണങ്ങളും സഭയുടെ പ്രബോധനങ്ങളും അനുസരിച്ചു ജീവിച്ചെങ്കിൽ മാത്രമേ വിശ്വാസം സജീവമാകൂ........''

## പാടാൻ

നിത്യദൈവമേ, കൈതൊഴുന്നിതാ,
ഞങ്ങൾ നിൻപദം കുമ്പിടുന്നിതാ. (2)
നിത്യദൈവമേ.

സർവ്വലോകനായകാ, ജഗൽപ്രകാശമേ,
നേർവഴിക്കു ഞങ്ങളെ നയിച്ചിടേണമേ,
നേർവഴിക്കു ഞങ്ങളെ നയിച്ചിടേണമേ. (നിത്യ.....)

ഇന്നു ഞങ്ങളേപ്പെട്ടും സദുദ്യമങ്ങളിൽ
സന്തതം കൃപാവരങ്ങൾ ചിന്തിടേണമേ,
സന്തതം കൃപാവരങ്ങൾ ചിന്തിടേണമേ. (നിത്യ.....)

## പ്രവർത്തിക്കാൻ


1535 ജൂലായ് 6—ാംനു ഇംഗ്ലണ്ടിൽനടന്ന സംഭവം, രാജകല്പനകളെക്കാൾ ദൈവകല്പനകളെയാണു് മനുഷ്യൻ അനുസരിക്കേണ്ടതെന്നു് ശക്ത മായ ഭാഷയിൽ ലോകത്തോടു പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. അവസരം വരുമ്പോൾ വിശുദ്ധ തോമസ്മൂറിൻെറ ധീരമായ മാതൃക ഞാൻ അനുകരിക്കും.

# 11

## ഓ, ദൈവമേ!

### ഒന്നാംപ്രമാണം

മാമ്മോദീസവഴി ദൈവത്തെ 'പിതാവേ' എന്നു വിളിക്കു വാൻ നാം യോഗ്യരായിത്തീരുന്നു. വിശുദ്ധപൗലോസ് ശ്ലീഹാ പറ യുന്നു: ''അരൂപി യിൽ മക്കളായി നി ങ്ങരം ദത്തെടുക്കപ്പെ ട്ടിരിക്കുന്നു. തന്നി മിത്തം, ദൈവത്തെ 'ആബാ' (പിതാ വേ) എന്നു നമുക്കി നി വിളിക്കാം'' (റോമ. 8:15). സ്നേ ഹമുള്ള പിതാവി ൻെറ മക്കളെന്നനില യിൽ അവിടുത്തെ വ ണങ്ങുവാൻ നമുക്കു് അവകാശവും ചുമത ലയും ഉണ്ടു്. നമ്മു ടെ ജീവിതത്തിൽ പ്രഥമസ്ഥാനം ദൈ വത്തിനാണു നല്കേ ണ്ടതെന്നു് ഒന്നാംപ്ര മാണം നമ്മെ അനു സ്മരിപ്പിക്കുന്നു. ''നി ൻെറ ദൈവമായ ക ർത്താവു ഞാനാകുന്നു. ഞാനല്ലാതെ മററു ദേ വന്മാർ നിനക്കുണ്ടാ കരുതു്.'' (പുറപ്പാടു് 20:2–3)



പഴയ നിയമത്തി ലെ വിശ്വസ്തരായ ഇസ്രായേൽജനങ്ങരം തങ്ങളുടെ പൂർണ്ണാ ത്മാവോടും പൂർണ്ണ

മനസ്സോടും പൂർണ്ണഹൃദയത്തോടുംകൂടെ ദൈവത്തെ ആരാധിച്ചു. ഏക സത്യദൈവത്തിന്റെ മഹിമ അവിടുത്തെ സൃഷ്ടികളിൽ അവർ കണ്ടു. ''ആകാശം അവിടുത്തെ മഹത്വത്തെ വിളംബരം ചെയ്യുന്നു. ആകാശത്തട്ടുകൾ അവിടുത്തെ കരവേലകളെ വിളിച്ചറിയിക്കുന്നു'' (സങ്കീ. 19:2). സ്നേഹത്തോടും വിനയത്തോടുംകൂടെ അവർ ദൈവത്തെ ആരാധിച്ചു.

''എന്റെ ബലമായ യഹോവയേ, നിന്നെ ഞാൻ സ്നേഹിക്കുന്നു.......എന്റെ ശൈലവും കോട്ടയും രക്ഷകനും പരിചയും രക്ഷയുടെ കൊമ്പും ആലംബവും അവിടുന്നാകുന്നു. അവിടുത്തേയ്ക്കു സ്തുതി." (സങ്കീ. 18:2–3)

പുതിയ നിയമത്തിൽ ക്രിസ്തു ആരാധനയുടെ വിധം നിർദ്ദേശിച്ചു: ''സാക്ഷാൽ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കേണ്ട സമയം വരുന്നു. അങ്ങനെയുള്ളവരെയാണ് പിതാവും തന്റെ ആരാധകന്മാരായി സ്വീകരിക്കുന്നത്. ദൈവം അരൂപിയാകുന്നു. അവിടുത്തെ ആരാധിക്കുന്നവർ ആത്മീയമായും സത്യത്തിലും വേണം ആരാധന നടത്തുവാൻ.''

(യോഹ. 4: 23, 24)

വീണ്ടെടുക്കപ്പെട്ടവരെല്ലാം ഒരുമിച്ചുചേർന്ന് ഇങ്ങനെ പാടുമ്പോഴാണ് നമ്മുടെ ആരാധന അതിന്റെ ഉച്ചകോടിയിലെത്തുന്നത്: ''മഹത്വത്തിനും ബഹുമാനത്തിനും അധികാരത്തിനും ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങ് അർഹനാകുന്നു.''

(വെളിപാട് 4:11)

## ആരാധനയുടെ ആവശ്യകത

ആകാശത്തിന്റേയും ഭൂമിയുടേയും സ്രഷ്ടാവും സർവ്വശക്തനുമായ നാഥനാണു ദൈവം. അവിടുന്നു നമ്മെക്കാൾ എത്രയോ വലിയവനാണ്! എങ്കിലും അവിടുന്നു നമ്മുടെ ഇടയിൽ വസിക്കുന്നു. അവിടുത്തെ സാന്നിദ്ധ്യത്തിൽ നാമെത്ര നിസ്സാരർ! നമ്മുടെ സ്ഥിതിയും സിദ്ധികളും വസ്തുക്കളുമെല്ലാം ദൈവത്തിൽനിന്നു ലഭിക്കുന്നവയാണ്. ''ദൈവത്തിൽ നാം ജീവിക്കുന്നു; ചരിക്കുന്നു; നമ്മുടെ അസ്തിത്വവും ദൈവത്തിൽത്തന്നെ.'' (നടപടി 17:28)

സ്നേഹോദാരനായ ദൈവം നമുക്കിവയെല്ലാം തന്നരുളി. നമ്മുടെ മുഴുവൻ സ്നേഹവും ആരാധനയും അവിടുത്തേയ്ക്കു നാം നല്കേണ്ടതല്ലേ? പ്രതിസ്നേഹം ആരാധനയിലൂടെ കാട്ടുക നമ്മുടെ ഒരു വിശേഷാവകാശമാണ്. ഇതൊരവകാശം മാത്രമല്ല; ആശ്രയത്വംനിമിത്തം ഉണ്ടാകുന്ന കർത്തവ്യംകൂടിയാണ്. അക്രൈസ്തവർ

പോലും പ്രകൃതിസിദ്ധമായ യുക്തിയുപയോഗിച്ച് ദൈവത്തെ അറിയുകയും ആരാധിക്കുകയും ചെയ്യുന്നുണ്ട്.

ബലിയിലും പ്രാർത്ഥനയിലും ദൈവത്തെമാത്രം ആരാധിക്കണമെന്നു പഴയ നിയമത്തിൽ ദൈവം ഇസ്രായേൽക്കാരോട് കല്പിച്ചു. പിൽക്കാലത്തു്, അവിടുത്തെ പുത്രനായ യേശുക്രിസ്തുവഴി സമർപ്പിക്കാനിരുന്ന സമ്പൂർണ്ണബലിക്കുള്ള ഒരുക്കമായിരുന്നു പഴയ നിയമത്തിലെ ബലി.

## ക്രിസ്തു സ്വപിതാവിനെ ആരാധിക്കുന്നു

കുരിശുമരണത്തിലൂടെ ക്രിസ്തു സ്വപിതാവിനു പരിപൂർണ്ണമായ ആരാധനസമർപ്പിച്ചു. ക്രിസ്തുവിനു തൻെറ പിതാവിനെക്കുറിച്ചു പരിപൂർണ്ണ ജ്ഞാനമുണ്ടായിരുന്നു. ദൈവപുത്രൻ എന്ന നിലയിൽ അവിടുത്തേയ്ക്കു മററാർക്കും കഴിയാത്തവിധത്തിൽ തൻെറ പിതാവിൻെറ അനന്തപരിശുദ്ധിയും സ്നേഹവും കണ്ടെത്താൻ കഴിഞ്ഞു. പിതാവിനു തുല്യനായിരുന്നതിനാൽ അവിടുത്തേക്കു പിതാവിൽ പൂർണ്ണമായ ശരണമുണ്ടായിരുന്നു. തൻെറ ജീവാർപ്പണത്തിലൂടെ മാത്രമേ പിതാവിനു പൂർണ്ണമായ ആരാധന നല്കാൻ കഴിയൂ എന്നു് അവിടുന്നറിഞ്ഞിരുന്നു. മരിക്കുന്ന ക്രിസ്തു പരിശുദ്ധത്രിത്വത്തിൻേറതായ ദിവ്യസ്നേഹത്തിലൂടെ തൻെറ പിതാവിനെ സ്നേഹിച്ചു. പിതാവിൻെറ ഹിതമനുസരിച്ചു ജീവനെത്തന്നെ ബലികഴിച്ചുകൊണ്ടു് ക്രിസ്തു തൻെറ സ്നേഹത്തിൻെറ ആധിക്യം പ്രകാശിപ്പിച്ചു. ''അവിടുന്നു് ഏല്പിച്ച ജോലി ഞാനിതാ പൂർത്തിയാക്കിയിരിക്കുന്നു.'' (യോഹ. 17: 4).

## നാം പിതാവിനെ ആരാധിക്കുന്നു

ക്രിസ്തുവിനോടൊത്തു് പിതാവിനെ ആരാധിക്കാൻ മാമ്മോദീസയിലൂടെ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ അവകാശത്തിൻേറയും കടമയുടേയും നിർവ്വഹണത്തിനാവശ്യമുള്ള വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങളാം, ക്രിസ്തുനാഥൻ കൂദാശകളോടും പ്രസാദവരത്തോടുംകൂടെ, നമുക്കു ദാനംചെയ്യുന്നു. പിതാവിൻെറ യഥാർത്ഥമക്കളെപ്പോലെ പ്രവർത്തിക്കുന്നതിനു നമ്മെ യോഗ്യരാക്കത്തക്കവണ്ണം മേല്പറഞ്ഞ ദാനങ്ങളിലൂടെ ക്രിസ്തു നമ്മെ ദൈവികമായ ജീവിതമാർഗ്ഗത്തിലേയ്ക്കുയർത്തുന്നു. നാം ദൈവത്തിൻെറ യഥാർത്ഥസുതരായിബ്ഭവിക്കുന്നു.

## പ്രാർത്ഥനാജീവിതംവഴി നാം ദൈവത്തെ ആരാധിക്കുന്നു

ക്രിസ്തുവിൻേറയും ക്രിസ്ത്യാനികളുടേയും പ്രാർത്ഥന: ജീവിതകാലംമുഴവൻ ക്രിസ്തു പ്രാർത്ഥനയിലൂടെ സ്വപിതാവിനെ ആരാധിച്ചി

രുന്നു. അവിടുത്തെ പ്രാർത്ഥന പിതാവുമായുള്ള ഇടമുറിയാത്ത ഒരു സംഭാഷണമായിരുന്നു. തൻെറ പ്രാർത്ഥനകളിൽ അവിടുന്നു പിതാവിനു നന്ദിപറയുകയും സ്നേഹമർപ്പിക്കുകയും ചെയ്തു. ''സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയും നാഥനായ പിതാവേ, അങ്ങേയ്ക്കു ഞാൻ സ്തോത്രം അർപ്പിക്കുന്നു.'' (മത്താ. 11:25)

''പിതാവേ, അങ്ങെന്നെ ശ്രവിച്ചതിനാൽ ഞാനങ്ങേയ്ക്കു നന്ദിപറയുന്നു'' (യോഹ. 11:41). മററുള്ളവർക്കുവേണ്ടി ക്രിസ്തു മാപ്പപേക്ഷിക്കുകയുണ്ടായി: ''പിതാവേ, അവരോടു ക്ഷമിക്കണമേ!'' (ലൂക്കാ 23:24). താൻ ആരുടെ ഇടയിൽ വേലചെയ്തിരുന്നുവോ അവർക്കായി ക്രിസ്തു അനുഗ്രഹങ്ങൾ യാചിക്കുകയുംചെയ്തു: ''അങ്ങെന്നെ ഏല്പിച്ചവർക്കുവേണ്ടി......ഞാൻ പ്രാർത്ഥിക്കുന്നു.'' (യോഹ. 17:9)

ക്രിസ്തു ദൈവത്തെ 'ആബാ' (പിതാവേ), എന്നാണു വിളിച്ചിരുന്നതു്. ജ്ഞാനസ്നാനത്തിലൂടെ നാമും ദൈവപുത്രരായി ദത്തെടുക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് നമുക്കും ദൈവത്തെ 'ആബാ' (പിതാവേ) എന്നുവിളിക്കാം.

പിതാവിനോടു് എങ്ങനെയാണു് പ്രാർത്ഥിക്കേണ്ടതെന്നു ക്രിസ്തു നമ്മെ പഠിപ്പിച്ചു. ''നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ 'ഞങ്ങളുടെ പിതാവേ' എന്നു സംബോധനചെയ്യണം'' എന്നു് അവിടുന്നു പറഞ്ഞു. കർത്തൃപ്രാർത്ഥനയാണു് അത്യുത്തമമായ പ്രാർത്ഥന. അതിൽ നാം ദൈവത്തെ ആരാധിക്കയും സ്തുതിക്കയുംചെയ്യുന്നു. എല്ലാ ആവശ്യങ്ങളിലും പിതാവിൻെറ പക്കലേക്കു തിരിയുന്ന മക്കളുടെ വിശ്വാസം, സ്നേഹം, ശരണം ഇവയോടെ നാം അവിടുത്തെ വിളിച്ചപേക്ഷിക്കുന്നു. വിശ്വാസത്തോടും സ്നേഹത്തോടും പ്രതീക്ഷയോടുംകൂടെ പിതാവിനെ സമീപിക്കുന്ന ഒരു ശിശുവിൻെറ പ്രാർത്ഥനയായിരിക്കണം നമ്മുടേതു്. ക്രിസ്തു പ്രാർത്ഥിച്ചതുപോലെയായിരിക്കണം നാമും പ്രാർത്ഥിക്കുക. സ്തുതിയും കൃതജ്ഞതയും പ്രകാശിപ്പിച്ചുകൊണ്ടു്, ക്ഷമയാചിച്ചുകൊണ്ടു്, അനുഗ്രഹങ്ങൾ അപേക്ഷിച്ചുകൊണ്ടു് നമുക്കു സ്വാതന്ത്ര്യമായ ഭാഷയിൽ ദൈവത്തോടു പ്രാർത്ഥിക്കാം. അല്ലെങ്കിൽ, വിശുദ്ധഗ്രന്ഥത്തിലെ വാക്കുകളുപയോഗിക്കാം. അതുമല്ലെങ്കിൽ, സഭ നിർദ്ദേശിച്ചിട്ടുള്ള പ്രാർത്ഥനകൾ സ്വീകരിക്കാം. സർവ്വപ്രധാനമായ സംഗതി ദൈവത്തിൻെറ നേർക്കു നമ്മുടെ മനസ്സും ഹൃദയവും തുറന്നുവയ്ക്കണമെന്നതാണു്. വെറുതെ വാക്കുകൾ ഉരുവിട്ടാൽപോരാ.

സഭ ആരാധനക്രമത്തിലൂടെ പിതാവിൻെറ നേർക്കുള്ള ക്രിസ്തുവിൻെറ ആരാധന തുടരുകയാണു്. വിശുദ്ധ കർബാനയിലെ ബലിയർപ്പണമാണു്, നമുക്കു ചെയ്യാവുന്നതിൽവച്ചു് ഏററവും വലിയ

ആരാധന. പിതാവിനെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യു ന്നതിൽ കർബാനവഴി നമുക്കു ക്രിസ്തുവിനോടു ഗാഢമായി ഐക്യം പ്രാപിക്കാവുന്നതുമാണു്.

## ഓർമ്മിക്കാൻ

''കർത്താവേ, നീ സൃഷ്ടിച്ച സകല ജാതികളും നിന്റെ മുമ്പിൽ വന്നു നമസ്കരിക്കും. അവർ നിന്റെ നാമത്തെ മഹത്വ പ്പെടുത്തും. നീ വലിയവനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമാ കുന്നു. നീ മാത്രമാകുന്നു ദൈവം.'' (സങ്കീ. 85:9–10)

1. ഒന്നാം പ്രമാണം എന്തു കല്പിക്കുന്നു?
2. ദൈവത്തെ എങ്ങനെ ആരാധിക്കണം?
3. പ്രാർത്ഥനയെന്നാലെന്തു്?
4. നാം പ്രാർത്ഥിക്കുന്നതെന്തിനു്?

താഴെ പറയുന്ന പാപങ്ങൾ ചെയ്യുമ്പോൾ ഒരുവൻ ഒന്നാം പ്രമാണം ലംഘിക്കുന്നു:—

a) ദൈവാരാധനയ്ക്കെതിരായ പാപങ്ങൾ:

1) വിഗ്രഹാരാധന—വ്യാജദൈവങ്ങളെ ആരാധിക്കുക.
2) അന്ധവിശ്വാസം—ഏതെങ്കിലും വസ്തുവിനോ ജീവി ക്കോ ദൈവശക്തിയുണ്ടെന്നു കരുതുക.

b) വിശ്വാസത്തിനെതിരായ പാപങ്ങൾ:

1) പാഷണ്ഡത—കത്തോലിക്കവിശ്വാസത്തിലെ ഒ ന്നോ ഏറെയോ തത്വങ്ങൾ അംഗീകരിക്കാൻ കൂട്ടാ ക്കാതിരിക്കുക.
2) മതനിഷ്പക്ഷത—ഒരുമതം മറേറതൊരു മതത്തേ യുംപോലെ നന്നാണെന്നു വിശ്വസിക്കുക.
3) വിശ്വാസനിഷേധം—നിയമാനുസൃതരായ അധി കാരികൾ ചോദ്യം ചെയ്യുമ്പോൾ വിശ്വാസം ഏററു പറയാതിരിക്കുക.

c) ശരണത്തിനെതിരായ പാപങ്ങൾ:

1) മിഥ്യാപ്രതീക്ഷ—ദൈവസഹായംകൂടാതെ, സ്വപ്രയ ത്നംകൊണ്ടുമാത്രം, അഥവാ, സ്വപ്രയത്നംകൂടാതെ ദൈവസഹായംകൊണ്ടുമാത്രം രക്ഷപ്രാപിക്കാമെന്നു വിചാരിക്കുക.
2) നൈരാശ്യം — രക്ഷപ്രാപിക്കാനാവശ്യമായ സഹാ യം ദൈവം നമുക്കു തരുമെന്ന ശരണം വെടിയുക.

d) ഉപവിക്കെതിരായി ദൈവത്തേയും അയല്ക്കാരനേയും ദ്വേഷിക്കുകനിമിത്തമുള്ള പാപങ്ങൾ:

1) അലസത—നന്മ പ്രവൎത്തിക്കാനുള്ളമടി.

2) അസൂയ—മററൊരുത്തന്റെ നന്മ കാണുമ്പോഴുണ്ടാകുന്ന ദുഃഖം.

3) ഇടൎച്ച—മററൊരാളെ പാപത്തിലേക്കു നയിക്കുക.

## പന്ത്രണ്ടാം പീയൂസ് മാൎപ്പാപ്പയുടെ വാക്യങ്ങൾ

പന്ത്രണ്ടാം പീയൂസ് മാൎപ്പാപ്പ യുവജനങ്ങളോടു പറഞ്ഞു: ''നിങ്ങളുടെ വിശ്വാസം എന്തെന്നു ജീവിച്ചുകാണിക്കുവിൻ. ക്രിസ്തുവിൽ ജീവിക്കുവിൻ. അവിടുത്തെ വെളിച്ചത്തിലും ശക്തിയിലും പ്രസാദവരത്തിലും നിങ്ങളുടെ പ്രാൎത്ഥനകൾ പിതാവിങ്കലേയ്ക്കുയരട്ടെ.''

കുട്ടി അപ്പനോടെന്നതുപോലെയാണോ നീ ദൈവത്തോടു പ്രാൎത്ഥിക്കുന്നതു്?


## പ്രവൎത്തിക്കാൻ

കൈയ്നോട്ടം, പ്രശ്നംവയ്ക്കൽ, ശകുനം, ''ചള്ളിന്റെ ഉപദ്രവം'' മുതലായ അന്ധവിശ്വാസങ്ങൾക്കെതിരായി ദൈവത്തിൽ ആശ്രയിക്കാൻ ഞാൻ പ്രേരണ നല്കും.

12

# വിശുദ്ധരുടെ സഹപൗരർ

ദൈവത്തോടുള്ള നമ്മുടെ ബഹുമാനം അവിടുത്തെ ഉത്തമ സ്നേഹിതരായ വിശുദ്ധരേയും ബഹുമാനിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. വിശുദ്ധരുടെ രാജ്ഞിയായ മറിയത്തിന്റെ നേർക്ക് നാം പ്രത്യേക ബഹുമാനം പ്രദർശിപ്പിക്കുന്നു. എന്തെന്നാൽ, മനുഷ്യരക്ഷയ്ക്കായുള്ള ദൈവിക പദ്ധതിയിൽ അവൾ വളരെ അടുത്തു സഹകരിച്ചു.



''ഏലിശബാസ്ക് ആറുമാസം ഗർഭമായപ്പോൾ ഗലീലായിലെ നസ്രത്ത് എന്ന പട്ടണത്തിലേക്കു ദൈവം ഗബ്രിയേലിനെ അയച്ചു. അവിടെയാണ്, ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട യൗസേപ്പ് എന്നൊരാൾക്കു വിവാഹ നിശ്ചയം കഴിഞ്ഞിരുന്ന കന്യക വസിച്ചിരുന്നത്. കന്യകയുടെ പേരു മറിയം എന്നായിരുന്നു. ദൂതൻ കന്യകയുടെ മുൻപിൽവന്ന് ഇങ്ങനെ വന്ദിച്ചു: 'നന്മനിറഞ്ഞവളേ,

നിനക്കു സ്വസ്തി. സ്ത്രീകളിൽ അനുഗൃഹീതേ, കർത്താവ് നിന്നോടു കൂടെ!' ദൂതന്റെ ഈ സ്വസ്തിവചനം കേട്ടപ്പോൾ കന്യക അത്യന്തം സംഭ്രമിച്ച്, ഈ വന്ദനത്തിന്റെ ഔചിത്യം ഗ്രഹിക്കാതെ വിഷമിച്ചു. ദൂതൻ തുടർന്നു: 'മറിയമേ, പേടിക്കേണ്ടാ. ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. ഇതാ നീ ഒരു പുത്രനെ പ്രസവിക്കും. നീ അവനെ ഈശോ എന്നു പേരു വിളിക്കണം. അവൻ വലിയവനായിത്തീരും; അത്യുന്നതന്റെ പുത്രൻ എന്നറിയപ്പെടും. പിതാവായ ദാവീദിന്റെ സിംഹാസനം കർത്താവായ ദൈവം അവനു നല്കും; യാക്കോബിന്റെ ഗോത്രത്തിൽ രാജാവായി അവൻ എന്നേക്കും വാഴും. അവന്റെ രാജ്യം അനന്തമായിരിക്കയും ചെയ്യും.'

''എന്നാൽ മറിയം ദൂതനോടു ചോദിച്ചു: 'ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുകയില്ല.' ദൂതൻ പ്രതിവചിച്ചു: 'പരിശുദ്ധാത്മാവു നിന്നിൽ എഴുന്നരുളും. മഹോന്നതന്റെ പ്രഭാവം നിന്നെ ആവരണം ചെയ്യും. അതുനിമിത്തം നിന്റെ ഈ പരിശുദ്ധസന്താനം ദൈവത്തിന്റെ പുത്രൻ എന്ന് അറിയപ്പെടും'........മറിയം ഉത്തരം പറഞ്ഞു: 'ഇതാ, കർത്താവിന്റെ ദാസി! അങ്ങയുടെ വചനംപോലെ എന്നിൽ ഭവിക്കട്ടെ!' അതോടെ ദൂതൻ അവളെ വിട്ടുപോയി.'' (ലൂക്കാ 1:26–38)

നമ്മുടെ മാതാവായ സഭ ആഘോഷപൂർവ്വമായ തിരുനാൾകർമ്മങ്ങളിൽ സകല വിശുദ്ധരുടെ ലുത്തനിയാക്കുടി പലപ്പോഴും ചേക്കാറുണ്ട്. അവരോടൊപ്പം ക്രിസ്തുവിന്റെ സഹാവയവങ്ങളായ നമ്മെ സഹായിക്കുന്നതിനു സഭ വിശുദ്ധരോട് അപേക്ഷിക്കുന്നു, സ്വർഗ്ഗത്തിന്റെ ആനന്ദത്തിൽ ഒരു ദിവസം നാമും ഭാഗഭാക്കുകളാകുവാൻവേണ്ടി.

## വിശുദ്ധരെ എന്തിനു വണങ്ങുന്നു?

ഏററവും വിജയകരമായി ജീവിതം നയിച്ചിട്ടുള്ള സ്ത്രീപുരുഷന്മാരാണ് വിശുദ്ധർ. തങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം വീരോചിതമായി നിറവേററിയിട്ടുള്ളവരാണവർ. ക്രിസ്തുവിനെ അനുകരിച്ചുകൊണ്ട് ദൈവത്തെ അറിഞ്ഞു സ്നേഹിച്ചും സേവിച്ചും അവർ ജീവിച്ചു. ഭൂമിയിൽ അവർ പിതാവിനെ മഹത്വപ്പെടുത്തി; സ്വർഗ്ഗത്തിലും മഹത്വപ്പെടുത്തുന്നു. ''നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ '' (മത്തായി 5:48) എന്നു നാമെല്ലാവരേയും ആഹ്വാനംചെയ്ത ക്രിസ്തുവിനോടുകൂടെ അവർ ഇപ്പോൾ വാഴുന്നു.

വിശുദ്ധിയുടെ ഉറവിടമായ ക്രിസ്തുവിനോടു സാമ്യംവഹിക്കുന്നവരാണു പുണ്യവാന്മാർ. എന്നാൽ, എല്ലാവരും ഒന്നുപോലെയു

ള്ളവരല്ലതാനും. എല്ലാവിധത്തിലും പരിപൂർണ്ണനാണ് ക്രിസ്തു. അതിനാൽ, അവിടുത്തെ പരിശുദ്ധിയുടെ പരിപൂർണ്ണത മുഴുവനായി അനുകരിക്കുക ആർക്കും സാദ്ധ്യമല്ല. ഓരോ പുണ്യവാനും തൻെറ വ്യക്തിപരമായ വാസനകളും വരസിദ്ധികളും അനുസരിച്ച് ക്രിസ്തുവിൻെറ വിശുദ്ധിയിൽ ഏതെങ്കിലുമൊരംശം പ്രത്യേകമായി അനുകരിക്കുന്നു. ഉദാഹരണമായി, വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സി ക്രിസ്തുവിൻെറ ദാരിദ്ര്യാരൂപിയെയാണ് കൂടുതലായി പ്രതിഫലിപ്പിക്കുന്നത്; വിശുദ്ധ പൗലോസ് ആത്മാക്കൾക്കായുള്ള അവിടുത്തെ തീക്ഷ്ണതയേയും വിശുദ്ധ തോമസ് അക്വീനാസ് അവിടുത്തെ പ്രബോധകത്വത്തേയും വിശുദ്ധ ഫ്രാൻസീസ് കബ്രീനി രോഗികളോടും പീഡിതരോടുമുള്ള അവിടുത്തെ സ്നേഹത്തേയും സവിശേഷം അനുകരിക്കുന്നു.

ദൈവം വിശുദ്ധരിൽ തൻെറ പുത്രൻെറ സാദൃശ്യം കാണുന്നു. തന്നിമിത്തം, അവരിലൂടെ അത്യന്തം ബഹുമാനിതനാവുകയും ചെയ്യുന്നു. ''ഇവൻ എൻെറ പ്രിയപുത്രനാകുന്നു'' എന്നു് ഓരോ വിശുദ്ധനേയുംകുറിച്ച് അവിടുത്തേയ്ക്കു പറയാൻ കഴിയും. വിശുദ്ധരുടെ നാമധേയത്തിൽ നടത്തുന്ന അപേക്ഷകൾ സ്വീകരിക്കുന്നതുവഴി അവിടുന്നു അവരോടുള്ള തൻെറ പ്രതിപത്തി വെളിപ്പെടുത്തുന്നു. ചിലപ്പോൾ അവരുടെ മദ്ധ്യസ്ഥതവഴി അത്ഭുതങ്ങൾതന്നെയും നടക്കുവാൻ അവിടുന്നു് അനുവദിക്കുന്നു. പിതാവായ ദൈവം വിശുദ്ധരെ ഇങ്ങനെ ബഹുമാനിക്കുന്നുവെങ്കിൽ, നാമും അവരെ ബഹുമാനിക്കണം. അവർ ക്രിസ്തുവിൽ നമ്മുടെ ജ്യേഷ്ഠസഹോദരരാണ്.

## വിശുദ്ധരുടെ രാജ്ഞിയായ മറിയം

മറിയം സകല മാലാഖമാരേയും വിശുദ്ധരേയുംകാൾ മഹത്വമേറിയവളാണ്. കാരണം, അവൾ ദൈവത്തിൻെറ രക്ഷാപദ്ധതിയിൽ ഒരു പ്രത്യേക സ്ഥാനം വഹിക്കുന്നതിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവളത്രേ. ദൈവത്തിൻെറ മാതാവാകുന്നതിനാണവൾ സൃഷ്ടിക്കപ്പെട്ടതു്. മഹത്തായ ഈ പദവി അലങ്കരിക്കുന്നതിനാവശ്യകമായ വിശേഷാനുഗ്രഹങ്ങളും അവകാശങ്ങളും ദൈവം അവളിൽ വർഷിച്ചു. ആരംഭത്തിൽത്തന്നെ പ്രസാദവരം നല്കിക്കൊണ്ടു് ജന്മപാപക്കറയില്ലാതെ ദൈവം അവളെ സൃഷ്ടിച്ചു.

മറിയത്തിൻെറ ജീവിതം മുഴുവൻ പിതാവിൻെറ തിരുച്ചിത്തത്തിനു വിധേയമായിരുന്നു. ''നിൻെറ വചനംപോലെ എന്നിൽ ഭവിക്കട്ടെ!'' എന്ന വാക്കുകളിലൂടെ വീണ്ടെടുപ്പുകർമ്മത്തിൽ മുഴുവൻ ഭാഗഭാക്കാകുന്നതിനുള്ള തൻെറ സന്നദ്ധത അവൾ വെളിപ്പെടുത്തി.

## മറിയത്തിൻെറ മാതൃത്വം

മറിയത്തിൻെറ ജീവിതം മുഴുവൻ അവളുടെ ദിവ്യപുത്രനോടു ഗാഢമായി ബന്ധിക്കപ്പെട്ടിരുന്നു. ദുഃഖവെള്ളിയാഴ്ച ക്രിസ്തു പരമ പിതാവിനർപ്പിച്ച,ആത്മബലിയിൽ അവളും പങ്കുകൊണ്ടു. തൻെറ മനസ്സു തൻെറ തിരുക്കുമാരൻെറ മനസ്സിനോടു സംയോജിപ്പിച്ചുകൊണ്ടു്, വീണ്ടെടുപ്പുകർമ്മത്തിൽ അവൾ സഹകരിച്ചു. കാൽവരിയിൽ വച്ചു തിരുസ്സഭ ജന്മംകൊണ്ട അവസരത്തിൽ അവൾ നമ്മുടെ ആധ്യാത്മിക മാതാവായി പ്രഖ്യാപിക്കപ്പെട്ടു. ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അംഗങ്ങളായ നമ്മെ ഓരോരുത്തരേയും അവൾ തൻെറ സംരക്ഷണത്തിൽ ഏറ്റെടുത്തു.

ഈലോകജീവിതം അവസാനിച്ച ഉടനെ മറിയം ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടു. അങ്ങനെ എന്നേക്കുമായി അവൾ തൻെറ ദിവ്യപുത്രനോടു വീണ്ടും ഒന്നുചേർന്നു. ഈ സവിശേഷാനുഗ്രഹമാണു് മറിയത്തിൻെറ സ്വർഗ്ഗാരോപണം.

മറിയം തൻെറ മക്കളായ നമ്മെ മാതൃസഹജമായ വാത്സല്യത്തോടെ നോക്കിക്കൊണ്ടിരിക്കുന്നു. വീണ്ടെടുപ്പിൻെറ പ്രസാദവരങ്ങൾ സമ്പാദിക്കുന്നതിൽ മറിയം സഹകരിച്ചതിനാൽ, ആ പ്രസാദവരങ്ങൾ മനുഷ്യർക്കു വിതരണംചെയ്യുന്നതിലും അവൾ സഹകരിക്കണമെന്നു ദൈവം തിരുമനസ്സായിരിക്കുന്നു. നാം ആ ദിവ്യമാതാവിനോടു കൂടെക്കൂടെ പ്രാർത്ഥിക്കുകയും അവളുടെ തിരുനാളുകളിൽ വിശേഷ ഭക്ത്യാദരങ്ങൾ അർപ്പിക്കുകയും വേണം. ഡിസംബർ എട്ടാം തീയതി അവളുടെ അമലോത്ഭവമോർത്തു നാം ദൈവത്തെ സ്തുതിക്കുന്നു. ഓഗസ്റ്റ് പതിനഞ്ചാം തീയതി അവളുടെ സ്വർഗ്ഗാരോപണം നാം കൊണ്ടാടുകയും സ്വർഗ്ഗത്തിൽ അവളോടൊത്തുചേരുന്ന മഹനീയ ദിനത്തെ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

## ഓർമ്മിക്കാൻ

1. നാം എന്തിനു് വിശുദ്ധരെ ബഹുമാനിക്കുന്നു?
2. എങ്ങനെയാണു വിശുദ്ധരെ ബഹുമാനിക്കേണ്ടതു്?
3. ആരെങ്കിലും ജന്മപാപത്തിൽനിന്നു് ഒഴിവാക്കപ്പെട്ടിട്ടുണ്ടോ?
4. ആരുടെയെങ്കിലും മനുഷ്യശരീരം മഹത്വീകൃതമായി സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടിട്ടുണ്ടോ?

## ഇരുപത്തിമൂന്നാം ജോൺമാർപ്പാപ്പയുടെ വാക്കുകൾ

മാർപ്പാപ്പ പറഞ്ഞു: ''മറിയത്തെപ്പോലെ മറ്റൊരമ്മയുമില്ല. അവൾ നിങ്ങളിലോരോരുത്തരേയും തൻെറ ഹൃദയത്തോടു

ചേർത്താശ്ലേഷിക്കുന്നതിനായി തേടിനടക്കുന്നു. അവളുടെ ചുററും വസിക്കുമ്പോഠം നിങ്ങഠംക്കെല്ലാവക്കും സാഹോദര്യത്തിൽ പുരോഗമിച്ചുവെന്ന അനുഭവവുമുണ്ടാകും.''

## പാടാൻ

മാമകാത്മാവു വാഴ്ത്തിടുന്നു മ—
ഹോന്നതൻെറ മഹിമയെ;
ദാസിയാമെന്നെളിമയെത്തൃക്കൺ—
പാർത്തു ദേവൻ കരുണയാൽ.

ഇന്നുതൊട്ടു വരും തലമുറ—
യെന്നുമെന്നെ പുകഴ്ത്തിടും.
ശക്തനായവനെന്നിലത്ഭുത
കൃത്യമിങ്ങനെ ചെയ്കയാൽ

പാവനമായിടട്ടെ തൻതിരു—
നാമധേയമെന്നെന്നുമേ.
പേടിയോടു വസിച്ചിടും പുരു—
ഷാന്തരങ്ങളിൽത്തൻകൃപ
ത്തുകീടുന്നു മഹാബലൻ. ഗർവ്വ—
ശാലികഠംക്കിടിവാളവൻ.
വമ്പരെ മറിച്ചിട്ടു പീഠത്തി—
ലമ്പോടേററി വിനീതരെ;
തൃപ്തരാക്കി വിശക്കുവോരെ, ദ—
രിദ്രരാക്കി സമ്പന്നരെ;
സൽപ്പിതാക്കഠംക്കു നൽകിയവാക്കു
ഹൃത്തിലോർത്തു ദയാമയൻ.

തൻെറ മക്കളാം മിസ്രായേലിന—
മന്ദമേകിയനുഗ്രഹം.
മാമകാത്മാവു വാഴ്ത്തിടുന്നു മ—
ഹോന്നതൻെറ കരുണയെ.

## പ്രവർത്തിക്കാൻ

മാതാവിനോടുള്ള ഭക്തിയുടെ ചിഹ്നങ്ങഠം അന്യരുടെ ആക്ഷേപം സഹിക്കേണ്ടിവന്നാലും ഞാൻ ധരിക്കും.

മരിയൻസംഘടനകളിൽ സജീവമായി ഞാൻ പ്രവർത്തിക്കും.

# 13

## ദൈവനാമം പരിശുദ്ധമാകുന്നു

### രണ്ടാംപ്രമാണം

ഈശോയുടെ തിരുനാമം നമ്മുടെ അതിരററ ബഹുമാനത്തിനു പാത്രമാകുവാൻ കാരണമെന്തെന്നു വിശുദ്ധപൗലോസു വിവരിക്കുന്നുണ്ട്: ''ഈശോമിശിഹാ.....മനുഷ്യരൂപമെടുത്തു മരണംവരെ— ക്രൂശുമരണം വരെ— കീഴ്വഴങ്ങി. തന്മൂലം, സർവ്വേശ്വരൻ സകലനാമങ്ങൾക്കും ഉപരിയായി ഒരു നാമധേയം നല്കി, അവിടത്തെ സകലത്തിനുംമേലായി മഹത്വപ്പെടുത്തി. ഈശോ എന്ന പേരു കേൾക്കുമ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലും അധോലോകത്തിലുമുള്ള എല്ലാ മുട്ടുകളും മടങ്ങും. എല്ലാ നാവുകളും 'ഈശോമിശിഹാ കർത്താവാകുന്നു' എന്നു ദൈവമഹത്വത്തിനുവേണ്ടി ഏററുപറയുകയും ചെയ്യണം.'' (ഫിലി. 2: 5—11)



ദൈവത്തിനായി പ്രതിഷ്ഠിതരായ ആളുകളും സ്ഥലങ്ങളും വിശുദ്ധങ്ങളാണ്; ബഹുമാനാർഹങ്ങളുമാണ്. നമ്മുടെ കർത്താവു തൻെറ പരസ്യജീവിതകാലത്തു് ഈ വസ്തുത ദൃഢീകരിച്ചു. യഹൂദന്മാരുടെ പെസഹാത്തിരുനാൾ സമീപിച്ചപ്പോൾ ഈശോ ജെറൂസലത്തേയ്ക്കു തിരിച്ചു. അവിടെ ദൈവാലയത്തിനുള്ളിൽ

കച്ചവടക്കാർ കാളകളേയും ആടുകളേയും പ്രാക്കളേയും വിററുകൊണ്ടിരിക്കുന്നതും അവിടുന്നു കണ്ടു. കയറുകൊണ്ടു് ഒരു ചാട്ടയുണ്ടാക്കി അവിടുന്നു് അവരെയൊക്കെയും, ആടുകളേയും കാളകളേയും അടിച്ചുപുറത്താക്കി. വാണിഭക്കാരുടെ മേശകൾ തട്ടിമറിച്ചിടുകയും നാണയമെല്ലാം വാരിച്ചിതറിക്കളയുകയും ചെയ്തു. പ്രാക്കളെ വിററവരോടു് അവിടുന്നു് ആജ്ഞാപിച്ചു: 'ഇവയെല്ലാം ഇവിടന്നു കൊണ്ടുപോകുവിൻ. എൻെറ പിതാവിൻെറ ഭവനം ഒരു വാണിഭസ്ഥലമാക്കിത്തീക്കരുതു്.''' (യോഹ. 2:13--16)

''എൻെറ ഭവനം ഒരു പ്രാർത്ഥനാലയമെന്നു വിളിക്കപ്പെടണമെന്നു് എഴുതപ്പെട്ടിരിക്കുന്നു; എന്നാൽ, നിങ്ങൾ അതു കള്ളന്മാരുടെ ഒരു ഗുഹയാക്കിത്തീർത്തിരിക്കുന്നു.'' (മത്താ. 21:13)

## ദൈവനാമത്തോടുള്ള ആദരം

പഴയ നിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ട ജനതയ്ക്കു ദൈവത്തിൻെറ നാമത്തോടു വലിയ ആദരവ് ഉണ്ടായിരുന്നു. മഹാപുരോഹിതൻ മാത്രമേ യഹോവ എന്ന നാമം ഉച്ചരിച്ചിരുന്നുള്ളു. അതും വർഷത്തിലൊരിക്കൽ വിശുദ്ധിയുടെ വിശുദ്ധസ്ഥലത്തു പ്രവേശിക്കുമ്പോൾമാത്രം. ഈ നാമധേയം അദ്ദേഹത്തിൻെറ കിരീടത്തിന്മേൽ സ്വർണ്ണലിപികളിൽ എഴുതിവച്ചിരുന്നു. ദൈവം എല്ലാററിൻേറയും സ്രഷ്ടാവും നാഥനും ആണെന്നു ജനങ്ങളെ ഇതു് അനുസ്മരിപ്പിച്ചു. ഭക്ത്യാദരങ്ങളോടുകൂടെ അവിടുത്തെ തിരുനാമം വിളിക്കുമ്പോഴെല്ലാം അവിടുത്തെ സഹായം ലഭിക്കുമെന്നു് അവക്കറിയാമായിരുന്നു. രണ്ടാംപ്രമാണം അവർ കണിശമായി പാലിച്ചിരുന്നു—''ദൈവത്തിൻെറ നാമം നീ വൃഥാ പ്രയോഗിക്കരുതു്.''

പരിശുദ്ധത്രിത്വത്തിൻെറ രഹസ്യം വെളിപ്പെടുത്തിയതോടൊപ്പം ക്രിസ്തു തൻെറ സ്വന്തം നാമധേയത്തിൻെറ ശക്തിയും വെളിപ്പെടുത്തി. അവിടുന്നു പറഞ്ഞു: ''നിങ്ങൾ എൻെറ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെല്ലാം അവിടുന്നു നിങ്ങൾക്കു തരും.'' (യോഹ. 16:13)

ഈശോയുടെ നാമത്തിൽ അനേകം അത്ഭുതങ്ങൾ അപ്പസ്തോലന്മാർ ചെയ്തിട്ടുണ്ടു്. വിശുദ്ധ പത്രോസിൻെറ വാക്കുകളിൽ വേദപുസ്തകം നമ്മെ ഇങ്ങനെ അനുസ്മരിപ്പിക്കുന്നു: ''ആകാശത്തിനുകീഴെ നമ്മുടെ രക്ഷയ്ക്കുതകുന്ന മറെറാരു നാമവും മനുഷ്യനു നല്കപ്പെട്ടിട്ടില്ല.'' (നടപടി 4:12)

രണ്ടായിരം വർഷങ്ങളായി സഭ വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ ദൈവത്തിൻെറ നാമം വിളിച്ചുപോരുന്നു. പിതാ

വും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിൻെറ നാമത്തിലാണു നാം ജ്ഞാനസ്നാനം സ്വീകരിക്കുന്നതു്. ക്രിസ്തുവിൻെറ നാമത്തിൽ നമ്മുടെ പാപങ്ങരം മോചിക്കപ്പെടുന്നു. ഓരോ കുർബാനയിലും ക്രിസ്തുവിൻെറ പേരുവിളിച്ചു നാം അപേക്ഷിക്കുന്നു, സു വിശേഷത്തിലൂടെ നമ്മോടു സംസാരിക്കണമെന്നും നമ്മുടെ പ്രാർത്ഥന കേരംക്കണമെന്നും. പരിശുദ്ധാത്മാവിനോടു ചേർന്നുകൊണ്ടു കർത്താവായ യേശുക്രിസ്തുവഴി നമ്മുടെ പ്രാർത്ഥനകളെല്ലാം പിതാവായ ദൈവത്തിനു നാം സമർപ്പിക്കുന്നു.

## അനാദരം കാട്ടിയാൽ

ദൈവത്തിൻെറ നാമത്തോട് അനാദരം കാട്ടിയാൽ അതു സ്നേഹനിധിയായ അവിടുത്തോടുള്ള നന്ദികേടായിരിക്കും. അവിടുത്തെ നാമം കോപത്തോടുകൂടെയോ അക്ഷമയോടെയോ ഉപയോഗിക്കുന്നതും അനാദരംതന്നെ. ദൈവനാമത്തിൻെറ ഈദൃശമായ പ്രയോഗം സാധാരണഗതിയിൽ ഒരു ലഘുപാപമാണു്. അറിഞ്ഞുകൊണ്ടു്, മന:പൂർവ്വം, ദൈവനാമം ദുരുപയോഗിക്കുന്നതും ദൈവത്തെക്കുറിച്ചു മോശമായ കാര്യങ്ങരം പറയുന്നതും ഗൗരവാവഹമായ ദൈവദൂഷണമെന്ന പാപമാണു്. ആരെയെങ്കിലും എന്തിനെങ്കിലും ശപിക്കുന്നതും (പ്രാകുന്നതു) പാപമാകുന്നു.

ചില ഘട്ടങ്ങളിൽ സത്യപ്രതിജ്ഞകരംക്കായി നമുക്കു ദൈവനാമം ഉപയോഗിക്കേണ്ടിവരും. അതായതു്, നാം പറയുന്നതു സത്യമാണെന്നു സ്ഥാപിക്കുവാൻ ദൈവത്തെ സാക്ഷിയായി വിളിക്കേണ്ടിവരും. ശരിയായ കാരണമുള്ളപ്പോരം ബഹുമാനപൂർവ്വം കോടതിയിൽവച്ചും മററും അങ്ങനെ ചെയ്യുന്നതു് ഒരു ദൈവാരാധനതന്നെയാവും. എന്നാൽ, സത്യപ്രതിജ്ഞചെയ്തിട്ടു നുണപറയുന്നതു കള്ളസത്യമെന്ന മഹാപാപമാകുന്നു.

## വിശുദ്ധവസ്തുക്കളോടും വ്യക്തികളോടുമുള്ള ബഹുമാനം

a) ദൈവത്തിനു പ്രതിഷ്ഠിതരായ വ്യക്തികരം: വേദപുസ്തകം പറയുന്നു: പിതാവായ ദൈവം തൻെറ തിരുക്കുമാരനെ ഭൂമിയിലേക്കയച്ചതു്, ''സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സമസ്തവും മിശിഹായിൽ നവീകരിക്കണമെന്ന'' ഉദ്ദേശ്യത്തോടെയാണു് (എഫേ. 1:10). മനുഷ്യവർഗ്ഗത്തേയും സൃഷ്ടികളെ മുഴുവനേയും വീണ്ടെടുത്തു തൻെറ പിതാവിൻെറ ആരാധനയ്ക്കായി സമപ്പിക്കാനാണു ക്രിസ്തു വന്നതു്.

മാമ്മോദീസയിലൂടെ ക്രിസ്തു തൻെറ ജനങ്ങളെ ആരാധനയ്ക്കായി പ്രതിഷ്ഠിക്കുന്നു. എന്നാൽ ചിലരെ അവിടുന്നു വിശേഷാൽ പ്രതിഷ്ഠിക്കുന്നുണ്ടു്. മെത്രാന്മാരും വൈദികരും അഭിഷേകം ചെ

യ്യപ്പെടുന്നതു്, ക്രിസ്തുവിൻെറ നാമത്തിൽ പ്രവർത്തിക്കുന്നതിനാണു്. സന്യാസികളും സന്യാസിനികളും വ്രതാനുഷ്ഠാനം ചെയ്തുകൊണ്ടു് അവിടത്തെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനുമായി തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നു. സവിശേഷമായ ഈ പ്രതിഷ്ഠമൂലം പുരോഹിതന്മാരും സന്യാസികളും നമ്മുടെ പ്രത്യേക ബഹുമാനാദരങ്ങൾ അർഹിക്കുന്നുണ്ടു്.

b) ദൈവാരാധനയ്ക്കു പ്രതിഷ്ഠിതമായ സ്ഥലങ്ങളും വസ്തുക്കളും: സഭവഴി ക്രിസ്തു ചില സ്ഥലങ്ങളേയും വസ്തുക്കളേയും ആശീർവ്വദിച്ചു വിശുദ്ധീകരിച്ചിരിക്കുന്നു—പള്ളികൾ, അൾത്താരകൾ, തിരുപ്പാത്രങ്ങൾ, കൂദാശോപകരണങ്ങൾ എന്നിവ. ഇവയ്ക്കുംപുറമെ,ദൈനംദിന ജീവിതത്തിനു് ഉപയോഗമുള്ള വസ്തുക്കളേയും സഭ ആശീർവ്വദിക്കുന്നുണ്ടു്. വീടുകൾ, വാഹനങ്ങൾ മുതലായവ. എല്ലാ വസ്തുക്കളും ദൈവത്തിൻെറ മഹത്വത്തിനും ആരാധനയ്ക്കുമായി ഉപയോഗിക്കപ്പെടണമെന്നു സഭ ആഗ്രഹിക്കുന്നു.

ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ട ആളുകളും സ്ഥലങ്ങളും വസ്തുക്കളും വിശുദ്ധങ്ങളാണു്. അവയെ അവഗണനാപൂർവ്വം കൈകാര്യം ചെയ്യുന്നതു ദൈവദോഷമത്രേ. കൂദാശകളെ അയോഗ്യമായി സ്വീകരിക്കുന്നതും ഗൗരവാവഹമായ ദൈവദോഷം തന്നെ.

ദൈവത്തിൻെറ അനുഗ്രഹങ്ങൾക്കും ആശീർവ്വാദങ്ങൾക്കും നന്ദിയുള്ളവനായിരിക്കും, യഥാർത്ഥ ക്രിസ്ത്യാനി. ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട വസ്തുക്കളെ ബഹുമാനിക്കുന്നതുമൂലം അവൻ ദൈവത്തെത്തന്നെ ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്നു. സഭയോടൊന്നിച്ചു് അവനിങ്ങനെ പ്രാർത്ഥിക്കുന്നു:

''തൻെറ വചനത്താൽ എല്ലാ വസ്തുക്കളേയും വിശുദ്ധമാക്കിയ ദൈവമേ, ഈ സൃഷ്ടിയുടെമേൽ നിൻെറ അനുഗ്രഹം വർഷിക്കണമേ. നിൻെറ നിയമവും ഇംഗിതവും അനുസരിച്ചു്, നന്ദിയോടുകൂടെ ഈ വസ്തു ഉപയോഗിക്കുന്നവർക്കെല്ലാം നിൻെറ നാമത്തിൽ ശരീരാരോഗ്യവും ആത്മരക്ഷയും ലഭിക്കുമാറാകട്ടെ. നമ്മുടെ കർത്താവായ ഈശോമിശിഹാവഴി പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ, ആമ്മേൻ.''

(എല്ലാ വസ്തുക്കൾക്കായുമുള്ള ആശീർവ്വാദം)

## ഓർമ്മിക്കാൻ

''ആകാശത്തിനുകീഴെ നമ്മുടെ രക്ഷയ്ക്കുതകുന്ന മററൊരു നാമവും മനുഷ്യനു നല്കപ്പെട്ടിട്ടില്ല '' (നടപടി 4:12).

''ഈശോ എന്ന നാമം ശ്രവിക്കുമ്പോൾ സ്വർഗ്ഗഭൂമിപാതാളങ്ങളിലുള്ള എല്ലാ മുട്ടുകളും മടങ്ങണം'' (ഫിലി. 4;12).

''കർത്താവിൻെറ ദാസന്മാരേ, അവിടുത്തെ നാമം സ്തുതിക്കുവിൻ. കർത്താവിൻെറ നാമം ഇന്നുമുതൽ എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാകട്ടെ. സൂര്യൻെറ ഉദയംമുതൽ അസ്തമയംവരെ കർത്താവിൻെറ നാമം സ്തുതിക്കപ്പെടട്ടെ'' (സങ്കീ. 112: 1—3).

1. രണ്ടാംപ്രമാണം നമ്മോടെന്തു കല്പിക്കുന്നു?
2. ദൈവനാമം വ്യർത്ഥമായി ഉപയോഗിക്കരുതെന്നു പറഞ്ഞാൽ അർത്ഥമെന്താണ്?
3. ശാപം, അഥവാ, പ്രാക്ക് എന്നാലെന്ത്?
4. സത്യപ്രതിജ്ഞ എന്നാലെന്ത്?
5. ഒരാൾ ദൈവദോഷം ചെയ്യുന്നതെപ്പോൾ?

## പതിനൊന്നാം പീയൂസ് മാർപ്പാപ്പയുടെ വാക്കുകൾ

പതിനൊന്നാം പീയൂസ് മാർപ്പാപ്പ എഴുതി: ''നമ്മുടെ രക്ഷകൻെറ തിരുനാമത്തെക്കുറിച്ചുള്ള സൂചനപോലും ഒഴിവാക്കിക്കൊണ്ട് അനേകം രാഷ്ട്രങ്ങൾ അവിടുത്തെ അവമാനിക്കുമ്പോൾ അവിടുത്തെ രാജകീയപദവിയും അധികാരവും വിളംബരം ചെയ്യുക നമ്മുടെ കടമയാണ്. അവിടുത്തെ അവകാശങ്ങൾ നാം സ്ഥാപിക്കണം.''

ദൈവനാമത്തെ നിങ്ങൾ എങ്ങനെ ബഹുമാനിക്കുന്നു?

## പ്രവർത്തിക്കാൻ

ദൈവനാമം ഉച്ചരിക്കാത്ത രാഷ്ട്രങ്ങളിൽ ദൈവനാമം വഹിക്കുന്ന കൊടികൾ ഉയരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കും.

## പാടാൻ

പാവനം ദൈവനാമമെന്നെന്നും
പാടുകെന്നധരങ്ങളേ!
പാരിനീശനും രാജരാജനും
പൂരിതാഭനുമാണു നീ.

ഒന്നിനൊന്നായ്ക്കടന്നുപോകുന്ന
നിന്നെവാഴ്ത്തും തലമുറ,
കാരുണ്യാർദ്രനാണെന്നുമീശ്വരൻ
നീതിപൂർണ്ണനാണെന്തിലും.


(പാവനം ദൈവ......,.)

സൃഷ്ടികാം നിന്മഹിമ പാടുന്നു,
ഇഷ്ടദാസന്മാർ വാഴ്ത്തുന്നു;
വാക്കിൽ വിശ്വസ്തനാണു നീ, കർമ്മ–
പൂർത്തിയിൽപ്പരിശുദ്ധനും.

(പാവനം ദൈവ........)

നിന്നെ നിത്യം വിളിച്ചിടുന്നോർക്കു
വന്നരികിൽ വസിപ്പുനീ,
കേഴുവോർക്കു നീ മുക്തിയേകുന്നു
പ്രീതി ഭക്തർക്കു നൽകുന്നു.

(പാവനം ദൈവ........)



# 14

## കുടുംബപ്രാർത്ഥന

### മൂന്നാം പ്രമാണം

ജ്ഞാനസ്നാനത്തിൽ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേററ ക്രിസ്ത്യാനികൾ ഞായറാഴ്ചയെ ഒരു ''ചെറിയ ഉയിർപ്പുതിരുനാളാ''യി കൊണ്ടാടുന്നു. അതു കുടുംബാരാധനയുടേയും സഹോദര സ്നേഹത്തിൻേറയും ദിവസമാണു്. ഏ. ഡി. 150—ൽ വിശുദ്ധ ജസ്റ്റിൻ എഴുതി:

''ഞായറാഴ്ച നമ്മുടെ പൊതുസമ്മേളനദിവസമാണു്. എന്തെന്നാൽ, അന്നാണു് ദൈവം അന്ധകാരത്തേയും മൗലികപദാർത്ഥത്തേയും രൂപാന്തരപ്പെടുത്തി ലോകത്തെ സൃഷ്ടിച്ച പ്രഥമദിവസം. നമ്മുടെ കർത്താവു് മരിച്ചവരിൽനിന്നുയിർത്തെഴുന്നേററ ദിവസവും അതുതന്നെ.''

യഹൂദന്മാരുടെ സാബത്തുദിവസത്തിനു പകരം ക്രിസ്ത്യാനികൾ ഞായറാഴ്ച സ്വീകരിച്ചു. താൻ സാബത്തിൻെറ അധിപനാണെന്നു ക്രിസ്തു വെളിപ്പെടുത്തുകയും അതിൻെറ സമ്പൂർണ്ണമായ ആചരണം നമ്മെ പഠിപ്പിക്കുകയും ചെയ്തു.

''വിളഞ്ഞുകിടന്നിരുന്ന വയലിലൂടെ ഒരു സാബത്തുനാളിൽ ഈശോ കടന്നുപോകയായിരുന്നു. വിശന്നിരുന്ന ശിഷ്യന്മാർ കതിർ പറിച്ചു തിന്നുതുടങ്ങി. ഫരീസ്യർ ഇതുകണ്ടു്, 'അങ്ങയുടെ ശിഷ്യന്മാർ സാബത്തുദിവസത്തിൽ നിഷിദ്ധമായതു ചെയ്യുന്നതു കണ്ടോ?' എന്നു ചോദിച്ചു. ഈശോ അതിനു് ഇങ്ങനെ മറുപടിയരുളി: ദാവീദു ചെയ്തതെന്തെന്നു് നിങ്ങൾ വായിച്ചിട്ടില്ലേ?.......അദ്ദേഹം ദൈവാലയത്തിൽ പ്രവേശിച്ചു്, പുരോഹിതന്മാർക്കുള്ള വിശുദ്ധമായ അപ്പം എടുത്തു ഭക്ഷിച്ചു.....സാബത്തുനാളിൽ ദൈവാലയത്തിൽ ശുശ്രൂഷ നടത്തുന്ന പുരോഹിതന്മാർ സാബത്തു ലംഘിക്കുന്നതു കുററകരമല്ലെന്നു നിങ്ങൾ വായിച്ചിട്ടില്ലേ?.....എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രൻ സാബത്തിൻേറയും നാഥനാകുന്നു.'' (മത്തായി 12: 1–8)

''ഈശോ യാത്ര തുടർന്നു സിനഗോഗിൽ എത്തി. അവിടെ കൈ വരണ്ടുശോഷിച്ച ഒരാറം ഉണ്ടായിരുന്നു....'സാബത്തുദിവസം രോഗം സൗഖ്യമാക്കുന്നതു് അനുവദനീയമോ?' എന്നു് അവർ ഈശോയോടു ചോദിച്ചു. അവിടുന്നു് ഇങ്ങനെ മറുപടി നല്കി—'സാബത്തുനാളിൽ നന്മ ചെയ്യുന്നതു നിഷിദ്ധമല്ല.' അനന്തരം, അവിടുന്നു് ആ ശുഷ്കഹസ്തനോടു്, 'നിൻെറ കൈ നീട്ടുക' എന്നു കല്പിച്ചു. അവൻ കൈനീട്ടിയപ്പോറം അതു മറേറക്കൈപോലെ ആരോഗ്യം പ്രാപിച്ചു.'' (മത്തായി 12:9–13)

## കർത്താവിൻെറ ദിവസം ആചരിക്കുന്നതെന്തിനു്?

### പഴയനിയമത്തിൽ

പഴയനിയമത്തിൻ ഒരു പ്രത്യേകവിധം തന്നെ ആരാധിക്കണമെന്നു ദൈവം കല്പിച്ചു: ''സാബത്തുദിവസം ശുദ്ധമായി ആചരിക്കുവാൻ മറക്കരുതു്'' എന്നായിരുന്നു ആ കല്പന. യഹൂദന്മാർ ശനിയാഴ്ചയാണു് സാബത്താചരിച്ചിരുന്നതു്. ദൈവം തൻെറ സൃഷ്ടികർമ്മം പൂർത്തീകരിച്ചതിൻെറ ഓർമ്മ അന്നു് അവർ കൊണ്ടാടിയിരുന്നു. ഈജിപ്തിലെ അടിമത്തത്തിൽനിന്നു ദൈവം തങ്ങളെ മോചിപ്പിച്ചതിൻേറയും അവിടുന്നു തങ്ങളോടു് ഒരു കരാറിലേപ്പെട്ടതിൻേറയും ഓർമ്മ അന്നു് അവർ ആചരിച്ചു.

തന്നെ ആരാധിക്കുന്നതിനായി ദൈവം ചില ഒഴിവുദിവസങ്ങറം പഴയനിയമത്തിൽ നിർദ്ദേശിച്ചുകൊടുത്തു. എങ്ങനെയാണു തന്നെ ആരാധിക്കേണ്ടതെന്നും അവിടുന്നു് അവർക്കു പറഞ്ഞുകൊടുത്തു. അതനുസരിച്ചു് അവർ സംഘംചേർന്നു് ദൈവാലയത്തിൽ വച്ചു ബലികറം സമർപ്പിച്ചിരുന്നു. അവർ ഒന്നിച്ചു പ്രാർത്ഥിക്കുകയും സിനഗോഗുകളിൽ വിശുദ്ധഗ്രന്ഥം വായിക്കുകയും ചെയ്തുവന്നു. ശനിയാഴ്ചദിവസങ്ങളും മററു വിശുദ്ധ ദിവസങ്ങളും പൂർണ്ണമായി ദൈവാരാധനയ്ക്കു പ്രതിഷ്ഠിതങ്ങളായിരുന്നു. ദൈവത്തിൽനിന്നു ശ്രദ്ധയകററുന്ന കാര്യങ്ങറം ചെയ്യാതിരിക്കുവാൻ അവർ പരിശ്രമിച്ചിരുന്നു.

### പുതിയനിയമത്തിലെ ആചരണം

യഹൂദന്മാരുടെ സാബത്തിനു പകരം അപ്പോസ്തലന്മാർ ഞായറാഴ്ച ആചരിക്കുക എന്ന പതിവു് ഏർപ്പെടുത്തി. പ്രാചീന ക്രിസ്ത്യാനികറം ഓരോ ഞായറാഴ്ചയും ഒരുമിച്ചുചേർന്നു ദിവ്യബലിയിൽ പങ്കുകൊണ്ടിരുന്നു. ക്രിസ്തുവിൽ പുതുജീവിതം ലഭിച്ചതിനു് അവർ

ദൈവത്തിനു നന്ദി പറയുകയും ഈ പുതുജീവനിൽ അവർ വളർന്നു വരുവാൻ വിശുദ്ധഭോജനം അനുഭവിക്കുകയും ചെയ്യുവന്നു.

മൂന്നാംപ്രമാണത്തിൻെറ ചൈതന്യം നിലനിർത്തിക്കൊണ്ടു് ഞായറാഴ്ച കർത്താവിൻെറ ദിവസമായി ആചരിക്കാൻ സഭ നമ്മെ കടപ്പെടുത്തിയിരിക്കുന്നു. ക്രിസ്തു മരണാനന്തരം ഉയിർത്തതും മാമ്മോദീസയിലൂടെ പാപത്തിൽനിന്നു നാം പുനർജ്ജീവിച്ചതും ഈ ദിവസം ആഹ്ലാദപൂർവ്വം നാം അനുസ്മരിക്കുന്നു. പഴയനിയമത്തിലൂടെ ദൈവം ഇസ്രായേൽക്കാർക്കു നൽകിയ ഉടമ്പടിയുടെ പൂർത്തീകരണം നാം ആഘോഷിക്കുന്നു. ക്രിസ്തുവിലൂടെയുള്ള നമ്മുടെ വീണ്ടെടുപ്പ് നാം കൊണ്ടാടുന്നു.

ക്രിസ്തുവിലും അവിടുത്തെ അധികാരത്തിലും ദൈവത്തിനു പ്രതിഷ്ഠിക്കേണ്ട മററു ദിവസങ്ങളും സഭ നിശ്ചയിച്ചിട്ടുണ്ടു്. അവയെ എങ്ങനെ ആചരിക്കണമെന്നും സഭ നിഷ്കർഷിക്കുന്നുണ്ടു്. അന്നു് ഒരു കുടുംബമെന്ന നിലയിൽ നാമൊരുമിച്ചുചേർന്നു ക്രിസ്തുവിനോടും തമ്മിൽത്തമ്മിലും യോജിച്ചുകൊണ്ടു് വിശുദ്ധബലി അർപ്പിക്കണം. ഞായറാഴ്ചയോ മററു കടമുള്ള ദിവസമോ തക്കകാരണം കൂടാതെ മനഃപൂർവ്വം വിശുദ്ധ ബലിയർപ്പണത്തിൻ പങ്കെടുക്കാതിരിക്കുന്നതു നമ്മുടെ സ്രഷ്ടാവും നാഥനുമായ ദൈവത്തോടു ചെയ്യുന്ന നിന്ദനമാണു്. ആണ്ടുവട്ടം മുഴുവനും ആരാധനാവസരത്തിൽ ക്രിസ്തുവിൻെറ രക്ഷാകരകർമ്മത്തെ സഭ നമ്മെ അനുസ്മരിപ്പിക്കുന്നു. ചില പ്രത്യേകദിവസങ്ങളിൽ എല്ലാവരും ദിവ്യബലിയിൽ പങ്കെടുക്കണമെന്നു് സഭ കല്പിക്കുന്നു. പ്രസ്തുതദിവസങ്ങളാണു് ഞായറാഴ്ചകളും കടമുള്ള തിരുനാളുകളും.

## കർത്താവിൻെറ ദിവസം എങ്ങനെ ആചരിക്കണം?

1947 സെപ്റ്ററംബർ 7—ാംതീയതി വിശുദ്ധ പത്രോസിൻെറ ദൈവാലയത്തിൻെറ അങ്കണത്തിൽ തടിച്ചുകൂടിയ കത്തോലിക്ക പ്രവർത്തകരെ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ ആഹ്വാനം ചെയ്തു, ആധുനിക മനുഷ്യസമുദായത്തിൽ ക്രിസ്തുവിനെ അവതരിപ്പിക്കുന്നതിനുള്ള പ്രയത്നം തുടരുവാൻ. മററു പല കാര്യങ്ങളുടെ കൂട്ടത്തിൽ ഞായറാഴ്ച ദിവസത്തിൻെറ വിശുദ്ധി വീണ്ടെടുക്കുവാൻ അവിടുന്നു് അവരെ ശക്തമായി ഉൽബോധിപ്പിച്ചു. കാരണം, ആധുനികലോകത്തിൽ അനേകം ആളുകൾ ഞായറാഴ്ച ദിവസത്തിനു ഒരു പ്രത്യേക വിശുദ്ധിയും കല്പിക്കുന്നില്ല. അദ്ദേഹം പറഞ്ഞു: ''ഞായറാഴ്ച വീണ്ടും കർത്താവിൻെറ ദിവസമായിത്തീരണം. അതു് ദൈവമഹത്വത്തിനും വിശുദ്ധ ബലിയർപ്പണത്തിനും പ്രാർത്ഥനയ്ക്കും വിശ്രമ

ത്തിനും ധ്യാനത്തിനും ആത്മശോധനയ്ക്കും കുടുംബാംഗങ്ങളുടെ ആനന്ദ കരമായ പുനസ്സമാഗമത്തിനുംവേണ്ടി നീക്കിവയ്ക്കപ്പെട്ടിട്ടുള്ളദിവസ മായിത്തീരണം.''

## പ്രാർത്ഥനയുടെ ദിവസം

ഞായറാഴ്ച വിശുദ്ധമായി ആചരിക്കുന്നതിനുള്ള പ്രഥമമാർഗ്ഗം, ദിവ്യബലിയിൽ ഭാഗഭാക്കാവുകയാണ്. വിശുദ്ധബലിയിൽ സ്നേഹത്തിന്റെ ഒരു പരസ്പരകൈമാററമുണ്ട്. ക്രിസ്തുവിനേയും ക്രിസ്തുവിനോടൊന്നിച്ചുനമ്മെത്തന്നേയും പിതാവിനു നാം അർപ്പിക്കുന്നു. സ്നേഹത്തിന്റെ ഒരു പ്രതീകമെന്ന നിലയിൽ പിതാവു തന്റെ സ്വന്തം ദിവ്യപുത്രനെ ദിവ്യകാരുണ്യത്തിലൂടെ




നമുക്കു നല്കുന്നു. ദൈവാലയത്തിൽനിന്നു പോന്നതിനുശേഷം ഈ സ്നേഹം നമ്മുടെ വീട്ടിലും സ്കൂളിലും പരിസരങ്ങളിലുമുള്ളവർക്കു പകർന്നുകൊടുക്കാൻ നമുക്കു കടമയുണ്ട്.

നമ്മുടെ പൂർണ്ണശ്രദ്ധയുടെയും കേന്ദ്രം ദൈവംതന്നെ ആയിരിക്കുവാൻവേണ്ടി നാം അത്യാവശ്യമില്ലാത്ത അടിമവേലകളൊഴിവാക്കിക്കൊണ്ട് താദൃശവിശുദ്ധദിവസങ്ങൾ ആചരിക്കണമെന്നു സഭ ബുദ്ധിപൂർവ്വം നമ്മോടു കല്പിച്ചിരിക്കുന്നു. വിശ്രമിക്കുന്നതിനും ക്രിസ്തീയസ്നേഹചൈതന്യത്തിൽ വ്യാപരിക്കുന്നതിനും ആ

ദിവസം നമുക്കു് ഉപകരിക്കണം എന്നാണു് സഭയുടെ അഭിലാഷം. നമ്മുടെ വിചാരങ്ങാം ദൈവത്തിലേക്കും സ്വർഗ്ഗഭാഗ്യങ്ങളിലേക്കും ഉയർത്തണമെന്നു് അവാം ആവശ്യപ്പെടുന്നു.

## കുടുംബൈക്യത്തിൻെറ ദിനം

ഞായറാഴ്ചദിവസം കുടുംബാംഗങ്ങാം ഒന്നിച്ചുചേർന്നു സൃഷ്ടിയുടെ ദാനങ്ങാംക്കു ദൈവത്തിനു നന്ദിപറയുകയും അവിടുത്തെ സ്തുതിക്കുകയും ചെയ്യണം. പരസ്പരസാന്നിദ്ധ്യമാസ്വദിക്കാനുള്ള ഐക്യത്തിൻെറ ദിവസവുമാണതു്. അതു കുടുംബവിശ്രമത്തിൻെറ ദിവസമാണു്. ബന്ധുക്കളേയും സ്നേഹിതരേയും രോഗികളേയും ദരിദ്രരേയും സന്ദർശിക്കുവാനുള്ള ദിവസവും അതുതന്നെ. പ്രകൃതിസൗന്ദര്യത്തിൽ ദൈവമഹത്വം കണ്ടാസ്വദിക്കുവാനും, സംഗീതം, ചിത്രങ്ങാം, പുസ്തകങ്ങാം, കളികാം മുതലായവയിലൂടെ മനസ്സിനെ സമ്പന്നമാക്കുവാനും ആ ദിവസം വിനിയോഗിക്കാം. അങ്ങനെ ചെയ്താൽ, സഭാംഗങ്ങളായ നമ്മിലൂടെ ആദ്യത്തെ ഉയിർപ്പുതിരുനാളിൻെറ സന്തോഷവും ക്രിസ്തുവിൻെറ സ്നേഹവും ലോകത്തിൽ നിലനിൽക്കും.

ഓരോ ഞായറാഴ്ചയും ഉയിർപ്പുതിരുനാളിൻെറ വാഗ്ദാനങ്ങളിലുള്ള പ്രതീക്ഷ—അവസാനത്തെ ഉയിർപ്പിനെക്കുറിച്ചുള്ള പ്രതീക്ഷ—നമ്മിൽ വളർത്തുന്നു. ഞായറാഴ്ചദിവസം പൂർണ്ണമായാചരിക്കുക എന്നുവച്ചാൽ ക്രിസ്ത്യാനിയായി ജീവിക്കുക എന്നുതന്നെയർത്ഥം.

## ഓർമ്മിക്കാൻ

''ഇതു ദൈവം സൃഷ്ടിച്ച ദിവസമാണു്. നമുക്കിതിൽ സന്തുഷ്ടരായിരിക്കയും ആഹ്ലാദിക്കയും ചെയ്യാം'' (സങ്കീ. 117:24).

''സൈന്യങ്ങളുടെ കർത്താവേ, നിൻെറ വാസസ്ഥലം എത്ര മനോഹരം!...... നിൻെറ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ'' (സങ്കീ. 83:2–5).

1. മൂന്നാംപ്രമാണം നമ്മോടെന്തു കല്പിക്കുന്നു?
2. ഞായറാഴ്ച എങ്ങനെ ദൈവത്തെ ആരാധിക്കണമെന്നാണു് സഭയുടെ കല്പന?
3. മൂന്നാംപ്രമാണത്താൽ എന്തു വിലക്കിയിരിക്കുന്നു?
4. അടിമവേലയെന്നാലെന്തു്?

## സംസാരിക്കുന്ന സംഭവം

### നമ്മുടെ വിലയേറിയ സ്വത്ത്

ഇംഗ്ലണ്ടിൽ കത്തോലിക്കമതമർദ്ദനം നടക്കുന്ന കാലം. ഒരു അല്മായനെ പിടിച്ച് കോടതിയിൽ ഹാജരാക്കി. ജഡ്ജി അവനെ ശകാരിച്ചു; ''വീട്ടിൽവച്ച് കത്തോലിക്കരുടെ കുർബാനയർപ്പിക്കുന്നതു ക്രിമിനൽക്കുറ്റമാണെന്നറിഞ്ഞുകൂടേ? അതിൽ ശുശ്രൂഷകനായി സംബന്ധിക്കുവാൻ നിങ്ങൾക്കു ലജ്ജയില്ലേ?'' ജഡ്ജി കുറ്റപത്രം മുഴുവൻ വായിച്ചുകഴിയുന്നതുവരെ ആ അല്മായൻ ശാന്തനായി കേട്ടുനിന്നു. കുറ്റങ്ങളെല്ലാം അയാൾ സമ്മതിച്ചു.

അഞ്ഞൂറു പവൻ പിഴയായി വിധിച്ചു. ഉടനേ ആ അല്മായൻ മുന്നോട്ടുവന്നു. ശിക്ഷയുടെ തുകയെക്കാൾ വിലയുള്ള ചില പഴയനാണയങ്ങൾ കോടതിക്കു സമർപ്പിച്ചു. ജഡ്ജി അത്ഭുതപ്പെട്ടു. ''കിട്ടാൻ പ്രയാസമായ ഈ വിലപ്പെട്ട നാണയങ്ങൾ എന്തുകൊണ്ട് നിങ്ങൾ ഇവിടെ തരുന്നു?''

''പ്രഭോ, മറ്റൊന്നും ചെയ്യാൻ എനിക്കു നിവൃത്തിയില്ല. എന്റെ വീട്ടിൽവച്ചു കുർബാനചൊല്ലാൻ ഇടയാക്കിയതിനു പകരം നൽകാൻ തക്ക വിലയുള്ള ഒരു നാണയവും എന്റെ പക്കലില്ല.''

### ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പയുടെ ഒരെഴുത്ത്

ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പ എഴുതി: ''മുമ്പു നമ്മുടെ ഇടവകകളിൽ എത്ര തീക്ഷ്ണതയോടും ആഡംബരത്തോടും കൂടെയാണ് ഞായറാഴ്ചകൾ ആചരിക്കപ്പെട്ടിരുന്നത്! യഥാർത്ഥവും ശാന്തിപ്രദവുമായ ആഹ്ലാദത്തിൽ, ധ്യാനത്തിൻേറയും മതബോധനത്തിൻേറയും, കുർബാനയുടെ ചൈതന്യത്താൽ പ്രേരിതമായ സൽക്കർമ്മങ്ങളുടേയും ദിവസമായിരുന്നു അത്. സാബത്തും ക്രിസ്തീയ വിശുദ്ധദിവസങ്ങളും പുണ്യമായി ആചരിക്കുന്നതിനുള്ള ദൃഢനിശ്ചയം വിദൂരചക്രവാളങ്ങൾവരെ പരക്കട്ടെ.''

ഞായറാഴ്ച വിശുദ്ധമായി ആചരിക്കാൻ നിങ്ങൾ എന്തു ചെയ്യും?

## പ്രവർത്തിക്കാൻ


ഞായറാഴ്ച ദൈവാരാധനയ്ക്കും പരോപകാരപ്രവൃത്തികൾക്കുമായി ഞാൻ നീക്കിവയ്ക്കും.

# 15

## ദൈവത്തിൻെറ പ്രതിപുരുഷന്മാർ

### നാലാംപ്രമാണം

ദൈവത്തിൻെറ പ്രതിപുരുഷന്മാരായ മാതാപിതാക്കളേയും മേലധികാരികളേയും ബഹുമാനിച്ചുകൊണ്ടു നാം അവിടുത്തെ അധികാരത്തെ അംഗീകരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. അവരിലൂടെ നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യുന്നതു ദൈവമാണ്. ''കുട്ടികളേ, നിങ്ങളുടെ മാതാപിതാക്കന്മാരെ കർത്താവിൽ നിങ്ങൾ അനുസരിക്കുവിൻ. അതു് ഉചിതമാകുന്നു. നിൻെറ പിതാവിനേയും മാതാവിനെയും ബഹുമാനിക്കണം എന്നതു പ്രാഥമികകല്പനയാണ്. അതിനോടു് ഒരു വാഗ്ദാനം ചേർന്നിരിക്കുന്നു; അതായതു്, അങ്ങനെ ചെയ്താൽ നിനക്കു നന്മയുണ്ടാകും; ഭൂമിയിൽ നീ ദീർഘായുഷ്മാനായിരിക്കും.''



(എഫേ. 6: 1—3)

''ദൈവത്തെപ്രതി എല്ലാവർക്കും വിധേയരായിരിക്കുവിൻ. ഉന്നതാധികാരിയായ രാജാവിനേയും, ദുഷ്ടരെ ശിക്ഷിക്കാനും നല്ലവരെ അഭിനന്ദിക്കാനുമായി അദ്ദേഹം അയയ്ക്കുന്ന നാടുവാഴികളേയും അനുസരി

ക്കവിൻ. നിങ്ങറം നന്മചെയ്ത വിഡ്ഢികളെ നിശ്ശബ്ദരാക്കണം എ ന്നതാണ ദൈവേഷ്ടം. സ്വതന്ത്രരായും എന്നാൽ സ്വാതന്ത്ര്യത്തെ തിന്മയ്ക്കൊരാവരണമാക്കാതെ ദൈവത്തിൻെറ ദാസന്മാരായും ജീവി ക്കവിൻ. സകലരെയും ബഹുമാനിക്കയും സഹോദരന്മാരെ സ്നേ ഹിക്കയും ദൈവത്തെ ഭയപ്പെടുകയും രാജാക്കന്മാരെ മാനിക്കയും ചെയ്യവിൻ.'' (i പത്രോസ് 2:13–17)

''അതിനാൽ ഞാൻ പ്രഥമത: നിർബ്ബന്ധപൂർവ്വം ഉദ്ബോ ധിപ്പിക്കുന്നു: സർവ്വമനുഷ്യർക്കുംവേണ്ടി അപേക്ഷകളും യാചനകളും മാദ്ധ്യസ്ഥ്യപ്രാർത്ഥനകളും സ്തോത്രങ്ങളും അർപ്പിക്കവിൻ, പുണ്യ വും സുകൃതവും അഭ്യസിച്ച് പ്രശാന്തവും സമാധാനപരവുമായ ഒരു ജീവിതം നയിക്കവാൻ നമുക്കേവർക്കും സാദ്ധ്യമാകേണ്ടതിനു്.''

(i തിമോ. 2:1–2)

## ക്രിസ്തുവിൻെറ ഭരണം

ക്രിസ്തുവിൻെറ രാജത്വത്തിരുന്നാളിൽ തിരുസ്സഭ പ്രാർത്ഥിക്കു ന്നതു്, ''എല്ലാ മനുഷ്യരും ദൈവത്തിൻെറ പദ്ധതിയോടു സഹ കരിച്ച നമ്മുടെ രാജാവായ ക്രിസ്തുവിൻെറ ഭരണത്തിൽ ഒരുമിച്ച ജീവിക്കട്ടെ'' എന്നാണ്.

സമൂഹമായി ജീവിക്കവാനാണ ദൈവം നമ്മെ സൃഷ്ടിച്ചതു്. ജനനവേളയിൽത്തന്നെ നാം നമ്മുടെ കുടുംബത്തിൻെറയും രാഷ്ട്ര ത്തിൻെറയും മനുഷ്യവംശത്തിൻെറയും അംഗങ്ങളായിത്തീരുന്നു.

ജ്ഞാനസ്നാനസമയത്തു ക്രിസ്തുവിൻെറ മൗതികശരീരമായ സഭയിൽ നമുക്കു് അംഗത്വം ലഭിക്കുന്നു. ഈ സമൂഹങ്ങളുടെയെ ല്ലാംമേൽ ക്രിസ്തു ഭരണം നടത്തുന്നു.

''നിൻെറ മാതാപിതാക്കന്മാരെ ബഹുമാനിക്കുക'' എന്ന പ്ര മാണംവഴി നമ്മുടെ പരസ്പരബന്ധങ്ങറംക്കു് ദൈവം മാർഗ്ഗദർശനം നല്കുന്നു. നമ്മുടെ മാതാപിതാക്കളെയും മററു മേലധികാരികളേ യും സ്നേഹിക്കണമെന്നും അനുസരിക്കണമെന്നും ബഹുമാനിക്കണ മെന്നും അവിടുന്നു കല്പിക്കുന്നു.

## കുടുംബത്തിൽ ക്രിസ്തുവിൻെറ ഭരണം

ഒരു കുടുംബത്തിൻെറ അംഗമായി ജനിക്കാൻ ക്രിസ്തു തിരുമന സ്സായതോടുകൂടെ അവിടുന്നു് കുടുംബത്തെ വിശുദ്ധീകരിച്ചു. യൗ സേപ്പിലും മറിയത്തിലും അവിടുന്നു് തൻെറ സ്വർഗ്ഗീയപിതാവി ൻെറ അധികാരം ദർശിച്ചു. ഓരോ ക്രൈസ്തവകുടുംബത്തിൻെറ

യും വിശുദ്ധിയും മഹത്വവും എന്തായിരിക്കണമെന്നു്, ഈശോ മറിയത്തോടും യൗസേപ്പിനോടുംകൂടെ ജീവിച്ചുകൊണ്ടു് ഉത്തമമാംവിധം കാണിച്ചുതന്നിരിക്കുന്നു.

കുടുംബം സഭയിലെ ഏററം ചെറിയ ഘടകമാണു്. ഒരു ക്രിസ്തീയകുടുംബത്തിൻെറ നാഥനായ പിതാവു് ക്രിസ്തുവിൻെറ സ്ഥാനം വഹിക്കുന്നു. മാതാവു് സഭയുടെ സ്ഥാനം വഹിച്ചുകൊണ്ടു് അതിൻെറ ഹൃദയമായി ശോഭിക്കുന്നു. കുഞ്ഞുങ്ങളാണു് കുടുംബത്തിൻെറ അംഗങ്ങൾ. അവരിലൂടെയാണു് ക്രിസ്തു വളർന്നുവരേണ്ടതു്. ഓരോ കുടുംബവും ഭൂമിയിൽ ദൈവത്തിൻെറ ഒരു ചെറിയ രാജ്യമത്രേ.

ഒരു യഥാർത്ഥ ക്രിസ്തീയകുടുംബം സ്നേഹത്തിൽ സംയോജിച്ചിരിക്കും. നമ്മുടെ മാതാപിതാക്കന്മാർ നമ്മെ സ്നേഹിക്കുകയും സംരക്ഷിക്കുകയും തിരുത്തുകയും ചെയ്യുന്നു. പക്വതപ്രാപിച്ച ക്രിസ്ത്യാനികളായിത്തീരുന്നതിനുവേണ്ട പരിശീലനം അവർ നമുക്കു നല്കുന്നു. ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും അവർ നമുക്കു മാർഗ്ഗദർശനമരുളുന്നു. ഭൂമിയിലും സ്വർഗ്ഗത്തിലും ഉത്തമപൗരന്മാരായിത്തീരാൻ നമ്മെ അവർ ഒരുക്കുന്നു.

## മക്കൾ

ഈ സേവനങ്ങൾക്കു പകരമായി ക്രിസ്തുവിൻെറ സമാധാനം നമ്മുടെ ഭവനത്തിലേയ്ക്കു കൊണ്ടുവരുന്നതിനു മാതാപിതാക്കന്മാരോടൊത്തു പ്രവർത്തിക്കുന്നതിനുള്ള അവകാശം മക്കൾക്കു ലഭിക്കുന്നു. സന്തോഷവും സൗഹാർദ്ദവും ദയയും നാമെല്ലായിടത്തും പരത്തണം. ക്ഷമിക്കാനും സഹിക്കാനും നാം പരിശീലിക്കണം. നമ്മുടെ സ്വന്തം ആഗ്രഹങ്ങളടക്കി നമ്മുടെ കുടുംബത്തിലെ അംഗങ്ങളെ സഹായിക്കാൻ നാം സന്നദ്ധരായിരിക്കണം.

മാതാപിതാക്കളോടുള്ള നമ്മുടെ സ്നേഹം കാണിക്കേണ്ടതു് സന്തോഷപൂർവ്വം അവരെ അനുസരിച്ചുകൊണ്ടും, ഹൃദയംഗമമായി അവരെ ബഹുമാനിച്ചുകൊണ്ടുമാണു്. നമ്മുടെ സ്നേഹിതന്മാരെക്കുറിച്ചും, വീടിനു വെളിയിലുള്ള നമ്മുടെ സമൂഹജീവിതത്തെക്കുറിച്ചും അവരോടു നാം പറയണം. നമ്മുടെ പ്രശ്നങ്ങളെക്കുറിച്ച് അവരുമായി ആലോചിക്കണം. അവരുടെ ഉപദേശങ്ങൾ പരമാവധി അനുസരിക്കുകയും വേണം. സർവ്വോപരി നാം അവർക്കു വേണ്ടി എന്നും പ്രാർത്ഥിക്കണം.

## അദ്ധ്യാപകർ

മാതാപിതാക്കന്മാർ തങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ മററുചിലരെ ഏല്പിക്കാറുണ്ടു്. അവരിലൊരുകൂട്ടരാണു് അദ്ധ്യാപ

കർ. വിദ്യാലയത്തിൽ അദ്ധ്യാപകർ മാതാപിതാക്കളുടെ ചുമതല വഹിക്കുന്നു. ക്രിസ്തീയമായ സ്നേഹവും ബഹുമാനവും അനുസരണവും നമുക്ക് അവരുടെനേരെ ഉണ്ടായിരിക്കണം. അദ്ധ്യാപകർ കുട്ടികളോട് സ്നേഹത്തോടുകൂടെ പെരുമാറുകയും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സന്മാതൃക നൽകുകയും ചെയ്യണം.

മാതാപിതാക്കളോടും അധികാരികളോടുമുള്ള നമ്മുടെ ബന്ധം സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനശിലകളിലൊന്നാണ്. ദൈവഹിതമനുസരിച്ച് അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തുകൊണ്ടാണ് ക്രിസ്തീയമായ സ്വഭാവരൂപവൽക്കരണം സാധിക്കേണ്ടതു്. ക്രിസ്തുവിന്റെ ഭരണത്തിനായി സമൂഹത്തെ ഒരുക്കുന്നതിനു് അങ്ങനെ നാം സഹായിക്കണം.

## രാഷ്ട്രങ്ങളുടെമേൽ ക്രിസ്തുവിന്റെ ഭരണം

ക്രമദീക്ഷയില്ലെങ്കിൽ മനുഷ്യസമുദായം അഭിവൃദ്ധിപ്പെടുകയില്ല. ഗവണ്മെൻറുകൾ സ്ഥാപിച്ചതിന്റെ ലക്ഷ്യമിതാണു്. ഭരിക്കുന്നതിനു ക്രിസ്തുവിനുള്ള അധികാരത്തിലൊരംശം മാനുഷികനേതാക്കൾക്കു നല്കപ്പെട്ടിരിക്കുന്നു. ''ഭൂമിയിൽ സമാധാനം'' എന്ന ചാക്രികലേഖനത്തിൽ, ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പ പറയുന്നു: ''ന്യായാനുസൃതമായ അധികാരം ചിലരെ ഏല്പിച്ചാലല്ലാതെ, മനുഷ്യസമൂഹങ്ങൾക്കു ക്രമംപാലിക്കുവാനോ അഭിവൃദ്ധിപ്പെടാനോ സാധിക്കുകയില്ല. മററുള്ളവരുടെ നന്മയ്ക്കു വേണ്ടിടത്തോളം ആത്മാപ്പ്ണംചെയ്തു പ്രവത്തിക്കാൻ ചിലർ വേണം. ഇവരുടെ അധികാരം ദൈവത്തിൽനിന്നു ലഭിക്കുന്നതാണു്.''

നല്ലൊരു ഗവണ്മെൻറു് ജനങ്ങൾക്കുവേണ്ടി പ്രവത്തിക്കുന്നു. ശരിയായ അധികാരവിനിയോഗംമൂലം ഭൗതികവും ധാമ്മികവുമായ അവരുടെ നില അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു. പകരം ജനങ്ങളുടെ പിന്തുണയും വിശ്വാസവും ലഭിക്കാൻ ഗവണ്മെൻറുകൾക്കു് അർഹതയുണ്ടു്.

ചില നേതാക്കന്മാർ തങ്ങളുടെ അധികാരം ദുർവ്വിനിയോഗം ചെയ്യുന്നു. അവർ തെററായ നിയമങ്ങൾ നടപ്പിൽവരുത്തുകയും നിരപരാധരെ മരണത്തിനു വിധിക്കുകയും ചെയ്യുന്നു. ദൈവത്തെ ആരാധിക്കുന്നതിനും സ്വകാര്യവസ്തുക്കൾ സൂക്ഷിക്കുന്നതിനും സുരക്ഷിതരായി കഴിയുന്നതിനുമുള്ള ജനങ്ങളുടെ അവകാശങ്ങളെ അവർ അപഹസിക്കുന്നു. അത്തരം അധികാരികൾ ദൈവഹിതത്തിനു വിപരീതമായി പ്രവത്തിക്കുന്നവരാണു്. അവരുടെ മേല്പറഞ്ഞവിധത്തിലുള്ള നിയമങ്ങൾ അനുസരിക്കുന്നതിനു നമുക്കു കടമയില്ല. ''നാം മനുഷ്യരെക്കാളധികമായി ദൈവത്തെ അനുസരിക്കണം.'' (നടപടി 5:29)

എല്ലാ രാജ്യങ്ങളിലേയും ഭരണകൂടങ്ങാ യോജിച്ച മനുഷ്യ രാശിയുടെ പൊതുനന്മയ്ക്കായി പ്രവർത്തിക്കേണ്ടതാണു്. മനുഷ്യൻെറ പദവിയും അവകാശങ്ങളും കർത്തവ്യങ്ങളും അറിഞ്ഞു് ആദരിക്കു വാൻ അവ തയ്യാറാകണം. കൂടുതൽ അഭിവൃദ്ധിപ്രാപിച്ച രാഷ്ട്രങ്ങാ ദരിദ്രരായ അയൽരാഷ്ട്രങ്ങളെ ആഹാരവും ഔഷധവും വിദ്യാഭ്യാസ സൗകര്യവും നല്കി സഹായിക്കേണ്ടതാണു്. ക്രമവും സമാധാനവും കൈവരുത്തുവാനുള്ള ഈ ഭാരിച്ച ജോലി എല്ലാ രാഷ്ട്രങ്ങാക്കും ഉള്ളതാണു്.

## ഭരണകൂടങ്ങളെ ജനങ്ങാ സഹായിക്കുന്നു

''സീസറിൻേറതു സീസറിനും ദൈവത്തിൻേറതു ദൈവ ത്തിനും കൊടുക്കുവിൻ.'' ഈ വാക്കുകളിലൂടെ, നിയമാനുസൃതഭര ണകൂടങ്ങളുടെനേക്കു നമുക്കുള്ള കടമകാ ക്രിസ്തു വെളിപ്പെടുത്തി ത്തരുന്നു.

നാം നമ്മുടെ രാജ്യത്തെ സ്നേഹിക്കണം. അതിൻെറ നിയമ ങ്ങാ അനുസരിക്കണം. അതിൻെറ പതാകയെ ബഹുമാനിക്കണം. ശത്രുക്കളിൽനിന്നു് അതിനെ രക്ഷിക്കണം. രാജ്യഭരണത്തിൽ ദൈ വികനിയമങ്ങാ പാലിക്കപ്പെടുന്നുണ്ടോ എന്നു ശ്രദ്ധിക്കാനും നമുക്കു ചുമതലയുണ്ടു്. അതിനാൽ, രാഷ്ട്രത്തെയും സംസ്ഥാനത്തെയും നഗ രത്തെയും സ്പർശിക്കുന്ന കാര്യങ്ങാ നാം പഠിക്കുകയും അനുഷ്ഠിക്കു കയും ചെയ്തുകൊണ്ടിരിക്കണം. പ്രായപൂർത്തി വരുമ്പോാ നല്ല ആളുകാക്കും കക്ഷികാക്കും നിയമങ്ങാക്കുംവേണ്ടി ബോധപൂർവ്വം നാം വോട്ടവകാശം ഉപയോഗിക്കണം. പൊതുക്കാര്യങ്ങളിൽ പാടു ള്ളപ്പോഴെല്ലാം പങ്കെടുക്കുകയും വേണം.

ദേശാഭിമാനമെന്ന വാക്കിൽ സേവനവും വിശ്വസ്തതയും ഔദാ ര്യവുമടങ്ങുന്നുണ്ടു്. നമ്മുടെ രാഷ്ട്രത്തെ കൂടുതൽ ക്രൈസ്തവാദർശങ്ങ ളോടു പൊരുത്തപ്പെടുത്താൻ നമുക്കു കടമയുണ്ടു്. എല്ലാവക്കും സ്വാത ന്ത്ര്യവും നീതിയും സ്നേഹവും സംരക്ഷണവും ലഭിക്കുന്ന ഒരു രാഷ്ട്രീയ വ്യവസ്ഥിതിയാണു നമ്മുടെ ലക്ഷ്യം.

''ജനകുലങ്ങളേ, കർത്താവിനു നല്കുവിൻ,
കർത്താവിനു് അങ്ങേ നാമത്തിനർഹമായ മഹത്വം നല്കുവിൻ,
ജനങ്ങളെ അവിടുന്നു നീതിയോടെ ഭരിക്കുന്നു.''
(സങ്കീർത്തനം 95: 7–10)

## ഓർമ്മിക്കാൻ

''കുഞ്ഞുങ്ങളേ, നിങ്ങളുടെ മാതാപിതാക്കളെ കർത്താവിൽ അനുസരിക്കുവിൻ. എന്തെന്നാൽ, അതു് ഉചിതമാകുന്നു.''
(എഫേ. 6:1)

''എല്ലാ മനുഷ്യരേയും ബഹുമാനിക്കുകയും സഹോദരസമൂഹത്തെ സ്നേഹിക്കുകയും, ദൈവത്തെ ഭയപ്പെടുകയും, രാജാവിനെ ആദരിക്കുകയും ചെയ്യുവിൻ'.' (i പത്രോ. 2:17)

1. നാലാംപ്രമാണം നമ്മോടെന്തു കല്പിക്കുന്നു?
2. മാതാപിതാക്കളല്ലാത്തവരെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും അനുസരിക്കുവാനും ഈ പ്രമാണം നമ്മെ കടപ്പെടുത്തുന്നുണ്ടോ?
3. നാലാം പ്രമാണം എന്തു വിലക്കിയിരിക്കുന്നു?
4. ഒരു പൗരനു തൻെറ രാഷ്ട്രത്തോടുള്ള കടമകൾ എന്തെല്ലാം?

## സംസാരിക്കുന്ന സംഭവം

1962 ജൂലൈ മാസത്തിൽ ''റോബർട്ട ജെ.കോളിയർ ട്രോഫി''സ്വീകരിക്കുന്നതിന് ഒരു യുവവൈമാനികോദ്യോഗസ്ഥൻ പ്രസിഡൻറു കെന്നഡിയുടെ മുൻപിൻ നില്ക്കുകയായിരുന്നു. മേജർ റോബർട്ട വൈററ് ആയിരുന്നു ആ ഉദ്യോഗസ്ഥൻ. കാലിഫോർണിയായിലെ മൊജെവുമരുഭൂമിക്കുമീതെ അമ്പത്തിയൊൻപതു മൈൽ ഉയരത്തിൽ ഒരു പരീക്ഷണ റോക്കററു പറപ്പിച്ചതിനു് അദ്ദേഹത്തെ പ്രസിഡൻറു ബഹുമാനിച്ചു. അങ്ങനെ ഒന്നാമത്തെ കത്തോലിക്ക പൈലററും ഒന്നാമത്തെ ബഹിരാകാശ സഞ്ചാരിയും മേജർ റോബർട്ടായി.

എല്ലാ ഞായറാഴ്ചയും രാവിലെ ഭാര്യയും മൂന്നു കുട്ടികളും ഒരുമിച്ചു് അദ്ദേഹം വിശുദ്ധ ബലിയിൽ സംബന്ധിച്ചുപോന്നു. രാജ്യക്ഷേമത്തിനും ശാസ്ത്രീയ പുരോഗതിക്കും ബഹിരാകാശയാത്രയ്ക്കുംവേണ്ടി മേജർ പ്രാർത്ഥിച്ചിരുന്നു.

ഒരിക്കൽ ഏതാനും കോളേജ്വിദ്യാർത്ഥികൾ, ഇത്തരമൊരു അപകടം നിറഞ്ഞ ഉദ്യോഗം സ്വീകരിക്കാൻ കാരണമെന്താണെന്നു് മേജറിനോടു ചോദിച്ചു. ''വളരെക്കുറച്ചു കത്തോലിക്കർ മാത്രമേ ഇത്തരം ജോലികളിൽ വ്യാപൃതരാകാറുള്ളു. അതുകൊണ്ടു ഞാനിതു് ഇഷ്ടപ്പെടുന്നു'' എന്നദ്ദേഹം പ്രത്യുത്തരിച്ചു.

മേജർവൈററ് കത്തോലിക്കവിദ്യാർത്ഥികളെ തൻെറ മാതൃക സ്വീകരിക്കാൻ ആഹ്വാനം ചെയ്തു. സ്വന്തം രാഷ്ട്രത്തെ പ്രബലമാക്കുന്നതിനും നന്നാക്കുന്നതിനും നല്ല നേതാക്കളാകാൻ അദ്ദേഹം അവരെ പ്രേരിപ്പിച്ചു. ഒരുത്തമകത്തോലിക്കൻ, ഉത്തമ പൗരൻ കൂടിയായിരിക്കണമെന്നു് അദ്ദേഹം നിർദ്ദേശിച്ചു.

## പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പയുടെ വാക്കുകൾ

പന്ത്രണ്ടാംപീയൂസ് ഉപദേശിച്ചു: ''യുവജനങ്ങളേ, നിങ്ങൾ വിശുദ്ധിയുള്ളവരാകുവിൻ; ബഹുമാന്യന്മാരായിത്തീരുവിൻ എന്നാണു ഞാൻ ഉദ്ദേശിക്കുന്നതു്. നിങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കുവിൻ. സഭാധികാരികളേയും മററു ഭരണാധികാരികളേയും ബഹുമാനിക്കുവിൻ. ഓരോ മനുഷ്യവ്യക്തിയേയും ബഹുമാനിക്കുവിൻ.''

നിങ്ങളുടെ മാതാപിതാക്കളോടും അദ്ധ്യാപകരോടും കൂടുതൽ ബഹുമാനം കാണിക്കാൻ നിങ്ങളെന്തുചെയ്യും?

## പാടാൻ

സ്നേഹമെവിടെ, ഉപവിയെവിടെ,
ദൈവമുണ്ടവിടെ,
ദൈവമുണ്ടവിടെ.

ഉല്ലസിക്കുക ക്രിസ്തുവിൽ നാം
ഹർഷപുളകിതരായ്;
ദൈവസ്നേഹം ദൈവഭയവും
വളരണം നമ്മിൽ. (2)

പരസ്പരം നാം ഹൃദയപൂർവ്വം
പകരണം സ്നേഹം
നമ്മളൊന്നായ് ചേർന്നിടുമ്പോൾ
മനസ്സിൽ ഭിന്നതയോ! (2)

ശണ്ഠയും കിടമത്സരങ്ങളും
ആകെ മാററുകനാം,
ക്രിസ്തുനാഥൻ നമ്മിലേവം
വാഴണം നിത്യം. (2)

ധന്യരോടിവർ മഹിതരായി
നിന്മുഖം കാണാൻ
സ്വർഗ്ഗഭാഗ്യം എന്നുമെന്നും
അരുളണം നാഥാ. (2)

## പ്രവർത്തിക്കാൻ

മേജർ റോബർട്ട വൈററിനെപ്പോലെ രാഷ്ട്രീയ കാര്യങ്ങളിലും ശാസ്ത്രീയകാര്യങ്ങളിലും താൽപര്യമുള്ള ഒരു കത്തോലിക്കനായി ഞാൻ ജീവിക്കും.

# 16

## നിന്നെപ്പോലെ നിൻെറ അയല്ക്കാരനേയും സ്നേഹിക്കുക

### അഞ്ചാം പ്രമാണം

ദൈവം നമുക്കു തന്ന മൗലികമായൊരു ദാനമാണ് ജീവൻ. അതു വിശുദ്ധവും ആദരാർഹവുമാണ്. ഈ ദാനത്തെ നാമെങ്ങനെ ബഹുമാനിക്കണമെന്നു ക്രിസ്തു വിശദീകരിച്ചതന്നിട്ടുണ്ട്:



കൊലചെയ്യരുത്; കൊലപാതകം ചെയ്യുന്നവൻ കോടതിമുമ്പാകെ ശിക്ഷയ്ക്കു വിധേയനാകുമെന്നു പൂർവ്വികരോടു കല്പിച്ചിട്ടുണ്ടെന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ പറയുന്നു, സഹോദരനോടു കോപിക്കുന്ന ഏവനും ശിക്ഷയ്ക്കു വിധേയനാകുമെന്ന്... അതിനാൽ നീ വഴിപാടർപ്പിക്കുവാൻ ബലിപീഠത്തിങ്കലേക്കു വരുമ്പോൾ നിൻെറ സഹോദരനു നിന്നെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെന്ന് ഓർമ്മിക്കുന്നപക്ഷം, ആ വഴിപാട് അവിടെവച്ചിട്ട്; ആദ്യം അവൻെറ പക്കൽചെന്നുരമ്യതപ്പെടുക; അനന്തരം വന്നു വഴിപാടു കഴിക്കുക'' (മത്താ. 5:21–24).

‘‘അയല്ക്കാരനെ സ്നേഹിക്കുകയും ശത്രുവിനെ വെറുക്കുകയും ചെയ്യുക എന്നു വിധിച്ചിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ കല്പിക്കുന്നു: ‘ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ വെറുക്കുന്നവക്ക് നന്മ ചെയ്യുവിൻ; പീഡിപ്പിക്കുന്നവർക്കും അധിക്ഷേപിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ ചെയ്താൽ, ദുഷ്ടരുടേയും ശിഷ്ടരുടേയുംമേൽ ഒന്നുപോലെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടേയും അപരാധികളുടേയും മേൽ ഒന്നുപോലെ മഴപെയ്യിക്കുകയും ചെയ്യുന്ന സ്വർഗ്ഗത്തിലിരിക്കുന്ന പിതാവിന്റെ യഥാർത്ഥപുത്രരായിത്തീരും നിങ്ങൾ. നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ പ്രതിഫലത്തിനെന്തവകാശമാണുള്ളതു്? അതിനാൽ, നിങ്ങൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ പരിപൂർണ്ണരാകേണ്ടതാണ്.’’ (മത്താ. 5: 43–48)



## ജീവനെന്ന ദാനം

കാഴ്ചവസ്തുസമയത്തു്, കാസയിലുള്ള വീഞ്ഞിനോടുകൂടി പുരോഹിതൻ ഏതാനും തുള്ളി വെള്ളം ചേർക്കുന്നു. വെള്ളം മനുഷ്യപ്രകൃതിയുടേയും വീഞ്ഞു് ക്രിസ്തുവിൻേറയും പ്രാതിനിദ്ധ്യം വഹിക്കുന്നു. ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അവയവങ്ങളെന്നനിലയ്ക്കു നമുക്കവിടുത്തോടുള്ള ഐക്യമാണ് ഇവരണ്ടും അഭിവ്യഞ്ജി

പ്പിക്കുന്നതു്. മനുഷ്യസ്വഭാവത്തേയും ജീവനേയും ദൈവം മഹത്വപ്പെടുത്തിയിട്ടുണ്ടു്

''കൊല്ലരുതു്'' എന്ന പ്രമാണം മനുഷ്യസ്വഭാവത്തിനു ദൈവം നല്കിയിട്ടുള്ള ദാനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണു്. നമ്മുടെ ശരീരങ്ങളേയും ആത്മാക്കളേയും മാത്രമല്ല മററുള്ളവരുടെ ആത്മശരീരങ്ങളെയും വേണ്ടവിധം സൂക്ഷിക്കണമെന്നു് അഞ്ചാംപ്രമാണം നമ്മോടു കല്പിക്കുന്നു.

## മനുഷ്യപ്രകൃതിയുടെ മാഹാത്മ്യം

ദൈവം ദൃശ്യസൃഷ്ടികളുടെ മകുടമായി മനുഷ്യനെ സൃഷ്ടിച്ചു. അവിടുന്നു തൻെറ സ്വന്തം ഛായയിലും സാദൃശ്യത്തിലും ആണു് അവനെ സൃഷ്ടിച്ചതു്. ദൈവമഹത്വത്തിനുവേണ്ടി ഉപയോഗിക്കുവാനായി അവൻെറ ശരീരത്തിനും ആത്മാവിനും അത്ഭുതകരങ്ങളായ കഴിവുകരം നല്കി. ആത്മാവും ശരീരവുമുരംപ്പെടെ മനുഷ്യൻ മുഴവനായിത്തന്നെ ദൈവത്തിൻെറ വകയാണു്.

മനുഷ്യാവതാരത്തിൽ പരിശുദ്ധ ത്രിത്വത്തിലെ രണ്ടാം ആരം നമ്മുടേതുപോലുള്ള മനുഷ്യപ്രകൃതി സ്വീകരിച്ചു. ഭൂമിയിൽ അവിടുന്നു് ഒരു മനുഷ്യൻെറ ജീവിതം നയിച്ചു. അവിടുന്നു് ഈ അന്തരീക്ഷത്തിലെ വായു ശ്വസിക്കുകയും നമ്മെപ്പോലെ ഭക്ഷണം കഴിക്കുകയും മനുഷ്യരുടെയിടയിൽ ജോലിചെയ്യുകയും മരിക്കുകയും ചെയ്തു. തൻെറ മരണത്തിലും ഉത്ഥാനത്തിലും സ്വർഗ്ഗാരോഹണത്തിലും അവിടുന്നു് മനുഷ്യപ്രകൃതിയെ വീണ്ടെടുക്കുകയും അതിനെ ദൈവികജീവനു് അവകാശമുള്ളതാക്കുകയുംചെയ്തു. അങ്ങനെ ക്രിസ്തു മനുഷ്യപ്രകൃതിയെ വിശുദ്ധീകരിക്കുകയും മഹത്വപ്പെടുത്തുകയും നവീകരിക്കുയുംചെയ്തു.

സഭ മനുഷ്യജീവനെ ദൈവത്തിൻെറ വിശിഷ്ട ദാനമായിക്കരുതി ബഹുമാനിച്ചുകൊണ്ടിരിക്കുന്നു. ജീവൻെറ നാഥൻ ദൈവമാണെന്നും അവരം പഠിപ്പിക്കുന്നു. മാമ്മോദീസയിൽ അവരം അതിനെ വിശുദ്ധീകരിച്ചു പരിശുദ്ധാത്മാവിൻെറ ആലയമാക്കുന്നു. മററു കൂദാശകളിലൂടെ അതിനെ ബലപ്പെടുത്തുകയും സുഖപ്പെടുത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. ആത്മാവും ശരീരവും ചേർന്ന പൂർണ്ണമനുഷ്യനെ അവരം ലോകാവസാനത്തിലുള്ള പുനരുത്ഥാനത്തിനു് ഒരുക്കുന്നു.

ദൈവം നമുക്കു തന്ന ശരീരത്തേയും ആത്മാവിനേയും സംരക്ഷിക്കുന്നതുവഴി നാം ദൈവത്തെ സ്തുതിക്കുകയാണു് ചെയ്യുന്നതു്. നല്ല ഭക്ഷണവും ആവശ്യമായ വിശ്രമവും വ്യായാമവും ദൈവശുശ്രൂഷയ്ക്കു

വേണ്ടി നമ്മുടെ ശരീരത്തെ ശക്തിപ്പെടുത്തും. ശരീരാരോഗ്യത്തെ നാം അവഗണിക്കുന്നപക്ഷം, അതു് ആ മഹാദാനം നല്കിയ ദൈവത്തോടു കാണിക്കുന്ന നന്ദികേടായിരിക്കും.

നാം ശരീരത്തെ മാത്രം സൂക്ഷിച്ചാൽ പോരാ. നമ്മുടെ ആത്മാക്കളുടെ നന്മയ്ക്കാവശ്യമുള്ളതു നാം ചെയ്യണം. വായനയും പഠനവും വഴി മനസ്സിന്റെ കഴിവുകളെ നമുക്കു വികസിപ്പിക്കാം. സർവ്വജ്ഞനായ ദൈവത്തെ അങ്ങനെ അഗാധമായി നമുക്കു സ്നേഹിക്കാം. ദൈവിക നിയമങ്ങൾക്കൊത്തവിധം ശരിയായതും നന്മയായുള്ളതും തിരഞ്ഞെടുക്കുന്ന നല്ല ശീലങ്ങൾ നമ്മിൽ വളർത്തിക്കൊണ്ടുവരാം.

ജീവൻ ദൈവദാനമാകയാൽ, അതിനു് കേടുവരുത്തുന്നതോ, നശിപ്പിക്കുന്നതോ ആയ യാതൊന്നും നാം ചെയ്യരുതു്. അമിതമായ ഭക്ഷണം, മദ്യപാനം, സാഹസികമായ വണ്ടിയോടിക്കൽ, ക്രമരഹിതമായ ഉറക്കമിളപ്പു് മുതലായവ ശരീരത്തിനു ഹാനികരമാകയാൽ അവ പാപകരമാണു്. പഠിക്കാനും ജോലിചെയ്യാനുമുള്ള വൈമനസ്യവും പാപകരമാണു്. ആത്മഹത്യ—സ്വന്തം ജീവനെ നശിപ്പിക്കുക—ദൈവംതന്ന ജീവനെന്ന മഹാദാനത്തിനെതിരായുള്ള വലിയ പാപമാകുന്നു.

അത്ഭുതകരമായ മനുഷ്യപ്രകൃതിയുടെ കഴിവുകളുപയോഗിച്ചു് ദൈവസ്നേഹത്തിൽ വളർന്നുവരികയെന്നതു് ക്രിസ്ത്യാനികളുടെ അവകാശമാണു്.

## ക്രിസ്തുവിൽ നമ്മുടെ സഹോദരരോടു്

എല്ലാ മനുഷ്യരും മൗതികശരീരത്തിന്റെ അവയവങ്ങളാകുവാൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണു്. വിശ്വാസത്താലും മാമ്മോദീസയാലും, നാം ക്രിസ്തുവിന്റെ അവയവങ്ങളായിത്തീരുന്നു. നാം സ്വീകരിച്ച പരിശുദ്ധാത്മാവു് നമ്മെ ഉപവിയാൽ ക്രിസ്തുവിനോടും മറ്റുള്ളവരോടും ഐക്യപ്പെടുത്തുന്നു. നമ്മുടെ അയല്ക്കാരുടെ ആധ്യാത്മികവും ഭൗതികവുമായ അഭിവൃദ്ധിയിൽ നമ്മെ തൽപരരാക്കുന്നതു് ഈ ഉപവിയാണു്.

''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ'' എന്നു ക്രിസ്തു പറഞ്ഞു. അവിടുന്നു് ഭൂമിയിലായിരുന്നപ്പോൾ മറ്റുള്ളവരോടു് അഗാധമായ സ്നേഹം കാണിച്ചു. അവിടുന്നു വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുകയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്തു. അവിടുന്നു മനുഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുകയും വചനത്താലും മാതൃകയാലും അവരെ നയിക്കുകയും ചെയ്തു. മനുഷ്യർ ക്രിസ്തുവിൽ ധൈര്യവും പൗരുഷവും അനുകമ്പയും ആർദ്രതയും കണ്ടെത്തി.

ക്രിസ്തു നമ്മിലൂടെ തന്റെ പ്രവർത്തനം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഉപദേശത്താലും പ്രാർത്ഥനയാലും മാതൃകയാലും നാം തന്റെ സ്നേഹം ലോകമെങ്ങും പരത്തണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. നാം തന്നെപ്പോലെ ആകണമെന്ന് അവിടുന്ന് ഇച്ഛിക്കുന്നു.

നമ്മുടെ ചുററുമുള്ളവരെ—കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സ്നേഹിതർ, അയല്ക്കാർ, എന്നിവരെ—സഹായിക്കുന്നതുമൂലം നാം ക്രിസ്തുവിന്റെ ജോലി തുടരുകയാണ്. മററുള്ളവരെ ആദരിക്കുകയും സഹായിക്കുകയും ചെയ്യുമ്പോൾ, നമ്മെ ദ്രോഹിച്ചവരോടു ക്ഷമിക്കുമ്പോൾ ക്രിസ്തീയ സ്നേഹമാണു നാം പരിശീലിക്കുന്നത്. ദരിദ്രർക്കായി ഭക്ഷണവും വസ്ത്രവും ദാനം ചെയ്യുമ്പോഴും പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കുമ്പോഴും എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുമ്പോഴും നാം ഈ സ്നേഹം പരത്തുകയാണ്. അനീതിക്കും അക്രമത്തിനുമെതിരായി ധൈര്യപൂർവ്വം സ്വരമുയർത്തുമ്പോൾ ക്രിസ്തുവിന്റെ സ്നേഹത്തിനു നാം സാക്ഷികളാവുകയാണു ചെയ്യുക. ആഹ്ലാദത്തോടും പ്രത്യാശയോടുംകൂടെ നമ്മുടെ വിശ്വാസമനുസരിച്ച് ജീവിക്കുമ്പോൾ നാം ക്രിസ്തുവിന്റെ ജോലി തുടരുകയാണ്.

മറെറാരാളുടെ ആത്മീയമോ ശാരീരികമോ ആയ ജീവിതത്തിനു ക്ഷതമേല്പിക്കുന്നയാൾ ക്രിസ്തുവിനും അവിടുത്തെ സഹോദരർക്കുമെതിരായി പാപം ചെയ്യുന്നു. മുട്ടുപാടിൽപ്പെട്ടുഴലുന്നവരെ സഹായിക്കാതിരിക്കുകയും കോപിക്കുകയും വെറുക്കുകയും പ്രതികാരം ചെയ്യുകയും അടിപിടികൂടുകയും ദുർമ്മാതൃക കാട്ടുകയും ചെയ്യുമ്പോൾ, ക്രിസ്തു സ്നേഹത്തെപ്പററി നല്കിയ നിയമത്തിനെതിരായി നാം പാപം ചെയ്യുന്നു. കൊലപാതകം ജീവന്റേയും മരണത്തിന്റേയും നാഥനായ ദൈവത്തിനെതിരായി നാം ചെയ്യുന്ന കഠിനപാപമാകുന്നു.

നമ്മുടെ സഹജീവികളോടു നാം എങ്ങനെ പെരുമാറുന്നുവോ, അതനുസരിച്ചായിരിക്കും ക്രിസ്തു നമ്മെ വിധിക്കുക. ''എന്റെ ഈ ചെറിയവരായ സഹോദരരിലൊരുവനു നിങ്ങൾ ചെയ്തതെല്ലാം എനിക്കുതന്നെ ചെയ്തു.'' (മത്തായി 25:40)

## വിശ്വാസപരമായ പഠനം

''ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ഒരുവൻ പറയുകയും അതേസമയം സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നപക്ഷം അവൻ ഒരു നുണയനാണ്. കാണുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണാത്ത ദൈവത്തെ സ്നേഹിക്കുന്നതെങ്ങനെ?''

(i യോഹ. 4:20)

''നാം പരസ്പരം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുകയും അവിടുത്തെ സ്നേഹം നമ്മിൽ പൂർത്തിയായിരിക്കുകയും ചെയ്യുന്നു.'' (i യോഹ 4:12)

## ഓർമ്മിക്കാൻ

1. എന്താണു മനുഷ്യൻ?
2. ദൈവം എന്തിനു നമ്മെ സൃഷ്ടിച്ചു?
3. അഞ്ചാം പ്രമാണം നമ്മോടെന്തു കല്പിക്കുന്നു?
4. അഞ്ചാം പ്രമാണം എന്തു വിലക്കുന്നു?

## സംസാരിക്കുന്ന സംഭവം

### സ്നേഹമാണു ക്രിസ്തീയജീവിതം

ന്യൂയോക്കിലെ ന്യൂബെർഗ്ഗ് ഇടവകയിൽ പത്തൊൻപതു വയസ്സിനു താഴെയുള്ള ഏകദേശം നൂറു കുട്ടികൾ ചേർന്ന് ഒരു സംഘടന രൂപീകരിച്ചിട്ടുണ്ട്. പതിനേഴു വയസ്സുകാരനായ ജോസഫ് യോണോൻ ആണ് അവരുടെ നേതാവ്. ''ക്യോ'' (cyo) എന്നാണ് ആ അസാധരണ സംഘടനയുടെ പേര്. ഇടവകയുടെ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയാണ് അവരുടെ ആദർശപുരുഷൻ. ലോകത്തിലെങ്ങുമുള്ള രോഗികളേയും പീഡിതരേയും സഹായിക്കുകയാണവരുടെ ലക്ഷ്യം.

അവരുടെ ഇടവകവികാരി ഫാദർ ജോൺതെനൻ ആണ്. അദ്ദേഹത്തിൻെറ കീഴിൽ ഇവർ ഉപവിയുടെ യഥാർത്ഥപ്രേഷിതരായിത്തീർന്നിരിക്കുന്നു. വിദേശമിഷനുകൾക്കയയ്ക്കുന്നതിനായി ഔഷധങ്ങളും ചികിത്സോപകരണങ്ങളും തേടി നഗരത്തിലുള്ള ഓരോ ഡോക്ടറേയും അവർ സമീപിച്ചു. ഏകദേശം അര ടൺ സാമ്പിൾ മരുന്നുകൾ ശേഖരിക്കുന്നതിനവർക്കു സാധിച്ചു. ഈ മരുന്നുകൾ ആഫ്രിക്കയിലേയ്ക്കയയ്ക്കുന്നതിനുള്ള ചെലവിലേക്കായി അവർ പൊലിവു സദ്യ നടത്തി പണം പിരിച്ചു.

കൂടെക്കൂടെ ഈ യുവാക്കൾ അനാഥാലയങ്ങൾ സന്ദർശിക്കുകയും ഭവനരഹിതരായ കുട്ടികൾക്കു വിരുന്നു നല്കുകയും ചെയ്യും. ആശുപത്രികളിൽ പോയി രോഗികളെ അവർ ആശ്വസിപ്പിക്കും. ആൺകുട്ടികൾ ക്യാൻസർ രോഗികളുടെ വ്രണങ്ങൾ കഴുകി കെട്ടും; പെൺകുട്ടികൾ ആദ്യ കുർബാന കൈക്കൊള്ളാനുള്ള പാവപ്പെട്ട കുട്ടികൾക്കു ഉടുപ്പു തുന്നിക്കൊടുക്കും.

ഫാദർ തെനൻ ഈ ബാലപ്രേഷിതരിൽ അഭിമാനം കൊള്ളുന്നു. വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനു് അവർ പ്രദശിപ്പിക്കുന്ന തീക്ഷ്ണതയെക്കുറിച്ചാണു് അദ്ദേഹത്തിനു് ഏറ്റെപ്പറയാനുള്ളതു്. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ'' (യോഹ. 15:12) എന്ന കല്പനയനുസരിക്കുന്നതിനുള്ള അഭിലാഷം അവക്കു് സിദ്ധിച്ചതു്, വിശുദ്ധ കുർബാനയിൽനിന്നാണു്.

## വിശ്വാസത്തിനു സാക്ഷ്യം

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ പറഞ്ഞു: ''ഓരോ ക്രിസ്ത്യാനിയും തൻെറ ശരീരത്തിൻെറ അവയവത്തെയെന്നതുപോലെ അന്യരെ സഹായിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നു......അന്യരുടെ ആവശ്യങ്ങൾ നിറവേററുന്നതിനു് അവൻ ത്യാഗപൂർവ്വം തന്നെത്തന്നെ അർപ്പിക്കുന്നു.''

അവശതയനുഭവിക്കുന്നവരെ സഹായിക്കുന്നതിനു നിങ്ങൾ എന്തെല്ലാം ചെയ്യും?

## പ്രവർത്തിക്കാൻ

ഈ കുട്ടികളുടെ മാതൃക സ്വീകരിച്ച് അന്യരെ, പ്രത്യേകിച്ച് അവശരെ, ഞാൻ സഹായിക്കും.



# 17

## "ദൈവം യോജിപ്പിച്ചതു്"–വിവാഹമെന്ന കൂദാശ

ആറും ഒമ്പതും പ്രമാണങ്ങൾ ദൈവം നമുക്കു തന്നിരിക്കുന്നതു് വിവാഹത്തിൻെറ വിശുദ്ധമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ചാരിത്രശുദ്ധിയെന്ന വലിയ പുണ്യം കാത്തുസൂക്ഷിക്കുന്നതിനുമായിട്ടാണു്. ഈ അദ്ധ്യായത്തിൽ ക്രൈസ്തവവിവാഹത്തിൻെറ മനോഹാരിത ഗ്രഹിക്കുവാൻ നമുക്കു് ശ്രമിക്കാം. വിവാഹത്തിൻെറ വിശുദ്ധി ഗ്രഹിക്കുമ്പോൾ മാത്രമേ ക്രിസ്തീയ ജീവിതത്തിൽ ചാരിത്രശുദ്ധിക്കും അടക്കത്തിനുമുള്ള വില നമുക്കു മനസ്സിലാക്കാൻ കഴിയൂ.



വിവാഹിതർക്കായുള്ള ദിവ്യബലിയിൽ ദാമ്പത്യത്തിൻെറ പരിശുദ്ധിക്കുള്ള കാരണം വിശുദ്ധ പൗലോസ് വിശദീകരിക്കുന്നുണ്ടു്. ക്രിസ്തുവും സഭയുമായുള്ള ബന്ധത്തിൻെറ ഒരു പ്രതിരൂപമാണു് ഭാര്യാഭർത്തൃബന്ധം എന്നദ്ദേഹം പറയുന്നു.

"ഭാര്യമാരേ, നമ്മുടെ കർത്താവിനെയെന്നപോലെ നിങ്ങളുടെ ഭർത്താക്കന്മാരെ അനുസരിക്കുവിൻ. മിശിഹാ സഭയുടെ ശിരസ്സും ശരീരത്തിൻെറ രക്ഷകനുമായിരിക്കുന്നതുപോലെ, ഭർത്താവു ഭാര്യയുടെ ശിരസ്സത്രേ. സഭ മിശിഹായ്ക്കു കീഴ്പ്പെട്ടിരിക്കുന്നതുപോലെ, ഭാര്യമാർ എല്ലാ

കാര്യത്തിലും ഭർത്താക്കന്മാർക്കു് കീഴ്പ്പെട്ടിരിക്കണം. ഭർത്താക്കന്മാരേ, മിശിഹാ തൻെറ സഭയെ സ്നേഹിച്ചതുപോലെ, നിങ്ങൾ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. ജീവൻെറ വചനമടങ്ങിയ ജലംകൊണ്ടുള്ള സ്നാനംവഴി സഭയെ വിശുദ്ധീകരിക്കുന്നതിനും, കറയോ ചുളുക്കമോ കൂടാതെ സഭയെ ശുദ്ധവും നിഷ്ക്കളങ്കവും മഹത്വപൂർണ്ണവുമായി തൻെറ മുമ്പാകെ നിർത്തുന്നതിനും വേണ്ടി തന്നെത്തന്നെ സഭയ്ക്കുവേണ്ടി അവിടുന്നു സമർപ്പിച്ചു. അതുപോലെ, ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തം ശരീരമെന്നപോലെ സ്നേഹിക്കണം. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെ സ്നേഹിക്കുന്നു. ഒരുവനും സ്വന്തം ശരീരത്തെ ഒരിക്കലും വെറുക്കുന്നില്ല. മിശിഹാ സഭയെ എന്നപോലെ അവൻ അതിനെ തീററിപ്പോററിക്കൊണ്ടിരിക്കുന്നു. നാം അവിടുത്തെ ശരീരത്തിലെ അവയവങ്ങളാണ്; അവിടുത്തെ മാംസവും അസ്ഥിയുമാണ്. ആകയാൽ, മനുഷ്യൻ തൻെറ മാതാപിതാക്കന്മാരെ വിട്ട്, തൻെറ ഭാര്യയോടു ചേരും; അവരിരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. ഇതൊരു വലിയ രഹസ്യമാണ്. ഞാൻ മിശിഹായേയും സഭയേയും ഉദ്ദേശിച്ചത്രേ ഇതു പറയുന്നതു്. നിങ്ങളോരോരുത്തരും തന്നെത്തന്നെ സ്നേഹിക്കുന്നതുപോലെ തൻെറ ഭാര്യയേയും സ്നേഹിക്കണം; ഭാര്യ ഭർത്താവിനെ ബഹുമാനിക്കുകയും വേണം.'' (എഫേ. 5: 22–33)

## ക്രിസ്തുവിലും അവിടുത്തെ സഭയിലും

ന്യൂയോർക്കിലെ സെൻറ് പാട്രിക്ക് കത്തീഡ്രൽ പള്ളിയിൽ ആണ്ടുതോറും ആഘോഷമായൊരു ചടങ്ങുണ്ട്. ജനുവരി മാസത്തിലെ ഒരു ഞായറാഴ്ച, നൂറുകണക്കിനു് ദമ്പതിമാർ വിശുദ്ധ കുർബാനയിൽ സംബന്ധിക്കാനെത്തും. ഈ ദമ്പതിമാർ പല ജനവിഭാഗങ്ങളിലും പല തൊഴിലുകളിലും വിഭിന്ന സാമൂഹ്യവ്യവസ്ഥിതികളിലും പെട്ടവരായിരിക്കും. എന്നാൽ, പൊതുവായൊരു സ്വിശേഷത അവർക്കുണ്ട്—വിവാഹതരായിട്ട് അരനൂററാണ്ടു പൂർത്തിയാക്കിയവരാണവർ. ന്യൂയോർക്കിലെ മെത്രാപ്പോലീത്ത അവരെ ആശീർവ്വദിക്കും. കഴിഞ്ഞ അര നൂററാണ്ടുകാലം പരസ്പരം അവർ പുലർത്തിയ വിശ്വസ്തതയ്ക്കും ദാമ്പത്യത്തിൻെറ വിശുദ്ധിക്കും സൗഭാഗ്യത്തിനും വേണ്ടി ഓരോരുത്തരും ചെയ്ത ത്യാഗങ്ങൾക്കും വേണ്ടി അവരെ അദ്ദേഹം ദൈവനാമത്തിൽ അനുമോദിക്കും. അമേരിക്കൻ ഐക്യനാടുകളിൽ പല രൂപതകളിലും ഇത്തരം ആഘോഷങ്ങൾ ഉണ്ട്. ഇപ്രകാരം മാതാവായ സഭ വിവാഹജീവിതത്തോട് അവർക്കുള്ള മതിപ്പ് ലോകത്തെ അറിയിക്കുന്നു.

## വിവാഹം ഒരു ദൈവവിളി

ഏദൻ തോട്ടത്തിൽവച്ച് ദൈവം സ്ഥാപിച്ചതാണ് വിവാഹം. ക്രിസ്തു അതിനെ വിശുദ്ധീകരിച്ചു. അവിടുന്ന് അതിനെ പ്രസാദവരത്തിൻെറ ഉറവിടമായ ഒരു കൂദാശയായി ഉയർത്തി.

വിവാഹമെന്ന കൂദാശയിൽ ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ അഭേദ്യമായ സ്നേഹത്തിൻെറ ഉടമ്പടിയാൽ ദൈവതിരുമുൻപിൽ പരസ്പരം ഐക്യം പ്രാപിക്കുന്നു. ഇതു ക്രിസ്തുവും അവിടുത്തെ സഭയും തമ്മിലുള്ള സ്നേഹബന്ധത്തിനു തുല്യമാണ്. സഭയിലെ തൻെറ പരിത്രാണകർമ്മത്തിൽ ക്രിസ്തു ദമ്പതികളെ ഭാഗഭാക്കുകളാക്കുന്നു. ക്രൈസ്തവവിവാഹത്തിലൂടെ സ്വീകരിച്ച ദൈവികജീവനിൽ പങ്കുകാരാക്കുന്നതിന് സന്താനങ്ങളെ അവർ ഭൂമുഖത്തേയ്ക്കു കൊണ്ടുവരുന്നു; ഭൂമിയിലേയും സ്വർഗ്ഗത്തിലേയും പൗരന്മാരായിത്തീരുവാൻവേണ്ട വിദ്യാഭ്യാസം അവർക്കു നൽകുകയും ചെയ്യുന്നു.

ദമ്പതികൾ ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ നിർമ്മാണത്തിൽ സഹകരിക്കുന്നതിനുവേണ്ട പ്രസാദവരം ആയുഷ്ക്കാലം മുഴുവൻ ക്രിസ്തുവിൽനിന്നു പ്രാപിക്കുന്നു. വിവാഹജീവിതത്തിൻെറ പ്രശ്നങ്ങളിൽ അന്യോന്യം താങ്ങും തണലുമായിരിക്കാൻ പോരുന്ന അനുഗ്രഹങ്ങളും അവർ സ്വീകരിക്കുന്നു. പരസ്പരം ധാരണയിലും സ്നേഹത്തിലും അഭിവൃദ്ധി പ്രാപിക്കുന്നതിനും മരണത്തോളം വിശ്വസ്തത പാലിക്കുന്നതിനും പ്രസാദവരം അവരെ സഹായിക്കുന്നു. ഇതു്, ''ദൈവം യോജിപ്പിച്ചതിനെ ഒരു മനുഷ്യനും വേർപെടുത്താതിരിക്കട്ടെ'' (മത്തായി 19:6). എന്നു വിവാഹത്തെ സംബന്ധിച്ച് ക്രിസ്തു നൽകിയിട്ടുള്ള കല്പനയ്ക്കനുസൃതമാണ്.

### ഒരുക്കം

വിവാഹജീവിതത്തിനായി വിളിക്കപ്പെടുകയും അതിൻെറ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്തിട്ടുള്ളവരെല്ലാം ആ ജീവിതാവസ്ഥ സ്വീകരിക്കാൻ നല്ലവണ്ണം ഒരുങ്ങും. ഒരു നല്ല ജീവിതപങ്കാളിയെ ലഭിക്കുന്നതിന് അവർ ദൈവത്തോട് പ്രാർത്ഥിക്കും. അവർ മാതാപിതാക്കന്മാരുടേയും കുമ്പസാരക്കാരൻേറയും അഭിപ്രായം ആരായും, ഉപദേശ, ചോദിക്കും. കൂടെക്കൂടെ കൂദാശകൾ സ്വീകരിക്കും. സൗഭാഗ്യകരമായ വിവാഹജീവിതം ആഗ്രഹിക്കുന്ന ഏതൊരാളും അതിൻെറ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള സമയം സമാഗതമാകുന്നതുവരെ ആത്മനിയന്ത്രണം പാലിച്ചുകൊണ്ട് കാത്തിരിക്കും.

വിവാഹത്തിൻെറ വിശുദ്ധിയും സൗഭാഗ്യവും നിലനിർത്തുന്നതിനു് സഭ ക്രിസ്തുവിൻെറ നാമത്തിൽ നിയമങ്ങാം നിർമ്മിച്ചിരിക്കുന്നു. ഒരു കത്തോലിക്കൻ അധികാരപ്പെട്ട വൈദികൻേറയും രണ്ടു സാക്ഷികളുടേയും മുമ്പാകെ വിവാഹിതനാകണമെന്നാണു് സഭ നിർദ്ദേശിക്കുന്നതു്. തൻെറ സന്താനങ്ങളുടെ വിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി മിശ്രവിവാഹങ്ങളെ അവരം നിരുത്സാഹപ്പെടുത്തുന്നു. അടുത്ത ബന്ധുക്കരം തമ്മിലുള്ള വിവാഹവും സഭ വിലക്കിയിരിക്കുകയാണു്. ഈ കാര്യങ്ങളിലെല്ലാം, തൻെറ സന്താനങ്ങളുടെ ലൗകികവും പാരത്രികവുമായ സൗഭാഗ്യം ഇച്ഛിക്കുന്ന ഒരു മാതാവിനെപ്പോലെയാണു് സഭ പ്രവർത്തിക്കുന്നതു്.

വിവാഹത്തിൽ വധൂവരന്മാരാണു് കാർമ്മികർ. അവർ അവശ്യം പ്രസാദവരാവസ്ഥയിലായിരിക്കേണ്ടതാണു്. വിവാഹജീവിതത്തിൻെറ കടമകരം അറിഞ്ഞിരിക്കയും വേണം. അവരുടെ പരസ്പരസമ്മതമാണു് കൂദാശയുടെ അടയാളം. ക്രിസ്തുവും സഭയുമായുള്ള ഐക്യത്തിൻെറ ദൃശ്യചിഹ്നമാണു് വിവാഹിതർ.

## ഓർമ്മിക്കാൻ

''ആകയാൽ, ദൈവം യോജിപ്പിച്ചതിനെ ഒരു മനുഷ്യനും വേർപെടുത്താതിരിക്കട്ടെ.'' (മത്തായി 19:16)

1. വിവാഹമെന്ന കൂദാശ എന്താകുന്നു?
2. വിവാഹമെന്ന കൂദാശയുടെ പ്രധാന ഫലങ്ങളെന്തെല്ലാം?
3. വിവാഹജീവിതത്തിൽ ഭാര്യാഭർത്താക്കന്മാരുടെ പ്രധാന കടമകരം എന്തെല്ലാം?

## സംസാരിക്കുന്ന സംഭവം

കമ്മ്യൂണിസ്റ്റു്രാജ്യമായ ഹൻഗറിയിൽനിന്നു് അമേരിക്കയിലെത്തിയ ഒരു അഭയാർത്ഥിയുടെ കഥ രോമാഞ്ചജനകമാണു്. കാരരം എന്നാണു് ആ യുവാവിൻെറ പേരു്. ഹൻഗറിയിൽനിന്നു രക്ഷപ്പെട്ട അവൻ അമേരിക്കയിലെത്തിയ വാർത്ത പത്രങ്ങളിൽ വന്നെങ്കിലും അതിൻെറ പിന്നിലുള്ള വീരോചിതമായ ത്യാഗത്തിൻെറ കഥ അധികമാരും അറിഞ്ഞിട്ടില്ല.

1951-ലാണു് കഥയുടെ തുടക്കം. ഒരു കത്തോലിക്കയുവതിയെ വിവാഹം ചെയ്യാൻ അയാരം ആഗ്രഹിച്ചു. ഗവണ്മെൻറധികാരികരം അതു് അനുവദിക്കണമെങ്കിൽ മതമുപേക്ഷിച്ചതായി എഴുതി ഒപ്പിട്ടുകൊടുക്കണം. ദൈവാലയത്തിൽവച്ചു വിവാഹം നടത്തുകയുമരുതു്.

കമ്മ്യൂണിസ്റ്റുകാരുടെ കിരാതനടപടികൾ വേണ്ടുവോളമനുഭവിച്ചിട്ടുള്ള ആളായിരുന്നു കാരൾ. 1949–ൽ അവന്റെ പിതാവിന്റെ കട അവർ പിടിച്ചെടുത്തു. കമ്മ്യൂണിസത്തെ എതിർത്തതിന് അവന്റെ സഹോദരൻ പത്തുകൊല്ലത്തെ തടങ്കലിനു വിധിക്കപ്പെട്ടു. കാരളും ജയിലിൽ കിടന്നിട്ടുണ്ട്. ഇതെല്ലാം അവൻ സഹിച്ചു. കത്തോലിക്കസഭയ്ക്കു വെളിയിൽ പോയി വിവാഹം ചെയ്യുകയെന്ന ചിന്തതന്നെ അവനു ദുസ്സഹമായിരുന്നു.

ഒരു രാത്രി കാരൾ തന്റെ പ്രതിശ്രുതവധുവുമൊന്നിച്ചു ഹൻഗറിയുടേയും ഓസ്ട്രിയയുടേയും അതിർത്തിയിലുള്ള ഒരു പുഴ നീന്തിക്കടന്നു. പേടിച്ചും വിറച്ചും അവർ മുള്ളുകമ്പിവേലികൾക്കിടയിലൂടെ ഇഴഞ്ഞു. കമ്മ്യൂണിസ്റ്റ് കാവൽഭടന്മാരുടെ മൂക്കിനുതാഴെക്കൂടിത്തന്നെ അവർ സ്വതന്ത്രലോകത്തിലേയ്ക്കു രക്ഷപ്രാപിച്ചു. ഓസ്ട്രിയായിൽ അമേരിക്കൻ ഐക്യനാടുകളിലെ കത്തോലിക്കദുരിതാശ്വാസപ്രവർത്തകർ അവർക്കു് അഭയംനല്കി. ധീരരായ ആ ദമ്പതികൾക്കു് ആ പ്രവർത്തകർ വിവാഹമോതിരം സമ്മാനിച്ചു. അവർ സഭയുടെ ക്രമമനുസരിച്ചു വിവാഹിതരായി. ആ ഭാഗ്യത്തിനുവേണ്ടിയാണല്ലോ അവർ ജീവനെപ്പോലും തൃണവൽഗണിച്ചതു്.

## പതിനൊന്നാംപീയൂസിന്റെ വാക്കുകൾ

ക്രിസ്തീയവിവാഹത്തെപ്പററിയുള്ള ചാക്രികലേഖനത്തിൽ പതിനൊന്നാംപീയൂസ് പറയുന്നു: ''ക്രിസ്തുവിന്റെ യഥാർത്ഥാനുയായികൾക്കെല്ലാം വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച് സർവ്വകാര്യങ്ങളിലും ദൈവത്തിന്റെ വിശുദ്ധസഭ വഴികാട്ടുന്നു.''

## പ്രവർത്തിക്കാൻ

വിശ്വാസത്തിനുമുമ്പിൽ ഭീരുവാകേണ്ട ദുർഘടഘട്ടമുണ്ടാകുമ്പോൾ ഹൻഗറിക്കാരനായ കാരളിന്റെ കഥ ഞാനോർക്കും.

എല്ലാ ദമ്പതികളും വിശുദ്ധമായി ജീവിക്കുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കും.

വിവാഹജീവിതാവസ്ഥയിലേക്കാണോ ദൈവം എന്നെ വിളിക്കുന്നതു് എന്നു ഞാൻ പരിശോധിക്കുകയും കുമ്പസാരക്കാരന്റെ ഉപദേശം തേടുകയും ചെയ്യും.

# 18

## പരിശുദ്ധാത്മാവിൻെറ ആലയങ്ങൾ

### ആറും ഒമ്പതും പ്രമാണങ്ങൾ

മരിയഗൊരേത്തി എന്നബാലിക രക്തസാക്ഷിത്വം വരിച്ചതു ചാരിത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. വേദപുസ്തകത്തിലെ വാക്യങ്ങൾക്ക് അവളുടെ ജീവിതവും മരണവും ദൃഷ്ടാന്തമായിത്തീർന്നു.



''ശരീരം വ്യഭിചാരത്തിനുള്ളതല്ല; കർത്താവിനുള്ളതാണ്. കർത്താവു ശരീരത്തിനുള്ളതും. എന്തെന്നാൽ, ദൈവം തൻെറ ശക്തിയാൽ കർത്താവിനെ ഉയിർപ്പിച്ചു. ആ ശക്തിയാൽ അവിടുന്നു നമ്മെ ഉയിർപ്പിക്കും. നിങ്ങളുടെ ശരീരങ്ങൾ മിശിഹായുടെ അവയവങ്ങളാണെന്നു് നിങ്ങൾക്കറിഞ്ഞുകൂടെയോ?........കർത്താവിനോടു യോജിച്ചു ചേരുന്നവൻ അവിടുത്തോടൊരുമിച്ച് ഏകാത്മാവായിത്തീരും. അതുകൊണ്ടു് അശുദ്ധപാപങ്ങളിൽനിന്ന് ഓടി അകലുവിൻ. മനുഷ്യൻ ചെയ്യുന്ന മററെല്ലാപ്പാപങ്ങളും സ്വശരീരത്തിനുപുറമെ ചെയ്യുന്നു. എന്നാൽ, വ്യഭിചാരി സ്വന്തം ശരീരത്തിനെതിരായി പാപം ചെയ്യുന്നു. നിങ്ങൾക്കറിഞ്ഞുകൂടെയോ, നിങ്ങളുടെ ശരീരം

ദൈവത്തിൽനിന്നു പ്രാപിച്ചു നിങ്ങളിൽത്തന്നെ കുടികൊള്ളുന്ന പരിശുദ്ധാത്മാവിന്റെ ആലയമാണെന്ന്! നിങ്ങൾതന്നെ നിങ്ങളുടെ സ്വന്തമല്ല. എന്തെന്നാൽ, നിങ്ങളെ എല്ലാം വലിയ വിലകൊടുത്തു വാങ്ങിയിട്ടുള്ളതാണ്. അതിനാൽ നിങ്ങളുടെ ശരീരത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുവിൻ.'' (i കൊറി. 6:13–20)

വേദപുസ്തകത്തിലെ സത്യങ്ങൾ നമ്മുടെ ജീവിതത്തിൽ എങ്ങനെ പ്രായോഗികമാക്കാമെന്നു തിരുസ്സഭ നമ്മെ പഠിപ്പിക്കുന്നു. ''പരിശുദ്ധമായ കന്യാത്വ''ത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിൽ പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പ ക്രിസ്തീയ ജീവിതത്തിൽ അടക്കത്തിനുള്ള സ്ഥാനത്തെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു. ''നമ്മെ ഭീഷണിപ്പെടുത്തുന്ന അപകടത്തെ അടക്കം (modesty) മുൻകൂട്ടി കാണുന്നു. അപകടങ്ങളിൽപ്പെടാതെ അതു നമ്മെ സംരക്ഷിക്കുന്നു. അശുദ്ധമോ അലസമോ ആയ സംഭാഷണത്തെ അത് ഇഷ്ടപ്പെടുന്നില്ല. ക്രിസ്തുവിന്റെ അവയവം എന്ന നിലയിലും പരിശുദ്ധാത്മാവിന്റെ ആലയം എന്ന നിലയിലും നമ്മുടെ ശരീരത്തെ ബഹുമാനിക്കണമെന്ന് അത് ആത്മാവിനു് ഉപദേശം നല്കുന്നു. ക്രിസ്തീയമായ അടക്കം സ്വായത്തമാക്കിയിട്ടുള്ള ഒരാൾ പ്രലോഭനങ്ങളിൽനിന്ന് ഉടനടി ഓടിയകലും..''

DHARMARAM COLLEGE LIBRARY
34031
BANGALORE.

## ഹൃദയശുദ്ധിയുള്ളവർ അനുഗ്രഹീതർ

ചാരിത്ര്യം കാത്തുരക്ഷിക്കുന്നതിനും അടക്കം പരിശീലിക്കുന്നതിനും പ്രാർത്ഥനയും പരിത്യാഗവും ആവശ്യകമാണ്. പരിശുദ്ധമായ ഹൃദയത്തോടുകൂടെ നാം ദൈവത്തെ ശുശ്രൂഷിക്കുന്നതിന് വേണ്ട വരം തരണമെന്നു സഭാമാതാവു ദൈവത്തോടപേക്ഷിക്കുന്നുണ്ട്. ''കർത്താവേ, ഞങ്ങളുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ ജ്വലിപ്പിക്കണമെ. അങ്ങനെ, കളങ്കമില്ലാത്ത ശരീരത്തോടുകൂടെ അങ്ങയെ സേവിക്കുന്നതിനും പരിശുദ്ധമായ ഹൃദയത്താൽ അങ്ങയെ സന്തോഷിപ്പിക്കുന്നതിനും ഞങ്ങൾക്ക് ഇടയാകട്ടെ.''

## ശുദ്ധത എന്ന പുണ്യം

ശുദ്ധത എന്ന വിശിഷ്ടപുണ്യം ആറും ഒമ്പതും പ്രമാണങ്ങളുടെ അനുസരണത്താൽ ശക്തി പ്രാപിക്കുന്നു: ''നീ വ്യഭിചാരം ചെയ്യരുത്. നിന്റെ അയല്ക്കാരന്റെ ഭാര്യയെ മോഹിക്കരുത്.'' ആറാംപ്രമാണം ബാഹ്യ പ്രവൃത്തനങ്ങളിൽ ശുദ്ധത പാലിക്കണമെന്നു നമ്മോടു കല്പിക്കുന്നു. വിചാരങ്ങളിലും നാം വിശുദ്ധിയുള്ളവരായിരിക്കണമെന്നാണ് ഒമ്പതാംപ്രമാണം അനുശാസിക്കുന്നത്.

ദൈവദത്തമായ ലൈംഗികശക്തികളെ ദൈവത്തിന്റെ പദ്ധതിക്കനുസൃതമായി നിയന്ത്രിക്കുന്നതിനെയാണു ചാരിത്ര്യം (ശുദ്ധത)

എന്നു പറയുന്നതു്. മരിയഗൊരേത്തി ശുദ്ധതയെ എത്രമാത്രം വിലമതിച്ചിരുന്നുവെന്നു് സ്വന്തം രക്തസാക്ഷിത്വംമൂലം തെളിയിച്ചു. ഒരു അശുദ്ധപാപം ചെയ്യുന്നതിനെക്കാൾ ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി ജീവനുപേക്ഷിക്കുവാനാണു് അവൾ തയ്യാറായതു്. ഇതേലക്ഷ്യത്തെ മുൻനിറുത്തി അസംഖ്യം ആളുകൾ ഈ സുകൃതം അഭ്യസിക്കുന്നു.

വിവാഹിതരായ സ്ത്രീപുരുഷന്മാർ പരസ്പരം സ്നേഹിക്കുമ്പോൾ ക്രിസ്തുവിൻെറ സ്നേഹം കണ്ടെത്തുന്നു. അവരിൽ ഓരോരുത്തരും തൻെറ പങ്കാളിയിൽ ക്രിസ്തുവിൻേറയും സഭയുടേയും പ്രതിനിധിയെ കാണുന്നു. പരസ്പരം വിശ്വസ്തരായിരുന്നുകൊണ്ടു് അവർ ശുദ്ധതപാലിക്കുന്നു. ദമ്പതികളെന്നനിലയിൽ ദൈവതിരുച്ചിത്തം അനുസരിക്കുന്നതിനും മനസ്സിലും ശരീരത്തിലും ഐക്യം പ്രാപിക്കുന്നതിനും അവർ പരിശ്രമിക്കുന്നു. പരസ്പരം അവിശ്വസ്തരായി വിശുദ്ധമായ വിവാഹവാഗ്ദാനങ്ങൾ ലംഘിക്കാനിടയാകുന്നപക്ഷം അവർ (ഭാര്യയോ ഭർത്താവോ) വ്യഭിചാരം എന്ന പാപത്തിൽ പതിക്കുന്നു.

വിവാഹത്തിനായി ദൈവം നല്കിയിട്ടുള്ള ശാരീരികകഴിവുകളെ ബഹുമാനിച്ചുകൊണ്ടു് അവിവാഹിതർ ശുദ്ധത പാലിക്കുന്നു. ഈ കഴിവുകളെ വിശുദ്ധമായി അവർ പരിഗണിക്കുന്നു. വിവാഹത്തിനു പുറമെ ഈ കഴിവുകൾ ദുർവിനിയോഗം ചെയ്യണമെന്ന് അവർ മനഃപൂർവ്വം വിചാരിക്കുകയോ ആഗ്രഹിക്കയോ ചെയ്യരുതു്.

പുരോഹിതന്മാരും സന്യാസിനീസന്യാസികളും ബ്രഹ്മചര്യത്തിൻെറ പ്രത്യേകവ്രതം വാഗ്ദാനം ചെയ്തുകൊണ്ടു തങ്ങളെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിക്കുന്നു. സവിശേഷമായ പ്രസാദവരം വിശുദ്ധമായ ഈ ബ്രഹ്മചര്യം പാലിക്കുന്നതിനു ആവശ്യകമാണു്. ബ്രഹ്മചര്യം വാഗ്ദാനം ചെയ്യുന്ന ആൾ തൻെറ സ്നേഹം മുഴുവൻ ക്രിസ്തുവിനു നേരിട്ടു നല്കുന്നു. ക്രിസ്തുവിനോടുള്ള സ്നേഹം പ്രാർത്ഥനയിലൂടെയും അയാൾ പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

തനിച്ചോ മററുള്ളവരോടുകൂടെയോ ചെയ്യുന്ന അശുദ്ധവും അടക്കമില്ലാത്തതുമായ പ്രവൃത്തികൾ, നോട്ടങ്ങൾ, സംസാരങ്ങൾ ഇവയെല്ലാം ആറാംപ്രമാണത്താൽ വിലക്കപ്പെട്ടിരിക്കുന്നു. വിചാരത്തിലും ആഗ്രഹത്തിലും ഉള്ള അശുദ്ധിയേയാണു് ഒൻപതാം പ്രമാണം വിലക്കുന്നതു്. പൂർണ്ണമായ അറിവോടും സമ്മതത്തോടുംകൂടെ ശുദ്ധതയ്ക്കെതിരായി ചെയ്യുന്ന ഏതു പാപവും മാരക പാപമാകുന്നു.

## അടക്കത്തിൻെറ അർത്ഥം

ശുദ്ധത എന്ന പുണ്യം സംരക്ഷിക്കുന്നതിനു് ദൈവം തൻെറ ''ആലയമായി'' സൃഷ്ടിച്ചിരിക്കുന്ന ശരീരത്തോടു് ഒരു ആദരബോധം നമുക്കു തന്നിട്ടുണ്ടു്. ഈ ആദരബോധത്തിനാണു് അടക്കം എന്നു പറയുന്നതു്. അതു് വസ്ത്രധാരണത്തിലും പെരുമാററത്തിലും ഒരു നിയന്ത്രണം ഉളവാക്കുന്നു. സംഭാഷണത്തിലും കളിവിനോദങ്ങളിലും ചങ്ങാത്തങ്ങളിലും സഭ്യതയും വിവേകവും വേണമെന്നും ആ ബോധം നമ്മെ അനുസ്മരിപ്പിക്കുന്നു.

ദൈവം തന്നിട്ടുള്ള മാർഗ്ഗങ്ങളുപയോഗിച്ചു് മനോഹരമായ് ശുദ്ധതയെന്ന പുണ്യം നാം സംരക്ഷിക്കണം. പ്രാർത്ഥനയും കൂടെക്കൂടെയുള്ള കുമ്പസാരം, ദിവ്യകാരുണ്യസ്വീകരണം ഇവയും ദിവ്യജനനിയോടുള്ള ഭക്തിയും പ്രലോഭനങ്ങളെ ജയിക്കാൻ വേണ്ട കരുത്തു് നമുക്കു സമ്പാദിച്ചുതരും. എന്നിരുന്നാലും, പ്രലോഭനങ്ങളെ ജയിക്കുന്നതിനു് നമ്മുടെ സ്വന്തം ഇച്ഛാശക്തിയുപയോഗിച്ചു് ദൈവത്തിൻെറ പ്രസാദവരത്തോടു് നാം സഹകരിക്കണം. ഇതിനു ധൈര്യമാവശ്യമുണ്ടു്. നമ്മുടെ വികാരങ്ങളേയും ആഗ്രഹങ്ങളേയും നിയന്ത്രിക്കുന്നതിനു് നിഷ്കൃഷ്ടമായ പരിശ്രമവും വേണം. നല്ല കൂട്ടുകാരെ തിരഞ്ഞെടുത്തും നല്ല പുസ്തകങ്ങളും മാസികകളും വായിച്ചും നല്ല ചിത്രങ്ങൾ കണ്ടും പ്രലോഭനങ്ങളിൽ വീഴാതിരിക്കുന്നതിനുതകിയ പോംവഴികൾ കണ്ടുപിടിക്കണം. അലസത ഒഴിവാക്കുന്നതിനു പ്രത്യേക പരിശ്രമവും നാം ചെയ്യേണ്ടതുണ്ടു്. പ്രലോഭനമുണ്ടായാൽ ഉടനെതന്നെ ആ ചിന്ത മനസ്സിൽനിന്നു നീക്കുകയും പ്രാർത്ഥിക്കുകയും മറേറതെങ്കിലും ഇഷ്ടകാര്യങ്ങളിലേയ്ക്കു് ശ്രദ്ധ തിരിക്കുകയും ചെയ്യണം.

അടക്കം ശീലിക്കുന്ന ആളുകൾ സ്വശരീരങ്ങളിൽ ''ദൈവത്തെ വഹിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു''. അവർ ശരീരത്തിൻെറ ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുകയും ശ്രേഷ്ഠമായ ഒരു സ്വഭാവം രൂപവത്കരിക്കുകയും ആത്മാവിൽ സമാധാനവും സന്തോഷവും സംലബ്ധമാക്കുകയും ചെയ്യുന്നു. അവർ കുടുംബത്തിൻെറ സൗഭാഗ്യം നിലനിർത്തുകയും രാഷ്ട്രത്തിൻെറ ഭാവി കരുത്തുററതാക്കുകയും ചെയ്യുന്നു. ദൈവത്തിനും അവിടുത്തെ സഭയ്ക്കും വലിയ മഹത്വമാണു് അവർ ഉളവാക്കുന്നതു്.

## ഓർമ്മിക്കാൻ

''നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ വഹിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുവിൻ'.' (i കൊറി. 6:20)

1. ആറാംപ്രമാണം നമ്മോടു് എന്തു് കല്പിക്കുന്നു?

2. ആറാംപ്രമാണം എന്തു വിലക്കുന്നു?
3. ഒമ്പതാംപ്രമാണം നമ്മോട് എന്തു കല്പിക്കുന്നു?
4. ഒമ്പതാംപ്രമാണം എന്തു വിലക്കുന്നു?

### സംസാരിക്കുന്ന സംഭവം

പ്രസിദ്ധ ഗായകനായ ഡെന്നിസ് ഡേ ഒരു പരിപാടി നടത്തുന്നതിന് കരാറിലേർപ്പെട്ടു. എന്നാൽ, തന്റെ പരിപാടിയോടനുബന്ധിച്ച് ആ സായാഹ്നത്തിൽ ആഭാസകരമായ മറ്റൊരു പ്രദർശനം കൂടിയുണ്ടെന്നറിഞ്ഞയുടനെ അദ്ദേഹം തന്റെ കരാറിൽനിന്നു പിന്മാറി. ''ഈ കരാർലംഘനംമൂലം എനിക്കു പണം നഷ്ടപ്പെട്ടേക്കാം. പക്ഷേ, ഒരു കത്തോലിക്കൻ എന്ന നിലയിൽ എന്റെ വിശ്വാസത്തിനോ കുടുംബത്തിനോ സൽക്കീർത്തിക്കോ കളങ്കംവരുത്തുന്ന ഒന്നും ഞാൻ ചെയ്യുകയില്ല.''

### പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പയുടെ വാക്കുകൾ

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ ലോകമെങ്ങുമുള്ള ക്രിസ്ത്യാനികളെ ആഹ്വാനം ചെയ്തു, ശുദ്ധത പാലിച്ചുകൊണ്ടു ജീവിക്കാൻ: ''എല്ലാ ശുദ്ധതയുടേയും ഉറവിടമായ ക്രിസ്തുവിന്റെ പ്രസാദവരത്തിൽ ശരണപ്പെടുവിൻ. അവിടുന്നു തന്റെ രാജ്യത്തെ ബലപ്പെടുത്തുന്നതിനുവേണ്ടി സമരം ചെയ്യുകയും ക്ലേശം അനുഭവിക്കുകയും ചെയ്യുന്ന ഒരുവനേയും കൈവെടിയുകയില്ല.''

ശുദ്ധതയ്ക്കെതിരായ പ്രലോഭനമുണ്ടായാൽ എന്തുചെയ്യും?

### പ്രലോഭനാവസരത്തിൽ ചൊല്ലുക

''ഈശോയുടെ തിരുഹൃദയമേ, അങ്ങിൽ ഞാൻ ശരണപ്പെടുന്നു; ഈശോയേ, എന്നോടു കരുണ കാണിക്കണമേ! മറിയമേ, എന്നെ സഹായിക്കണമേ!''

### പാടാൻ

ചാരിത്ര ശുദ്ധിതൻ ഭൂരിപ്രകാശമേ,
പാരിൽത്തുണയ്ക്കു നീ മേരിയമ്മേ;
പാപപങ്കത്തിനുകളിൽ ചരിക്കുന്ന
താവക പുത്രനെന്നോർക്കേണമേ.

പാവകജ്വാലപോൽ ശുദ്ധീകരിക്കുന്ന
പാവനാത്മാവിന്നിരിപ്പിടമേ,

മാമകാത്മാവിൻ കറകളെയൊക്കെയും
മാച്ചുവാൻ നൽവരം നൽകേണമേ.

ദൈവകുമാരൻെറ കാലടിപ്പൂവുകഠം
ഭൂവിലിടറാതെ കാത്തവളേ,
പാപഗർത്തങ്ങഠംക്കരികിലെൻ പാപങ്ങഠം
പാളിപ്പതിയ്ക്കാതെ താങ്ങേണമേ.

ദിവ്യ വിശുദ്ധിതൻ സംഗീതം പാടുന്ന
ദൈവദൂതർക്കു നീ രാജ്ഞിയല്ലോ
പാറിക്കളിക്കും നിൻ്റെ വെൺപതാകയ്ക്കു
കീഴിലീ ഞങ്ങളെ നിർത്തേണമേ.

## പ്രവർത്തിക്കാൻ

അശ്ലീലതയുടെ രംഗത്തേയ്ക്കു് ഞാൻ തള്ളപ്പെടുമ്പോഠം ഡെന്നിസ് ഡേയുടെ പ്രവൃത്തി ഞാൻ മാതൃകയായി സ്വീകരിക്കും.




# 19

## നിങ്ങളുടെ സമ്പത്ത്

### ഏഴും പത്തും പ്രമാണങ്ങൾ

നാം സ്നേഹിക്കുന്ന ആളുകളിലും വസ്തുക്കളിലും കൂടുതൽ ശ്രദ്ധചെലുത്തുക സ്വാഭാവികമാണ്. നമ്മുടെ ജീവിതത്തിൻെറ കേന്ദ്രം ദൈവവും സ്വർഗ്ഗീയസമ്പത്തുകളുമാണെന്ന് മലയിലെ പ്രസംഗത്തിൽ ക്രിസ്തു പഠിപ്പിക്കുന്നുണ്ട്. മററു ലൗകിക സമ്പത്തുകൾക്കു താരതമ്യേന കുറഞ്ഞ പ്രാധാന്യം മാത്രമേയുള്ളു.



''ഭൂമിയിൽ നിങ്ങൾക്കായി നിങ്ങൾ നിക്ഷേപങ്ങൾ സംഭരിക്കരുത്; തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ അതു കുത്തിക്കവരും. ആകയാൽ, സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സംഭരിക്കുവിൻ; അവിടെ അവ നശിപ്പിക്കുന്നതിനു തുരുമ്പോ കീടങ്ങളോ, കുത്തിക്കവരുന്നതിനു കള്ളന്മാരോ ഇല്ല. നിൻെറ നിക്ഷേപം എവിടെയോ അവിടെ ത്തന്നെയായിരിക്കും

നിൻെറ ഹൃദയവും. കണ്ണാണ ശരീരത്തിൻെറ വിളക്ക്; നിൻെറ കണ്ണ് അന്യൂനമെങ്കിൽ ശരീരത്തിനു മുഴുവൻ പ്രകാശം ലഭിക്കും. എന്നാൽ, നിൻെറ കണ്ണു ന്യൂനതയുള്ളതാണെങ്കിൽ ശരീരം മുഴുവൻ ഇരുട്ടിലായിരിക്കും. ആകയാൽ, നിന്നിലുള്ള വെളിച്ചംതന്നെ ഇരുളാണെങ്കിൽ, നിൻെറ ഇരുറം എന്തൊരു ഇരുളായിരിക്കും! ഒരാറംക്കു ഒരേസമയത്തു് രണ്ടു യജമാനന്മാരെ സേവിക്കുക സാദ്ധ്യമല്ല. ഒന്നുകിൽ അവൻ ഒരുവനെ വെറുത്തു് അപരനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുവനോട്ട് ചേരുകയും അപരനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തേയും മാമോനേയും ഒരേ സമയത്തു സ്നേഹിക്കുക സാദ്ധ്യമല്ല. ആകയാൽ ഞാൻ നിങ്ങളോട്ട പറയുന്നു: 'ജീവൻ സംരക്ഷിക്കാൻവേണ്ടി എന്തു ഭക്ഷിക്കുമെന്നോ എന്തു കുടിക്കുമെന്നോ വിചാരിച്ചും, ശരീരം മറയ്ക്കാൻ വേണ്ടി എന്തു ധരിക്കുമെന്നു ചിന്തിച്ചും ഉൽക്കണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തെക്കാറം ജീവനും വസ്ത്രത്തെക്കാറം ശരീരവും ശ്രേഷ്ഠമല്ലയോ? ആകാശത്തിലെ പക്ഷികളെ നോക്കുക. അവ വിതയ്ക്കുന്നില്ല; കൊയ്യുന്നില്ല; അറപ്പുരയിൽ ശേഖരിക്കുന്നുമില്ല. എന്നിട്ടും സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീററിപ്പോററുന്നു. ഉൽക്കണ്ഠയാൽ നിങ്ങളിലാക്കെങ്കിലും തൻെറ ഉയരം ഒരുമുഴം വർദ്ധിപ്പിക്കാൻ കഴിയുമോ? വസ്ത്രത്തെപ്പററി നിങ്ങറം എന്തിനു് ആകുലചിത്തരാകുന്നു? വയലിലെ ലില്ലികറം എങ്ങനെ വളരുന്നുവെന്നു പരിശോധിക്കുവിൻ. അവ അദ്ധ്വാനിക്കുന്നില്ല; നൂൽനൂൽക്കുന്നുമില്ല. എന്നിട്ടും പ്രതാപശൃംഗത്തിലെത്തിയ ശ്ലേമോൻ പോലും ഇവയിലൊന്നിനെപ്പോലെ അലംകൃതനായിട്ടില്ലെന്നു ഞാൻ നിങ്ങളോട്ട പറയുന്നു. വയലിൽ ഇന്നു വളരുകയും നാളെ അഗ്നിയിൽ എറിയപ്പെടുകയും ചെയ്യുന്ന പുല്ലിനെപ്പോലും ദൈവം ഇപ്രകാരം അണിയിക്കുന്നെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ അതിലധികമായി അവിടുന്നു അണിയിക്കയില്ലേ? ആകയാൽ എന്തു ഭക്ഷിക്കും, എന്തു കുടിക്കും, എന്തു ധരിക്കും എന്നു ചിന്തിച്ച് ഉൽക്കണ്ഠാകുലരാകരുതു്. വിജാതീയരത്രേ ഇവയിൽ ആകുലത പ്രദർശിപ്പിക്കുന്നതു്. ഇവയെല്ലാം നിങ്ങറംക്കാവശ്യമുണ്ടെന്നു് സ്വർഗ്ഗസ്ഥനായ പിതാവിനറിയാം. നിങ്ങറം ആദ്യം ദൈവത്തിൻെറ രാജ്യവും അവിടുത്തേ നീതിയും അന്വേഷിക്കുവിൻ: അപ്പോറം ഇവകൂടി നിങ്ങറംക്കു് നൽകപ്പെടും.'' (മത്താ. 6: 19–33)

ഭൗതികവസ്തുക്കളുടെ കാര്യത്തിൽ നാം ദൈവത്തിൻെറ സൂക്ഷിപ്പുകാർ മാത്രമാണു്. ആവുംപടി അവ മററുള്ളവരുമായി പങ്കുവയ്ക്കാൻ നമുക്കു കടമയുണ്ട്. ''മാതാവും ഗുരുനാഥയും'' എന്ന ചാക്രികലേഖനത്തിൽ 23–ാം ജോൺ മാർപ്പാപ്പ പറയുന്നു: ''ക്രിസ്തീയസ്നേഹത്താൽ പ്രചോദിതനായി ഒരുവൻ പ്രവർത്തിക്കുമ്പോറം അവനു മററുള്ളവരെ സ്നേഹിക്കാതിരിക്കുക സാദ്ധ്യ

മല്ല. അവരുടെ ആവശ്യങ്ങളും വേദനകളും സന്തോഷങ്ങളും തൻേറതുപോലെ അവൻ കണക്കാക്കും.'

കത്താവിൻെറ കരവേലകളേ, അവിടുത്തെവാഴ്ത്തുവിൻ.

വേദപുസ്തകത്തിലുള്ള മനോഹരമായ ഒരു ഗീതം സഭ ആലപിക്കുന്നുണ്ട്. അതിൽ എല്ലാ സൃഷ്ടികളോടും തങ്ങളുടെ സ്രഷ്ടാവിനെ പുകഴ്ത്തുവാനാവശ്യപ്പെടുന്നു: ''കത്താവിൻെറ കരവേലകളായ എല്ലാ വസ്തുക്കളുമേ, കത്താവിനെ വാഴ്ത്തുവിൻ; സവ്വവസ്തുക്കളിലുമുപരിയായി അവിടുത്തെ വാഴ്ത്തി സ്തുതിക്കുവിൻ; സൂര്യചന്ദ്രന്മാരേ, ആകാശത്തിലെ നക്ഷത്രങ്ങളേ, വർഷപാതങ്ങളേ, ഹിമകണങ്ങളേ, അഗ്നിയേ, ചൂടേ, മിന്നലുകളേ, ഇണക്കമുള്ളതും ഇല്ലാത്തതുമായ മൃഗങ്ങളേ, കത്താവിനെ വാഴ്ത്തുവിൻ. മനുഷ്യമക്കളേ, എല്ലാററിലുമുപരിയായി എന്നെന്നും അവിടുത്തെ പുകഴ്ത്തി സ്തുതിക്കുവിൻ'' (ദാനിയേൽ 3:57–82).

നാം ഭൂമിയിലുള്ള സവ്വസൃഷ്ടികളേയും നമ്മെത്തന്നേയും ദൈവത്തിനു പ്രതിഷ്ഠിക്കണം. ഈ പ്രതിഷ്ഠ പൂത്തിയാകണമെങ്കിൽ ദൈവനിയമങ്ങളനുസരിച്ച് നാം ജീവിക്കുകയും ദൈവം ദാനം ചെയ്ത വസ്തുക്കാം അവിടുത്തെ തിരുച്ചിത്തംപോലെ വിനിയോഗിക്കുകയും വേണം.

## ലൗകികവസ്തുക്കാം എന്തിനു്?

ഈ ലോകത്തിലുള്ള സകല വസ്തുക്കളുടേയും സ്രഷ്ടാവും ഉടയവനും ദൈവമാണു്. അവിടുന്നു സ്നേഹപൂവ്വം അവ നമ്മുടെ ഉപയോഗത്തിനു വിട്ടുതന്നിരിക്കുന്നു. അവ നമ്മുടെ ആവശ്യങ്ങാം നിറവേററുകയും സന്തോഷകരമായ ജീവിതം നയിക്കാൻ സഹായിക്കുകയും ചെയ്യുന്നു. അവയെല്ലാം നമുക്കു തന്ന നല്ല പിതാവിൻെറ അനന്തബുദ്ധിയേയും സ്നേഹത്തേയുംകുറിച്ച് നമുക്ക് ഓമ്മ വേണം. ലൗകിക വസ്തുക്കളുടെ ശരിയായ വിനിയോഗം മൂലം നമുക്ക് ഭൂമിയിൽവച്ച് ദൈവത്തെ സ്നേഹിക്കുകയും അവിടുത്തോടൊന്നിച്ച് സ്വർഗ്ഗസൗഭാഗ്യമനുഭവിക്കാനൊരുങ്ങുകയും ചെയ്യാം.

## സമ്പത്തു് എങ്ങനെ ഉപയോഗിക്കണം?

എല്ലാ മനുഷ്യക്കും സ്വന്തം ഉപയോഗത്തിനും കുടുംബസംരക്ഷണത്തിനും ആവശ്യമായ സ്വത്തു കൈവശം വയ്ക്കാൻ ദൈവം അവകാശ നൽകിയിട്ടുണ്ട്. ഈ അവകാശത്തെ സംരക്ഷിക്കുന്നതിനും, ലൗകികവസ്തുക്കളുടെ ശരിയായ വിനിയോഗത്തിൽ അവരെ നേർവഴിക്കു നയിക്കുന്നതിനുമായിട്ടാണു് ഏഴും പത്തും പ്രമാണങ്ങാം

നൽകിയിരിക്കുന്നതു്. ''മോഷ്ടിക്കരുതു്'' എന്ന ഏഴാം പ്രമാണത്താൽ സ്വന്തം വസ്തുക്കളേയും അന്യന്റെ വസ്തുക്കളേയും ആദരിക്കുന്നതിനും ദൈവം അനുശാസിക്കുന്നു. ''അയൽക്കാരന്റെ വസ്തുക്കൾ ആഗ്രഹിക്കരുതു്'' എന്ന പത്താം പ്രമാണത്താൽ മററുള്ളവന്റെ വസ്തുക്കളിന്മേലുള്ള അന്യായമായ ആഗ്രഹം അവിടുന്നു നിരോധിക്കുന്നു.

ഭൗതികവസ്തുക്കൾ നമ്മുടെ സൂക്ഷത്തിനു് ദൈവം ഏല്പിച്ചിരിക്കുകയാണു്. തന്നിമിത്തം, അവ ശരിയായി ഉപയോഗിക്കണമെന്നും അവിടുന്നാഗ്രഹിക്കുന്നു. അവ പാഴാക്കിക്കളയുന്നതിനോ മോശമാക്കുന്നതിനോ നശിപ്പിക്കുന്നതിനോ നമുക്കവകാശമില്ല. അവിടുത്തെ ദാനങ്ങൾ എങ്ങനെ ഉപയോഗിച്ചു എന്നതിനു് ഒരു ദിവസം നാം കണക്കുകൊടുക്കേണ്ടിവരും.

ഭൗതികവസ്തുക്കൾ അവയിൽത്തന്നെ നല്ലതാണു്. എന്നാൽ സുഖസന്തോഷങ്ങൾക്കുവേണ്ടി മാത്രം നാം അവ സമ്പാദിച്ചുവയ്ക്കരുതു്. അരൂപിയിൽ ദരിദ്രരായിരിപ്പാനാണു് ക്രിസ്തുനാഥൻ നമ്മോടാവശ്യപ്പെടുന്നതു്. നാം ഈ ജീവിതത്തിൽ പ്രഥമമായി ദൈവത്തെ അന്വേഷിക്കണമെന്നും അവിടുത്തെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗമായി മാത്രം ലൗകികവസ്തുക്കളുപയോഗിക്കണമെന്നുമാണു് ഇതിനർത്ഥം. ഈ ലോകത്തിലുള്ള വസ്തുക്കളിലല്ല, ദൈവത്തിലാണു്, നമ്മുടെ ഉറപ്പും ശരണവും നാം വയ്ക്കേണ്ടതു്. ദരിദ്ര്യാരൂപിയുണ്ടെങ്കിൽ നമ്മുടെ ആവശ്യത്തിൽക്കവിഞ്ഞുള്ളതു് പാവപ്പെട്ടവർക്കും കഷ്ടപ്പെടുന്നവർക്കും നാം വീതിച്ചുകൊടുക്കും. നമ്മുടെ സഹോദരരെ സഹായിക്കുമ്പോൾ ക്രിസ്തുവിനെത്തന്നെ ശുശ്രൂഷിക്കയാണു് നാം ചെയ്യുന്നതു്.

## അന്യരുടെ വസ്തുക്കളോടുള്ള ബഹുമാനം

ദുഷ്ടമനുഷ്യരുടെ ദുരാഗ്രഹത്തെ ക്രിസ്തു അപലപിച്ചു: ''ധനത്തിൽ ശരണം വയ്ക്കുന്നവൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക വളരെ പ്രയാസമാണു്'' (മർക്കോസ് 10:24).

വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും മററുള്ളവരുടെ ഭൗതികാഭിവൃദ്ധിയിൽ തനിക്കുള്ള താൽപര്യംഅവിടുന്നു പ്രകടിപ്പിച്ചു. ശിഷ്യന്മാരോടവിടുന്നു് ഉപദേശിച്ചു, അവർ ആർക്കുവേണ്ടി വേല ചെയ്യുന്നുവോ ആ ആളുകളിൽനിന്നു് ഭക്ഷണവും സംരക്ഷണവും സ്വീകരിച്ചുകൊള്ളുവാൻ. എന്തെന്നാൽ, ''വേലക്കാരൻ കൂലിക്കർഹനാകുന്നു'' (ലൂക്കാ 10:17).

നീതിപാലിച്ചുകൊണ്ടു് നമ്മുടെ സഹോദരരുടെ ക്ഷേമം വർദ്ധിപ്പിക്കുന്നതെങ്ങനെയെന്നു മാർപ്പാപ്പമാരിലൂടെ ക്രിസ്തു നമ്മെ തു

ടരെത്തുടരെ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓരോ മനുഷ്യനും അർഹതയുള്ള തുക കൊടുക്കുവാൻ കർശനമായി നീതി നമ്മോടാവശ്യപ്പെടുന്നു. നമ്മുടെ അയൽക്കാരനെ ക്രിസ്തുവിനു തുല്യം കണക്കാക്കണമെന്നും ദൈവസ്നേഹത്തെ മുൻനിർത്തി അവനെ സ്നേഹിക്കണമെന്നും അതു നമ്മോടു പറയുന്നു. പരസ്നേഹത്താൽ ഉയർത്തപ്പെട്ടതും സമ്പൂർണ്ണമാക്കപ്പെട്ടതുമായ നീതിയാണ് ക്രൈസ്തവനീതി.

ലിയോ പതിമ്മൂന്നാമൻ, പീയൂസ് പതിനൊന്നാമൻ, ജോൺ ഇരുപത്തിമൂന്നാമൻ എന്നീ മാർപ്പാപ്പമാർ സാമൂഹ്യനീതിയെക്കുറിച്ച് അതിപ്രശസ്തങ്ങളായ വിശ്വലേഖനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരസ്പരമുള്ള പെരുമാററത്തിൽ ക്രൈസ്തവതത്വങ്ങൾ നമുക്കു മാർഗ്ഗദർശനം നൽകേണ്ടതെങ്ങനെയെന്നു പ്രസ്തുത ലേഖനങ്ങളിൽ പരിശുദ്ധ പിതാക്കന്മാർ വിശദീകരിച്ചിരിക്കുന്നു. മററുള്ളവരുടെ ഉടമാവകാശങ്ങളെ എങ്ങനെ ആദരിക്കണമെന്നും എല്ലാ മനുഷ്യരുടേയും ഭൗതികക്ഷേമത്തെ എങ്ങനെ അഭിവൃദ്ധിപ്പെടുത്തണമെന്നും അവർ നമ്മെ പഠിപ്പിക്കുന്നു. മുതലാളിയും തൊഴിലാളിയും തമ്മിലും വ്യക്തിയും സമുദായവും തമ്മിലും രാജ്യവും ജനങ്ങളും തമ്മിലും രാഷ്ട്രവും മനുഷ്യരാശിയും തമ്മിലും ഉണ്ടായിരിക്കേണ്ട ബന്ധങ്ങളെക്കുറിച്ച് അവർ ചർച്ചചെയ്യുന്നു.

ഈ വിശ്വലേഖനങ്ങളിലെ പ്രബോധനങ്ങൾ ക്രിസ്ത്യാനികളെങ്കിലും നടപ്പിൽ വരുത്തുന്നപക്ഷം, ദാരിദ്ര്യം ഇല്ലാതാകും. കമ്മ്യൂണിസം പരാജയപ്പെടും. അനീതിയും മർദ്ദനങ്ങളും അവസാനിക്കും. ക്രിസ്തുവിൻെറ നീതിയും സമാധാനവും സ്നേഹവും ലോകത്തുപുലരും.

## ക്രിസ്തു അനീതിയെ വെറുക്കുന്നു

മററുള്ളവരെക്കുറിച്ച് താൽപര്യവും അവരുടെ സ്വത്തുക്കളോട് ആദരവും പ്രദർശിപ്പിക്കുക ക്രിസ്ത്യാനികളായ നമ്മുടെ ചുമതലയാണ്. മറെറാരാളുടെ വകയായ ഏതൊരു വസ്തുവും ശ്രദ്ധാപൂർവ്വം നാം കൈകാര്യം ചെയ്യണം. അന്യൻെറ വസ്തുക്കൾക്കു അന്യായമായി കേടോ നാശമോ വരുത്തുന്നതു് പാപകരമാകുന്നു.

അന്യൻെറ വസ്തുക്കളെ അന്യായമായി നാം കൈവശപ്പെടുത്തുവാൻപാടില്ല. മോഷണം, കവർച്ച, ചതി, അന്യായമായ കൈവശംവയ്ക്കൽ ഇവയെല്ലാം അന്യൻെറ അവകാശങ്ങളിന്മേലുള്ള കയ്യേററമാണ്. അങ്ങനെ നേടുന്ന വസ്തുക്കൾ നമുക്ക് അവകാശപ്പെട്ടവയല്ല. ആ വസ്തുക്കളുടെ വിലയും അതുമൂലം മറെറാരാൾക്കു വന്ന ഉപദ്രവവും അനുസരിച്ചു നമ്മുടെ പാപം ലഘുവോ മാരകമോ

ആയിത്തീരും. തിരികെക്കൊടുക്കുവാൻ സാധിക്കയില്ലെന്നറിഞ്ഞു കൊണ്ടു പണം കടംവാങ്ങുന്നതും തെററാണ്.

മററൊരാളുടെ വസ്തുക്കൾ കൈവശപ്പെടുത്തിയാൽ അതു തിരികെക്കൊടുക്കുവാൻ നാം കടപ്പെട്ടവരാണ്. ഉടമസ്ഥനോ, അനന്തരാവകാശികൾക്കോ അതു കൊടുത്തേ മതിയാകൂ. വസ്തു നഷ്ടപ്പെട്ടു പോയെങ്കിൽ വിലകൊടുക്കണം. അന്യരുടെ വസ്തുക്കൾക്ക് അന്യായമായി കേടുവരുത്തുന്നയാൾ പരിഹാരം ചെയ്തേമതിയാവൂ. ഇതിനു നഷ്ടപരിഹാരം എന്നുപറയുന്നു.

അനീതിയും പാപവുംനിറഞ്ഞ ഒരു ലോകത്തെ കൺമുൻപിൽ കണ്ടുകൊണ്ടാണ്, പതിനൊന്നാംപിയൂസ് മാപ്പാപ്പ ''ക്വാദ്രാജെസിമോ ആന്നോ'' എന്ന വിശ്വലേഖനം എഴുതിയത്. അദ്ദേഹം പറയുന്നു: ''മനുഷ്യസമുദായം ഇപ്പോൾ സുഖം പ്രാപിക്കണമെങ്കിൽ ക്രിസ്തീയജീവിതത്തിലേക്കും ക്രിസ്തീയവ്യവസ്ഥിതികളിലേക്കും പിന്തിരിയുകയല്ലാതെ യാതൊരു പോംവഴിയുമില്ല.''

## ഓർമ്മിക്കാൻ

''ലോകത്തിൻെറ സമ്പത്തുള്ളവൻ ആവശ്യക്കാരനായ ഒരു സഹോദരനെ കാണുകയും അവൻെറനേരെ കണ്ണടയ്ക്കുകയും ചെയ്യുന്ന പക്ഷം, അവനിൽ എങ്ങനെ ദൈവസ്നേഹം കുടികൊള്ളും ?''

(യോഹ. 3: 17)

1. ഏഴാംപ്രമാണം നമ്മോടെന്തു കല്പിക്കുന്നു?
2. ഏഴാംപ്രമാണം എന്തുവിലക്കുന്നു?
3. പത്താംപ്രമാണം എന്തുവിലക്കുന്നു?

## വിശ്വാസത്തിനു സാക്ഷ്യം

ദരിദ്രരേയും നിർഭാഗ്യരേയും സഹായിക്കുക എന്ന കത്തവ്യത്തിൽ കത്തോലിക്കർ കൂടുതലായി ഉത്തേജിതരാകണം എന്നതു് സമുചിതമാകുന്നു. അവർ ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അവയവങ്ങളാണല്ലോ.

നിങ്ങളുടെ വസ്തുക്കളിൽ മററുള്ളവരും പങ്കുപററുന്നതിനു നിങ്ങൾ എന്തുചെയ്യും?

## പ്രവർത്തിക്കാൻ

ആവശ്യക്കാരനാകാതിരിപ്പാൻവേണ്ടി ആഡംബരങ്ങളുപേക്ഷിച്ചു ഞാൻ ലളിതമായി ജീവിക്കും.

# 20

## സത്യത്തിനു സാക്ഷ്യം

### എട്ടാംപ്രമാണം

ക്രിസ്തു സുഖപ്പെടുത്തിയ പിറവിക്കുരുടൻ ഫരിസേയരുടെ മുമ്പിൽ സത്യത്തിനു സാക്ഷ്യം വഹിച്ചു. അയാാംക്ക് കാഴ്ച ലഭിച്ചതെങ്ങനെയെന്നു ഫരിസേയർ ചോദിച്ചു.



അവൻ പറഞ്ഞു: ''ഈശോ എന്നു പേരുള്ള ഒരുവൻ എൻെറ കണ്ണിൽ ചേറു പൂശി. ഞാനതു കഴുകിക്കളഞ്ഞു; എനിക്കു കാഴ്ച ലഭിക്കുകയും ചെയ്തു.'' ''നിൻെറ കണ്ണു തുറപ്പിച്ച ആളെപ്പററി നീ എന്തു പറയുന്നു?'' ''അദ്ദേഹം പ്രവാചകനായിരിക്കണം'', അവൻ പ്രതിവചിച്ചു. അവൻെറ മാതാപിതാക്കന്മാരുടേയും മറുപടി മതിയാകാഞ്ഞിട്ട്, പ്രായപൂത്തിവന്ന ആ ജന്മാന്ധനെ അവർ വീണ്ടും വിളിച്ചുവരുത്തി പറഞ്ഞു: ''ദൈവത്തെ മഹത്വപ്പെടുത്തുക; ആ മനുഷ്യൻ ഒരു പാപിയാണെന്നു് ഞങ്ങാംക്കറിയാം...,അയാാം നിന്നോടെന്തുചെയ്തു? എങ്ങനെയാണു് നിൻെറ കണ്ണുതുറന്നതു്?'' ''അതു ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ,..''

അവർ അവനെ വളരെയധികം ആക്ഷേപിച്ചു. ''നീ പോയി അവന്റെ ശിഷ്യനായിക്കൊള്ളുക. ഞങ്ങൾ മോശയുടെ ശിഷ്യന്മാരാണ്. മോശയ്ക്ക് തീർച്ചയായും ദൈവത്തിന്റെ അരുളപ്പാടുണ്ടായെന്നു ഞങ്ങൾക്കറിയാം, ഇയാളെപ്പററിയോ? ഇയാളുടെ ഉത്ഭവം എവിടെ നിന്നെന്നു പോലും ഞങ്ങൾക്കറിയില്ല.'' ''ഇതു് ആശ്ചര്യകരമായിരിക്കുന്നു,'' കുരുടൻ പറഞ്ഞു: ''അദ്ദേഹമെവിടെനിന്നു വരുന്നുവെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? എങ്കിലും അദ്ദേഹം എന്റെ കണ്ണു തുറന്നു! ദൈവം പാപികളുടെ പ്രാർത്ഥന കേൾക്കുകയില്ലെന്നു തീർച്ചയല്ലേ? ഭക്തനായി ജീവിച്ച് തിരുഹിതം നിർവ്വഹിക്കുന്നവന്റെ പ്രാർത്ഥന മാത്രം സ്വീകാര്യമായിരിക്കും. ജന്മനാ അന്ധനായ ഒരുവന്റെ കണ്ണു തുറക്കുക എന്ന സംഭവത്തെക്കുറിച്ചു ലോകാരംഭംമുതൽ ഇതുവരെ കേട്ടുകേൾവിപോലുമില്ല. ഇദ്ദേഹം ദൈവത്തിൽനിന്നു പുറപ്പെട്ട ആളാണ്. അല്ലാത്തപക്ഷം, ഈദൃശശക്തിയുണ്ടാകുന്നതല്ല.'' യഹൂദന്മാർക്ക് കോപമായി. ''ജന്മനാ പാപിയായ നീയാണോ ഞങ്ങളെ പഠിപ്പിക്കാൻ വരുന്നതു്.'' അവർ അവനെ ആട്ടിപ്പായിച്ചു.

അവർ അവനെ ആട്ടിപ്പായിച്ചുവെന്നു കേട്ടപ്പോൾ ഈശോ അവനെ തേടിപ്പിടിച്ചു. ''നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ?'' അവിടുന്നു ചോദിച്ചു. ''സ്വാമിൻ, അങ്ങനെ വിശ്വസിക്കുന്നതിനു് അദ്ദേഹം ആരാണെന്നു് അരുളിച്ചെയ്താലും.'' ഈശോ കല്പിച്ചരുളി: ''നീ അയാളെ കണ്ടുകഴിഞ്ഞു. നിന്നോടു സംസാരിക്കുന്ന ആൾതന്നെയാണതു്.'' ''കർത്താവേ, ഞാൻ വിശ്വസിക്കുന്നു'' എന്നു പറഞ്ഞുകൊണ്ടു് അവൻ സാഷ്ടാംഗംവീണു് അവിടുത്തെ ആരാധിച്ചു. (യോഹ. 9: 15–38)

വേദപുസ്തകത്തിലുള്ള ദൈവികസത്യം പ്രഖ്യാപനം ചെയ്യുന്ന ശുശ്രൂഷിയാണ് പുരോഹിതൻ. ആ സത്യം ശ്രവിക്കുകയും അനുദിനജീവിതത്തിൽ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്യേണ്ടവരാണ് നമ്മൾ.


## സത്യം സൗഭാഗ്യത്തിന്റെ അടിസ്ഥാനം!

### സത്യം എവിടെ കണ്ടെത്തുന്നു?

സത്യം കണ്ടുപിടിക്കുന്നതിനുള്ള ആഗ്രഹം ദൈവം നമ്മിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രകൃതിതന്നെയാണ് സത്യം കണ്ടുപിടിക്കുന്നതിനുള്ള പ്രഥമഗ്രന്ഥം. ശാസ്ത്രം പ്രകൃതിയുടെ രഹസ്യങ്ങളിലേയ്ക്കു് നുഴഞ്ഞിറങ്ങുകയും ദൈവത്തിന്റെ ഈ പ്രപഞ്ചത്തെപ്പററിയുള്ള ചില യാഥാർത്ഥ്യങ്ങൾ നമുക്കു് വെളിപ്പെടുത്തിത്തരുകയും ചെയ്യുന്നു. സത്യാന്വേഷണത്തിന്റെ ദ്വിതീയ മാർഗ്ഗം നമ്മെപ്പററി

ത്തന്നെ പഠിക്കുകയാണ്. നാം തിരക്കുന്നു: ''നാമെന്തിനാണ് ജീവിക്കുന്നത്?'' ''ഭൂമിയിൽ ജീവന്റെയും മരണത്തിന്റെയും അർത്ഥമെന്ത്?'' ഈ ചോദ്യങ്ങൾക്ക് യുക്തികൊണ്ടുമാത്രം മറുപടി പറയുക സാദ്ധ്യമല്ലെന്ന് അനുഭവത്തിൽനിന്നു നാം മനസ്സിലാക്കും.

പൂർണ്ണമായ സത്യം നമുക്കു വെളിപ്പെടുത്തിത്തരാൻ ദൈവത്തിനു മാത്രമേ കഴിയൂ. പഴയനിയമത്തിലെ ആചാര്യന്മാർ, പ്രവാചകന്മാർ, രാജാക്കന്മാർ മുതലായവരിലൂടെ അവിടുന്നു ക്രമേണ തന്നെത്തന്നെ നമുക്കു വെളിപ്പെടുത്തി. തന്റെ സ്വന്തം തിരുക്കുമാരനിലൂടെ അവിടുന്നു സത്യത്തിന്റെ കവാടം പൂർണ്ണമായി തുറന്നുതന്നു. ക്രിസ്തു തന്നെപ്പററിത്തന്നെ പറഞ്ഞു: ''ഞാൻ വഴിയും സത്യവും ജീവനുമാകുന്നു.'' അവിടുന്നു സത്യമേതാണെന്ന് ചൂണ്ടിക്കാണിക്കുകയും പഠിപ്പിക്കുകയുംമാത്രമല്ല ചെയ്തത്. അവിടുന്നു സത്യംതന്നെയാണ്. സ്വർഗ്ഗീയപിതാവിന്റെ സ്നേഹത്തിന്റെ രഹസ്യങ്ങൾ അവിടുന്നു വെളിപ്പെടുത്തി. സൃഷ്ടിയുടെ രഹസ്യവും ജീവിതമരണങ്ങളുടെ ഉദ്ദേശ്യവും അവിടുന്നു വെളിപ്പെടുത്തി. സഭയിലൂടെ സത്യപ്രകാശനം അവിടുന്നു തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.



## സത്യത്തിന് എങ്ങനെ സാക്ഷ്യം വഹിക്കണം

ഒരു സമൂഹം ബലവത്താകണമെങ്കിൽ സത്യമായിരിക്കണം അതിന്റെ അടിത്തറ. അത്, ദൈവത്തോടും സഹജീവികളോടും നമ്മോടുതന്നെയുമുള്ള നമ്മുടെ ബന്ധങ്ങളെ നയിക്കുന്നു. ''സൽകീർത്തി സമ്പത്തിനേക്കാൾ അഭികാമ്യമാണ്'' എന്നു വേദപുസ്തകം പറയുന്നു. (സുഭാഷിതങ്ങൾ 22:1). ഓരോരുത്തനും സൽകീർത്തി

(സദ്യശസ്സ്, സൽപ്പേരു) സമ്പാദിക്കാനവകാശമുണ്ട്. എട്ടാംപ്രമാണത്തിലൂടെ ഈ അവകാശത്തെ ദൈവം സംരക്ഷിക്കുന്നു.

സൽകീർത്തിയുടെ അർത്ഥമെന്തെന്നു് കത്തോലിക്കരായ നാം മനസ്സിലാക്കണം. ഒരുവനു് ഒരു നല്ല ക്രൈസ്തവസ്വഭാവം ഉണ്ട് എന്നതിനെ ആസ്പദമാക്കിഅയാൾക്കു നൽകുന്ന ബഹുമതിയാണു് സൽകീർത്തി. പരിഹാസമോ അവഗണനയോ സഹിച്ചുകൊണ്ടുപോലും ക്രിസ്തുവിൻെറ നിയമങ്ങൾ വിശ്വസ്തതയോടെ അനുസരിക്കാൻ കത്തോലിക്കനു കടമയുണ്ട്. ഈ കടമയുടെ നിർവ്വഹണമാണു് അവൻെറ കീർത്തിയുടെ അടിസ്ഥാനം. അനീതിക്കും അബദ്ധോപദേശങ്ങൾക്കുമെതിരായി ധൈര്യപൂർവ്വം സംസാരിക്കുന്നവൻ എന്ന നിലയിൽ അവൻ അറിയപ്പെടണം. കടപ്പെട്ടതിൽ കൂടുതൽ മററുള്ളവരെ സഹായിക്കുന്നവനാണു് അവൻ എന്നും വരണം. ഇത്തരം സൽകീർത്തി നമുക്കുണ്ടെങ്കിൽ ക്രിസ്തുവിൻേറതിനു തുല്യമായ മാതൃകയ്ക്കും ഉപദേശത്തിനും വേണ്ടി ആളുകൾ നമ്മെ സമീപിക്കും. അപ്പോൾ സഹജീവികളുടെയിടയിൽ കൂടുതൽ ഫലപ്രദമായി സത്യത്തിനു സാക്ഷ്യംവഹിക്കുവാൻ നമുക്കു കഴിയും.

### സൽകീർത്തി നിലനിർത്താൻ

നമ്മുടെ സൽകീർത്തി നാം സംരക്ഷിക്കണം. എന്നാൽ, സർവ്വോപരി ദൈവത്തിനു നമ്മെക്കുറിച്ചുള്ള അഭിപ്രായമാണു്, മനുഷ്യർക്കുള്ള അഭിപ്രായത്തെക്കാൾ പ്രധാനമെന്നു നാം ഓർമ്മിക്കണം. രണ്ടിലൊന്നു തിരഞ്ഞെടുക്കേണ്ടിവന്നാൽ, നല്ല ക്രിസ്ത്യാനി തൻെറ സൽകീർത്തി ഉപേക്ഷിച്ചും ദൈവഹിതം നിറവേററും.

നമ്മെപ്പോലെ നമ്മുടെ അയല്ക്കാരനും സ്വന്തം സൽകീർത്തിയെ വിലമതിക്കുന്നുണ്ടെന്നു നാമോർക്കണം. നമ്മുടെ സൽകീർത്തിയെ നാം ആദരിക്കുന്നതുപോലെ അവൻെറ സൽകീർത്തിയേയും നാം ആദരിക്കണം. ആരെങ്കിലും അവൻെറ സൽകീർത്തിക്കു കളങ്കം ഉണ്ടാക്കുവാൻ ശ്രമിക്കുന്നതായി അറിഞ്ഞാൽ, ആ അയല്ക്കാരനെ നീതീകരിക്കുന്നതിനും നാം മുന്നോട്ടു വരണം.

നമ്മെ സൂക്ഷിക്കാൻ ഏല്പിച്ച രഹസ്യം, നാം സൂക്ഷിക്കുക തന്നെ വേണം. വളരെ അത്യാവശ്യമായിത്തീരുന്ന ഘട്ടങ്ങളിൽ തക്ക അധികാരികളോടു മാത്രമേ അതു വെളിപ്പെടുത്താവൂ. മററൊരാളുടെ കുററങ്ങളും കുറവുകളും അനാവശ്യമായി പരസ്യപ്പെടുത്തുന്നതു പാപമാണു്. മററൊരുവനെക്കുറിച്ച് നുണപറയുന്നതു് ഏഷണി, അഥവാ, പരദൂഷണം എന്ന പാപമാകുന്നു. തക്കകാരണമില്ലാതെ മററൊരാളെ വിധിക്കുന്നതും പാപംതന്നെ. മററുള്ളവർക്കു ഇതുമൂലം വലിയ ഉപദ്രവം ഉണ്ടാകുന്നപക്ഷം ഇതു മാരകപാപമായിത്തീരും.

അയല്ക്കാരൻെറ സൽകീത്തിക്ക കളങ്കംവരുത്തിയവൻ അതു പരിഹരിക്കാനും കടപ്പെട്ടവനാണ്.

അവസാനനാളിൽ സത്യത്തിൻെറ പ്രഭാവം ക്രിസ്തു വെളിപ്പെടുത്തും. എല്ലാ നുണകളും വെളിച്ചത്തുവരും. എല്ലാ കപടനാട്യങ്ങളും പൊളിയും. ഒരുവൻെറ യഥാത്ഥമഹത്വം എല്ലാവക്കും അറിയാനിടവരും. സത്യത്തെക്കുറിച്ച് ദൈവത്തിനുള്ള മാനദണ്ഡംതന്നെ അതിജീവിക്കും.

''സത്യം നിങ്ങളെ സ്വതന്ത്രരാക്കും'' (യോഹ. 8:32).

''അതിനാൽ, ഒരുവനും അയല്ക്കാരനോടു വ്യാജം പറയരുതു് സത്യംമാത്രം പറയുക. എന്തെന്നാൽ, നാമോരോരുത്തരും പരസ്പരം അവയവങ്ങളാണ്''. (എഫേ. 4:25)

''സൽകീത്തി സമ്പത്തിനേക്കാഠ അഭികാമ്യമാണ്." (സുഭാ. 22:1)

## ഓർമ്മിക്കാൻ

1. എട്ടാംപ്രമാണം നമ്മോടു് എന്തു കല്പിക്കുന്നു?
2. എട്ടാംപ്രമാണം എന്തു വിലക്കുന്നു?
3. മേല്പറഞ്ഞ കുററങ്ങളിലേതെങ്കിലും ഒന്നു ചെയ്യാനിടയായാൽ എന്തു ചെയ്യണം?

## സംസാരിക്കുന്ന സംഭവം

**സത്യത്തിനു സാക്ഷ്യം:-** 1952–ലെ ഒരു ശരത്കാലസായാഹ്നം. ചൈനയിലുള്ള ഷാങ്ങ്ഹായ് പട്ടണത്തിലെ കത്തീഡ്രൽപള്ളിയിൽ ജനങ്ങഠ തടിച്ചുകൂടിയിരിക്കുന്നു. ഉള്ളിൽ സ്ഥലം കുറവായതുകൊണ്ടു് ദേവാലയത്തിനു പുറത്തും വഴിയിലും ആളുകഠ നില്ക്കുന്നുണ്ടു്. അവർ കുംഗ്പിൻ മൈ മെത്രാൻെറ പ്രസംഗം ശ്രദ്ധാപൂർവ്വം കേഠക്കുകയാണ്. വിശ്വാസസംരക്ഷണത്തിനുള്ള ധീരതയ്ക്കു പ്രശസ്തിനേടിയ ആളാണ് വൃദ്ധനായ ഈ മെത്രാൻ. എന്തു വന്നാലും വിശ്വാസത്തിൽ ഉറച്ചുനിൽക്കണമെന്നു ജനങ്ങളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു.

അധികം താമസിച്ചില്ല, കമ്യൂണിസ്റ്റ് നേതാക്കഠ മെത്രാനെ അറസ്റ്റ്ചെയ്തു. ആറുകൊല്ലം അവർ അദ്ദേഹത്തെ പീഡിപ്പിച്ചുനോക്കി; പക്ഷേ, ക്രിസ്തു പഠിപ്പിച്ച സത്യം ഉപേക്ഷിക്കുവാനോ ആളുകളെ തെററിലേക്കു നയിക്കുവാനോ അദ്ദേഹം തയ്യാറായില്ല.

വൃദ്ധനായ ആ അജപാലകൻ ഉറച്ചുനിന്നു. ഒടുവിൽ ചീനച്ചെമ്പട അദ്ദേഹത്തെ മരണപര്യന്തം തടവിനു വിധിച്ചു.

ഹോങ്ങ്കോംഗിലെ ദിനപ്പത്രം ആ മെത്രാനെപ്പററി ഇങ്ങനെ എഴുതി: ''കമ്യൂണിസ്ററുകൾ വിചാരിച്ചു, മരണപര്യന്തമുള്ള ശിക്ഷ കഠിനമായ ഒന്നായിരിക്കുമെന്ന്. പക്ഷേ, വിശ്വാസധീരനായ ആ മനുഷ്യനിൽ അതു യാതൊരു ഫലവും ഉളവാക്കിയില്ല. അദ്ദേഹം സത്യത്തിൽ ജീവിക്കുന്നു''. ''സത്യമല്ലാതെ മറെറാന്നും ജയിക്കുകയില്ല; സത്യത്തിൻെറ വിജയം പരമസ്നേഹമാകുന്നു''.

(വി. ആഗസ്റ്റീനോസ്)

## വിശ്വാസത്തിനു സാക്ഷ്യം

പന്ത്രണ്ടാംപീയൂസ് പറഞ്ഞു: ''ലോകം അന്ധകാരത്തിൽ സഞ്ചരിക്കുന്നു. അതു സത്യംകൊണ്ടു പ്രകാശിക്കണമെങ്കിൽ, യുവാക്കളുടെ കരങ്ങൾ വേണം, ആശയങ്ങളുടെ ദീപശിഖ ഉയർത്തിക്കാട്ടുവാൻ. നിങ്ങളുടെ ഉള്ളിൽ വസിക്കുന്ന ദൈവത്തിൻെറ വചനം അവിടെ ജ്വലിക്കുന്നതിനും ലോകത്തിലുള്ള ഓരോ മനുഷ്യനേയും പ്രകാശിപ്പിക്കുമാറു പുറത്തേക്കു രശ്മികൾ പ്രസരിക്കുന്നതിനും ഇടയാക്കുവിൻ''.

സ്കൂളിലുള്ള നിങ്ങളുടെ പ്രവർത്തനങ്ങൾ എങ്ങനെ സത്യത്തിനു സാക്ഷ്യംവഹിക്കും?

## പ്രവർത്തിക്കാൻ


ഷാങ്ങ്ഹായ് പട്ടണത്തിലെ കുംഗ്പിൻ മൈ മെത്രാൻെറ ധീരത സത്യത്തിൽ ഉറച്ചുനില്ക്കാൻ എന്നെ സഹായിക്കട്ടെ. അതായിരിക്കും എൻെറ പ്രാർത്ഥന.

# 21

## നല്ലവനും വിശ്വസ്തനുമായ സേവകൻ

### തൊഴിലിൻെറ മാഹാത്മ്യം

ക്രിസ്തുവിൻെറ നല്ലവനും വിശ്വസ്തനുമായ സേവകൻ തൻെറ കർത്തവ്യങ്ങൾ സസന്തോഷം നിറവേററും. തനിക്കു കിട്ടിയിട്ടുള്ള വാസനകളെ അവൻ ദൈവമഹത്വത്തിനും പ്രേഷിതവൃത്തിയുടെ വിജയത്തിനുമായി വിനിയോഗിക്കുന്നു.



താലന്തുകളുടെ ഉപമയിൽ, ഒരുവൻെറ കഴിവുകൾ ശരിയായി വിനിയോഗിക്കുക ആവശ്യമെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

''വിദേശസഞ്ചാരത്തിനു പുറപ്പെട്ട ഒരാൾ തൻെറ ഭൃത്യരെ വിളിച്ചു ധനമെല്ലാം അവരെ ഏല്പിച്ചു. ഓരോരുത്തൻേറയും കഴിവനുസരിച്ച് ഒരാൾക്ക് അഞ്ചു നാണയവും വേറൊരുവനു രണ്ടും മററൊരുവന് ഒന്നും കൊടുത്തു. അനന്തരം, അയാൾ യാത്ര തിരിച്ചു. അഞ്ചു നാണയം ലഭിച്ചവൻ അതുകൊണ്ടു കച്ചവടം ചെയ്ത് അഞ്ചുകൂടി സമ്പാദിച്ചു. രണ്ടു കിട്ടിയവൻ രണ്ടുകൂടി ലാഭമുണ്ടാക്കി. ഒന്നുമാത്രം കിട്ടിയവൻ, യജമാനൻ കൊടുത്ത ആ നാണയം ഭൂമിയിൽ കുഴിച്ചുവച്ചു. വളരെ

നാരം കഴിഞ്ഞു യജമാനൻ മടങ്ങിവന്നു് അവരോടു് കണക്കു ചോദിച്ചു. അഞ്ചുനാണയം കിട്ടിയവൻ വന്നു് അഞ്ചുകൂടി കൊണ്ടുവന്നു യജമാനനെ ഏല്പിച്ചു. യജമാനൻ അവനെ ശ്ലാഘിച്ചു. രണ്ടുനാണയം കിട്ടിയവനും വന്നു് പുതുതായി സമ്പാദിച്ച രണ്ടുനാണയംകൂടി ഏല്പിച്ചു. അവനേയും യജമാനൻ മുന്നേപ്പോലെ ശ്ലാഘിച്ചു: ''നീ യോഗ്യമായി ചെയ്തു. ഉത്തമനും വിശ്വസ്തനുമായ ഭൃത്യാ, ചെറിയ കാര്യങ്ങളിൽ നീ വിശ്വസ്തനായിരുന്നതുകൊണ്ടു് നിന്നെ ഏല്പിക്കുവാൻ വൻകാര്യങ്ങരം എനിക്കുണ്ടു്. വന്നു നിൻെറ യജമാനനോടൊന്നിച്ചു് ആനന്ദിക്കുക''. ഒരു നാണയം കിട്ടിയവനും മുററത്തു് മുന്നോട്ടുവന്നു് ഇങ്ങനെ ബോധിപ്പിച്ചു. ''സ്വാമിൻ, അങ്ങു് ദയയില്ലാത്തവനാണെന്നു് എനിക്കറിയാം....അതിനാൽ ഞാൻ ഭയപ്പെട്ടു്, കിട്ടിയ നാണയം കൊണ്ടുപോയി മണ്ണിൽ ഒളിച്ചുവച്ചു. അങ്ങേയ്ക്കു് അതു് തിരിച്ചു തന്നിരിക്കുന്നു.'' യജമാനൻ ഇങ്ങനെ കല്പിച്ചു: ''നീചനും മടിയനുമായ ഭൃത്യാ, ആ സ്ഥിതിക്കു് എൻെറ നാണയം ബാങ്കിലെങ്കിലും നിക്ഷേപിക്കുവാൻ കൂടുതൽ കടപ്പെട്ടവനായിരുന്നില്ലേ? ഞാൻ വരുമ്പോരം പലിശയോടുകൂടെ ഈടാക്കുമായിരുന്നില്ലേ? ആ നാണയം അവനിൽനിന്നെടുത്തു പത്തുള്ളവനു കൊടുക്കുക അതിനാൽ, ഉപയോഗശൂന്യനായ ഈ ഭൃത്യനെ പുറത്തു അന്ധകാരത്തിലേയ്ക്കു തള്ളുക'' (മത്തായി 25: 14–30).

## ക്രിസ്തുവിനോടുകൂടെ പ്രവർത്തിക്കുക

തൊഴിലാളിയായ വിശുദ്ധ യൗസേപ്പിൻെറ തിരുനാരം നാം മെയ്മാസം ഒന്നാം തീയതി ആഘോഷിക്കുന്നു. ഈ പ്രത്യേക തിരുനാളാഘോഷത്തിൻെറ കാരണം ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പ ഇങ്ങനെ വിശദീകരിച്ചിട്ടുണ്ടു്:

"തൊഴിൽ ചെയ്യാൻ കടപ്പെട്ട മനുഷ്യക്കൊരു മാതൃകയായി വിശുദ്ധ യൗസേപ്പിനെ പ്രതിഷ്ഠിക്കുമ്പോരം തൊഴിലാളികളുടെ മാഹാത്മ്യം അവരെ ഓർമ്മിപ്പിക്കാൻ സഭ ആഗ്രഹിക്കുന്നു. അതേസമയം, അവരുടെ പ്രവർത്തനം വ്യക്തിഗതമായ വിശുദ്ധീകരണത്തിനും ശാശ്വതമായ യോഗ്യതയ്ക്കും ഉപയുക്തമാക്കാൻ സഭ അവരെ ക്ഷണിക്കുകയും ചെയ്യുന്നു.

''തൊഴിൽ വാസ്തവത്തിൽ മഹനീയമായ ഒരു പ്രേഷിതത്വമാണു്. സ്രഷ്ടാവായ ദൈവത്തോടു് മനുഷ്യനുള്ള ഫലപ്രദവും ബുദ്ധിപൂർവ്വകവുമായ സഹകരണമാണതു്. ഭൂമിയിലെ വസ്തുക്കരം ദാനം ചെയ്യുന്നവനും കൃഷികരംക്കു ഫലം തരുന്നവനും ഐശ്വര്യം നൽകുന്നവനുമായ ദൈവത്തോടു് അവർ സഹകരിക്കുന്നു''.

## തൊഴിൽ – ക്രൈസ്തവ സമീപനം

ക്രൈസ്തവജീവിതത്തിൻെറ അവശ്യഘടകമാണു തൊഴിൽ. വയലിലോ ഫാക്ടറിയിലോ ലാബറട്ടറിയിലോ ഓഫീസിലോ

പ്രവൎത്തിക്കുന്നവരെല്ലാം ദൈവദത്തമായ കല്പന പൂൎത്തീകരിക്കുകയാണു്. ഭൂമിയെ ഭരിക്കുകയും കീഴടക്കുകയും ചെയ്യുന്നതിനുവേണ്ടി അവർ മനസ്സും ശരീരവും ഉപയോഗിക്കുകയാണു്. ദൈവത്തിൻെറ സൃഷ്ടികൎമ്മം അവർ തുടൎന്നു നടത്തുകയും അതിൽ തങ്ങളുടെ വ്യക്തിഗതമായ വാസനകളുടെ മുദ്ര പതിക്കുയുമാണു് ചെയ്യുന്നതു്.

തൊഴിൽ എപ്പോഴും എളുപ്പമുള്ളതായിരിക്കയില്ല. ജന്മപാപത്തിൻെറ ഫലങ്ങൾനിമിത്തം പലപ്പോഴും അതു ഭാരമേറിയതായിത്തീരും. തൊഴിൽ ചെയ്യുന്നവൎക്കു മുഷിച്ചിലും ക്ഷീണവും ക്ലേശവും തോന്നും. തങ്ങളുടെ വിളിയുടെ മാഹാത്മ്യം അവർ മറന്നുപോകാനിടയുണ്ടു്.

തൊഴിലിൻെറ ശരിയായ അൎത്ഥം ക്രിസ്തു ഭൂമിയിൽവന്നു കാണിച്ചുതന്നു. തൊഴിലിൻെറ പ്രയാസങ്ങളൊന്നും അവിടുന്നു് എടുത്തുകളഞ്ഞില്ല. അവിടുന്നുതന്നെ നസ്രത്തിലെ ഒരു മരപ്പണിക്കാരനായി കഠിനാദ്ധ്വാനം ചെയ്തു. അനന്തരം, ഒരദ്ധ്യാപകനായി പട്ടണങ്ങൾതോറും ചുററിനടന്നു. ക്രിസ്തു തൻെറ അദ്ധ്വാനത്തിലൂടെ തൊഴിലിനെ ഒരു പുതിയ പദവിയിലേക്കുയൎത്തി. സർവ്വസൃഷ്ടികളേയും തൻെറ പിതാവിൻെറ ആരാധനയിലേക്കു പുനരാനയിക്കുന്ന വീണ്ടെടുപ്പുകർമ്മത്തിൻെറ ഒരു ഭാഗമാക്കി തൊഴിലിനെ അവിടുന്നു രൂപാന്തരപ്പെടുത്തി. ജോലി രക്ഷയ്ക്കുള്ള ഒരു യഥാൎത്ഥമാർഗ്ഗമാണെന്നു് അവിടുന്നു കാണിച്ചുതന്നു.

തൻെറ പിതാവിനോടുള്ള സ്നേഹപൂർണ്ണമായ അനുസരണത്തോടെ ക്രിസ്തു ജോലിചെയ്തു. അവിടുന്നു പറഞ്ഞു: ''പിതാവിനു പ്രിയങ്കരമായിട്ടുള്ളതാണു ഞാനെപ്പോഴും ചെയ്യുന്നതു്'' (യോഹ. 8:29). ക്രിസ്ത്യാനികൾ തങ്ങളുടെ ജോലി പിതാവിൻെറ മഹത്വത്തിനായി ചെയ്തുകൊണ്ടു് അതിനെ മഹിമപ്പെടുത്തുന്നു. തൊഴിലിലൂടെ അവർ ദൈവത്തെ ആരാധിക്കുകയും അവിടുത്തെ രാജ്യം വിസ്തൃതമാക്കാൻ സഹകരിക്കുകയും ചെയ്യുന്നു. മനുഷ്യരക്ഷയുടെ സന്ദേശം മററുള്ളവരുടെ ഇടയിലെത്തിക്കുന്നതിനു ക്രൈസ്തവതൊഴിലാളികളിലൂടെയാണു് ക്രിസ്തു പ്രവൎത്തിക്കുന്നതു്. തൊഴിൽമൂലമുണ്ടാകുന്ന ത്യാഗങ്ങൾക്കും ക്ലേശങ്ങൾക്കും ''വീണ്ടെടുപ്പി''ൻെറ വിലയുണ്ടു്. എന്തെന്നാൽ, അവയിലൂടെയാണു് ക്രൈസ്തവതൊഴിലാളി ക്രിസ്തുവിൻെറ പ്രസാദവരം ഭൂമിയിലേക്കു കൊണ്ടുവരുന്നതു്.

തൊഴിലിൻെറ ''രക്ഷാകരമൂല്യ''ത്തെക്കുറിച്ചു സഭാമാതാവു കൂടെക്കൂടെ നമ്മെ അനുസ്മരിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. ''മാതാവും ഗുരുനാഥയും'' എന്ന വിശ്വലേഖനത്തിൽ ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പ പറയുന്നു: ''ദിവ്യരക്ഷകനായ ഈശോയോടു ക്രൈസ്തവതൊഴിലാളികൾ ഹൃദയംകൊണ്ടും മനസ്സുകൊണ്ടും ഐക്യം

പ്രാപിക്കുന്നപക്ഷം, അവരുടെ ജോലി ഒരുവിധത്തിൽ ക്രിസ്തുവിന്റെ ജോലിയുടെ തുടർച്ചയാവും. അവിടുത്തെ ജോലിയിൽനിന്നു ശക്തിയും രക്ഷാകരയോഗ്യതയും സംഭരിക്കുവാൻ അങ്ങനെ അവർക്കു കഴിയും.

''ആരു് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ കൂടുതൽ ഫലം പുറപ്പെടുവിക്കും.'' ദൈവവിചാരത്തോടെ കടമകൾ നിർവ്വഹിക്കുമ്പോഴും ജീവിതക്ലേശങ്ങൾ അനുഭവിക്കുമ്പോഴും ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണു്.

ക്രിസ്തുവിനോടു് യോജിച്ചുകൊണ്ടു് തന്റെ ജോലികൾ ചെയ്യുന്ന ക്രൈസ്തവൻ ദൈവത്തിന്റെ സൃഷ്ടികർമ്മസന്തോഷത്തിൽ പങ്കുകൊള്ളുന്നു. അവൻ തന്റെ വ്യക്തിത്വത്തെ വികസിപ്പിക്കുകയും ശരീരത്തേയും മനസ്സിനേയും ആരോഗ്യപൂർണ്ണമാക്കുകയും ചെയ്യുന്നു. വളരെ പ്രലോഭനങ്ങളിൽനിന്നു് അവൻ രക്ഷനേടുന്നു. അതേസമയം പ്രചോദനവും വിലപ്പെട്ട സേവനങ്ങളും മനുഷ്യരാശിക്കു നൽകുകയും ചെയ്യുന്നു. വേലയുടെ മൂല്യം, കൊഴുത്ത ശമ്പളത്തിലോ ഉയന്ന പദവിയിലോ അല്ല; ദൈവസ്നേഹത്തിലും ദൈവസേവനത്തിലും അതു് അധിഷ്ഠിതമായിരിക്കുന്നതിലാണു്. ദിവ്യബലിയിലുള്ള ക്രിസ്തുവിന്റെ ആത്മാർപ്പണത്തോടു് ചേരുമ്പോൾ തൊഴിൽ വിശുദ്ധവും ദൈവത്തിനു പ്രിയംകരവുമായിത്തീരും.

## വാസനകൾ ദൈവമഹത്വത്തിനു്

ലോകത്തു ചെയ്തുതീർക്കേണ്ട ജോലിക്കനുസൃതമായി ഓരോ മനുഷ്യനും ചില പ്രത്യേക വാസനകൾ ദൈവം നൽകുന്നു. മനസ്സിന്റേയും ശരീരത്തിന്റേയും ഈ സിദ്ധികൾ കണ്ടുപിടിച്ചു വികസിപ്പിച്ചു ദൈവശുശ്രൂഷയ്ക്കായി വിനിയോഗിക്കണമെന്നാണു് അവിടുത്തെ അഭിലാഷം. ചില ക്രിസ്ത്യാനികൾ തങ്ങളുടെ വാസനകൾ സന്യാസത്തിലൂടെ ദൈവത്തിനർപ്പിക്കുന്നു. മററു ചിലർ അല്മായജനതയുടെ അംഗങ്ങളെന്നനിലയിൽ അവിടുത്തേക്കു തങ്ങളുടെ കഴിവുകൾ കാഴ്ചവെയ്ക്കുന്നു.

ദൈവം നമ്മെ ഏല്പിച്ചിട്ടുള്ള ജോലി ശരിയായി ചെയ്യുന്നതിനുവേണ്ടി നമ്മുടെ വാസനകൾ നാം കണ്ടുപിടിക്കണം. ചിലപ്പോൾ, നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ എന്തൊക്കെയാണെന്നു് ആലോചിച്ചാൽ നമുക്കവ കണ്ടുപിടിക്കാം. മാതാപിതാക്കന്മാരുടേയും ഗുരുക്കന്മാരുടേയും ഉപദേശം ആരായുന്നതും പ്രയോജനകരമാണു്. ''ദൈവം എന്തുചെയ്യാനാണു് എന്നോടാവശ്യപ്പെടുന്നതു്?'' ഈ ചോദ്യം നമ്മോടുതന്നെ കൂടെക്കൂടെ ചോദിക്കണം. ദൈവഹിതം

കണ്ടുപിടിച്ച നിറവേററുന്നതിനു നമ്മെ സഹായിക്കാൻ നാം പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുകയും വേണം.

ബാലികാബാലന്മാർ തങ്ങളുടെ ഭാവിജോലികൾക്കായി സ്വന്തം വാസനകളെ വികസിപ്പിക്കേണ്ടതുണ്ട്. വിദ്യാലയത്തിൽ പോയി ശ്രദ്ധിച്ചു പഠിക്കുക ഇതിനാവശ്യകമാണ്. ശാസ്ത്രം, ചരിത്രം, സാഹിത്യം, കല എന്നിവയിലെ സത്യങ്ങൾ ശ്രദ്ധിച്ചു പഠിക്കുന്നതുവഴി എല്ലാ സത്യങ്ങളുടേയും ഉറവിടമായ ദൈവത്തെപ്പററിയുള്ള അറിവ് അവരിൽ വളർന്നുവരണം. അപ്പോൾ തങ്ങളുടെ ഭാവിജീവിതത്തിലും ദൈനംദിനജോലികളിലും ക്രൈസ്തവതത്വങ്ങൾ പ്രായോഗികമാക്കാൻ അവർ കഴിവുററവരാകും. തങ്ങളുടെ വാസനകളിലൂടെ മററുള്ളവരെ ക്രിസ്തുവിങ്കലേയ്ക്കാകർഷിക്കുവാൻ അവക്കു സാധിക്കും.

## വേദപുസ്തകത്തിൽനിന്നു്

''വചനത്തിലും പ്രവൃത്തിയിലും നിങ്ങൾ ചെയ്യുന്നതെല്ലാം നമ്മുടെ കർത്താവായ യേശുവിൻെറ നാമത്തിൽ ചെയ്യുവിൻ.''
(കൊളോ. 31:17)

''യഥാസമയം ചെയ്യുന്ന പ്രവൃത്തികൾക്കു ദൈവം തിരുവുള്ളമാകുമ്പോൾ പ്രതിസമ്മാനം നൽകും.'' (പ്രഭാഷകൻ 51:30)

''ഒരുവൻ തൻെറ മനസ്സിൽ പ്രവൎത്തനപരിപാടികൾ ആസൂത്രണംചെയ്യുന്നു. എന്നാൽ അവൻെറ കാലടികളെ നയിക്കുന്നതു ദൈവമാണ്.'' (സുഭാഷിതങ്ങൾ 16:9)

## പ്രഭാതസമർപ്പണം

എൻെറ ഈശോയേ, ലോകമെങ്ങും അർപ്പിക്കുന്ന ദിവ്യബലികളോടു ചേർത്തു്, മറിയത്തിൻെറ വിമലഹൃദയംവഴി, എൻെറ ഇന്നത്തെ പ്രാൎത്ഥനകളും, ജോലികളും, സന്തോഷങ്ങളും സന്താപങ്ങളും അങ്ങേക്കു ഞാൻ സമർപ്പിക്കുന്നു. ഈ സമർപ്പണം എൻെറ പാപങ്ങളുടെ പരിഹാരത്തിനും, അങ്ങേ തിരുഹൃദയത്തിൻേറയും പരിശുദ്ധ മാർപ്പാപ്പയുടേയും എൻെറ സഹകാരികളുടേയും നിയോഗങ്ങൾക്കും, ക്രൈസ്തവജനതയുടെ ഐക്യത്തിനുംവേണ്ടിയാകുന്നു. ആമ്മേൻ.

## വിശ്വാസത്തിനു സാക്ഷ്യം

ഒരു സംഘം യുവതൊഴിലാളികളെ സംബോധനചെയ്തുകൊണ്ടു പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പ ഇങ്ങനെ പറഞ്ഞു: ''പ്രിയ കുഞ്ഞു

ങ്ങളേ, നിങ്ങഠം ജോലിയിൽ വ്യാപൃതരാകുവിൻ. പോയി ക്രിസ്തുവിനായി ഒരു പുതിയ ലോകം പടുത്തുയത്തുവിൻ.''.

സ്കൂളിലെ ക്ലാസ്സുമുറിയിൽ ക്രിസ്തുവിൻെറ സ്വാധീനം നിങ്ങഠം എങ്ങനെ കൈവരുത്തും?

## അദ്ധ്വാനത്തിലൂടെ

അമേരിക്കയുടെ പ്രഥമ ബഹിരാകാശസഞ്ചാരിയാണ് ക്യാപ്റ്ററൻ എഡ്വേർഡ് വൈററ്. നീഗ്രോവംശജനായ ഒരു കത്തോലിക്കനാണദ്ദേഹം. തൻെറ തൊഴിലിൽ അതീവതല്പരനായ കഠിനാദ്ധ്വാനി. ബഹിരാകാശസഞ്ചാരിയെന്ന നിലയിൽ താൻ എത്രകണ്ട വിജയിക്കുമോ അത്രയ്ക്കു ലോകത്തിനുമുമ്പിൽ കത്തോലിക്കവിശ്വാസത്തിനു സാക്ഷ്യംവഹിക്കാൻ കഴിയുമെന്നാണദ്ദേഹത്തിൻെറ വിശ്വാസം. കാൻഡാസ് നഗരത്തിലെ വാർഡു ഹൈസ്കൂഠംവിദ്യാത്ഥികഠംക്കും ഫാദർ മാഹക്ക്മായി അദ്ദേഹം ഒരു കത്തെഴുതി. അതിൽ തൊഴിലിൻെറ സാരാംശമെന്തെന്നും അതുമൂലം ക്രൈസ്തവസാക്ഷ്യം നിർവ്വഹിക്കേണ്ടതെങ്ങനെയെന്നും വിവരിക്കുന്നു:

''.....നാം ജീവിക്കുന്ന ഈ ലോകം ദൈവത്തിൻെറ മനോഹരമായ കരവേലയാണ്. എൻെറ ജോലിയിൽ ഞാൻ ഭൂമിയെപ്പററിയും ബാഹ്യാകാശത്തിൻെറ അനന്തവിസ്തൃതിയെപ്പററിയും അതിൻെറ അത്ഭുതാവഹമായ സംവിധാനത്തെപ്പററിയും പഠിക്കുന്നു. അപ്പോഴാണ് അതിൻേറയും നമ്മുടേയും ശരിയായ അത്ഥവും ലക്ഷ്യവും വ്യക്തമാകുന്നത്.

''ബിരുദം സമ്പാദിക്കാൻപോകുന്ന വിദ്യാർത്ഥികളോട് എനിക്കുവേണ്ടി ഇതു പറഞ്ഞാൽ കൊള്ളാം. അവർ ഏതു ദൈവവിളി സ്വീകരിക്കുന്നവരുമായിക്കൊള്ളട്ടെ, സന്യാസജീവിതമോ, സൈനികവൃത്തിയോ വ്യവസായമോ എന്തായാലും തങ്ങഠം ഈ ലോകത്തിൽ വന്നുചേർന്നതിൻെറ ലക്ഷ്യം അവക്കു വിസ്മരിക്കാവതല്ല. ദൈവത്തെ സേവിക്കുക എന്നതാണ് ആ ലക്ഷ്യം. അതു മനസ്സിൽവച്ചുകൊണ്ടും കത്തോലിക്കവിശ്വാസത്തിൻെറ ആയുധങ്ങഠം ധരിച്ചുകൊണ്ടും.......ഓരോ വിഭാഗത്തിൽപ്പെട്ടയാളും നമ്മുടെ സമൂഹത്തിൻെറ അഭിവൃദ്ധിക്കും നമ്മുടെ താല്ക്കാലിക വാസസ്ഥലമായ ഈ ലോകത്തിൻെറ ക്ഷേമത്തിനും തൻെറ പങ്കു സംഭാവന ചെയ്യണം. നല്ല തലച്ചോറുണ്ടെന്നുവച്ച് ജീവിതവിജയം സുനിശ്ചിതമാകുന്നില്ല. കഠിനാദ്ധ്വാനം, സ്ഥിരോത്സാഹം, ബുദ്ധി ഉപയോഗിക്കേണ്ടതെങ്ങിനെയെന്ന അറിവ് ഇവയാണു വിജയത്തിനുള്ള മാർഗ്ഗങ്ങഠം.

"ഈ ഗുണങ്ങളോടുകൂടെ മതപരമായ അടിസ്ഥാനവുമുണ്ടെങ്കിൽ ലോകം നമ്മുടെ മുൻപിൽ വലിച്ചിടുന്ന വിഘ്നങ്ങളെ തരണം ചെയ്തു നമുക്കു സ്വർഗ്ഗത്തിലേയ്ക്കുയരാം."

## ഓർമ്മിക്കാൻ

ലോകരക്ഷയ്ക്കു് ഓരോരുത്തൻേറയും വേല എങ്ങനെ ഉപകരിക്കുന്നു?

ഓരോരുത്തനും സ്വന്തം വാസനകൾ വികസിപ്പിക്കുന്നതെന്തിനു്?

## പ്രവത്തിക്കാൻ

നിരന്തരമായ ജോലി എൻെറ ആത്മീയവും ശാരീരികവുമായ ആരോഗ്യത്തിനു് ഉറപ്പു നൽകുമെന്നു് ഞാൻ ഗ്രഹിക്കും.

## പാടാൻ

സർവ്വലോകമേ വാഴ്ത്തി — പ്പാടുവിൻ ലോകേശനെ
ജീവജാലമേ നന്ദ്യാ — വന്ദിപ്പിൻ തിരുനാമം.

നായകൻ നമുക്കെന്നും — ദൈവമെന്നോത്തീടുവിൻ
നാമെല്ലാമവിടുത്തെ — സൃഷ്ടിയും സ്വത്തും മാത്രം.

കീത്തനം പാടിക്കൊണ്ടാ — ഗോപുരം കടക്കേണം
പത്തനാങ്കണത്തിങ്കൽ — സ്തോത്രവുമായ് നില്ക്കേണം

സർവ്വനന്മയാം ദേവൻ — സവ്വവുമർഹിക്കുന്നു
സർവ്വനേരവും തൻെറ — ദിവ്യമാം നാമം വാഴ്ത്താം.

താതസന്നിധിയിങ്കൽ — പ്രീതരായണഞ്ഞീടാം
മോദമാർന്നവിടുത്തെ — പ്പാദസേവനംചെയ്യാം.

പുരുഷാന്തരങ്ങളിൽ — പ്പരമവിശ്വസ്തനായ്
പരിശോഭിപ്പൂ ദേവൻ — കരുണാമയൻ നിത്യം.

വാഴ്ത്തുവിൻ തിരുനാമം — പാടുവിന്നപദാന—
കീത്തനം പിതാ പുത്ര പവിത്രാത്മന്മാക്കെന്നും.

# 22

## 'നിന്നെത്തന്നെ പരിത്യജിച്ച് എന്നെ അനുഗമിക്കുക"

### 1. ആത്മനിയന്ത്രണം

ആത്മപരിത്യാഗവും ആത്മനിയന്ത്രണവും പരിശീലിക്കുവാൻ ക്രിസ്തു തൻെറ അനുയായികളോടാവശ്യപ്പെടുന്നു. 'എന്നെ പിന്തുടരുവാനിരിക്കുന്ന ഏവനും തന്നെത്തന്നെ പരിത്യജിച്ച്, തൻെറ കുരിശുമെടുത്ത് എൻെറ പിന്നാലെ വരട്ടെ. സ്വന്തം ജീവൻ പരിരക്ഷിക്കുവാൻ ശ്രമിക്കുന്നവന് അതു നഷ്ടപ്പെടും. എന്നാൽ, എന്നെ ച്ചൊല്ലി സ്വജീവനെ പരിത്യജിക്കുന്നവന് അതു ഭദ്രമായിരിക്കയും ചെയ്യും. ഒരാാം ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടമാക്കുന്നുവെങ്കിൽ അവന് അതുകൊണ്ടെന്തു പ്രയോജനം? ഒരു മനുഷ്യാത്മാവിനു എന്തു വിലകൊടുത്താൽ മതിയാകും? ഭാവിയിൽ മനുഷ്യപുത്രൻ സ്വന്തം പിതാവിൻെറ പ്രഭാവത്തിൽ ദൈവദൂതന്മാരുടെ അകമ്പടിയോടെ എഴുന്നള്ളിവരുമ്പോൾ ഓരോ മനുഷ്യനും അവൻെറ പ്രവൃത്തിക്കനുസരണമായ പ്രതിഫലം നൽകും.'' (മത്തായി 16:24–27)

ആത്മനിയന്ത്രണം പാലിക്കുന്നതിൻെറ ആവശ്യകത പൗലോസ് ശ്ലീഹാ ഇങ്ങനെ വിശദീകരിക്കുന്നു. ''ജഡം ആത്മാവിനെതിരായും ആത്മാവു ജഡത്തിനെതിരായും സമരംചെയ്യുന്നു. അവ പരസ്പരം ശത്രുതയിലാണ്. അങ്ങനെ നിങ്ങളാഗ്രഹിക്കുന്നതു നിങ്ങൾ ചെയ്യുകയില്ല. . . .ജഡത്തിൻെറ പ്രവർത്തനങ്ങൾ സുവ്യക്തങ്ങളാണ്. വ്യഭിചാരം, അശുദ്ധി, വിഷയലമ്പടത്വം, വിഗ്രഹാരാധന, ആഭിചാരം, കലഹം, ശങ്ക, ഭിന്നത, അസൂയ, കോപം, പക, കക്ഷിമത്സരം, വിദ്വേഷം, കൊലപാതകം, അമിതമദ്യപാനം, മദോന്മത്തത മുതലായവ. ഇവ ചെയ്യുന്നവർ ദൈവരാജ്യം ദർശിക്കുകയില്ലെന്നു ഞാൻ, മുമ്പേ പറഞ്ഞിട്ടുള്ളതുപോലെ, നിങ്ങൾക്കു മുന്നറിവു തരുന്നു.'' (ഗലാ 5: 17–21)

അനന്തരം, വിശുദ്ധ പൗലോസ് ആത്മനിയന്ത്രണത്തിലധിഷ്ഠിതവും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമായ ഒരു ജീവിതപരിപാടി നിർദ്ദേശിക്കുന്നു: ''പരിശുദ്ധാത്മാവിൻെറ ഫലങ്ങൾ ഉപവി, ആനന്ദം, സമാധാനം, ക്ഷമ, ആർദ്രത, നന്മ, വിശ്വ

സ്തത, മിതത്വം, വിനയം, സംയമനം ഇവയാണ്.....മിശിഹാ യ്ക്കുള്ളവൻ ജഡത്തെ അതിൻെറ സകല ദുരാശകളോടും തിന്മകളോടും കൂടെ ക്രൂശിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിലാണു നാം ജീവിക്കുന്ന തെങ്കിൽ നമുക്കു പരിശുദ്ധാത്മാവിനെ അനുസരിച്ചു നടക്കാം.''

(ഗലാ. 5:22–25)

## ക്രിസ്തീയസമരമുഖം

സീനാമലയ്ക്കു ചുററുമുള്ള മരുഭൂമിയിൽവച്ച്, ഇസ്രായേൽ ജനത ദൈവത്തോടു വിശ്വസ്തരായി ജീവിക്കാമെന്നു തീരുമാനമെടുത്തു. മരുഭൂമിയിലൂടെയുള്ള നാല്പതുവർഷത്തെ അലച്ചിലിനിടയിൽ പലവട്ടം അവരുടെ വിശ്വാസം പരീക്ഷിക്കപ്പെട്ടു. പലപ്പോഴും ഇസ്രായേൽക്കാർ ദൈവത്തോടു വിശ്വസ്തത പുലർത്തിയില്ല.

ജറൂസലത്തിനടുത്തുള്ള മരുഭൂമിയിൽവച്ച് പുതിയ ഇസ്രായേലായ ക്രിസ്തു ദൈവത്തോടു വിശ്വസ്തത പ്രഖ്യാപിച്ചു. നാല്പതുദിവസത്തെ ഉപവാസത്തിനുശേഷം അവിടുന്നു പിശാചിനാൽ പരീക്ഷിക്കപ്പെട്ടു. സ്വാർത്ഥത്തിനോ ബഹുമാനത്തിനോ അധികാരത്തിനോ വേണ്ടി ഇസ്രായേൽക്കാർ ചെയ്തതുപോലെ, അവിടുന്നു സ്വപിതാവിനെ വഞ്ചിച്ചില്ല. വിജയശ്രീലാളിതനായി അവിടുന്നു മരുഭൂമിയിൽനിന്നു വെളിയിൽ വന്നു.


വലിയനോമ്പിൻെറ ആദ്യത്തെ ഞായറാഴ്ച ഈ സുവിശേഷകഥ സഭ നമ്മെ വായിച്ചുകേൾപ്പിക്കുന്നു. വലിയ നോമ്പിൻെറ നാല്പതു ദിവസം പരീക്ഷണത്തിൻെറ കാലഘട്ടമാണെന്ന് അവൾ ഓർമ്മിപ്പിക്കുന്നു. നാം ദൈവത്തോടു വിശ്വസ്തരായിരിക്കുമോ? നമ്മുടെ സ്വാർത്ഥത്തെ ജയിക്കുവാൻ നമുക്കു കഴിയുമോ? ഉയിർപ്പു ഞായറാഴ്ച ക്രിസ്തുവിൻെറ വിജയത്തിലും സന്തോഷത്തിലും പങ്കുചേരുവാൻ നമുക്കു കഴിയുമോ? കഴിയും; ക്രിസ്തീയമായ ആത്മനിയന്ത്രണം പാലിക്കുകയും പ്രായശ്ചിത്തപ്രവൃത്തികൾ അനുഷ്ഠിക്കുകയും ചെയ്യുമെങ്കിൽ മാത്രം.

## ക്രിസ്തീയമായ ആത്മനിയന്ത്രണം

ദാരിദ്ര്യത്തിൻേറയും പീഡനത്തിൻേറയും സഹനത്തിൻേറയും ജീവിതമാണ് ക്രിസ്തു സ്വതന്ത്രമായി തിരഞ്ഞെടുത്തതു്. പിതാവിൻെറ തിരുഹിതം പൂർണ്ണമായി നിറവേററുക എന്നതായിരുന്നു അവിടുത്തെ ജീവിതലക്ഷ്യം. തൻെറ പിതാവിനോടുള്ള സ്നേഹത്തെപ്രതി മനുഷ്യവർഗ്ഗത്തെ മുഴുവൻ വീണ്ടെടുക്കാൻ അവിടുന്നു മരണം കൈവരിച്ചു. തൻെറ എല്ലാ പ്രവർത്തനങ്ങളിലും ആത്മപരി

ത്യാഗത്തിൻെറ മാർഗ്ഗം അവിടുന്നു നമുക്കു കാട്ടിത്തന്നു. നമുക്കു അനുകരണത്തിനായി ഉത്തമമാതൃകയും നൽകി.

ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ അംഗങ്ങളെന്ന നിലയിൽ അവിടുത്തെ ജോലി തുടർന്നുകൊണ്ടുപോകേണ്ടവരാണു നാം.



പിതാവിൻെറ ഹിതം നിറവേററുന്നതിനു നമ്മുടെ സ്വാർത്ഥമോഹങ്ങളെ നാം പരിത്യജിക്കണം. ക്രിസ്തുവിൻെറ വെല്ലുവിളി ഇതാണ്: ''എന്നെ പിന്തുടരുവാനിനിരിക്കുന്ന ഏവനും തന്നെത്തന്നെ പരിത്യജിച്ച്, തൻെറ കുരിശുമെടുത്ത് എൻെറ പിന്നാലെ വരട്ടെ'' (മത്തായി 16:24).

ജന്മപാപത്തിൻെറ ഫലങ്ങൾ നമ്മിലവശേഷിക്കുന്നതിനാൽ ആത്മപരിത്യാഗവും ആത്മനിയന്ത്രണവും നമുക്കാവശ്യമാണ്. മനുഷ്യൻെറ ഉള്ളിൽ ദൈവം ഏർപ്പെടുത്തിയ ചിട്ടയും ക്രമവുമെല്ലാം ജന്മപാപത്താൽ താറുമാറായി. അതിനു മുമ്പ് വികാരങ്ങളും മോഹങ്ങളും ബുദ്ധിക്കധീനമായിരുന്നു. മനുഷ്യൻ പൂർണ്ണമായി ദൈവാരാധനയ്ക്ക് അഭിമുഖനായിരുന്നു. ജന്മപാപംനിമിത്തം വികാരങ്ങളും മോഹങ്ങളും ഉൽകൃഷ്ടശക്തികളായ ബുദ്ധിക്കും ഇച്ഛയ്ക്കുമെതിരെ പോരാട്ടം തുടങ്ങി. അവ മനുഷ്യൻെറ താല്പര്യങ്ങളെ ദൈവോന്മുഖമായല്ല, സ്വാർത്ഥോന്മുഖമായി തിരിച്ചുവിട്ടു.

ഇങ്ങനെ പോരാടുന്ന ഈ വാസനകളെ തലപ്പെട്ട ദോഷങ്ങൾ അഥവാ മൗലിക ദുർഗ്ഗുണങ്ങൾ എന്നു വിളിക്കുന്നു. നിഗളം, ദ്രവ്യാഗ്രഹം, മോഹം, കോപം, ഭോജനപ്രിയം, അസൂയ, മടി എന്നിങ്ങനെ ഏഴാണവ. ഈ ദുർവാസനകൾ നമ്മുടെ സ്വാർത്ഥാഭിലാഷങ്ങളെ താലോലിക്കുകയും ദൈവത്തിൻേറയും നമ്മുടെ സഹോദരരുടേയും കാര്യങ്ങൾ വിസ്മരിക്കാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ഈ ദൗർബ്ബല്യങ്ങളെ പിശാചു് ഉപയോഗപ്പെടുത്തുന്നു. ക്രിസ്തുവിനെ കീഴടക്കുന്നതിൽ അവൻ പരാജയപ്പെട്ടു. അതിനാൽ അവിടുത്തെ അവയവങ്ങളായ നമ്മെ കീഴ്പ്പെടുത്തുവാൻ അവൻവൈരാഗ്യബുദ്ധിയോടെ പരിശ്രമിച്ചുകൊണ്ടിരിക്കയാണു്. പിശാചിനെതിരെ യുദ്ധം ചെയ്യാൻ, നമ്മുടെ ദുർവാസനകളെ നിയന്ത്രിക്കാൻ, നമ്മുടെ വികലമോഹങ്ങളേയും സ്വാർത്ഥതാത്പര്യങ്ങളേയും ത്യജിക്കാൻ ധീരതയാവശ്യമാണു്. നമുക്കു തനിച്ചു് ഇതു സാദ്ധ്യമല്ല. നാം ക്രിസ്തുവിനോടു ശക്തിയും സഹായവും യാചിക്കുകയും അവിടുത്തെ വരപ്രസാദത്തോടു സഹകരിക്കുകയും വേണം. അവിടുന്നു് എപ്പോഴും നമ്മെ തുണയ്ക്കും. തൻെറ സാദൃശ്യത്തിൽ നാം വളർന്നുവരണമെന്നു് അവിടുന്നു് ആഗ്രഹിക്കുന്നു.

ഓരോ കൂദാശയിലും ക്രിസ്തു നമ്മെ ആത്മനിയന്ത്രണത്തിൻേറയും പരിത്യാഗത്തിൻേറയും ജീവിതത്തിനായി പ്രതിഷ്ഠിക്കുന്നു. ജ്ഞാനസ്നാനത്തിൽ നാം പാപത്തിനും സ്വാർത്ഥത്തിനും മരിച്ചു്, തന്നോടൊത്തു പുതുജീവനിലേയ്ക്കു് ഉയിർത്തെഴുന്നേല്ക്കാൻ ക്രിസ്തു ഇടയാക്കുന്നു. സ്ഥൈര്യലേപനത്തിൽ, പ്രലോഭനങ്ങളോടും തിന്മകളോടും മല്ലടിച്ചു് തൻെറ സാമ്രാജ്യത്തിൻെറ വിസ്തൃതിക്കായി നമ്മെത്തന്നെ സമർപ്പിക്കുന്നതിനു വേണ്ട കരുത്തു് അവിടുന്നു നൽകുന്നു. ഓരോ വിശുദ്ധകുർബാനയിലും, നമ്മുടെ ജീവിതത്തെ കുരിശിലെ ബലിയോടൊത്തു് കാഴ്ചവയ്ക്കുവാൻ അവിടുന്നു് ആവശ്യപ്പെടുന്നു. കുമ്പസാരത്തിൽ, പാപത്തിനു പരിഹാരം ചെയ്യു്, പാപവാസനകളെ ജയിക്കാനുള്ള തീരുമാനമെടുക്കുന്നതിനു് അവിടുന്നു നമ്മെ ക്ഷണിക്കുന്നു. എല്ലാ കൂദാശകളും ക്രമേണ നമ്മെ ക്രിസ്തുവിൻെറ ഛായയിൽ രൂപാന്തരപ്പെടുത്തുന്നു.

## ആത്മനിയന്ത്രണം എങ്ങനെ ശീലിക്കാം?

ആത്മനിയന്ത്രണം നേടുന്നതിൽ സഭാമാതാവു് നമ്മെ സഹായിക്കുന്നു. ചില കാലങ്ങളും ദിവസങ്ങളും ഉപവാസത്തിനായി അവ൦ നീക്കിവച്ചിരിക്കുന്നു. ഈ ദിവസങ്ങളിൽ നമ്മെത്തന്നെ ത്യജിച്ചു്, ഈ ദുർവാസനകളെ കീഴടക്കി, നമ്മുടെ മനസ്സിനെ ദൈവത്തിൻെറ നേർക്കു് തിരിക്കണമെന്നു് സഭ അനുസ്മരിപ്പിക്കുന്നു. വെള്ളിയാഴ്ചകളിലും മററു ചില ദിവസങ്ങളിലും മാംസഭക്ഷണം വർജ്ജിക്കുന്നതിനും, ചില ദിവസങ്ങളിൽ ഉപവസിക്കുന്നതിനും (ഒരുനേരം നിൽക്കുന്നതിനും) സഭ ആവശ്യപ്പെടുന്നു. ഇരുപത്തൊന്നിനും അറുപതിനും ഇടയ്ക്കു പ്രായമുള്ളവർക്കാണു് ഒരു നേരം നിൽക്കുവാൻ കടമയുള്ളതു്. ഒരുനേരം എന്നതിൻെറ അർത്ഥം ഭക്ഷണലഘൂകരണം എന്നാകുന്നു. ഒരുനേരദിവസങ്ങളിൽ ഒരു പൂർണ്ണഭക്ഷണവും രണ്ടു ലഘുഭക്ഷണങ്ങളുമേ പാടുള്ളു. മാംസവർജ്ജനത്തിൻേറയും ഒരുനേരത്തിൻേറയും ദിവസങ്ങൾ രൂപതാദ്ധ്യക്ഷന്മാരുടെ നിർ

ദ്ദേശങ്ങളനുസരിച്ച് ആചരിക്കേണ്ടതാണ്. ഇടവകവൈദികർ സാധാരണമായി ഈ ദിവസങ്ങൾ ജനങ്ങളെ അറിയിക്കും.

### പ്രസാദവരത്തോട് സഹകരിക്കുക

ഒരാണ്ടിൽ ഏതാനും ആഴ്ചകളിലോ ദിവസങ്ങളിലോ മാത്രമല്ല ആത്മനിയന്ത്രണവും ആത്മപരിത്യാഗവും നാം പാലിക്കേണ്ടതു്. ഓരോദിവസവും അതു് ആവശ്യകമാണ്. ചെയ്യണമെന്നു് ആഗ്രഹം തോന്നുന്ന പല സംഗതികളും ചെയ്യാതെ നാം പിന്മാറേണ്ടിവരും. പാപത്തിലേയ്ക്കു നയിക്കുന്ന കൂട്ടുകാരോട് ''പാടില്ല'' എന്നു പറയേണ്ടിവരും. നമ്മുടെ ഇന്ദ്രിയങ്ങൾ, ഭാവന, ഓർമ്മ ഇവയെല്ലാം കടിഞ്ഞാണിടേണ്ടിവരും. ദൈവം തന്ന വിസ്മയാവഹങ്ങളായ ഈ വാസനകളെ നാം നിയന്ത്രിക്കുന്നില്ലെങ്കിൽ അവ നമ്മുടെ ഭീകരശത്രുക്കളായി മാറും. മറിച്ച്, അവയെ നമ്മുടെ അടിമകളാക്കുവാൻ കഴിഞ്ഞാൽ വലിയ മനശ്ശാന്തിയും സന്തോഷവും നമുക്കനുഭവപ്പെടും. ദൈവശുശ്രൂഷയിൽ നമുക്കവയെ കരുത്തുററ ഉപകരണങ്ങളായി രൂപാന്തരപ്പെടുത്താം.

ആത്മനിയന്ത്രണത്തിനുള്ള പ്രവൃത്തികൾ നിഷേധാത്മകങ്ങളല്ല. ദൈവികജീവനിൽ നമ്മെ അഭിവൃദ്ധിപ്പെടുത്തുന്ന ക്രിയാത്മക പ്രവൃത്തികളാണവ. ക്രിസ്തുവിൻെറ ഛായ നമ്മിൽ രൂപീകരിക്കുന്നതിനു് അവ സഹായിക്കും. മാർബിളിൽ കൊത്തുവേല ചെയ്യുന്ന ശില്പി അതിനെ നശിപ്പിക്കുകയല്ല ചെയ്യുന്നതു്. അങ്ങിങ്ങായി ചില ശകലങ്ങൾ ശ്രദ്ധാപൂർവ്വം കൊത്തിക്കളഞ്ഞു് ഒരു മനോഹരപ്രതിമയ്ക്കു് അയാൾ രൂപംകൊടുക്കുന്നു. അതുപോലെതന്നെ, നമ്മുടെ പ്രതിദിനജീവിതത്തിൽ ക്രിസ്തുവിനോട് സഹകരിച്ചുകൊണ്ടു് ഇണക്കമില്ലാത്ത കോണും മൂലയും കൊത്തിക്കളഞ്ഞു് നമ്മിൽത്തന്നെ ക്രിസ്തുവിൻെറ പ്രതിഛായ നാം രൂപപ്പെടുത്തണം.

## ഓർമ്മിക്കാൻ

''വിശുദ്ധമായി, ദൈവത്തിനു പ്രീതികരമായി ജീവിച്ചുകൊണ്ടു് നിങ്ങളുടെ ശരീരങ്ങളെ ദൈവത്തിനു സമർപ്പിക്കുവിൻ.''

(റോമ. 12:1)

ജന്മപാപത്തിലൂടെ നമുക്കു പരമ്പരാഗതമായി ലഭിച്ചിട്ടുള്ള പ്രധാന ശിക്ഷകൾ ഏതെല്ലാം?

നോമ്പും ഉപവാസവും ആചരിക്കണമെന്നു സഭ കല്പിക്കുന്നതെന്തിനു്?

## സംസാരിക്കുന്ന സംഭവം

### സുകൃതിയായ വികൃതി

വഴിതെററിയ ജീവിതമായിരുന്നു കമീല്ലസിൻേറതു്. പത്തൊമ്പതാംവയസ്സിൽത്തന്നെ ഒരു ചൂതുകളിക്കാരനെന്ന നിലയിൽ അയാറം കുപ്രസിദ്ധിയാജ്ജിച്ചു. മാത്രമോ? പട്ടാളത്തിൽ നിന്നൊളിച്ചോടിയ അയാറം ശുണ്ഠിക്കാരനും വഴക്കാളിയും ദുർമ്മാഗ്ഗിയുമായിരുന്നു.

താന്തോന്നിയായി അയാറം ജീവിച്ചു. എന്നാൽ, അയാറംക്കു് ഒന്നിലും സംതൃപ്തി കണ്ടെത്താൻ കഴിഞ്ഞില്ല. സന്മാർഗ്ഗത്തിലേക്കു പിന്തിരിയുവാൻ രണ്ടുതവണ അയാറം ശ്രമിച്ചു. എന്നാൽ, കൂട്ടുകാർ അയാളെ പാപത്തിലേക്കുതന്നെ വീണ്ടും നയിച്ചു. ഒരുദിവസം അടുത്ത പട്ടണത്തിലേക്കു പോകവെ, പ്രസാദവരം കമീല്ലസിൽ പ്രത്യേകവിധം പ്രവത്തിച്ചു. അയാറം അതിനോടു സഹകരിച്ചു. തന്നോടുതന്നെ ബലം പ്രയോഗിച്ചുകൊണ്ടു് അയാറം പിന്തിരിഞ്ഞോടി. കൂട്ടുകാർ അത്ഭുതപ്പെട്ടുപോയി. അവർക്കു പിടികൂടാൻ കഴിയാത്ത വേഗത്തിൽ കമീല്ലസ് ഓടി.

പിന്നീടു് അയാറം ഭവനനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവരോടുചേർന്നു ജോലിചെയ്തുതുടങ്ങി. മടിപിടിച്ചു ദിവാസ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന ശീലം അയാറം വെടിഞ്ഞു. നിരന്തരാദ്ധ്വാനംവഴി അലസതയെ ജയിച്ചു. ചൂതുകളിക്കാരുമായുള്ള സഖ്യം തീത്തും പരിത്യജിച്ചു. മററുള്ളവരുടെ ആജ്ഞകറംക്കു വിധേയനായി വത്തിച്ചുകൊണ്ടു കോപശീലത്തെ കീഴടക്കി. ചീത്തക്കൂട്ടുകാരുടെ പരിഹാസങ്ങറം ക്ഷമാപൂർവ്വം സഹിച്ചുകൊണ്ടു് ആത്മധൈര്യം സമ്പാദിച്ചു. നിരന്തരമായ ജോലിയും പ്രാർത്ഥനയുംവഴി പ്രലോഭനങ്ങളെ അയാറം ജയിച്ചു.

ഉദ്ദേശം നാന്നൂറുകൊല്ലംമുമ്പു് ഇററലിയിലാണു് കമീല്ലസ് ജീവിച്ചിരുന്നതു്. ഒരിക്കൽ തെമ്മാടിയായിരുന്ന കമീല്ലസ് ഇന്നു് ഒരു പുണ്യവാനാണു്. ജൂലൈ 18--ാംതീയതി സഭ അദ്ദേഹത്തിൻെറ തിരുനാളാചരിക്കുന്നു.

## പന്ത്രണ്ടാംപീയൂസ് മാപ്പാപ്പയുടെ വാക്കുകറം

പന്ത്രണ്ടാംപീയൂസ് മാപ്പാപ്പ നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഒരു വെല്ലുവിളി: ''ആജ്ഞാപിക്കപ്പെടുന്നതുമാത്രം ചെയ്യുന്നതുകൊണ്ടു തൃപ്തിപ്പെടാതെ അതിനുപരിയായിട്ടുള്ള ക്രൈസ്തവപരിത്യാഗത്തിൻേറയും ആത്മനിഗ്രഹത്തിൻേറയും പതാക പറത്തുവിൻ.

അതു നിങ്ങളെ ഉദാരമായ ചൈതന്യംകൊണ്ടു നിറയ്ക്കുകയും ധീരമായ സമരത്തിനു പ്രചോദിപ്പിക്കുകയുംചെയ്യും.''

## പാടാൻ

സ്വീകരിച്ചാലും, നാഥാ, ജീവിതതാലത്തിൽ
ഏകിടും സ്വാതന്ത്ര്യത്തിൻ നിർമ്മല പൂജാപുഷ്പം.

എൻമതിബോധമെല്ലാം നല്കിടുന്നേനെൻ നാഥാ,
മാമകസമ്പത്തെല്ലാം താവകദാനംമാത്രം.

നിൻഹിതംപോലെയെല്ലാം നാഥാ,നീ നയിച്ചാലും,
ആയതിന്നർപ്പിക്കുന്നേൻ പൂർണ്ണമായെന്നെത്തന്നെ.

നിൻ ദിവ്യസ്നേഹംമാത്രം നീയെനിക്കേകമോദാൽ,
മേവിടാം തൃപ്തനായ് ഞാൻ വേറൊന്നും കാംക്ഷിക്കാതെ.

## പ്രവർത്തിക്കാൻ

എത്ര ചീത്തയായ മനുഷ്യനും പിന്തിരിഞ്ഞു് പുണ്യത്തിന്റെ വഴിയേ മുന്നേറാം എന്നു ഞാൻ അനുസ്മരിക്കും.




# 23

## സ്നേഹതിരസ്കാരം

### പാപം

ദുഃഖവെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങളുടെ ഭാഗമായി ഹൃദയസ്പൃക്കായ ഒരു വിലാപഗീതം സഭ ആലപിക്കുന്നുണ്ട്. മനുഷ്യവർഗ്ഗം യുഗങ്ങളായി ചെയ്തുപോരുന്ന നന്ദിഹീനതയെക്കുറിച്ചുള്ള ക്രിസ്തുനാഥന്റെ വിലാപമാണ് ആ ഗീതം. ദൈവത്തിന്റെ സ്നേഹത്തെ നാം തിരസ്ക്കരിക്കുന്നതാണു പാപം എന്നു് അതിൽനിന്നു മനസ്സിലാക്കാം: ''എന്റെ ജനമേ, ഞാൻ നിന്നോടു് എന്തു ദ്രോഹം ചെയ്തു? നിനക്കു ഞാൻ വല്ല ഉപദ്രവവും ചെയ്തുവോ? എന്നോടു പറഞ്ഞാലും. ഈജിപ്തിൽനിന്നു നിന്നെ ഞാൻ രക്ഷിച്ചുകൊണ്ടുപോന്നു. പകരം നിന്റെ രക്ഷകനു നീയൊരു കുരിശു് ഒരുക്കി. ഫറവോനെ ചെങ്കടലിൽ മുക്കി, ഈജിപ്തിൽനിന്നു നിന്നെ ഞാൻ മോചിപ്പിച്ചു. പകരം നീ എന്നെ പ്രധാനപുരോഹിതന്മാർക്കു് ഏല്പിച്ചുകൊടുത്തു. നിന്റെ മുമ്പിൽ കടൽ ഞാൻ തുറന്നുതന്നു; നീയാകട്ടെ, കുന്തംകൊണ്ടു് എന്റെ വിലാവു കുത്തിത്തുറന്നു. മരുഭൂമിയിൽ മന്നാവർഷിച്ചു



നിന്നെ ഞാൻ തീററിപ്പോററി; നീയാകട്ടെ, എന്നെ അടിക്കുകയും എൻെറമേൽ തുപ്പുകയും ചെയ്തു. പാറയിൽനിന്നു രക്ഷയുടെ ജലം നിനക്കു ഞാൻ നല്കി; നീയാകട്ടെ, എന്നെ കയ്പുനീരും ചൊറുക്കയും കുടിപ്പിച്ചു. നിനക്കു ഞാൻ രാജകീയമായ ചെങ്കോൽ തന്നു; നീയോ എന്നാൽ, മുള്ളുകൊണ്ടുള്ള മുടി എൻെറ ശിരസ്സിൽ വച്ചു. വലിയ അധികാരം തന്നു നിന്നെ ഞാൻ ഉയർത്തി; പകരം കുരിശിൻെറ വിലങ്ങുതണ്ടിൽ നീയെന്നെ തൂക്കി.''

## നമ്മുടെ രക്ഷകനായ ക്രിസ്തു

ദുഃഖവെള്ളിയാഴ്ചത്തെ നമ്മുടെ ദുഃഖം പ്രത്യാശയും സന്തോഷവും കൂടാത്തതല്ല. മേല്പറഞ്ഞ വിലാപഗീതം ആലപിച്ചതിനുശേഷം സഭ ഇങ്ങനെ പ്രാർത്ഥിക്കുന്നു: ''കർത്താവേ, അങ്ങേ വിശുദ്ധ കുരിശിനെ ഞങ്ങൾ വണങ്ങുന്നു. അങ്ങേ പരിശുദ്ധമായ പുനരുത്ഥാനത്തെ ഞങ്ങൾ പുകഴ്ത്തി സ്തുതിക്കുന്നു. എന്തെന്നാൽ, കുരിശുമരണത്താൽ ലോകത്തിലെല്ലാം സന്തോഷം വന്നെത്തി.''

പാപത്തിനു തക്ക പരിഹാരം ചെയ്യുവാൻ കേവലമൊരു മനുഷ്യനെക്കൊണ്ടു സാധിക്കുമായിരുന്നില്ല. മനുഷ്യവർഗ്ഗത്തിൻെറ മുഴുവൻ പാപത്തിനുവേണ്ടി പീഡസഹിക്കാനും കുരിശിൽ മരിക്കാനും തൻെറ തിരുക്കുമാരനെത്തന്നെ ദൈവം അയച്ചു. ക്രിസ്തുവിൻെറ പീഡകളും മരണവും ചിന്താവിഷയമാകുമ്പോൾ പാപത്തിൻെറ ദുഷ്ടതയും ദൈവത്തിൻെറ സ്നേഹത്തിൻേറയും കാരുണ്യത്തിൻേറയും പാരമ്യവും നമുക്കു് ഒരളവിൽ മനസ്സിലാകും.

## പാപമെന്നാൽ.......

പാപത്തെ വിവരിക്കുന്നതിനു വേദപുസ്തകം പല പദങ്ങളും പ്രയോഗിക്കുന്നുണ്ടു്—അനുസരണക്കേടു്, അവിശ്വസ്തത, ധിക്കാരം എന്നെല്ലാം. ''മാർഗ്ഗഭ്രംശം'' എന്നും പലപ്പോഴും പറയാറുണ്ടു്. ദൈവത്തിൻെറ സ്നേഹം അറിയുകയും അവിടുത്തെ മാർഗ്ഗദർശനവും സംരക്ഷണവും അനുഭവിക്കുകയും ചെയ്തിട്ടും അവിടുത്തേക്കെതിർനില്ക്കുന്നതു്, നല്ലവനും സ്നേഹനിധിയുമായ ആ പിതാവിനോടുള്ള ധിക്കാരമാണു്. ഈ ധിക്കാരമാണു പാപം.

## വകഭേദങ്ങൾ

ഏതുപാപവും ദൈവത്തോടുള്ള നമ്മുടെ സ്നേഹബന്ധത്തെ ഉലയ്ക്കും. എന്നാൽ പാപങ്ങളുടെ ഗൗരവത്തിനു് ഏററക്കുറച്ചിലുണ്ടു്. ഗൗരവം കുറഞ്ഞതാണു് ലഘുപാപങ്ങൾ. പക്ഷേ, അവയും ദൈവത്തോടു കാണിക്കുന്ന നന്ദിഹീനത തന്നെ. അവ ദൈവവുമായുള്ള

സ്നേഹബന്ധത്തിൽനിന്നു പാപിയെ വിച്ഛേദിക്കുന്നില്ല, ശരിയാണ്. എങ്കിലും ദൈവതിരുമനസ്സിനല്ല, സ്വാഭീഷ്ടത്തിനാണ് പാപംചെയ്യുന്നയാൾ മുൻഗണന കൊടുക്കുന്നതെന്നു വ്യക്തം. ലഘുപാപങ്ങൾ ദൈവസ്നേഹത്തിലുള്ള വളർച്ച മന്ദീഭവിപ്പിക്കുകയും പാപിയെ ഈ ലോകത്തിലോ ശുദ്ധീകര സ്ഥലത്തിലോ ശിക്ഷയ്ക്ക് അർഹനാക്കുകയും ചെയ്യുന്നു.

ഗൗരവാവഹമായ ദൈവദ്രോഹമാണ് മാരകപാപം. ഒരു പാപം മാരകമാകണമെങ്കിൽ ഗൗരവമുള്ളതോ ഗൗരവമുള്ളതെന്നു കരുതപ്പെടുന്നതോ ആയ ഒരു കാര്യം വേണം; അതു ഗൗരവാവഹമാംവിധം പാപകരമാണെന്നറിവുവേണം; പാപം ചെയ്യുന്നയാൾ ആ പാപത്തിനു പൂർണ്ണമായി സമ്മതിക്കണം. മാരകപാപംമൂലം പാപി ദൈവത്തേയും അവിടുത്തെ സ്നേഹത്തേയും നിരാകരിക്കുന്നു. അതോടെ അവൻ പ്രസാദവരജീവിതവും ചെയ്ത സുകൃതങ്ങളുടെ യോഗ്യതകളും നഷ്ടപ്പെടുത്തുന്നു. പശ്ചാത്തപിക്കാത്തപക്ഷം നിത്യനരകശിക്ഷയ്ക്ക് അവൻ തന്നെത്തന്നെ അർഹനാക്കുന്നു.

## പാപത്തിനുള്ള ശിക്ഷ

നമ്മെ രക്ഷിക്കുന്നതിൽ ദൈവം നമ്മെക്കാളേറെ തല്പരനാണ്. അതിനാലത്രേ നരകമെന്തെന്ന് അവിടുന്നു വെളിപ്പെടുത്തിയിരിക്കുന്നത്. ദുഃഖകരമായ ഈ വേർപാടിനെ (നരകത്തെ) പ്പറ്റി അവിടുന്നു തൻെറ ദിവ്യകുമാരൻവഴി നമുക്കു മുന്നറിവു തന്നിരിക്കുന്നു. ഒടുവിലത്തെ വിധിയെക്കുറിച്ചു പ്രസ്താവിക്കവേ പശ്ചാത്തപിക്കാത്ത പാപികളെ സംബന്ധിച്ചു ക്രിസ്തുനാഥൻ പറയുന്നു: ''ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽനിന്നകന്നു പോകുവിൻ! പിശാചിനും അവൻെറ ദൂതന്മാർക്കുമായി തയ്യാറാക്കപ്പെട്ടിരിക്കുന്ന നിത്യാഗ്നിയിൽ നിപതിക്കുവിൻ'' (മത്തായി 25:41).

എത്ര ഭീതിജനകമായ അവസ്ഥ! പശ്ചാത്തപിക്കായ്ക നിമിത്തം ശിക്ഷിതനാകുന്ന പാപി ദൈവത്തിനു നിത്യമായി അന്യനാണ്. സ്വാതന്ത്ര്യബുദ്ധിയെന്ന അത്ഭുതകരമായ അനുഗ്രഹം ദുർവിനിയോഗം ചെയ്തതുനിമിത്തം അവൻ പ്രകാശത്തി ൻ പകരം അന്ധകാരം തിരഞ്ഞെടുത്തു; ദൈവവുമായുള്ള ഐക്യത്ത ൻ പകരം അകൽച്ച സ്വയം വരിച്ചു. ദൈവത്തിനുവേണ്ടിയാണ് താൻ സൃഷ്ടിക്കപ്പെട്ടതെന്ന് അവനു ബോധപ്പെടുന്നു; എന്നാൽ ദൈവം തനിക്ക് എന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുന്നുവെന്നും അവൻ ഗ്രഹിക്കുന്നു. സ്നേഹത്തിനുവേണ്ടി അവൻ ദാഹിച്ചുഴലുന്നു. പക്ഷേ, നരകത്തിൽ സ്നേഹമില്ല. ദൈവത്തിൽനിന്നുള്ള വേർപാട്, നിത്യാഗ്നിയുടെ വേദന, സ്വന്തം മനസ്സാക്ഷിയുടെ ദണ്ഡനം, പിശാചുക്കളുടേയും ശപിക്കപ്പെട്ട ആത്മാക്കളുടേയും വിദ്വേഷം — ഇവയൊ

ക്കെയാണ് പശ്ചാത്തപിക്കാതെ മരിച്ച ആ പാപികളെ അനന്ത കാലത്തേയ്ക്കു കാത്തിരിക്കുന്ന ശിക്ഷ.

സ്വന്തം പാപങ്ങൾക്കു മാപ്പപേക്ഷിക്കാൻ മനഃപൂർവ്വം വിസമ്മതിക്കുന്നവൻ മാത്രമേ ഈ ദൈവശിക്ഷയെ ഭയപ്പെടേണ്ടതുള്ളു. വേദപുസ്തകം പറയുന്നു: ''നമ്മുടെ പാപങ്ങൾ നാം ഏറ്റുപറയുന്ന പക്ഷം, അവിടുന്നു നമ്മുടെ പാപങ്ങൾ ക്ഷമിച്ചു നമ്മെ വിശുദ്ധീകരിക്കും; അത്രമാത്രം നീതിമാനും വിശുദ്ധനുമാണ് അവിടുന്ന്.... പ്രിയമക്കളേ, ഞാൻ ഇക്കാര്യങ്ങളെഴുതുന്നതു് നിങ്ങൾ പാപം ചെയ്യാതിരിക്കാൻ വേണ്ടിയാണ്. എന്നാൽ, ആരെങ്കിലും പാപം ചെയ്യാനിടയായാൽ നമുക്ക് പിതാവിൻെറയടുക്കൽ മദ്ധ്യസ്ഥനായി നീതിമാനായ ഈശോമിശിഹായുണ്ട്. അവിടുന്നു നമ്മുടെ മാത്രമല്ല, ലോകം മുഴുവൻെറയും പാപങ്ങൾക്കു പരിഹാരമാണ്.''

(യോഹ. 1: 9; 2: 1–2).

## ക്രൈസ്തവമനഃസാക്ഷി

ശരിയും തെററും തിരിച്ചറിയാനുള്ള കഴിവു ദൈവം നമുക്കോരോരുത്തർക്കും തന്നിട്ടുണ്ട്. ഈ കഴിവിനു്, വിധിത്തീർപ്പിനു്; മനഃസാക്ഷി (അന്തഃകരണം) എന്നു പറയുന്നു. മനഃസാക്ഷിവഴി ഏതാണ്, അഥവാ, ഏതല്ല നമ്മെ സംബന്ധിച്ച ദൈവതിരുമനസ്സെന്നു നാം നിർണ്ണയിക്കുന്നു. പ്രവൃത്തി ചെയ്യുന്നതിനു മുമ്പു മനഃസാക്ഷി മുന്നറിയിപ്പോ പ്രചോദനമോ നൽകുന്നു; പിമ്പാകട്ടെ, പ്രവൃത്തിയെ പ്രശംസിക്കയോ പഴിക്കയോ ചെയ്യുന്നു. മനഃസാക്ഷി നമ്മിലെ നിഗൂഢകേന്ദ്രമാണ്. അവിടെയാണു നാം ദൈവത്തോടു തനിച്ചായിരിക്കുന്നതു്. അവിടെവച്ചാണു നാം നന്മയ്ക്കോ തിന്മയ്ക്കോവേണ്ടി തീരുമാനമെടുക്കുന്നതു്.

നന്മ ചെയ്യണമെന്നു നമുക്കാഗ്രഹമുണ്ടെങ്കിലും നന്മയെന്താണെന്നു് പലപ്പോഴും നമുക്കു വ്യക്തമായിരിക്കയില്ല. പിശാചു നമുക്കു മാർഗ്ഗവിഘ്നങ്ങൾസൃഷ്ടിക്കുകയും തിന്മയെ നന്മയാക്കി കാണിച്ചു നമ്മെ തെററിദ്ധരിപ്പിക്കുകയും ചെയ്യും. അതുകൊണ്ടു്, എപ്പോഴും ദൈവഹിതം തിരിച്ചറിയത്തക്കവിധം നമ്മുടെ മനഃസാക്ഷിയെ നാം പരിശീലിപ്പിച്ചെടുക്കണം. വിശ്വാസമെന്ന മഹാദാനം സിദ്ധിച്ചിട്ടുള്ള നാം, സുവിശേഷസത്യങ്ങൾക്കും സഭാപ്രബോധനങ്ങൾക്കും അനുസൃതമായി നമ്മുടെ മനഃസാക്ഷിയെ രൂപപ്പെടുത്തണം. ക്രിസ്തുവിൻെറ ഹിതവും നിയമവും മാർഗ്ഗവും നാം തിരിച്ചറിയണം. പ്രാർത്ഥന, സൽഗ്രന്ഥപാരായണം, മാതാപിതാക്കളും വൈദികരും അദ്ധ്യാപകരും നൽകുന്ന ഉപദേശങ്ങൾ എന്നിവയെല്ലാം അതിനു നമ്മെ സഹായിക്കും. അനന്തരം, ഈ തത്വങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കണം.

ശരിയായ പരിശീലനം നല്കപ്പെട്ടില്ലെങ്കിൽ മനഃസാക്ഷിക്കു തെററുപററാവുന്നതാണ്. ദൈവികനിയമങ്ങളോടുള്ള നിരന്തരമായ ഉദാസീനഭാവംനിമിത്തം മനഃസാക്ഷി മന്ദീഭവിച്ചുപോകും. ചിലപ്പോഴം അതു തീർത്തു നഷ്ടപ്പെട്ടുവെന്നും വരാം. എന്നാൽ, ചിലരുടെ മനഃസാക്ഷി ചഞ്ചലമാവാൻ പാടുണ്ട്. ഒരു തെററുമില്ലാത്ത കാര്യങ്ങളിൽ ഭയം തോന്നും. കുമ്പസാരങ്ങളുടെ വാസ്തവികതയെക്കുറിച്ച് അകാരണമായി സംശയം തുടങ്ങും. ഇങ്ങനെയുള്ള ഒരാഠംക്കു് സദാ ശങ്കയും ഭീതിയുമായിരിക്കും. അയാഠം ഒരു കുമ്പസാരക്കാരൻെറ ഉപദേശം തേടുകയും അദ്ദേഹത്തെ കണിശമായി അനുസരിക്കുകയും ചെയ്യണം.



എപ്പോഴുമോർമ്മിക്കുക, ഒരു നല്ല മനഃസാക്ഷി സന്തോഷവും സമാധാനവും പ്രദാനം ചെയ്യുമെന്നു്.

## ഓർമ്മിക്കാൻ

''അവിടുന്നു നമ്മുടെ ദ്രോഹങ്ങഠംക്കായി കുത്തിത്തുളയ്ക്കപ്പെട്ടു. നമ്മുടെ പാപങ്ങഠംക്കായി മർദ്ദിക്കപ്പെട്ടു'' (ഇസയാസ് 53:5).

1. മാരകപാപമെന്നാലെന്തു്?
2. പാപം മാരകമാകുന്നതിനു് ആവശ്യമായ ത്രിവിധ ഘടകങ്ങഠം ഏവ?
3. ലഘുപാപമെന്നാലെന്തു്?
4. എന്താണു് മനഃസാക്ഷി? എന്താണു് ക്രൈസ്തവ മനഃസാക്ഷി?

## ഉത്തരം കിട്ടാത്ത ചോദ്യം

ജോൺ ഫിഷർ എന്ന മെത്രാനെ സന്ദർശിക്കാൻ പലരും ജയിലിൽ ചെന്നു. സന്ദർശകർക്കെല്ലാം ഒന്നേ അഭ്യർത്ഥിക്കാനുണ്ടായിരുന്നുള്ളു: ''രാജാവിനു വഴങ്ങുക; അങ്ങയുടെ ജീവൻ രക്ഷിക്കപ്പെടും. നഷ്ടപ്പെട്ട അവകാശങ്ങളും പദവികളും അങ്ങേയ്ക്കു് വീണ്ടും കിട്ടും.''

ബിഷപ്പ് ഫിഷർ ഈ സന്ദർശകരെ സഹതാപത്തോടെ നോക്കി. രാജാവായ ഹെൻറി എട്ടാമനെ പ്രീതിപ്പെടുത്താൻവേണ്ടി എങ്ങനെ ക്രിസ്തുവിനെ ഉപേക്ഷിക്കും? ഏതോ മനസ്സിൽ കണ്ടുകൊണ്ടു് ക്ഷീണസ്വരത്തിൽ അദ്ദേഹം അവരോടു പറഞ്ഞു: ''മൂന്നുദിവസം കഴിഞ്ഞു് വരുവിൻ. എനിക്കൊരു സംശയം ചോദിക്കാനുണ്ടു്. അതിനുത്തരം തരുന്നപക്ഷം നിങ്ങളുടെ ഇഷ്ടംപോലെ ഞാൻ ചെയ്തുകൊള്ളാം.''

മൂന്നുദിവസം കഴിഞ്ഞു് അവർ മടങ്ങിയെത്തി. മതസംബന്ധമായ ഏതു വിഷമപ്രശ്നത്തിനും ഉത്തരം നൽകാനൊരുങ്ങി വിജയഭാവത്തിലാണവരുടെ വരവു്. ഫിഷർ അവരെ നോക്കി മന്ദഹസിച്ചു. അദ്ദേഹം അവരോടു ശാന്തസ്വരത്തിൽ ചോദിച്ചു: ''ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും, സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തുന്നുവെങ്കിൽ ആ നേട്ടംകൊണ്ടു് അവനെന്തു പ്രയോജനം?'' (മത്തായി 16:26)

## ലിയോ മാർപ്പാപ്പയുടെ വാക്കുകൾ

ലിയോ മാർപ്പാപ്പ എഴുതി: ''ഓ ക്രിസ്ത്യാനീ, നീ നിന്റെ പദവി എന്തെന്നു ഓർക്കുക. ദൈവികപ്രകൃതിയിൽ പങ്കാളിത്തം നേടിയവനാണു നീ. ആ നിലവിട്ടു് ദുഷിച്ച സ്വഭാവത്തിന്റെ പാതയിലൂടെ പഴയ കൊള്ളരുതായ്മയിലേക്കു നീ മടങ്ങിപ്പോകരുതു്.''

നിങ്ങളെ കൂടെക്കൂടെ പ്രലോഭിപ്പിക്കുന്നതു് ഏതു പാപസാഹചര്യമാണു്? അതിനെ എങ്ങനെ വിട്ടുമാറും?

## പ്രവർത്തിക്കാൻ

നന്മതിന്മ തിരിച്ചറിയാനുള്ള മനഃസാക്ഷിയുടെ തുലാസ് ദൈവപ്രമാണങ്ങൾകൊണ്ടും വേദപുസ്തകപ്രബോധനങ്ങൾകൊണ്ടും ഞാൻ വിളക്കി സൂക്ഷിക്കും.


## 24

# "നിൻെറ പാപങ്ങൾ നിന്നോടു ക്ഷമിച്ചിരിക്കുന്നു"

### ദയാർദ്രമായ മാപ്പ്

## പശ്ചാത്താപവും പാപനിവേദനവും

സുവിശേഷത്തിലെ പാപിനിയായ സ്ത്രീയുടെ കഥയിൽ യഥാർത്ഥ പശ്ചാത്താപത്തിൻേറയും ക്രിസ്തുവിൻെറ ദയാർദ്രമായ മാപ്പനല്കലിൻേറയും ഉത്തമ മാതൃക കാണാം.



''ഈശോ ആ ഫരീസ്യൻെറ വീട്ടിലെത്തി ഭക്ഷണം കഴിക്കാനിരുന്നു. ആ നഗരത്തിലെ പാപിനിയായ ഒരു സ്ത്രീ അപ്പോൾ ഒരു പാത്രം പരിമളതൈലവുമായി അവിടെ എത്തി. അവൾ കണ്ണീർകൊണ്ടു് തൃപ്പാദങ്ങൾ കഴുകുകയും സുഗന്ധദ്രവ്യംകൊണ്ടു് അവ അഭിഷേകം ചെയ്യുകയുംചെയ്തു. ആതിഥേയനായ ഫരീസ്യൻ ഇതുകണ്ടു ചിന്തിച്ചു: 'ഈ മനുഷ്യൻ ഒരു പ്രവാചകനാണെങ്കിൽ, തന്നെ സ്പർശിക്കുന്ന ഈ സ്ത്രീ ആരെന്നും എങ്ങനെയുള്ളവളെന്നും അറിയുമായിരുന്നു. അവൾ ഒരു പാപിനിയല്ലേ!' ഈശോ അയാളുടെ അന്തർഗതം ഗ്രഹിച്ചിട്ടു് ഇങ്ങനെ പറഞ്ഞു: ''ഒരാൾക്കു രണ്ടു കടക്കാരുണ്ടായിരുന്നു. ഒരുവൻ അഞ്ഞൂറും അപരൻ അമ്പതും ദെനാറ കൊടുപ്പാനുണ്ടു്. രണ്ടു

പേർക്കും അയാറം കടം ഇളച്ചുകൊടുത്തു. ഇവരിൽ ആരാണു് അയാളെ കൂടുതൽ സ്നേഹിക്കുക?'' ''ആക്കു് അധികം ഇളച്ചുകിട്ടിയോ അവൻ എന്നെനിക്കു തോന്നുന്നു,'' ഫരീസ്യൻ മറുപടി പറഞ്ഞു. ''നീ ശരിയായി വിധിച്ചിരിക്കുന്നു,'' ഈശോ അരുംചെയ്തു. അനന്തരം അവിടുന്നു് ആ സ്ത്രീയെ ചൂണ്ടിക്കാണിച്ചിട്ടു് അയാളോടു് ചോദിക്കുകയായി: ''നീ ഈ സ്ത്രീയെ കാണുന്നില്ലേ? നിൻെറ ഭവനത്തിൽ ഞാൻ വന്നു; നീ എൻെറ കാലിനു വെള്ളംതന്നില്ല. അവളോ, കണ്ണീർകൊണ്ടു് എൻെറ പാദം കഴുകി.....നീ എൻെറ ശിരസ്സിൽ തൈലം പുരട്ടിയില്ല. അവളോ, സുഗന്ധദ്രവ്യംകൊണ്ടു് എൻെറ പാദങ്ങറം അഭിഷേകം ചെയ്തു. അതിനാൽ, ഞാൻ പറയുന്നു: **'നിരവധി പാപങ്ങറം അവളോടു് ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അവറം അത്യധികം സ്നേഹിച്ചു.'** അനന്തരം അവിടുന്നു് ആ സ്ത്രീയുടെ നേരെതിരിഞ്ഞു് 'നിൻെറ പാപങ്ങറം മോചിച്ചിരിക്കുന്നു' എന്നരുംചെയ്തു'' (ലൂക്കാ 7:36–48).

ക്രിസ്തു തൻെറ പുരോഹിതന്മാരിലൂടെ കാരുണ്യവും പാപപ്പൊറുതിയും തുടർന്നു നല്കിക്കൊണ്ടാണിരിക്കുന്നതു്. അവർക്കു തൻെറ നാമത്തിൽ ആത്മാക്കളെ സുഖപ്പെടുത്താനുള്ള അധികാരം അവിടുന്നു നല്കി: **''നിങ്ങറം പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. ആരുടെ പാപങ്ങറം നിങ്ങറം മോചിക്കുമോ അവ മോചിക്കപ്പെടും; ആരുടെ പാപങ്ങറം ബന്ധിക്കുമോ അവ ബന്ധിക്കപ്പെടും''**
(യോഹ. 20:23).

## ക്രിസ്തുവിൻെറ കാരുണ്യം

ബലഹീനരുടേയും പാപികളുടേയും നേരെയുള്ള ദൈവത്തിൻെറ കാരുണ്യം വിശുദ്ധ ഗ്രന്ഥത്തിൽ ഉടനീളം കാണാം. പാപികളോടുള്ള അവിടുത്തെ സ്നേഹം അതിൻെറ പരമകാഷ്ഠയിലെത്തിയതു്, അവരോടു ക്ഷമിക്കാനും അവരെ സുഖപ്പെടുത്താനും അവക്കുവേണ്ടി മരിക്കാൻപോലും തൻെറ സ്വന്തം പുത്രനെ അയച്ചപ്പോഴാണു്.

കുമ്പസാരമെന്ന കൂദാശയിലൂടെ ക്രിസ്തു തൻെറ പാപമോചന കർമ്മം തുടർന്നുകൊണ്ടിരിക്കുന്നു. പാപി പശ്ചാത്താപനിർഭരമായ ഹൃദയത്തോടുകൂടെ തൻെറ കാരുണ്യം സ്വീകരിക്കണമെന്നു് മാത്രമേ അവിടുന്നു് ആവശ്യപ്പെടുന്നുള്ളു.

## പശ്ചാത്താപം ദൈവത്തിങ്കലേക്കുള്ള പിന്തിരിയൽ

പശ്ചാത്താപം മനസ്സിൻേറയും ഹൃദയത്തിൻേറയും പരിവത്തനമാകുന്നു. പാപത്തെക്കുറിച്ചുള്ള യഥാർത്ഥമായ ദുഃഖവും മേലിൽ

പാപംചെയ്യുകയില്ലെന്ന ദൃഢനിശ്ചയവും അതിനാവശ്യമാണ്. വഴിതെററി അലയുന്ന ഒരു ശിശു സ്നേഹംനിറഞ്ഞ പിതാവിൻെറ ഭവനത്തിലേക്ക മടങ്ങിച്ചെല്ലുന്നതിനു തുല്യമാണതു്.

പ്രസാദവരത്തിലൂടെ തൻെറ പക്കലേക്ക മടങ്ങിച്ചെല്ലുവാൻ ദൈവം പാപിയെ ക്ഷണിക്കുന്നു. ഇതു് നമുക്കോരോരുത്തർക്കും അവിടുന്നു നല്കുന്ന വ്യക്തിപരമായ ക്ഷണമാകുന്നു. നമ്മിൽ പ്രവൎത്തിക്കുന്ന പ്രസാദവരംമൂലം അവിടുത്തെ നന്മയും വിശുദ്ധിയും തിരിച്ചറിയുന്നതിന് അവിടുന്നു നമ്മെ സഹായിക്കുന്നു; നമ്മുടെ പാപപങ്കിലതയെക്കുറിച്ചു് നമ്മെ ബോധവാന്മാരാക്കുന്നു; അനന്തരം, തൻെറ കാരുണ്യം നമുക്കു് അത്യന്താപേക്ഷിതമാണെന്നു് ബോധപ്പെടുത്തിക്കൊണ്ടു് നമ്മെ തൻെറ പക്കലേക്കു് വലിച്ചടുപ്പിക്കുന്നു. അവിടുന്നു് യഥാൎത്ഥമായ പശ്ചാത്താപത്തിലേക്ക നമ്മെ നയിക്കുന്നു. പശ്ചാത്താപം പൂർണ്ണമാകുന്നതു് നന്മനിറഞ്ഞവനും പൂൎണ്ണസ്നേഹത്തിനു് അർഹനുമായ ദൈവത്തെ ദ്രോഹിച്ചതിൽ നമുക്കു ദു:ഖം തോന്നുമ്പോഴാണു്. പൂൎണ്ണമായ പശ്ചാത്താപമുണ്ടെങ്കിൽ മാരകപാപങ്ങൾക്കും ഉടനടി പൊറുതി ലഭിക്കും. എന്നാൽ, പശ്ചാത്താപത്താൽ മോചിക്കപ്പെടുന്ന മാരകപാപങ്ങൾ കുമ്പസാരത്തിൽ ഏററുപറയേണ്ടതുണ്ടു്.

ദൈവത്തിൻെറ ശിക്ഷയെക്കുറിച്ചുള്ള ഭയംനിമിത്തം നമ്മുടെ പാപങ്ങളെക്കുറിച്ചു ദു:ഖിക്കുന്നതു് അപൂർണ്ണ മനസ്താപമാകുന്നു. കുമ്പസാരം നടത്തുന്നപക്ഷം മാരകപാപങ്ങളുടെ മോചനത്തിനു് അപൂൎണ്ണ മനസ്താപമായാലും മതി.

## കാരുണ്യത്തിൻെറ കൂദാശ

കുമ്പസാരമെന്ന കൂദാശയിൽ ദൈവം പാപിയെ സ്നേഹത്തോടും ആർദ്രതയോടുംകൂടിയാണു് സ്വീകരിക്കുന്നതു്. തൻെറ പുരോഹിതന്മാരിലൂടെ അവിടുന്നു വിധികല്പിക്കുകയും ക്ഷമിക്കുകയും സുഖപ്പെടുത്തുകയും കരുത്തുനൽകുകയും ചെയ്യുന്നു. പാപി എല്ലാ മാരകപാപങ്ങളും, അവയുടെ എണ്ണവും, പ്രധാനസാഹചര്യങ്ങളും ഏററുപറയണമെന്നു് അവിടുന്നു് ആഗ്രഹിക്കുന്നു. ഒരാൾ ഗൗരവാവഹമായ ഒരു പാപം പറയാൻ മറന്നുപോയാൽ അതു കുമ്പസാരത്തെ അസാധുവാക്കുന്നില്ല. ഉടനെ വീണ്ടും കുമ്പസാരിക്കണമെന്നില്ല. അടുത്ത കുമ്പസാരത്തിൽ അതു പറഞ്ഞാൽ മതിയാവും; പറയുവാൻ കടമയുമുണ്ടു്. ഒരു മാരകപാപം മന:പൂൎവ്വം പറയാതിരുന്നാൽ കള്ളക്കുമ്പസാരമായിത്തീരും. പറഞ്ഞ മററു പാപങ്ങൾക്കു കൂടി മോചനം കിട്ടുകയില്ല. മാത്രമല്ല, ഒരു ദൈവദോഷംകൂടി പിഴയ്ക്കുകയും ചെയ്യും.

ലഘുപാപങ്ങൾ കുമ്പസാരിക്കണമെന്നില്ല. എങ്കിലും കുമ്പസാരത്തിൽ അവയും പറയുന്നതു നല്ലതുതന്നെ. അവയേയും കീഴ്പ്പെടുത്തുന്നതിനാവശ്യമായ പ്രസാദവരം കുമ്പസാരത്തിൽ നമുക്കു ലഭിക്കും.

നമ്മുടെ പാപങ്ങളെക്കുറിച്ച് ശരിയായ പശ്ചാത്താപം ഉണ്ടായിരിക്കുകയും കുമ്പസാരത്തിൽ അവ ഏററുപറയുകയുംചെയ്താൽ പാപമോചനത്തിലൂടെ ക്രിസ്തു നമുക്ക് പൊറുതി നല്കും. അവിടുന്നു തൻെറ സ്വർഗ്ഗീയ പിതാവുമായി അടുത്ത ബന്ധത്തിൽ നമ്മെ ചേർക്കും; നമ്മുടെ പാപക്കറകൾ കഴുകിക്കളയും. അവിടുന്നു നമ്മിൽ പ്രസാദവരജീവൻ പുന:സ്ഥാപിക്കുകയോ വർദ്ധിപ്പിക്കുകയോ ചെയ്യും. ഭാവിയിൽ പാപത്തിൽനിന്നകന്നു ജീവിക്കുന്നതിനുവേണ്ട മനശ്ശക്തി നൽകും. പാപത്തിന് അർഹമായ ലൗകിക ശിക്ഷകളിൽ ഒരുഭാഗമെങ്കിലും അവിടുന്ന് ഒഴിവാക്കിത്തരുകയും ചെയ്യും.

നിർവ്യാജവും വിനീതവുമായ ഒരു കുമ്പസാരം നമ്മെ വീണ്ടും ദൈവവുമായി രമ്യപ്പെടുത്തുന്നു. നമ്മിൽനിന്നു വന്നുപോയ നന്ദിഹീനതയ്ക്കും സ്നേഹരാഹിത്യത്തിനും പരിഹാരം ചെയ്യാനുള്ള ആഗ്രഹം അതു നമ്മിൽ നിറയ്ക്കുന്നു. കുടുംബത്തിലും സ്നേഹിതക്കിടയിലും കൂടുതൽ പ്രേഷിതചൈതന്യത്തോടെ വ്യാപരിക്കുന്നതിന് അതു നമുക്കുത്തേജനം നല്കും. സമാധാനവും സന്തോഷവും നമ്മിൽ ഉളവാക്കും.

കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുന്നതിനു നാം അറിഞ്ഞിരിക്കേണ്ട സുപ്രധാന സംഗതികളുടെ സംഗ്രഹം താഴെച്ചേർക്കുന്നു:

## 1. ആത്മപരിശോധന

സ്വർഗ്ഗത്തിലുള്ള എൻെറ പിതാവായ ദൈവം എന്നിൽ വർഷിച്ചിട്ടുള്ള നന്മകൾക്കായി ഞാൻ നന്ദി പറയുന്നു.

എൻെറ ആത്മപരിശോധനയിൽ സഹായിക്കാൻ പരിശുദ്ധാത്മാവിനോടു ഞാൻ പ്രാർത്ഥിക്കുന്നു.

''പരിശുദ്ധാത്മാവേ എഴുന്നള്ളി വരുക; വിശ്വാസികളുടെ ഹൃദയങ്ങളെ നിറയ്ക്കുക. അവിടുത്തെ സ്നേഹാഗ്നി അവരിൽ ജ്വലിപ്പിക്കുക. അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും. ഭൂമുഖം പുതുതാകുകയും ചെയ്യും''.

ഞാനെൻെറ ജീവിതത്തെ പരിശോധിക്കുന്നു:

പ്രാർത്ഥന                 ശുദ്ധതയും അടക്കവും

| | |
|---|---|
| ദൈവത്തെ ആദരിക്കൽ | വസ്തുവകകൾ |
| ഞായറാഴ്ച | സത്യം |
| മാതാപിതാക്കൾ | പഠനവും ജോലിയും |
| അയല്ക്കാർ | ആത്മനിയന്ത്രണം |

## 2. മനസ്താപവും പ്രതിജ്ഞയും

പാപത്തിനു പരിഹാരം ചെയ്യാൻ, എന്നോടുള്ള സ്നേഹത്തെ പ്രതി ഈശോ സഹിച്ച പീഡകളും കൈവരിച്ച മരണവും ഞാനോർക്കുന്നു. പാപത്തിന്റെ ദുഷ്ടതയെപ്പററിയും അതു ക്രിസ്തുവിന്റെ മററവയവങ്ങളിൽ വരുത്തുന്ന ദുഷ്ഫലങ്ങളെക്കുറിച്ചും ഞാൻ ചിന്തിക്കുന്നു.

ഞാൻ ക്രിസ്തുവിനോട് സംഭാഷിക്കുകയും എന്റെ മനസ്താപം അവിടുത്തെ അറിയിക്കുകയും ചെയ്യുന്നു. ഞാൻ എന്റെ സ്വന്തം വാക്കുകളിൽ ഇങ്ങനെ പറയുന്നു: എന്റെ ദൈവമേ, നിന്റെ കനിവിനുതക്കവണ്ണം എന്നോടു കരുണയുണ്ടാകണമേ. എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കണമേ. എന്റെ ലംഘനങ്ങൾ ഞാനറിയുന്നു. എന്റെ പാപം എപ്പോഴും എന്റെ മുമ്പിലുണ്ട്. നിനക്കെതിരായി ഞാൻ പാപം ചെയ്തുപോയി. നിനക്കനിഷ്ടമായതു ഞാൻ ചെയ്തിരിക്കുന്നു. എന്റെ പാപങ്ങളെ മായിച്ചുകളയണമേ. ഞാൻ ശുദ്ധീകരിക്കപ്പെട്ടവനാകട്ടെ! (സങ്കീ. 50:3–9)

അല്ലെങ്കിൽ, സഭയുടെ വാക്കുകൾ ഉപയോഗിച്ചിങ്ങനെ പ്രാത്ഥിക്കാം: ''ഓ ദൈവമേ, നിന്നെ ദ്രോഹിച്ചതിൽ ഞാൻ ആത്മാത്ഥമായി ദുഃഖിക്കുന്നു. എന്റെ പാപങ്ങളെ ഞാൻ വെറുക്കുന്നു. നിന്റെ നീതിപൂർവ്വമായ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു. എന്നാൽ, എല്ലാററിനേയുംകാൾ എന്റെ സകല സ്നേഹങ്ങൾക്കും അർഹനും സകല നന്മയുമായ നിന്നെ ദ്രോഹിച്ചുപോയതിൽ ഞാൻ ഖേദിക്കുന്നു. നിന്റെ പ്രസാദവരത്തിന്റെ സഹായത്താൽ ഇനിയൊരിക്കലും പാപംചെയ്യുകയില്ലെന്നും പാപത്തിനടുത്ത സാഹചര്യങ്ങളെ ഉപേക്ഷിച്ചുകൊള്ളാമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.''

## 3. പാപനിവേദനം

പാപങ്ങൾ ശരിയാംവണ്ണം ഏററുപറയുവാൻ കാരുണ്യവാനായ കർത്താവിന്റെ അനുഗ്രഹം പുരോഹിതൻ ആശംസിക്കുന്നു.

**അനുതാപി:**

''പിതാവേ, എന്നെ അനുഗ്രഹിക്കണമേ! എന്തെന്നാൽ, ഞാൻ പാപം ചെയ്തു. മുൻകുമ്പസാരം കഴിഞ്ഞിട്ടു (ഇത്ര) കാല

മായി. ഞാൻ (ഇന്നയിന്ന) പാപങ്ങൾ ചെയ്തുപോയി. ഇവയെ ക്കുറിച്ചും എന്റെ കഴിഞ്ഞകാലത്തെ എല്ലാ പാപങ്ങളെക്കുറിച്ചും പ്രത്യേകിച്ച് (ഇന്ന) പുണ്യത്തിനെതിരായി, (ഇന്ന പ്രമാണത്തി നെതിരായി) ചെയ്ത പാപത്തെക്കുറിച്ചും ഞാൻ ദുഃഖിക്കുന്നു,

(പുരോഹിതന്റെ വാക്കുകൾ ശ്രദ്ധാപൂർവ്വം കേൾക്കുക. ആവശ്യമെങ്കിൽ അദ്ദേഹത്തോട് ഉപദേശം ചോദിക്കുക. അദ്ദേഹ ത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകുക. അദ്ദേഹം കല്പിക്കുന്ന പ്രായശ്ചിത്തം സ്വീകരിക്കുക.)

എന്റെ ദൈവമേ, ഞാൻ ആത്മാർത്ഥമായി പശ്ചാത്തപി ക്കുന്നു. (മനസ്താപത്തിന്റെ പ്രകരണം)

## 4. പാപമോചനം

കർത്താവീശോമിശിഹാ കൊടുത്തിരിക്കുന്ന അധികാരം ഉപ യോഗിച്ച് വൈദികൻ പിതാവിന്റേയും പുത്രന്റേയും പരിശു ദ്ധാത്മാവിന്റേയും നാമത്തിൽ പാപം മോചിക്കുന്നു. പുരോഹി തൻ: ''പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിന്റെ പാപങ്ങളിൽനിന്ന് നിന്നെ ഞാൻ മോചി ക്കുന്നു''. തുടർന്ന്: ''ക്രിസ്തുനാഥന്റെ പീഡകളും സകല വിശുദ്ധ ന്മാരുടെ യോഗ്യതകളും അനുതാപിയുടെ സുകൃതങ്ങളും സഹനങ്ങളും പാപപ്പൊറുതിക്കും പ്രസാദവരവർദ്ധനത്തിനും നിദാനമാകട്ടെ'' എന്നു പട്ടക്കാരൻ ആശംസിക്കുന്നു.

## 5. പ്രായശ്ചിത്തം

പുരോഹിതൻ നിർദ്ദേശിക്കുന്ന പ്രായശ്ചിത്തപ്രവൃത്തികൾ ഞാൻ ചെയ്യുന്നു. ദൈവത്തിന്റെ കാരുണ്യത്തിനും മാപ്പിനും ഞാൻ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

## ഓർമ്മിക്കാൻ

''നിങ്ങളുടെ പാപങ്ങൾ രക്തംപോലെ ചുവന്നവയാണെ ങ്കിലും അവ മഞ്ഞുപോലെ ധവളമാകും'' (ഇസയാസ് 1:18).

1. മനസ്താപമെന്നാലെന്ത്?
2. എപ്പോഴാണ് നമ്മുടെ മനസ്താപം പൂർണ്ണമാകുന്നത്?
3. അപൂർണ്ണമനസ്താപമെന്നാലെന്ത്?

## സംസാരിക്കുന്ന സംഭവം

ലൂയീസ് ബൂഡെൻസ് ചെറുപ്പമായിരുന്നപ്പോഴുംത്തന്നെ തിരുസ്സഭയെ ഉപേക്ഷിച്ചു. അദ്ദേഹം കടുത്ത ഒരു കമ്മ്യൂണിസ്റ്റായി. വളരെക്കാലം അമേരിക്കൻകമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേതാവുമായിരുന്നു.

1945 ഒക്ടോബറിൽ അദ്ദേഹം കമ്മ്യൂണിസ്റ്റ്പാർട്ടിയോടുള്ള ബന്ധം ഉപേക്ഷിച്ചു കത്തോലിക്കസഭയിലേയ്ക്കു തിരിച്ചുവന്നു. ഈ വാർത്ത ലോകമെങ്ങുമുള്ള പത്രങ്ങളിൽ വലിയ പ്രാധാന്യം നല്കി പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

അവിസ്മരണീയമായ ആ സംഭവത്തെ വർഷങ്ങൾക്കുശേഷം അദ്ദേഹം ആത്മകഥാരൂപത്തിൽ ലോകത്തിനു വെളിപ്പെടുത്തി. ന്യൂയോർക്കു നഗരത്തിലുള്ള വിശുദ്ധ പാട്രിക്കിന്റെ ഭദ്രാസന ദൈവാലയത്തിൽ കുമ്പസാരത്തിനു പോയതോടെയാണ് അദ്ദേഹത്തിന്റെ മാനസാന്തരകഥ തുടങ്ങുന്നത്. ക്രിസ്തുവിൽനിന്നകന്നു വളരെക്കൊല്ലങ്ങൾ കഴിച്ചതിനുശേഷം ഒരുദിവസം തന്റെ മനഃസാക്ഷിയുടെ വിളി അദ്ദേഹം കേട്ടു. ''ഞാൻ കുമ്പസാരത്തിനുപോയി. ദൈവത്തിന്റെ അനുഗ്രഹവും പാപമോചനവും പശ്ചാത്താപനിർഭരമായ സന്തോഷവും കൂടിച്ചേർന്നപ്പോൾ സമ്മിശ്രവികാരങ്ങളാൽ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. കഴിഞ്ഞകാലത്തെക്കുറിച്ച് ഇത്രമാത്രം ഖേദം എനിക്കൊരിക്കലും തോന്നിയിട്ടില്ല. അന്നുരാത്രി എന്റെ ഭാര്യ മാർഗരററ് എന്നോടു പറഞ്ഞു: ''നിങ്ങൾ കുമ്പസാരക്കൂട്ടിൽ നിന്നു വെളിയിൽ വന്ന ആ നിമിഷത്തിലാണ് നിങ്ങളുടെ സഹനത്തിന്റെ ആഴം ആദ്യമായി ഞാൻ കണ്ടറിഞ്ഞത്. വിശ്വാസം ത്യജിച്ച് ജീവിച്ചതിൽ നിങ്ങൾ എന്തുമാത്രം മനസ്സാക്ഷിക്കുത്തനുഭവിച്ചിരുന്നു! നിങ്ങളുടെ കവിളുകളിൽ കണ്ണീർപ്പാടുകൾ ആ വേദനയുടെ കഥ വ്യക്തമായി കുറിച്ചിട്ടിരുന്നു.''

ആ നിമിഷം തുടങ്ങി ലൂയിസ് ബൂഡെൻസ് ക്രിസ്തുവിന്റെ ഒരു സജീവസാക്ഷിയായി മാറി. ഒരു ക്രൈസ്തവ പത്രലേഖകനായും പ്രഭാഷകനായും അദ്ദേഹം സഭാസേവനമനുഷ്ഠിച്ചുപോരുന്നു.

പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പ എഴുതി, കൂടെക്കൂടെയുള്ള കുമ്പസാരമെന്ന ഭക്തപരിശീലനം താല്പര്യപൂർവ്വം പ്രചരിപ്പിക്കപ്പെടണമെന്നു നാമാഗ്രഹിക്കുന്നു. അതുമൂലം ചീത്തയായ ശീലങ്ങൾ തിരുത്തപ്പെടുന്നു.....മനസ്സാക്ഷി ശുദ്ധീകരിക്കപ്പെടുന്നു. മനഃശക്തി വർദ്ധിക്കുന്നു. രക്ഷാകരമായ ആത്മനിയന്ത്രണം അഭികാമ്യമാംവിധം സാധിതമാകുന്നു. പ്രസാദവരം ആത്മാവിൽ നിറയുന്നു.

## പാടാൻ


സ്നേഹത്തിന്നാലയമേ, മാനുഷക്കാലംബമേ,
ആരാധിച്ചീടുന്നിതാ എന്നാളും യേശുനാഥാ. (സ്നേഹ)

ജീവനും മാർഗ്ഗവും നീ ദീപവും രക്ഷയും നീ,
പാപികളായ ഞങ്ങൾ മാപ്പിരന്നീടുന്നല്ലോ;
കനിവിൻെറ സാഗരമേ, കാരുണ്യം കാട്ടേണമേ. (സ്നേഹ)

ഹൃദയസുമങ്ങളാലെ മാലയൊരുക്കി അങ്ങേ
ദിവ്യ പാദാംബുജത്തിൽ കാഴ്ചവയ്ക്കുന്നു, നാഥാ;
സ്വീകരിച്ചാശിസ്സുകൾ നല്കണേ സ്നേഹരാജാ.
(സ്നേഹ)

## പ്രവർത്തിക്കാൻ

ശുചിത്വത്തിൽ ശ്രദ്ധയുള്ളവൻ കറപറ്റിയ വസ്ത്രം ധരിക്കുകയില്ല. ആത്മാവിൽ കറപിടിപ്പിക്കുന്ന പാപങ്ങളുടെ ഭാരവുമായി ഞാൻ ചരിക്കയില്ല. വസ്ത്രം അലക്കുന്നതുപോലെ ആത്മാവിനെ ഞാൻ പാപസങ്കീർത്തനംവഴി അടുക്കലടുക്കൽ അലക്കിയെടുക്കും.



# 25

# വിജയശ്രീലാളിതരായ വീരാത്മാക്കൾ

**രക്തസാക്ഷിത്വം**

ജ്ഞാനസ്നാനംമൂലം ക്രിസ്തുവിൻെറ മരണത്തിൽ പങ്കാളികളാകുകയും ക്ഷമയോടുകൂടെയുള്ള സഹനംവഴി ക്രിസ്തുവിനോടു സാദൃശ്യം നേടുകയും ചെയ്യുന്നവരാണ് ദൈവരാജ്യത്തിലെ വിജയശ്രീലാളിതരായ വീരാത്മാക്കൾ. സഹനംമൂലമാണ് ക്രിസ്തു നമ്മെ വീണ്ടെടുത്തത്. ഇപ്പോഴാകട്ടെ, തൻെറ അവയവങ്ങളായ നമ്മുടെ സഹനംവഴി തൻെറ രക്ഷാകരപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. കോറിന്ത്യർക്കുള്ള രണ്ടാം ലേഖനത്തിൽ പൗലോസ്ശ്ലീഹാ ഇതു വിവരിക്കുന്നു: ''എല്ലാവിധത്തിലും ഞങ്ങൾ കഷ്ടതകൾ സഹിച്ചുകൊണ്ടിരിക്കുന്നു; എങ്കിലും ഞങ്ങൾക്കു ക്ലേശമില്ല. ഞങ്ങൾ ഞെരുക്കങ്ങൾ സഹിക്കുന്നു; എങ്കിലും നിരാശരാകുന്നില്ല. ഞങ്ങൾ പീഡിപ്പിക്കപ്പെടുന്നു; എങ്കിലും നിരാലംബരല്ല. ഞങ്ങളെ തട്ടിമറിച്ചിടുന്നു; എങ്കിലും ഞങ്ങൾ നശിക്കുന്നില്ല. ഈശോയുടെ ജീവിതം ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷപ്പെടാൻവേണ്ടി അവിടുത്തെ മരണം ഞങ്ങൾ ശരീ



രത്തിൽ സദാ സംവഹിക്കുന്നു. ജീവിച്ചിരിക്കുന്ന ഞങ്ങളുടെ മർത്ത്യശരീരത്തിൽ ഈശോയുടെ ജീവിതം പ്രത്യക്ഷപ്പെടാൻവേണ്ടി ഈശോയെപ്രതി സദാ മരണത്തിനു ഞങ്ങൾ ഏല്പിക്കപ്പെടുന്നു. അങ്ങനെ, ഞങ്ങളിൽ മരണവും നിങ്ങളിൽ ജീവനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 'ഞാൻ വിശ്വസിച്ചു; അതിനാൽ ഞാൻ സംസാരിച്ചു' എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെ, വിശ്വാസത്തിൻെറ ചൈതന്യം ഞങ്ങൾക്കുള്ളതിനാൽ ഞങ്ങൾ വിശ്വസിച്ചു; തന്നിമിത്തം ഞങ്ങൾ സംസാരിക്കുന്നു. നമ്മുടെ കർത്താവായ ഈശോയെ ഉയിർപ്പിച്ചയാൾ ഞങ്ങളേയും ഈശോയോടുകൂടെ ഉയിർപ്പിച്ചു് നിങ്ങളോടൊപ്പം തിരുസ്സന്നിധിയിൽ നിറുത്തുമെന്നു ഞങ്ങൾക്കറിയാം. സർവ്വവും നിങ്ങൾക്കുവേണ്ടിയാണു്. അനേകരിൽ സമൃദ്ധമായി ചൊരിയപ്പെടുന്ന കൃപനിമിത്തം അവർ ദൈവമഹത്വത്തിനു പരമാവധി നന്ദി പ്രകടിപ്പിക്കപ്പെടുമാറാകട്ടെ! ആകയാൽ, ഞങ്ങൾക്കു നിരാശയില്ല. ഞങ്ങളിൽ സ്ഥിതിചെയ്യുന്ന ബാഹ്യമനുഷ്യൻ ക്ഷയിക്കുന്നെങ്കിലും ആന്തരികമനുഷ്യൻ ദിനംപ്രതി നവീകരിക്കപ്പെടുകയാണു്. ഞങ്ങളുടെ ക്ഷണികവും ലഘുവുമായ കഷ്ടപ്പാടു് നിത്യവും അപരിമിതവുമായ മഹത്വങ്ങൾക്കായി ഞങ്ങളെ തയ്യാറാക്കുന്നു.... ഞങ്ങൾ വസിക്കുന്ന ഈ ഭൗമികഭവനം നശിച്ചുപോയാലും ദൈവം ദാനം ചെയ്യുന്നതും മനുഷ്യകരങ്ങളാൽ നിർമ്മിതമല്ലാത്തതുമായ ഒരു നിത്യഭവനം സ്വർഗ്ഗത്തിൽ ഞങ്ങൾക്കുണ്ടെന്നു ഞങ്ങൾക്കറിയാം. ഞങ്ങൾ നഗ്നരാകാതെ വസ്ത്രവിഭൂഷിതരായിരിക്കേണ്ടതിനു്, സ്വർഗ്ഗം പ്രദാനംചെയ്യുന്ന ഭവനത്തിൻെറ സംരക്ഷണയിലിരിക്കാൻ വെമ്പൽ കൊള്ളുന്നു. ഇപ്പോൾ ഈ കൂടാരത്തിലിരിക്കുന്ന ഞങ്ങൾ ഭാരംനിമിത്തം നെടുവീർപ്പിടുകയാണു്. ജീവൻ മരണത്തെ ഗ്രസിക്കുന്നതിനുവേണ്ടി, ഉള്ള വസ്ത്രം എടുത്തുമാററാതെ, അതിൻെറ മീതെ നവമായ വസ്ത്രം ധരിക്കാൻ ഞങ്ങളാഗ്രഹിക്കുന്നു. അതിനു ഞങ്ങളെ പര്യാപ്തരാക്കുന്നതു്, ആത്മാവിനെ നമുക്കു് അച്ചാരമായിത്തന്ന ദൈവമാണു്. ഞങ്ങൾ എപ്പോഴും പ്രത്യാശാഭരിതരാണു്. ശരീരത്തിൽ വസിക്കുന്നിടത്തോളംകാലം ഞങ്ങൾ കർത്താവിൽനിന്നു് അകന്നാണിരിക്കുന്നതെന്നു ഞങ്ങൾക്കു ദൃഢമായ ഉറപ്പുണ്ടു്. ഞങ്ങൾ നടക്കുന്നതു് കണ്ണിൻെറ കാഴ്ചകൊണ്ടല്ല, വിശ്വാസംകൊണ്ടാണു്.''

(2 കൊറി. 4: 8–17, 5: 1–7)

സഹനത്തിലൂടെ ദൈവത്തിനു സാക്ഷ്യംവഹിക്കുന്നവർക്കായി കരുതിവച്ചിട്ടുള്ള മഹനീയമായ പദവി 'വിജ്ഞാനത്തിൻെറ' പുസ്തകം പ്രഖ്യാപിക്കുന്നുണ്ടു്:

''നീതിമാന്മാരുടെ ആത്മാക്കൾ ദൈവത്തിൻെറ കരങ്ങളിലാകുന്നു. യാതൊരു പീഡനവും അവരെ സ്പർശിക്കുകയില്ല.....ചില കാര്യങ്ങളിൽ അവർ പീഡിതരായി. എന്നാൽ, അനേകം കാര്യങ്ങളിൽ അവർ അനുഗൃഹീതരായിരിക്കും. ദൈവം അവരെ പരീ

ക്ഷിക്കുകയും തനിക്കു യോഗ്യരായി അവരെ കാണുകയും ചെയ്തിരിക്കുന്നു. സ്വർണ്ണം ഉലയിൽ എന്നതുപോലെ അവിടുന്ന് അവരെ പരിശോധിച്ചു....അവരെ സന്ദർശിക്കുന്ന സമയത്തു് അവർ പ്രശോഭിക്കും....അവർ ജാതികളെ വിധിക്കും; ജനതകളെ ഭരിക്കും. കർത്താവു് എന്നേക്കും അവരുടെ രാജാവായിരിക്കും.''

(വിജ്ഞാനം 8: 1–18)

## നിത്യസൗഭാഗ്യത്തിലേയ്ക്കുള്ള ജന്മദിനം

ക്രിസ്ത്യാനിയുടെ ശവസംസ്കാരം ദുഃഖത്തിന്റേയും നൈരാശ്യത്തിന്റേയും ഒരു കർമ്മമല്ല. ആ കർമ്മത്തിൽ ചൊല്ലുന്ന പ്രാർത്ഥനകളിൽ സമാധാനത്തിന്റേയും പ്രത്യാശയുടേയും ധ്വനിപ്രസരമുണ്ട്. മൃത്യു നിത്യസൗഭാഗ്യത്തിലേക്കുള്ള കവാടമാണല്ലോ.

## വേദസാക്ഷികളുടെ വിജയം

സഭ പ്രാരംഭശതകങ്ങൾ തുടങ്ങി വേദസാക്ഷികളോടു വലിയ ബഹുമാനാദരങ്ങൾ പ്രദർശിപ്പിച്ചുപോന്നു. ദൈവത്തിന്റെ സ്നേഹത്തെപ്രതി സ്വന്തം ജീവൻ ബലികഴിച്ചതിനു് അവർ പ്രത്യേകാനുഗ്രഹങ്ങൾ പ്രാപിച്ചിരിക്കുന്നു. ലോകത്തിലെ സകല സമ്പത്തുകൾക്കുമുപരി നിത്യജീവിതത്തിൽ തങ്ങളുടെ പ്രത്യാശ സമർപ്പിച്ചു. മരണത്തിന്റെ ശരിയായ അർത്ഥം എന്താണെന്നു് അവർ നമുക്കു കാണിച്ചുതന്നു.

രക്തസാക്ഷികൾക്കു് ക്രിസ്തുവിനോടു് സവിശേഷമായ സാദൃശ്യമുണ്ടു്. തന്റെ സ്വർഗ്ഗീയപിതാവിനും തന്റെ ദൗത്യത്തിനും സാക്ഷ്യം വഹിക്കുവാനാണു് ക്രിസ്തു മരിച്ചതു്. ആ സാക്ഷ്യത്തിനു് അവിടുന്നു സ്വന്തം രക്തംകൊണ്ടു മുദ്രകുത്തി. രക്തസാക്ഷികളും ക്രിസ്തുവിനായുള്ള തങ്ങളുടെ സാക്ഷ്യത്തിനു ചോരചൊരിഞ്ഞുകൊണ്ടു് മുദ്രചാർത്തുന്നു. ക്രിസ്തുവിന്റെ വീണ്ടെടുപ്പുകർമ്മത്തിൽ അവർ സഹകരിക്കുന്നു. ക്രൈസ്തവസാക്ഷ്യത്തിന്റെ അത്യുത്തമമാതൃകയാണു് രക്തസാക്ഷിത്വം. രക്തസാക്ഷി ദൈവസ്നേഹത്തെ മുൻനിറുത്തി സ്വന്തം ജീവൻ സന്മനസ്സോടെ ഉപേക്ഷിക്കുന്നു.

## അനുദിനസഹനം–ഒരുതരം രക്തസാക്ഷിത്വം

രക്തംചിന്തിയുള്ള വേദസാക്ഷിത്വത്തിനുള്ള വരം എല്ലാവർക്കും ദൈവം നൽകുന്നില്ല. എന്നാൽ, നമ്മുടെ പ്രതിദിന ജീവിതത്തിൽ സഹനത്തിനുള്ള അവസരങ്ങൾ അവിടുന്നു ധാരാളമായി നൽകുന്നു. രോഗം, മരണം, ഏകാന്തത, തെററിദ്ധാരണ, പരാജയം മുതലായവയുടെ രൂപത്തിലായിരിക്കും ഈ സഹനങ്ങൾ. ഈ ക്ലേശങ്ങളി

ലൂടെ ദൈവം നമ്മുടെ ആത്മാക്കളെ വിമലീകരിക്കുകയും പവിത്രീകരിക്കുകയും ക്രിസ്തുവിൻെറ അവയവങ്ങളിലെല്ലാം അനുഗ്രഹങ്ങളും പ്രസാദവരങ്ങളുമെത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. ക്രിസ്ത്യാനികളുടെ ജീവിതത്തിൽ സഹനത്തിനുള്ള പ്രാധാന്യത്തെപ്പററി മൗതിക ശരീരത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിൽ പന്ത്രണ്ടാംപീയൂസ് മാപ്പാപ്പാ ഊന്നിപ്പറയുന്നുണ്ട്. ഏതുകാരണത്താലെങ്കിലും ദു:ഖദുരിതങ്ങളനുഭവിക്കാൻ ഇടയാകുന്നവരെല്ലാം തങ്ങളുടെ കണ്ണുകൾ ഉറച്ച ശരണത്തോടെ സ്വർഗ്ഗത്തിലേക്കു തിരിക്കട്ടെ. ഒരിക്കൽ ആ സഹനങ്ങൾക്കു ധാരാളമായി പ്രതിസമ്മാനം നൽകാനിരിക്കുന്ന ദൈവത്തിനു് അവർ അവ സമർപ്പിക്കട്ടെ. തങ്ങളുടെ സഹനങ്ങൾ വ്യർത്ഥമല്ലെന്നു് അവരെല്ലാം അനുസ്മരിക്കട്ടെ. അവർ പ്രത്യേകമായ ആലക്ഷ്യത്തെ മുൻനിർത്തി ക്ഷമാപൂർവ്വം സഹിക്കുമെങ്കിൽ ആ സഹനം അവർക്കും സഭയ്ക്കും വലിയ നേട്ടങ്ങളുണ്ടാക്കാതിരിക്കുകയില്ല. വിശുദ്ധ പൗലോസ്ശ്ലീഹാ നമുക്കുറപ്പുതരുന്നതുപോലെ, ''ഇപ്പോഴത്തെ സഹനങ്ങൾ നമ്മിൽത്തന്നെ വെളിപ്പെടുവാനിരിക്കുന്ന ഭാവിമഹത്വവുമായി താരതമ്യപ്പെടുത്താവുന്നതേയല്ല.'' (റോമ. 8:18)

## ക്രിസ്ത്യാനിയുടെ മരണം

ക്രൈസ്തവജീവിതത്തിൻെറ അവസാനത്തെ പടിയാണു മരണം. ക്രിസ്ത്യാനി തൻെറ പ്രിയഗുരുവിനെ അനുകരിച്ചുകൊണ്ടു മരണത്തെ അതിൻെറ എല്ലാ വേദനകളോടും ഭയാശങ്കകളോടുംകൂടെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. തൻെറ ഗുരുവിനോടൊപ്പം അയാൾ ഉയിർപ്പിൻെറ മഹിമ പ്രാപിക്കാൻ മരണത്തെ തരണംചെയ്യുന്നു.

മരണം ഇത്രയേറെ പ്രാധാന്യമർഹിക്കുന്നതാകയാൽ, ജീവിച്ചിരിക്കുമ്പോൾ നാം അതിനുവേണ്ടി നന്നായി ഒരുങ്ങണം. പ്രാർത്ഥന, ദൈവികനിയമങ്ങളോടുള്ള അനുസരണം, വിശുദ്ധ കുബ്ബാനയുടെ കൂടെക്കൂടെയുള്ള സ്വീകരണം എന്നിവയാണു് അതിനുവേണ്ട മാർഗ്ഗങ്ങൾ. ക്രിസ്തുനാഥൻതന്നെ പറഞ്ഞിട്ടുണ്ട്, വിശുദ്ധകുബ്ബാന നിത്യജീവൻെറ ഭക്ഷണമാണെന്നു്.

## ക്രിസ്തു നമ്മെ ഒരുക്കുന്നു

കഠിനമായ രോഗം വരുമ്പോൾ തൻെറ പുരോഹിതന്മാർ വഴി ക്രിസ്തു നമ്മുടെ സഹായത്തിനെത്തുന്നു. രോഗിലേപനമെന്ന കൂദാശവഴി അവിടുന്നു നമ്മുടെ ശരീരത്തിനും ആത്മാവിനും ബലം നൽകുന്നു. സ്വർഗ്ഗത്തിലേക്കുള്ള ക്ഷിപ്രപ്രവേശനത്തിനു് അവിടുന്നു നമ്മെ ഒരുക്കുകയാണു്. രോഗിയുടെമേൽ വിശുദ്ധതൈലംകൊണ്ടു പൂശുമ്പോൾ പുരോഹിതൻ പ്രാർത്ഥിക്കുന്നു: ഈ വിശുദ്ധമായ

അഭിഷേകത്താലും തൻെറ അത്യന്തം മഹനീയമായ കരുണയാലും കർത്താവു നിൻെറ പാപങ്ങൾ പൊറുക്കട്ടെ. (കാഴ്ചയാൽ, കേൾവിയാൽ, ഘ്രാണനത്താൽ, സംസാരത്താൽ, സ്പർശനത്താൽ, സഞ്ചാരത്താൽ) നീ ചെയ്തുപോയ എല്ലാ പാപങ്ങളും അവിടുന്നു ക്ഷമിക്കട്ടെ.

മരണാസന്നനു മിശിഹാ തൻെറ ശരീരരക്തങ്ങൾ തിരുപ്പാഥേയമായി — സ്വർഗ്ഗയാത്രക്കുള്ള ഭക്ഷണമായി — നൽകുന്നു. മരിക്കുന്ന ക്രിസ്ത്യാനിയോടു സഭവഴി അവിടുന്നു പറയുന്നു: സർവ്വശക്തനായ പിതാവിൻേറയും....ജീവനുള്ള ദൈവത്തിൻെറ കുമാരനായ ഈശോയുടേയും.....പരിശുദ്ധാത്മാവിൻേറയും നാമത്തിൽ ക്രിസ്ത്യാനീ, നീ ഈ ലോകത്തിൽനിന്നു യാത്ര പുറപ്പെട്ടാലും. ഈശോകർത്താവ് പറുദീസായുടെ വൻകരയിൽ നിന്നെയെത്തിക്കട്ടെ. തൻെറ അജഗണത്തിൽ ഒരുവനായി ആ നല്ല ഇടയൻ നിന്നെ സ്വീകരിക്കട്ടെ. നിൻെറ ദൈവത്തെ ദർശിക്കുന്നതിലുള്ള സൗഭാഗ്യം ആസ്വദിക്കാൻ നിനക്കിടവരട്ടെ.

ക്രിസ്ത്യാനിയുടെ മൃതശരീരത്തെ വലിയ ആദരവോടെയാണ് സഭ പരിഗണിക്കുന്നത്. എന്തുകൊണ്ടെന്നാൽ, അതു വിശുദ്ധവും ഉയിർപ്പിൻെറ മഹിമ പ്രാപിക്കാനുള്ളതുമാണ്. പുരോഹിതൻ അതിനെ ധൂപിക്കുകയും അതിന്മേൽ വിശുദ്ധജലം തളിക്കുകയും ചെയ്യുന്നു. വെഞ്ചരിക്കപ്പെട്ട കുഴിമാടത്തിൽ അത് നിക്ഷിപ്തമാകുന്നു. അവിടെ അത് കാലത്തിൻെറ അവസാനം പ്രതീക്ഷിച്ചു കിടക്കുന്നു. വിധിദിവസം ''മനുഷ്യപുത്രൻ മേഘങ്ങളുടെ മീതെ അത്യന്തം തേജസ്സോടും മഹത്തായ അധികാരത്തോടും കൂടെ എഴുന്നള്ളി വരുന്നത് അവർ കാണും. അവിടുന്ന്, ഉറക്കെ കാഹളം മുഴക്കുന്ന തൻെറ മാലാഖമാരെ അയച്ച്, ആകാശത്തിൻെറ ഒരതിർത്തി മുതൽ മറേറ അതിർത്തിവരെ നാലുദിക്കിലും നിന്നു തിരഞ്ഞെടുക്കപ്പെട്ടവരെ വിളിച്ചുകൂട്ടും.'' (മത്തായി 24: 30—31)

## ഓർമ്മിക്കാൻ

''എൻെറ മാംസം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യായുസ്സുണ്ട്. അവസാനദിവസം ഞാനവനെ ഉയിർപ്പിക്കും.'' (യോഹ. 6:55)

1. ശരീരത്തിൻെറ ഉയിർപ്പ് എന്നാലെന്ത്?
2. രോഗിലേപനം എന്നാലെന്ത്?

## രോഗം ഗുരുതരമാകുമ്പോഠം

1. പുരോഹിതനെ വിളിക്കുക.
2. രോഗിയുടെ കിടക്കയ്ക്കരുകിൽ ഒരു മേശ സജ്ജീകരിക്കുക. അതിനു മുകളിൽ ഒരു നല്ല വെള്ളത്തുണി വിരിക്കുക. അതിനു നടുവിൽ ഒരു ക്രൂശിതരൂപവും ഇരുവശത്തുമായി രണ്ടു മെഴുകുതിരികളും വയ്ക്കുക. കുറെ വിശുദ്ധ ജലവും, ഒരു സ്പൂണും, കുറെ നല്ല പഞ്ഞിക്കഷണങ്ങളും, ഒരു തുവാലയും കരുതിവയ്ക്കുക.
3. തിരുപ്പാഥേയവുംകൊണ്ടു വരുന്ന പുരോഹിതനെ വാതില്ക്കൽ ചെന്നു് കത്തിച്ച തിരിയുമായെതിരേല്ക്കുക.
4. അദ്ദേഹത്തെ രോഗിയുടെ മുറിയിലേയ്ക്കു നയിക്കുകയും അദ്ദേഹം കുമ്പസാരം കേട്ടുകഴിയുന്നതുവരെ എല്ലാവരും മുറിക്കു പുറത്തു നില്ക്കുകയും ചെയ്യുക.
5. രോഗി ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഠം കിടക്കയ്ക്കരുകിൽ മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കുക.
6.. രോഗിയെ തൈലം പൂശുമ്പോഠം പുരോഹിതനോടൊത്തു പ്രാത്ഥിക്കുക.
7. രോഗി മരണാസന്നനെങ്കിൽ സ്വർഗ്ഗത്തിലേയ്ക്കു അയാളെ യാത്രയാക്കുന്ന പ്രാത്ഥനകളിൽ വൈദികനോടു സഹകരിക്കുക.

## സംസാരിക്കുന്ന സംഭവം

1549—ൽ വിശുദ്ധ ഫ്രാൻസീസ് സേവിയറും മിഷനറിമാരും യൂറോപ്പിൽനിന്നു ജപ്പാനിലെത്തി. ആയിരക്കണക്കിനു ജപ്പാൻകാരെ അവർ സ്നാനപ്പെടുത്തി.

മുപ്പത്താറുകൊല്ലം കഴിഞ്ഞു് ജപ്പാൻഗവണ്മെൻറു് രാജ്യത്തു് ക്രിസ്തുമതം നിരോധിച്ചു. മിഷനറിമാരെ നാടുകടത്തി. ആയിരക്കണക്കിനു ധീരക്രൈസ്തവർ രക്തസാക്ഷിത്വം വരിച്ചു.

ഇരുനൂറുകൊല്ലം കഴിഞ്ഞപ്പോഠം ഏതാനും വൈദികർ നാഗസാക്കിയിലെത്തി. അവർ അവിടെയൊരു ദൈവാലയം പണിതു. ഏതാണ്ടൊരുമാസത്തിനകം, അവിസ്മരണീയമായ ഒരു സംഭവം അവിടെയുണ്ടായി. ''ക്രിസ്ത്യാനികളെ കണ്ടെത്തൽ'' എന്നപേരിൽ അതറിയപ്പെടുന്നു. ഉറാകാമി എന്ന ഗ്രാമത്തിലെ ആയിരക്കണക്കിനാളുകഠം നാഗസാക്കിയിലെ ദൈവാലയത്തിലെത്തി. തങ്ങളെല്ലാവരും ക്രിസ്ത്യാനികളാണെന്നു് അവർ പറഞ്ഞപ്പോഠം വൈദികൻ അത്ഭുതപ്പെട്ടുപോയി.

രണ്ടു നൂററാണ്ടിലധികം കാലം അവരും പൂർവ്വികന്മാരും രഹസ്യമായി തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിച്ചുപോന്നു. ഒരു തലമുറയിൽനിന്നു മറെറാരു തലമുറയിലേയ്ക്കു അവരതു കൈമാറി. വാസ്തവത്തിൽ ''രക്തസാക്ഷികളുടെ ചോര ക്രിസ്തുമതത്തിൻെറ വിത്താണ്.''

## പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ പറഞ്ഞു:

''വേദനകൾ സഹിക്കുന്നവർ പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗരാജ്യത്തോടു ബലംപ്രയോഗിക്കുകയാണ്....തൽഫലമായി, പ്രസാദവരം ഭൂമിയിൽ വർഷിക്കപ്പെടുന്നു; വെളിച്ചവും ജീവനും തിരികെ വരുന്നു; ജീവൻ വീണ്ടും മുളയ്ക്കുന്നു.''

## പ്രവത്തിക്കാൻ

ക്രിസ്തുമതത്തിൻെറ വളർച്ചയുടെ ചരിത്രം ഞാൻ പഠിക്കും. ദിവ്യഗുരുവിനെ അടുത്തനുകരിക്കുന്നതിനുള്ള ശ്രമത്തിൽ പ്രയാസങ്ങളെ ഞാൻ ധൈര്യത്തോടും ക്ഷമയോടുംകൂടെ സഹിക്കും.



This is to Certify that

---------------------------------

has faithfully completed the

Seventh Year of Religion

Signed ---------------------------

TEACHER

പിതാവിൻ പക്കലേക്ക്_7



P.O.C. PUBLICATIONS _ 11